MS 115/164
V. O. Thomas.

അദ്ധ്യാപകമിത്രം

നാലും, അഞ്ചും ഭാഗങ്ങൾ.

—:o:—

ഗ്രന്ഥകർത്താ,

സി. ശിവതാണുപിള്ള, ബി. ഏ, എൽ. ററി.

Published by
Mon. Chit Brothers.

ഒന്നാം പതിപ്പ് കാപ്പി—൧൦൦൦.

"മനോമോഹനം" പ്രസ്സ്,
കൊല്ലം.

1100.

All Rights reserved) (Price As. 5 each)

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

മുഖവുര.

——:x:——

നിശ്ചയിച്ച കാലത്തിന്നകം അധ്യാപകമിത്രം അഞ്ചുഭാഗങ്ങളും പ്രസിദ്ധപ്പെടുത്താൻ സാധിയ്ക്കാഴികയാൽ മനസ്താപമുണ്ടെങ്കിലും ഇപ്പോൾ പൂൎത്തിയായതുകൊണ്ടു സന്തോഷിയ്ക്കാതിരിയ്ക്കുന്നില്ല. തത്വദീപിക ൧൫-ാം പുറത്തു് പാഠശാലക്കെട്ടിടത്തിനു കൊടുത്തിട്ടുള്ള മാതൃകകളുടെ ഛായകൾ ഛായകളാണെന്നു് സ്പഷ്ടമാകാത്തവിധം ആയിപ്പോയതിനെപ്പററി പശ്ചാത്തപിയ്ക്കുന്നു വേറെയും പ്രമാദങ്ങൾ വന്നിട്ടുണ്ടെങ്കിൽ വായനക്കാർ ക്ഷമിയ്ക്കണമെന്നു് ആഗ്രഹിയ്ക്കുന്നു. അധ്യാപകസഹോദരങ്ങൾ ആദ്യത്തെ മൂന്നുഭാഗങ്ങളെപ്പോലെ ഈ ൪-ം, ൫-ം ഭാഗങ്ങളേയും ആദരിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു. മനുഷ്യപ്രയത്നം പ്രതിദിനം അഭിനവങ്ങളായ മാൎഗ്ഗങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിയ്ക്കുന്നതിനാൽ ഒന്നുംതന്നെ തൃപ്തികരമായി എന്നെന്നേയ്ക്കും ഇരിയ്ക്കുന്നതല്ലല്ലോ. അതിനാൽ 'അധ്യാപകമിത്ര'ത്തിലെ വിഷയങ്ങളെ കാലോചിതമായ് പരിഷ്കരിച്ചുവച്ചുകൊണ്ടിരിയ്ക്കാൻ ഒരു മാസിക നടത്തിയാൽ കൊള്ളാമെന്നാണ് ഞങ്ങൾ ആഗ്രഹിയ്ക്കുന്നതു്. അതിന്റെ ആവശ്യം അധ്യാപകന്മാൎക്കു എത്രമാത്രം തോന്നീട്ടുണ്ടെന്നു അറിയാനായ് കാത്തിരിയ്ക്കുന്നു. അധ്യാപകന്മാരുടെ സഹായവും സൗഹാർദ്ദവും ലഭിയ്ക്കുമെങ്കിൽ താമസിയാതെ മാസിക പുറപ്പെടുവിയ്ക്കാൻ സന്നദ്ധരായിരിയ്ക്കയാണ്.

എന്നു്,

മണിചിത്-ബ്രദേഴ്സ്

കൊട്ടാരക്കര.

നാലാംഭാഗം

വിഷയാനുക്രമണി.

—:*:—

ഭാഗം.	വിഷയം.	വശം.
൧.	ശിക്ഷാലക്ഷ്യം	1
൨.	മാർഗ്ഗം.	3
൩.	നിർവ്വചനം.	5
൪.	വ്യാപ്തി.	7
൫,	അംശങ്ങൾ.	9
	1. അദ്ധ്യേതാവു്. പ്രായം, ശിക്ഷാമന്ദിരം, സ്ഥാനം, കെട്ടിടം, ക്ലാസുമുറി, ബെഞ്ചുകൾ, ബ്ളാക്കബോർഡു്, മററുപകരണങ്ങൾ, നികർഷണം, അഥവാ, കളിമുററം.	10
	2. അദ്ധ്യേയം.	22
	3. അദ്ധ്യാപകൻ—ധർമ്മം, യോഗ്യത—കായികം, മാനസികം, സാന്മാർഗ്ഗികം.	25
	4. അദ്ധ്യാപനം—സ്മരണയന്ത്രം, അന്തഃകരണം, അഥവാ, മനസ്സു്, ജ്ഞാനോദയം, ഈക്ഷണം, പ്രേക്ഷണം, ജ്ഞപ്തിക്ഷേത്രം, സംപ്രേക്ഷണം, സമേക്ഷണം.	32
	ബോധനം—പ്രേക്ഷണവൃത്തി, സമേക്ഷണവൃത്തി, സ്ഥിരപ്രയത്നം.	60
	ബോധനരീതി—ഉദ്ദേശം, പ്രയത്നമിതവ്യയം, അനന്തരിതപ്രാരംഭം, ക്രമഗതി, അദ്ധ്യയനോദ്ദീപനം, സ്ഥിരഫലം.	67
	5. അദ്ധ്യയനം.	

അഞ്ചാംഭാഗം

വിഷയാനുക്രമണിക.

ഭാഗം.	വിഷയം.	വശം.
൧.	പ്രാരംഭം.	1
൨.	പ്രമാണങ്ങൾ.	1
൩.	രീതികൾ.	14
	ഗവേഷണരീതി (Heuristic method)	15
	പ്രയോഗരീതി (Practical method)	15
	പ്രവചനരീതി (Lecture method)	16
	സംഭാഷണരീതി—പ്രശ്നലക്ഷണങ്ങൾ.	17
	പഞ്ചഘട്ടരീതി.	18
൪.	പാഠമാതൃകകൾ.	21
	1. ആശയവർദ്ധനപാഠങ്ങൾ (ശ്രദ്ധാസന്ധാനം, സംപ്രേക്ഷണം, വിഷയവ്യവസ്ഥാപനം)	22
	2. തത്വാനുമാനപാഠം.	28
	3. തത്വസമർത്ഥനപാഠം.	29
൫.	ക്ലാസ്സ്ഭരണം.	30
	ക്രമം, അഥവാ മുറ.	30
	ഒരുക്കം.	33
൬.	പാഠക്കുറിപ്പ്.	38

അധ്യാപകമിത്രം.

—:o:—

ഏതാനും അഭിപ്രായങ്ങൾ.

1

ഭാഷാഭ്യാസംസംബന്ധിച്ച് ശിക്ഷിതരും അശിക്ഷിതരുമായ ഉപാധ്യായന്മാർ അറിയേണ്ട നാനാവിധ വിഷയങ്ങളെപ്പററിയും ഗ്രന്ഥകർത്താവു ക്രലംകഷമായിതന്നെ നിരൂപണം ചെയ്തിട്ടുണ്ട്. ഭാവിപൗരന്മാരായിത്തീരേണ്ട ബാലന്മാരുടെ തലച്ചോററിനെ പലവിധ വിജ്ഞാനങ്ങളെക്കൊണ്ടു പരിപുഷ്ടിപ്പെടുത്തേണ്ട അധ്യാപകന്മാരുടെ ഭാഷാഭ്യസനപരിശ്രമങ്ങളെ ലഘൂപ്പെടുത്തുന്നതിനും, ഭാഷാജ്ഞാനശകലങ്ങളെ ബാലഹൃദയങ്ങളിൽ പകരുന്നതിനു ഉതകത്തക്ക അഭ്യസനസമ്പ്രദായങ്ങളെ അധ്യാപകന്മാരെ പരിശീലിപ്പിയ്ക്കുതിനുമായ് ഗ്രന്ഥകാരൻ ചെയ്തിരിയ്ക്കുന്നശ്രമം നിതരാം സ്തുത്യർഹമായിരിയ്ക്കുന്നു എന്നുതന്നെയാണു ഞങ്ങളുടെ അഭിപ്രായം. ഭാഷാപോഷണാർത്ഥം നിർമ്മിച്ചിട്ടുള്ള സാഹിത്യസാഹ്യം, സാഹിതീസർവസ്വം ആദിയായി ഭാഷയിലുണ്ടായിട്ടുള്ള ചുരുക്കം ചില ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ മാന്യസ്ഥാനം, അധ്യാപകമിത്രം എന്ന പേരിനെ അന്വർത്ഥമാക്കിച്ചെയ്യുന്ന, ഈ ഗ്രന്ഥത്തിനും നല്കുന്നതിനു ആരും മടിയ്ക്കുമെന്നു തോന്നുന്നില്ല. ഭാഷയുടെ ഉല്പത്തി, ഉപയോഗം, അധ്യാപനരീതി, അധ്യാപനോദ്യമം തുടങ്ങിയ ഒരു ഭാഷാകവിതാവു, അല്ലെങ്കിൽ ഒരു ഭാഷാധ്യാപകൻ അവശ്യം അറിഞ്ഞിരിയ്ക്കേണ്ട നാനാവിഷയങ്ങളെ ആവശ്യമുള്ളയിടത്തു ദീർഘിപ്പിച്ചും അല്ലാത്തെയുള്ളിടത്തു ചുരുക്കിയും വിവരിച്ചുപോകുന്ന അധ്യാപകമിത്രം മാതൃകാധ്യാപകന്മാരായി തീരേണ്ടവർ പ്രത്യേകം വായിച്ചു മനസ്സിലാക്കേണ്ടതാണു............

നവഭാരതി. (൭-൧-൧൧൦൦.)

II

"The author has tackled ~~with~~ many of the problems connected with the teaching of the vernacular, with considerable-ability"

Principal; Training College;
Trivandrum.

III

"തമിഴ്, മലയാളം, സംസ്കൃതം, ഈ മൂന്നു ഭാഷകളിലും പാണ്ഡിത്യം സമ്പാദിക്കുകയും, നാട്ടുഭാഷാധ്യാപകസ്ഥാനം വഹിക്കുകയും, ശിക്ഷാക്രമം ശീലിക്കുകയും ചെയ്തു ഇപ്പോൾ ഏതാനും കാലമായി അധ്യാപനപരിശോധന നടത്തിവരുന്ന താങ്കൾ ഇതുപോലെ ഒരു കൃതിക്കു തുനിഞ്ഞതു ഏററവും സ്തുത്യർഹം തന്നെ പ്രകൃതവിഷയത്തെപ്പററി താങ്കൾക്കുള്ള പരിചയത്തിന്റെ ലക്ഷ്യങ്ങൾ ഗ്രന്ഥത്തിന്റെ എല്ലാഭാഗങ്ങളിലും കാണ്മാനുണ്ട്......... താങ്കളുടെ ഈ ഉദ്യമത്തെപ്പററി അഭിനന്ദിക്കയല്ലാതെ മററ് അധികമായി ഒന്നും പറയുന്നതിനു ശേഷിയില്ല. എങ്കിലും സ്വല്പകാലം അധ്യാപകവൃത്തിയിൽ ഇരിക്കയും, ഇപ്പോൾ സ്വല്പകാലമായി അധ്യാപകശിക്ഷണത്തിൽ ഉദ്യുക്തനായിരിക്കയും ചെയ്തിട്ടുള്ളതിനാൽ അധ്യാപകന്മാരെപ്പററിപ്പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങൾ സർവത്ര ആദരണീയങ്ങളാണെന്നു് ഞാൻ പറയുന്നതിനു് ധൈര്യപ്പെട്ടുകൊള്ളട്ടെ. പ്രാഥമികാധ്യാപകന്മാർക്കു ഈ ഗ്രന്ഥം ഒരു ഒന്നാംതരം മാർഗ്ഗദർശകമായിരിക്കുമെന്നു വിശ്വസിക്കുന്നു. ആ സാധുക്കളുടെ കണ്ണുതുറക്കുന്നതിനു ചെയ്യുന്ന ശ്രമങ്ങൾ യഥാർത്ഥ ദേശാഭിമാനജന്യങ്ങളാണെന്നു് വിവരമുള്ളവർ സമ്മതിക്കാതിരിക്കയില്ല........"

സി. എസ്. ബാലകൃഷ്ണവാര്യർ, എം. ഏ, ഓണേഴ്സ് എൽ. ററി.
ലെക്ചറർ, ട്രെയിനിങ്കാളേജ്,
5-4-1100. തിരുവനന്തപുരം.

ഓം ഗുരവേ നമഃ

അധ്യാപകമിത്രം

നാലാംഭാഗം.

തത്വദീപിക.

ശിക്ഷാലക്ഷ്യം. ജീവിതലക്ഷ്യം സുഖമാണ്. ഏതു പ്രയത്നത്തിലും ഈ തത്വംതന്നെ മുദ്രിതമായ് കാണുന്നു. വിശ്വത്തെ തൃണവത്കരിച്ച വിരക്തവീരനും തപിയ്ക്കുന്നതു് വേറെയൊന്നും വിചാരിച്ചല്ല. പുഴുക്കളും നിഴൽനോക്കി പുളഞ്ഞിഴഞ്ഞോടുന്നതും ദുഃഖനിവൃത്തിയെ പ്രതിക്ഷിച്ചത്രെ. പ്രപഞ്ചമഹായന്ത്രംതന്നെ ചുഴലുന്നതു് സുഖേച്ഛയാകുന്ന ഒരൊററയാണിയിലാണെന്നു് ചുഴിഞ്ഞു നോക്കിയാൽ കാണാം. അതുകൊണ്ടു് ജീവിതവിജയം സുഖപ്രാപ്തിയിൽ അന്തർഭവിയ്ക്കുന്നു എന്നു നിശ്ചയമാണ്. സുഖം ഉത്തമമോ, അധമമോ, ശാശ്വതമോ, ക്ഷണികമോ, സത്യമോ മിഥ്യയോ, ദൂരസ്ഥമോ സന്നിഹിതമോ, ആയേയ്ക്കാം, തന്മൂലം വിജയം പ്രശംസനീയമോ, അപലപനീയമോ, ആയി തിരിഞ്ഞു എന്നും വരാം; എങ്കിലും ജീവിതവിജയം സുഖപ്രാപ്തിയല്ലെന്നു വരുന്നതല്ല. ആ വിജയം പ്ര

ശംസനീയമായിരിയ്ക്കണമെന്നാഗ്രഹിയ്ക്കുന്നവരെ ഉള്ളു-തന്നിമിത്തം ഉത്തമവിജയപ്രാപ്തിയ്ക്കായ് മാൎഗ്ഗങ്ങൾ അന്വേഷിയ്ക്കപ്പെട്ടുവന്നു. അതിന്റെ ഫലമത്രേ ശിക്ഷ. പരിപൂൎണ്ണജീവിതത്തിനുള്ള ഒരുക്കമെന്നാണു് ശിക്ഷയെ ഹെർബർട്ട് സ്പെൻസർ നിൎവ്വചിയ്ക്കുന്നതു്. ജീവിതപൂൎണ്ണത അഞ്ചിനം പ്രയത്നങ്ങളിൽ അന്തർഭവിയ്ക്കുന്നു പോൽ:—൧. ആത്മരക്ഷാപ്രയത്നങ്ങൾ, ൨. വൃത്തി(തൊഴിൽ) രക്ഷാപ്രയത്നങ്ങൾ, ൩. കുടുംബരക്ഷാപ്രയത്നങ്ങൾ, ൪. (സാമുദായികരാഷ്ട്രീയ)സ്ഥാനരക്ഷാപ്രയത്നങ്ങൾ, ൫. വിശ്രമാവസരപ്രയത്നങ്ങൾ. ഇവയഞ്ചും കൂടിയാലും ജീവിതം പൂൎണ്ണമാകുന്നതാണോ? ആത്മൈക്യത്തെ പരമോദ്ദേശമായ് കരുതാത്ത ജീവിതം പൂൎണ്ണമോ, ശിക്ഷ പൎയ്യാപ്തമോ ആകുന്നതെങ്ങനേ? "വിദ്യാദദാതിവിനയം, വിനയാദ്യാതിപാത്രതാം, പാത്രത്വാദ്ധനമാപ്നോതി, ധനാദ്ധൎമ്മം തതസ്സുഖം" ഇത്യാദി ആപ്തവാക്യങ്ങളെ ചിന്തിച്ചാൽ ശിക്ഷ സുഖ(ആത്മൈക്യ)ത്തെ ലക്ഷ്യമാക്കി പ്രയാണം ചെയ്യണമെന്നും, സ്വഭാവസംസ്കരണം, ധനാൎജ്ജനം ധൎമ്മനിൎവ്വഹണം, എന്നിവ (പ്രത്യേകം പ്രത്യേകം പരമോദ്ദേശമായ് കരുതപ്പെടുന്നുണ്ടെങ്കിലും) മാൎഗ്ഗമദ്ധ്യേ കാണപ്പെടുന്ന താവളങ്ങൾ മാത്രമാണെന്നും, സ്പഷ്ടമാകുന്നല്ലോ. ആത്മബോധംമൂലം സാധിയ്ക്കാവുന്ന ശാന്തജീവിതദ്വാരാ പരമാത്മൈക്യത്തിലേയ്ക്കു് നയിയ്ക്കുന്നതാണു് ശിക്ഷ, എന്നു്, പാശ്ചാത്യഗുരുവരനായ ഫ്രേബലും സമ്മതിക്കുന്നു. നിത്യസുഖം ക്ഷിപ്രസാധ്യമല്ല എന്നുവെച്ചിട്ടു് ഉപേക്ഷിയ്ക്കാവുന്നതാണോ? ച്ഛീ! പുളിയ്ക്കും എന്നു് കുറുക്കൻ പറഞ്ഞതായിട്ടല്ലേ കേട്ടിട്ടുള്ളു? "അസ്വാധീനേകാമഃ" എന്നാണു് മനുഷ്യപ്രകൃതി. അതുകൊണ്ടു് ശിക്ഷാലക്ഷ്യം നിത്യസുഖപ്രാപ്തി, അഥവാ, പരമാത്മൈക്യലബ്ധി എന്നും, ആ വഴി

യ്ക്കു വന്നുചേരുന്ന സ്വഭാവസംസ്കരണം, ധനാർജ്ജനം, ധമ്മനിർവ്വഹണം, എന്നീ മൂന്നും ലൌകികജീവിതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത അവാന്തരപ്രയോഗങ്ങളാണെന്നും സ്വീകരിയ്ക്കുന്നതായാൽ, ശിക്ഷയുടെ ലക്ഷ്യങ്ങളായ് ദിശി ദിശി പറയപ്പെടുന്ന യാതൊന്നും അവഗണിയ്ക്കപ്പെട്ടു എന്നു വരുന്നതല്ല. താവളങ്ങളിലൊന്നിനെ ലക്ഷ്യമായ് കരുതുന്നവൎക്ക് അവിടെനിന്ന് തൃപ്തിപ്പെടുകയും ചെയ്യാമല്ലോ.

മാൎഗ്ഗം. ശിക്ഷാബലംകൊണ്ട് ജീവിതവിജയം നേടാമെന്നു പറഞ്ഞു, അതെങ്ങനെയെന്നു സ്പഷ്ടമായില്ല. ജീവിതം എന്നാലെന്തു്? സുഖപ്രാപ്തിയിൽ അതെങ്ങനെ ബന്ധപ്പെടുന്നു? എന്നു് വിവരപ്പെടുത്തേണ്ടിയിരിയ്ക്കുന്നു. 'ജീവിതം ബന്ധമയം' എന്നാണു് പൌരസ്ത്യഗുരുക്കന്മാർ പറയുന്നതു്. ആത്മാവിനും വിഷയങ്ങൾക്കും തമ്മിൽ അന്തരംഗത്തിൽ വന്നുകൂടുന്ന ചാൎച്ചയോ വേഴ്ചയോ അത്രെ, ഇവിടെ ബന്ധം എന്നു വ്യവഹരിയ്ക്കപ്പെടുന്നതു്. പ്രപഞ്ചത്തിലെ നാനാവിഷയങ്ങളും, ഖളേകപോതന്യായേന (ധാന്യമുണക്കുന്ന മുററത്തു് പറവകളെന്നവണ്ണം) അന്തരംഗത്തെ പ്രാപിയ്ക്കുന്നു. ആത്മാവിന്റെ സാന്നിധ്യബലത്താൽ, അവിടെ, വിഷയങ്ങൾക്കു് വശീകരണശക്തിയ്ക്കനുസരണമായ പ്രതിഷ്ഠയും സിദ്ധിയ്ക്കുന്നു. ഈ പ്രതിഷ്ഠ ശാശ്വതബന്ധമായ് നിലനിന്നുപോരുകയാണു് പതിവു്. ഇതു് ഏറക്കുറെ സദാ സംഭവിച്ചുകൊണ്ടിരിയ്ക്കുന്നു എന്നു് നമുക്കു് അനുഭവംകൊണ്ടറിയാം. ഉണൎന്നിരിയ്ക്കുന്ന അവസരത്തിൽ ഒരു നിമിഷത്തേയ്ക്കെങ്കിലും നമ്മുടെ അന്തരംഗം നിസ്സംഗമായ് നില്ക്കുന്നുണ്ടോ? ഉറങ്ങുമ്പോഴത്തെക്കഥ നമുക്കു് നിശ്ചയമില്ല. അപ്പോഴും അന്തഃകരണം വിശ്രമിയ്ക്കുന്നില്ലപോൽ. പെൻഷൻപററിയ ഉദ്യോഗസ്ഥൻ

വീട്ടിനകത്തിരുന്നു് അടുത്തവരോടുരിയാടി, തൃപ്തിപ്പെടുന്ന തുപോലെ, ജാഗരാവസ്ഥയിലെ വ്യവഹാരബാഹുല്യത്താൽ ശ്രാന്തമായ അന്തഃകരണം, ബാഹ്യലോകവുമായി സംബന്ധപ്പെടാത്ത സുഷുപ്ത്യവസ്ഥയിലും, അടുത്തുനില്ക്കുന്ന ആശയങ്ങളോടൊരുമിച്ചു് വ്യാപരിക്കുന്നതായി നവീനമനശ്ശാസ്ത്രജ്ഞന്മാർ കണ്ടിരിക്കുന്നു. പൗരസ്ത്യരുടെ നില ഒരു പടികൂടെ കടന്നാണു്. ദീർഘസുഷുപ്തിയിലും—മൃതാവസ്ഥയിലും—അന്തഃകരണവിഷയസംബന്ധം വിട്ടുപോകുന്നില്ലെന്നും, പ്രബലപ്പെട്ടുനില്ക്കുന്ന. വിഷയത്തിന്നനുസരണമായ പരിസരത്തിൽ ആത്മാവിനു് പുനർജ്ജന്മം ഉണ്ടാകുന്നു എന്നും അവർ പറയുന്നു. പുനർജ്ജന്മം ഉണ്ടുപോലും, ഇല്ലപോലും, ഒരു നിമിഷത്തേയ്ക്കെങ്കിലും, അന്തഃകരണം നിസ്സങ്ഗമായി നില്ക്കുന്നില്ലെന്നു വരുന്നുണ്ടു്. ഈ ബന്ധങ്ങളെപ്പററി ഒന്നുകൂടി ഓർമ്മിക്കണം, അവ ബീജാങ്കുരന്യായേന പ്രവൎത്തിക്കുകയാണു് പതിവു് ഈ ബന്ധങ്ങളിൽ ഒന്നുംതന്നെ അന്യബന്ധങ്ങളോടു സംബന്ധപ്പെടാതെ നില്ക്കുന്നില്ല, ഒന്നിൽനിന്നും മറെറാന്നു്, അതിൽനിന്നും മൂന്നാമതൊന്നു്. ഇങ്ങനെ അസംഖ്യം ബന്ധങ്ങൾ വന്നുകേറുന്നു. ജീവിതത്തെ ഒരു ശൃംഖലയോടുപമിക്കുന്ന പാശ്ചാത്യന്മാരുടെയും അഭിപ്രായം ഇതുതന്നെ. കാലമാകുന്ന കൊല്ലന്റെ ആലയിൽ പണിയപ്പെടുന്ന അന്തഃകരണവിഷയബന്ധരൂപമായ കണ്ണികളൊന്നുചേൎന്നുണ്ടാകുന്നതത്രെ ജീവിതശൃംഖല. "ജീവിതം ബന്ധമയം" എന്നു പറയുന്നതിലെന്താക്ഷേപം. ഇത്തരം ജീവിതം സുഖപ്രാപ്തിയിൽ എങ്ങനെ സംബന്ധപ്പെടുന്നു എന്നാണിനി അറിയേണ്ടതു്. ഒററബന്ധങ്ങളനേകം ചേൎന്നാണു് ജീവിതം രൂപവത്കരിക്കപ്പെടുന്നെങ്കിൽ ഉദ്ഗ്രഥനരീത്യാ വരുന്ന ജീവിതത്തിന്റെ സ്വഭാവം, അംശ

ങ്ങളായ ഒററബന്ധങ്ങളുടെ സ്വഭാവമനുസരിച്ചിരിയ്ക്കും എന്നു തെളിയിയ്ക്കേണ്ടതില്ല. ഓരോ ബന്ധത്തേയും ജീവിതവിജയപ്രതികൂലമാകാത്തവിധം—സുഖപര്യവസായിയാകത്തക്കവിധം, സൂക്ഷിയ്ക്കാമെങ്കിൽ ജീവിതവിജയം കരസ്ഥമല്ലേ? ഈ വസ്തുതയെ പുരസ്കരിച്ചല്ലയോ "ജീവിതരങ്ങവുമായി ഉത്തമ, സത്യ, പൂർണ്ണാഫലപ്രദായകബന്ധങ്ങളിൽ ഏർപ്പെടുന്നതിന് വ്യക്തിയെ ശക്തനാക്കുന്നതു് ശിക്ഷ" എന്ന് ലീഡ്സ് സ്കലാശാലയിലെ പ്രൊഫ്സർ വെൽട്ടൻ നിർവ്വചിയ്ക്കുന്നതും. ഇങ്ങനെ ജീവിതലക്ഷ്യപ്രാപ്തിയ്ക്കുള്ള മാർഗ്ഗം തെളിയുന്നു.

നിർവചനം. പ്രൊഫ്സർ വെൽട്ടനേപ്പോലെ വേറെയും ചില മഹാശയന്മാരുടെ നിർവ്വചനങ്ങളെ അദ്ധ്യാപകസഹോദരങ്ങളുടെ വിവേചനവ്യാപാരത്തിനു വിഷയമാക്കാം. "എല്ലാ ശക്തികളുടേയും അകൃത്രിമവും, അഭിവൃദ്ധികവും, അനുക്രമവുമായ വികസനം ശിക്ഷ" എന്ന് പെസ്റ്റലോസിയും, "ശക്യങ്ങളായ സർവ്വപൂർണ്ണതകളേയും ഒരു വ്യക്തിയിൽ വികസിപ്പിയ്ക്കുയാകുന്നു ശിക്ഷ" എന്നു ക്യാൻറും, "എല്ലാ ശക്തികളുടേയും വികസനവും പരിശീലനവുമത്രേ ശിക്ഷ" എന്ന് മൊണ്ടേഗ്നിയും "പൂർണ്ണ പൌരുഷവികസനം ശിക്ഷ" എന്ന് കോമെനിയസ്സും നിർവ്വചിയ്ക്കുന്നു ഇപ്രകാരം വിവിധവാക്യങ്ങളിൽ പ്രദർശിപ്പിയ്ക്കപ്പെടുന്ന അഭിപ്രായങ്ങളെ പരിശോധിച്ചാൽ, ശിക്ഷയുടെ ജീവനായ് നില്ക്കുന്നതു് ശക്തിവികസനമാണ് എന്നു കാണാം. അതുകൊണ്ടു് ശക്തിവികസനത്തിന്റെ അഭാവത്തിൽ ശിക്ഷ നിർജ്ജീവം—മൃതപ്രായം—ആകുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. ഏകദേശം ഇപ്രകാരമാണ് പാശ്ചാത്യമതം. പൌരസ്ത്യമതമോ? 'ശിക്ഷ'

എന്നപദത്തെ അദ്ധ്യാപകസഹോദരങ്ങൾ ഒന്നു പരിശോധിയ്ക്കുമെങ്കിൽ അതു സ്പഷ്ടമാകുന്നതാണ്. 'ശക്' ധാതുവിനോട് ഇച്ഛാപ്രത്യയം ചേൎന്നുണ്ടായ രൂപമാണ് 'ശിക്ഷ'. അതുകൊണ്ട് ശിക്ഷ കഴിയ്ക്കുക, എന്നാൽ ശക്തിവികസനം ഇച്ഛിച്ചു പ്രവൎത്തിയ്ക്കുക, എന്നൎത്ഥം കിട്ടുന്നു. (ശൂന്യത്തിൽനിന്നും ഒന്നുംതന്നെ ഉത്ഭവിയ്ക്കുന്നതല്ലെന്നു നവീനശാസ്ത്രങ്ങളും പൌരസ്ത്യസൽകാൎയ്യവാദവും ഐകകണ്ഠ്യേന സമ്മതിയ്ക്കുന്നു. അതിനാൽ ഇല്ലാത്തതിനെ ഉണ്ടാക്കാൻ ആൎക്കും സാധിയ്ക്കുന്നതല്ല. ഉള്ള ശക്തിയെ വികസിപ്പിയ്ക്കാനെ സാധിയ്ക്കൂ. അതുതന്നെ ശിക്ഷ. ശിക്ഷ എന്ന പദത്തിന്റെ പ്രയോഗത്തെപ്പററി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. ഇച്ഛാപ്രത്യയനിയമമനുസരിച്ച് ശക്തി വികസനകാൎയ്യത്തിൽ ശിഷ്യന്റെ പ്രയത്നം ശിക്ഷയാകുന്നതല്ലാതെ അദ്ധ്യാപകൻ നിൎവഹിയ്ക്കുന്നതു് ശിക്ഷയാകുകയില്ല. എങ്കിലും ശക്തി വികസനത്തെ ഉദ്ദേശിച്ച് അദ്ധ്യേതാവോ അദ്ധ്യാപകനോ ചെയ്യുന്ന ശ്രമം എല്ലാം ശിക്ഷാപദംകൊണ്ടു കുറിയ്ക്കപ്പെടുന്നതായ് പ്രയോഗത്തിൽ കാണുന്നതിനാൽ ആ അൎത്ഥത്തിൽതന്നെ ശിക്ഷ എന്ന പദത്തെ ഇവിടെ സ്വീകരിയ്ക്കുന്നു.) അതുകൊണ്ട് പാശ്ചാത്യപൌരസ്ത്യമതം അനുസരിച്ച് "ശക്തിവികസനം ശിക്ഷ" എന്ന് നമുക്ക് നിൎവചിയ്ക്കാം. എന്നാൽ ശക്തിവികസനം ഓരോ വ്യക്തിയിലും ആജീവനാന്തം, പരിസരവിശേഷമനുസരിച്ച് അനേകഭേദശക്തികളുടെ സമ്പ്രതിപാതംനിമിത്തം, സദാ സംഭവിച്ചുകൊണ്ടുതന്നെയിരിയ്ക്കുന്നു എന്നു വരുകിലും അതു ആശാസ്യമാൎഗ്ഗത്തിലും മാത്രയിലും അല്ലായ്കയാലും, മാതാപിതാക്കന്മാരുടേയും മററു ക്ഷേമേച്ഛുക്കളുടേയും ആ വഴിയ്ക്കുള്ള ശ്രമം ക്രമാഭിവൎദ്ധകമല്ലായ്കയാലും രണ്ടും ക്ലിപ്തമായ ഉദ്ദേശത്തോടുകൂടി നടക്കാത്തതു

കൊണ്ടും ശിക്ഷാപദംകൊണ്ടു് പരാമർശിയ്ക്കപ്പെടുന്നില്ല. "സർവ്വവിധശക്തികളുടേയും വികസനത്തെ ഉദ്ദേശിച്ചു് മനുഷ്യരിൽ ബാല്യകൗമാരാവസ്ഥകളിൽ വ്യാപരിപ്പിയ്ക്കപ്പെടുന്ന കായികമാനസികപ്രചോദനം ശിക്ഷ"എന്നാണു് നിമേയരുടെ അഭിപ്രായം. അതുകൊണ്ടു് ബാലശക്തിവികസനംതന്നെ സ്വധർമ്മമായി സ്വീകരിച്ചിരിയ്ക്കുന്നവരുടെ പ്രയത്നത്തെ മാത്രമേ ഇപ്പോൾ ശിക്ഷാപദം അന്തർവ്വഹിയ്ക്കുന്നുള്ളൂ. ഇതുവരെ കണ്ട അഭിപ്രായങ്ങളെ ക്രോഡീകരിയ്ക്കുന്നതു് അധ്യാപകസഹോദരങ്ങൾക്കു് സൗകര്യപ്രദമായിരിയ്ക്കുമെന്നു കരുതി അപ്രകാരം ചെയ്യുന്നു. പരമാത്മൈക്യത്തെ ലക്ഷ്യമാക്കി ജ്ഞാനവൈപുല്യം, സ്വഭാവസംസ്കരണം, പൗരുഷം, ധനികത്വം, ധർമ്മനിഷ്ഠ, എന്നിവയെ യഥാവിധി സാധിയ്ക്കാൻ, ജീവിതരംഗവുമായി ഓരോ വ്യക്തിയും ഉത്തമ, സത്യ, പൂർണ്ണ, ഫലദായകബന്ധങ്ങളിൽ ഏർപ്പെടത്തക്കവണ്ണം, സർവ്വവിധശക്തികളുടേയും സുഘടിതവികസനത്തെ ഉദ്ദേശിച്ചു്, ബോധകങ്കണന്മാർ വ്യക്തികളിന്മേൽ മൃദുലപ്രായത്തിൽ വ്യാപരിപ്പിയ്ക്കുന്ന കരണപ്രചോദനം ശിക്ഷ എന്നു കിട്ടുന്നു.

വ്യാപ്തി. ലക്ഷ്യവും അവാന്തരപ്രയോജനങ്ങളും ഉൾപ്പെടുത്തി സാധനസമ്പ്രദായത്തെ സമഷ്ടിഭാവത്തിൽ പ്രതിപാദിയ്ക്കുന്ന ഈ നിർവ്വചനം ശിക്ഷയുടെ വ്യാപ്തിയേയും സ്ഥൂലമായി സൂചിപ്പിയ്ക്കുന്നുണ്ടു്. എങ്കിലും വ്യാപ്തിയെ അല്പംകൂടി വിശദമാക്കുന്നതു് ഉചിതമായിരിയ്ക്കുമെന്നു തോന്നുന്നതിനാൽ അതിനുദ്യമിയ്ക്കുന്നു. സർവ്വവിധശക്തികളുടെയും സുഘടിതവികസനത്തെ ഉദ്ദേശിച്ചുള്ള കരണപ്രചോദനമാണല്ലോ ശിക്ഷ. ഇവിടെ കരണം എന്നപദം അന്തഃകരണം (മനസ്സ്), ജ്ഞാനേന്ദ്രിയ

ങ്ങൾ, കർമ്മേന്ദ്രിയങ്ങൾ (ശരീരം) ഇത്രയേയും കുറിയ്ക്കുന്നു. ഇവയെല്ലാം കർത്താവായ ആത്മാവിനാൽ പ്രയോഗിയ്ക്കപ്പെടുന്ന കരണങ്ങളാണല്ലോ. ആത്മാവിനാൽ അധിഷ്ഠിതമോ പ്രേരിതമോ ആകാതെ, കരണങ്ങൾ പ്രവർത്തിയ്ക്കുന്നതേയല്ല; എങ്കിലും ശക്തിവികസനത്തെ ആലോചിയ്ക്കുമ്പോൾ മൃഗീയാംശമായ കർമ്മജ്ഞാനേന്ദ്രിയസമവായം, മർത്ത്യാംശമായ അന്തഃകരണം, ദിവ്യാംശമായ ആത്മാവ് എന്നിവയെല്ലാം ഗണനീയമായ്വരും. കർമ്മേന്ദ്രിയം, ജ്ഞാനേന്ദ്രിയം, അന്തഃകരണം, ആത്മാവ് ഈ നാലിലൊന്നും തന്നെ മററുള്ളവയെ ഉപേക്ഷിച്ചിട്ട് വികസിപ്പിയ്ക്കാവുന്നതല്ല. അതിനാൽ തൃപ്തികരമായ വികസനം ഈ നാലെണ്ണത്തേയും അന്തർവ്വഹിയ്ക്കുന്നു എന്നുതന്നെ പറയേണ്ടിയിരിയ്ക്കുന്നു. വികസനം ചതുർമ്മുഖമായിരിയ്ക്കണമെന്ന് പുരാതന ഗുരുക്കന്മാർ. കണ്ട തത്വത്തെ പിള്ളാലക്കാരെ ധരിപ്പിയ്ക്കാനല്ലയോ അവർ വിദ്യാദേവതയേ ചതുർമ്മുഖനാക്കിവെച്ചതു്. ബ്രഹ്മാവിനെക്കാൾ പ്രായംകൂടിയ ഈ അഭിപ്രായം സ്വന്തംജന്മഭൂമിയിൽ തന്നെ നിരാകരിയ്ക്കപ്പെടുന്നു എങ്കിൽ അതിൻെറഫലം നാം തന്നെ അനുഭവിയ്ക്കുയും ചെയ്യുന്നുണ്ട്. ഗുരുകുലവാസം മൂലം അധ്യയനം ലഭിച്ചുവന്ന നമ്മുടെ പൂർവ്വികന്മാർ ഗുരുജനങ്ങളുടെ ആജ്ഞയെ ലംഘിച്ചിരുന്നില്ല. അവരുടെ പ്രാരംഭപ്രാർത്ഥന നോക്കുക. "ഓം ആപ്യായന്തുമമാങ്ഗാനിവാക് പ്രാണശ്ചക്ഷുഃ ശ്രോത്രമഥോബലമിന്ദ്രിയാണിച സർവ്വാണി........." (എൻെറ അവയവങ്ങൾ വാക്ക്, പ്രാണൻ, നേത്രം, ശ്രോത്രം, ഓജസ്സ്, ഇന്ദ്രിയങ്ങൾ, എല്ലാം ബലവത്തരങ്ങളായി ഭവിയ്ക്കട്ടേ.........) കേനോപനിഷത്. "ഓം സഹനാവവതു.........സഹവീര്യം കരവാവഹൈ......" (അദ്ദേഹം നമ്മെ രക്ഷിയ്ക്കട്ടെ.........നാം വീര്യവാന്മാരാവുക......)

കഠോപനിഷത്. അക്കാലത്തു് ഗുരുശിഷ്യന്മാർ ഒത്തുകൂടി ഏതാദൃശപ്രാർത്ഥനകൾ കഴിച്ചിട്ടത്രേ അധ്യയനം ആരംഭിച്ചിരുന്നുള്ളൂ എന്നുവന്നാൽ എന്താണു് തെളിയുന്നതു്? ചതുർമ്മുഖവികസനത്തെ അവർ ഗൗരവമായി കരുതിയിരുന്നു എന്നല്ലേ? അതിനെ അവഗണിച്ചതുനിമിത്തമുണ്ടായ ഫലങ്ങളെ നാം അനുഭവിയ്ക്കാൻ തുടങ്ങീട്ടു് കാലം കുറേ കഴിഞ്ഞുപോയി. ഇനിയെങ്കിലും ആ ദോഷത്തെ പരിഹരിയ്ക്കാൻ നോക്കാം. ഭാവിപൗരന്മാരെങ്കിലും ചതുർമ്മുഖവികസനം ലഭിയ്ക്കട്ടെ. അധ്യാപകസഹോദരങ്ങൾ ഉത്സാഹം ചെയ്യുമെങ്കിൽ ഒരു നാട്ടിന്റെ അഭ്യുദയനിദാനം അധ്യാപകനാണെന്നു തെളിയുകയും ചെയ്യും.

അംശങ്ങൾ ശിക്ഷയുടെ വ്യാപ്തി ഇപ്രകാരമിരിയ്ക്കുന്നു. ഇത്രയും വിപുലവും ശ്രേഷ്ഠവുമായ ഒരു ധർമ്മം ഏതെല്ലാം അംശങ്ങളുടെ സഹകരണംകൊണ്ടാകുന്നു നിർവ്വഹിയ്ക്കപ്പെടാവുന്നതു; അഥവാ, ശിക്ഷാകാര്യത്തിൽ ശ്രദ്ധേയങ്ങളായ അംശങ്ങൾ ഏവ? തൈത്തിരീയോപനിഷത്തിൽ ശിക്ഷാവല്ലിയിൽ "ആചാര്യഃപൂർവ്വരൂപം, അന്തേവാസ്യുത്തരരൂപം, വിദ്യാസന്ധിഃ, പ്രവചനം സന്ധാനം" എന്നു കാണുന്നു. ദ്രവിഡാചാര്യമതമനുസരിച്ചു് അധ്യേയം, അധ്യാപകൻ, അധ്യാപനം അധ്യേതാവു്, അധ്യയനം എന്നഞ്ചംശങ്ങൾ കാണുന്നുണ്ടു്. പാശ്ചാത്യമതപ്രകാരം അംശങ്ങൾ മുഖ്യമായി മൂന്നാണു :—അധ്യേതാവു്, അധ്യേയം, അധ്യാപകൻ. ഇവയിൽ വെളിമേൽ എണ്ണത്തിൽ കാണപ്പെടുന്ന വ്യത്യാസം സാരമായവയല്ല. നമുക്കു് ആധുനികാഭിപ്രായമനുസരിച്ചു് അധ്യേതാവു, അധ്യേയം, അധ്യാപകൻ, അധ്യാപനം, അധ്യയനം എന്ന ക്രമത്തിൽ ഓരോന്നായി ചിന്തിയ്ക്കാം.

൧. അദ്ധ്യേതാവ്—അദ്ധ്യേതാവിന്റെ അഭാവത്തിൽ ശിക്ഷയുടെ ആവശ്യമേയില്ലല്ലോ. അതുകൊണ്ട് ശിക്ഷാക്രമപ്രതിപാദനത്തിൽ പ്രാഥമ്യം അദ്ധ്യേതാവിനു തന്നെ. പുരാതനകാലങ്ങളിൽ അന്തേവാസിയെ പുത്രനെന്നുതന്നെ ഗുരുക്കന്മാർ കരുതിവന്നിരുന്നു. വ്യക്തികബോധനമാണ് അന്നു നടപ്പിൽ ഇരുന്നതു്; ഓരോ വ്യക്തിയുടേയും ജിജ്ഞാസയായിരുന്നു വിഷയനിർണ്ണയനിയാമകം; ഗ്രഹണധാരണശക്തികളായിരുന്നു ബോധനരീതിയെ നിയന്ത്രിച്ചതു്. രണ്ടുക്കൂട്ടരും മനഃപൂർവ്വമായി പ്രയത്നിച്ചിരുന്ന അക്കാലത്തു് പരിശോധകന്റെയോ പരീക്ഷയുടെയോ ആവശ്യം ഉണ്ടായിരുന്നില്ല. ക്ലിപ്തകാലത്തിനകം വേണ്ടതും വേണ്ടാത്തതുമായ വിഷയങ്ങളിൽ നിശ്ചിതഭാഗം മുഴുവനും ശസ്ത്രപ്രയോഗം കൊണ്ടായാലും മസ്തിഷ്കത്തിൽ കുത്തികേറ്റേണ്ട നിർബ്ബന്ധവുമില്ലായിരുന്നു. ബദ്ധപ്പാടില്ലാത്ത വ്യക്തികബോധനം ആധുനികാവസ്ഥയ്ക്കു യോജിയ്ക്കുന്നതല്ല എന്നുവന്നു. അന്നത്തെപ്പോലെ ജ്ഞാനത്തിനുവേണ്ടിയല്ലല്ലോ ഇന്നു് ജ്ഞാനം സമ്പാദിയ്ക്കപ്പെടുന്നതു്. ജ്ഞാനത്തെ വിലമതിയ്ക്കുന്ന ഗുരുക്കന്മാരുടെ ചുമതലയിലാണോ ഇന്നു് അധ്യയനം നടക്കുന്നതു്. ചരക്കിന്റെ ഗുണം നോക്കിയല്ല, പട്ടികയുടെ ദൈർഘ്യംനോക്കിയാണു് ഇന്നത്തെ കച്ചവടം എന്നു വന്നിരിയ്ക്കുന്നു. അതുകൊണ്ട് ബോധനരീതി ഭേദപ്പെട്ടു. സാമൂഹികബോധനം നടപ്പിലായി. ഈ സമ്പ്രദായത്തിനു വ്യക്തിയുടെ ക്ഷേമമല്ല ലക്ഷ്യമായിരിയ്ക്കുന്നതു്; ചുമതലപ്പെട്ടവരുടെ ഉദ്ദേശമാണു്. സാമൂഹികബോധത്തിൽ കാര്യക്ഷമത ദുഷ്കരമാണെന്നു ബോധപ്പെട്ടതോടുകൂടി തരംതിരിപ്പ് എന്നൊരുനയം സ്വീകരിയ്ക്കപ്പെട്ടു. പഴയനയത്തെ പുത്തൻരീതിയ്ക്കു യോജിയ്ക്കത്തക്കവണ്ണം നടപ്പിലാക്കി. പണ്ടു പതിനായിരം

വരെ ശിഷ്യന്മാരെ ഏകത്ര ശേഖരിച്ച് പഠിപ്പിച്ചു കുലപതികളുടെ സ്ഥാനത്ത് ഹെഡ്മാസ്റ്ററും പട്ടമ്പിള്ളമാരുടെ സ്ഥാനത്ത് സഹായാധ്യാപകന്മാരും പ്രവേശിച്ചു. ...സ്വീകാര്യമായവയെമാത്രം ഹംസത്തെപ്പോലെ ഉടനടി സ്വീകരിച്ചുകൊള്ളുന്ന ഉത്തമനും അരിയാടപോലെ വർജ്യത്തെമാത്രം മർക്കടമുഷ്ട്യാ പററിപ്പിടിച്ചുകൊള്ളുന്ന അധമനും പുത്തൻരീതിയിൽ ഒന്നുപോലെ പഠിപ്പിയ്ക്കപ്പെട്ടുതുടങ്ങി. വാചാലനും മൗനിയും, ശാസ്ത്രോത്സുകനും കലാനിപുണനും, മന്ദനും നിസ്തന്ദ്രനും, ശരിയ്ക്കുവരായ്ക്കുവന്നിരിയ്ക്കുന്ന ഒരു ക്ലാസ്സ് ഓരോ അധ്യാപകന്നുകിട്ടി. ഇവരെ വാർഷികപരീക്ഷ പ്രതിവത്സരം തരംതിരിച്ചുവരുന്നു. ഓരോക്ലാസിലേയും പരീക്ഷയുടെ ചുമതല അടുത്ത മേൽക്ലാസധ്യാപകന്നായിരുന്നാൽ അഭിവൃദ്ധി തൃപ്തികരമായിത്തീരുമെന്നുമാത്രമല്ല, ശിക്ഷാമന്ദിരത്തിലെ ബോധനത്തിന് കീഴററംമുതൽ മേലററംവരെ ഒരുമാതിരി സന്ധാനവും വന്നുകൂടും. എങ്കിലും നൂതനമായി പ്രവേശിയ്ക്കുന്നവർ നിമിത്തം അല്പം വൈഷമ്യം ഉണ്ടാകാതിരിയ്ക്കയില്ല. വീട്ടിൽവച്ചു പഠിപ്പിച്ചിട്ടോ വേറെ തോതനുസരിച്ച് ശിക്ഷകഴിച്ചിട്ടോ വരുന്നവർക്കും ഒരേപള്ളിക്കൂടത്തിൽ തന്നെയിരുന്ന് ശിക്ഷകഴിയ്ക്കുന്നവർക്കും വ്യത്യാസം കാണാതിരിയ്ക്കാൻ തരമില്ലല്ലോ. അതുകൊണ്ട് പ്രതിവത്സരം ആരംഭത്തിൽ അവരെ ശരിപ്പെടുത്തേണ്ടതാകുന്നു. വ്യക്തിവൈവിധ്യംമൂലം വരാവുന്ന വൈഷമ്യത്തെ കുറയ്ക്കാനത്രെ അധ്യാപകമിത്രം ഒന്നാംഭാഗത്തിൽ ഭാഷാപ്രാരംഭപാഠത്തിന് ആ രീതി രൂപവത്കരിച്ചിട്ടുള്ളത്. ഓരോ കുട്ടിയുടേയും സ്വാർജ്ജിതങ്ങളെ പൊതുമുതലാക്കുന്നതിനുള്ള ശ്രമമാണ് അവിടെ കാണുന്നത്. ഏതിലല്ലേ സാമൂഹികബോധത്തിന് സൗകര്യം നൽകുന്ന ഐകരൂപ്യം അവരുടെ അറിവിന് വരുകയുള്ളൂ. ഇത്തരം

പ്രാരംഭസജ്ജീകരണം വർഷാവർഷം ആരംഭത്തിൽ നടത്തിയേതീരൂ. ഈ സമ്പ്രദായം പൂർവ്വികന്മാരും സ്വീകരിച്ചിരുന്നതായി കാണാം. ഭരദ്വാജപുത്രനായ സുകേശനും, ശിബിപുത്രനായ സത്യകാമനും, സൂര്യപൌത്രനായ ശാർഗ്ഗ്യനും, ആശ്വലപുത്രനായ കൌസല്യനും, വിദർഭദേശിയായ ഭാർഗ്ഗവനും, കാത്യപുത്രനായ കബന്ധിയും, വിദ്യാർത്ഥികളായി പിപ്പലാദമഹർഷിയെ പ്രാപിച്ചപ്പോൾ അദ്ദേഹം കല്പിച്ചതായിതു്:—"തപസാബ്രഹ്മചര്യേണ ശ്രദ്ധയാസംവത്സരം സംവത്സ്യഥ" ഇതായിരുന്നു അന്നത്തെ സമ്പ്രദായം. അന്തേവാസികളുമായി കുറേക്കാലം അടുത്തുപെരുമാറുന്നതിൽ അവരുടെ ചരക്കുകളെല്ലാം ആചാര്യൻ മനസ്സിലാക്കുകയും അദ്ദേഹവുമായുള്ള സഹവാസസംഭാഷണങ്ങൾമൂലം അവരുടെ അറിവിന് ഒരുമാതിരി ഐകരൂപ്യം സിദ്ധിയ്ക്കുകയും ചെയ്തതിനുമേലത്രെ സാക്ഷാൽശിക്ഷ ആരംഭിച്ചിരുന്നുള്ളു. ഇപ്രകാരംതന്നെ നടക്കുന്നതായാൽ സാമൂഹികബോധനത്തിനെപ്പററിപ്പറയുന്ന ആക്ഷേപത്തിൽ ഏറിയഭാഗം ഒഴിയുമെന്നു തോന്നുന്നു. ഗൃഹജീവിതത്തിൽനിന്നും പ്രപഞ്ചജീവിതത്തിലേയ്ക്കു് യാത്രതുടങ്ങിയിരിയ്ക്കുന്ന അദ്ധ്യേതാക്കൾക്കു് ശിക്ഷാമന്ദിരം ഒരുചിതമായ താവളമായും ഇരിയ്ക്കും. പുറമേ, സംഖ്യാനുഭാവം എന്നു പറയപ്പെടുന്ന 'മിഥഃപ്രചോദനം' നിമിത്തം അനുകരണം, സൌഹാർദ്ദമത്സരം, എന്നിവവഴി പല നന്മകളും സിദ്ധിയ്ക്കുന്നതിനും സാമൂഹികബോധനം ഉപകരിയ്ക്കും.

പ്രായം. അദ്ധ്യയനം ആരംഭിയ്ക്കുന്നതിന് പ്രായം നിശ്ചയിക്കപ്പെട്ടിട്ടുണ്ടു്. ചരകന്റെ അഭിപ്രായപ്രകാരം അഞ്ചു വയസ്സു കഴിഞ്ഞു വേണം അതു് ആരംഭിയ്ക്കാൻ. 'ലാളയേത് പഞ്ചവർഷാണി' എന്നു ചാണക്യൻ

വിധിയ്ക്കുന്നതോൎത്താലും അഞ്ചു വയസ്സു കഴിഞ്ഞുതന്നെ അ ധ്യയനം ആരംഭിയ്ക്കാവൂ എന്നു വരുന്നു. ആറാമത്തെ വ യസ്സിലത്രെ ബാലന്മാൎക്കു ശിക്ഷസാധ്യമാവൂ എന്നാണു നവീനബാലപ്രകൃതി വിജ്ഞാനീയം പറയുന്നതു്. അതി നുമുമ്പു് 'ഈക്ഷ'യല്ലാതെ പ്രേക്ഷ പ്രബലപ്പെടുന്നതല്ലെ ന്നും, ഓൎമ്മശക്തി ഉപയോഗപ്പെടത്തക്ക നിലയിലെത്തു ന്നില്ലെന്നും, പ്രവൃത്തികൾ അനുകരണക്രമത്തിലായിരിയ്ക്കാ നെ തരമുള്ളൂ എന്നും, അതും ഔദ്ദേശികമായ് മാത്രമാ ണെന്നും, അവയവങ്ങൾക്കു് ആവശ്യമുള്ളിടത്തോളം വി കാസം വരുന്നില്ലെന്നും, ശ്രദ്ധാവികിരിണ്ണജാതിതന്നെ എന്നും അവർ കാരണം പറയുന്നു. ഇത്രയൊക്കെ എഴുതി വച്ചി ട്ടില്ലെങ്കിലും പൂൎവികന്മാർ അഞ്ചുവയസ്സിനു മുമ്പു് അധ്യയ നം അനുവദിച്ചിരുന്നില്ല. ഇപ്പോഴോ, അമ്മമാൎക്കു അടു ത്ത കുഞ്ഞുങ്ങളെ വളൎത്തുന്നതിനു് സൗകര്യം നൽകാനായ് വായിൽ പാൽചുവ മാറാത്ത കുഞ്ഞുങ്ങളെ പരിചരിയ്ക്കേ ണ്ട ചുമതലയും നമ്മുടെ അധ്യാപകന്മാൎക്കു വന്നുകൂടുന്നതു് സങ്കടംതന്നെ. കിൻഡർഗാർട്ടൻ, മാണ്ടിസോറി സമ്പ്ര ദായങ്ങൾക്കു് പ്രത്യേകം പാഠശാലയും ധാത്രികളുംഉണ്ടായി രുന്നാൽ അഞ്ചുവയസ്സിനു കീഴ്പ്പെട്ടവരെ പരിചരിയ്ക്കാം.

ശിക്ഷാമന്ദിരം. സാമൂഹികബോധനം എന്നു വിചാരിയ്ക്കുമ്പോൾതന്നെ ശിക്ഷാമന്ദിരത്തിൻെറ ആവ ശ്യം ഓൎമ്മയിൽ വരുന്നു. ഇടം പൊരുൾ, ഏവൽ (സ്ഥലം സാധനം, കരണം) എന്നിവകൂടാതെ ഒരുകാൎയ്യവും സാധി യ്ക്കുന്നതല്ലല്ലോ. അനേകം വിദ്യാൎത്ഥികൾ ഒത്തുകൂടി പ്ര വൎത്തിയ്ക്കുന്നതിനു് ഉചിതമായ സ്ഥലം അനുപേക്ഷ്യമാ ണു്. ശരീരസ്ഥിതി മനസ്സിനെ എങ്ങനെ ബാധിയ്ക്കുന്നു വോ, അതുപോലെതന്നെ, പ്രവൎത്തനരംഗത്തിൻെറ സ്ഥിതി

ശരീരത്തെയും ബാധിയ്ക്കുന്നതല്ലയോ. ആരോഗ്യരക്ഷാശാസ്ത്രംതന്നെ ഇതിനു സാക്ഷി. അതുകൊണ്ടു് ഈ സന്ദർഭത്തിൽ ശിക്ഷാമന്ദിരം ആലോചനയ്ക്കു വിഷയമായ്വരുന്നു.

(a) സ്ഥാനം—സാമൂഹികബോധനമാകയാൽ വന്നുകൂടേണ്ടവരുടെ ഗതാഗതസൗകര്യത്തെ പുരസ്കരിച്ചു് ശിക്ഷാമന്ദിരസ്ഥാനം നിർണ്ണയിയ്ക്കണം. അവരുടെ ആരോഗ്യത്തെ സംബന്ധിച്ച പലസംഗതികളും ആലോചിയ്ക്കേണ്ടതുണ്ടു്. താണനിരപ്പിലാണല്ലോ രോഗബീജങ്ങൾ കൂടികിടക്കുന്നതു്. അതുകൊണ്ടു് പരിസരങ്ങളെഅപേക്ഷിച്ചു് ശിക്ഷാമന്ദിരസ്ഥാനം ഉന്നതതടമായിരിയ്ക്കണം. ജലസൗകര്യമുണ്ടായിരിയ്ക്കുന്നതോടുകൂടി ജലം നിഷ്പ്രയാസം വാർന്നുപോകത്തക്കഭൂസ്ഥിതിയും അത്യാവശ്യമാണു്. അനൂപപ്രദേശമോ, മണൽത്തറയോ, തീരതടമോ, കുഴിനികത്തിപ്പൊക്കിയസ്ഥലമോ സ്വീകാര്യമല്ല. ദുർഗ്ഗന്ധമോ കലകലരവമോ പുറപ്പെടുവിയ്ക്കുന്ന സ്ഥാപനങ്ങൾ (ചന്ത, തൊഴിൽശാല, യന്ത്രശാല മുതലായവ)ക്കടുത്തതായിരിയ്ക്കരുതു്. തളത്തിനുചുററും അല്പം അകലെയായു് വൃക്ഷലതാദികൾ കൊഴുത്തു തഴച്ചും, പക്ഷിമൃഗാദികൾ മദിച്ചുപുളച്ചും വളരുന്നതായാൽ ശരീരത്തിനെന്നവണ്ണം തന്നെ മനസ്സിനും ഇന്ദ്രിയങ്ങൾക്കും വികാസസൗകര്യംകിട്ടും. വിദ്യാർത്ഥികളുടെ ആത്മവികാസത്തിനു് പ്രതിബന്ധം വന്നുപോകരുതെന്നാശിയ്ക്കുന്നവർ അട്ടഹാസങ്ങളും ദുരാചാരസ്സംശ്ലേശംപോലും അനുവദിയ്ക്കരുതു്. മദ്യശാല മുതലായവ വിദ്യാർത്ഥികൾ സഞ്ചരിയ്ക്കുന്ന വഴികളിൽ നിന്നാൽ ദൃശ്യമാകുകപോലുംപാടില്ല.

(b) കെട്ടിടം—രാജപാതകൾക്കടുത്തായിരിയ്ക്കരുതു്. വാഹനങ്ങളുടെയും ജനങ്ങളുടെയും ഗതാഗതം നിമിത്തം

പൊങ്ങുന്നശബ്ദവും പൊടിയും പലവിധം ഉപദ്രവങ്ങൾക്കു കാരണമായിത്തീരും. [] L T [H ⊐ ഇതിലേതെങ്കിലും ഒരു മാതൃക രജിസ്റ്റർസംഖ്യയുടെ ക്രമം അനുസരിച്ചുസ്വീകരിക്കാം. തല്ക്കാലത്തെ ആവശ്യത്തിനുമാത്രംകെട്ടിടമുണ്ടാക്കിയാൽപോരാ. അടുത്തൊരു പത്തുകൊല്ലത്തേയ്ക്കു് വരാവുന്ന ആവശ്യം നിവൃത്തിയ്ക്കത്തക്കതായിട്ടുവേണം കെട്ടിടം കെട്ടുവാൻ. മേൽ നീട്ടേണ്ടിവരുന്നതായാൽ പഴയകെട്ടിടത്തിനു്, നഷ്ടമുണ്ടാകത്തക്കവണ്ണം, ഭേദപ്പെടുത്തേണ്ടിവരരുതു്. നമ്മുടെ നാട്ടിൽ കുട്ടിയൊന്നിനു് ൮ ചതുരശ്രഅടിയും ൮൰ ഘനഅടിയും സ്ഥലം ഉണ്ടായിരിയ്ക്കണമെന്നാണു് നിയമം. വിദ്യാൎത്ഥികളെ വേണ്ടവിധം പ്രവൎത്തിപ്പിയ്ക്കുന്നതിനും, അവരുടെ പ്രവൃത്തികളെ പരിശോധിയ്ക്കാനായ് അധ്യാപകൻ ചുററിസഞ്ചരിയ്ക്കുന്നതിനും, ഉപകരണങ്ങളെ വച്ചു കൈയ്യാളിയ്ക്കുന്നതിനും, വിദ്യാൎത്ഥികളുടെ ഗതാഗതത്തിനും ഈ എട്ടു ചതുരശ്രഅടി സ്ഥലം മതിയാകുന്നതല്ലെന്നും, അതിലിരട്ടിയെങ്കിലും വേണമെന്നും പാശ്ചാത്യരാജ്യക്കാർ വാദിയ്ക്കുന്നുണ്ടു്.

(c) ക്ലാസ്സുമുറി—ഓരോക്ലാസ്സിനും പ്രത്യേകം മുറിയുണ്ടായിരിയ്ക്കുന്നതായാൽ പലെ സൗകൎയ്യങ്ങളും ലഭിയ്ക്കും. ഒന്നിലധികം ക്ലാസുകൾ ഒരേഹാളിൽവച്ചു നടത്തുന്നുവെങ്കിൽ ശബ്ദപ്രതിബന്ധകമായ തട്ടികകളെങ്കിലും ഉണ്ടാക്കിവച്ചു് തിരിച്ചേതീരൂ. അല്ലാത്തപക്ഷം ബോധനവും നിയമവും തൃപ്തികരമാകുന്നതല്ല. ഓരോക്ലാസ്സിനും ൨൦-അടിനീളം ൧൮ അടി വീതിയുമുണ്ടായിരിയ്ക്കണം. തറ, പൊടിയിളകാത്തമട്ടിൽ ശരിപ്പെടുത്തിയിരിയ്ക്കേണ്ടതാണു്. തറമുതൽ അഞ്ചടി പൊക്കംവരെ ചുവരുകളിൽ കണ്ണിനു് ഹിതമായ

ചായം തേയ്ക്കണം. ശേഷംഭാഗത്തിൽ വെള്ളയടിയ്ക്കയും വേണം. ബോധനോപയുക്തങ്ങളായ പടങ്ങൾ തൂക്കിയിരുന്നാൽ ഭംഗിയ്ക്കുപുറമേ ശിക്ഷാഫലം നന്നാകയും ചെയ്യും. വാതായനങ്ങൾ കിളിവാതലുകളായിപ്പോകരുതു്; സാക്ഷാൽ വാതായനങ്ങൾതന്നെ ആയിരിയ്ക്കണം. ജഗത്പ്രാണൻ നിഷ്പ്രതിബന്ധം ഉള്ളിൽ പ്രവഹിച്ചുകൊണ്ടിരിയ്ക്കത്തക്കവണ്ണം ജനാലകൾ സ്ഥാപിയ്ക്കപ്പെട്ടിട്ടില്ലെങ്കിൽ ൪൦-വരെ വിദ്യാൎത്ഥികൾ കൂടിയിരുന്നു് നിശ്വസിയ്ക്കുന്ന ഇംഗാലാമ്ലത്തെ വീണ്ടും ശ്വസിയ്ക്കേണ്ടിവരുന്നതിനാൽ ആരോഗ്യഹാനി ഭവിയ്ക്കുന്നതാണു്. ഈ ന്യൂനത കാലാന്തരത്തിലെ തെളിയൂ എന്നിരിയ്ക്കിലും ഉടനടികാണാവുന്ന ന്യൂനതകളും ഇല്ലെന്നില്ല. ആലസ്യം, കോട്ടുവാ, മയക്കം, എന്നിവയെ ഉത്ഭവിപ്പിയ്ക്കുന്നതു് ഇംഗാലാമ്ലമാണു് ആ അവസ്ഥയിൽ എന്തുബോധനമാണു് നടത്താവുന്നതു്. (ഇത്തരം ന്യൂനതകൾ കണ്ടാൽ വിദ്യാൎത്ഥികളെ വെളിയിലിറക്കി നടത്തി ശുദ്ധവായു ശ്വസിപ്പിച്ചു തിരിച്ചുകൊണ്ടുവരണം.) സൗകൎയ്യമുള്ളപ്പോഴെല്ലാം ക്ലാസുമുറിയെ ഒഴിച്ചിടാൻ നോക്കണം. വാതായനങ്ങളെ സംബന്ധിച്ചു് ഒന്നുകൂടി ഓൎക്കാനുണ്ടു്. "ആരോഗ്യമാദിത്യാദിച്ഛത്"എന്നൊരു പ്രമാണമുണ്ടല്ലോ. അന്തരീക്ഷത്തിലുള്ള രോഗബീജങ്ങളെ നശിപ്പിയ്ക്കുന്നതിന്നു് സൂൎയ്യരശ്മികൾ ശക്തങ്ങളാണെന്നു് നവ്യശാസ്ത്രങ്ങളും സമ്മതിയ്ക്കുന്നു. അതുകൊണ്ടു് മുറിയ്ക്കകത്തെങ്ങും ദിവസംതോറും ഒരവസരത്തിലെങ്കിലും സൂൎയ്യപ്രകാശം വ്യാപിയ്ക്കത്തക്കവണ്ണവും വാതായനങ്ങൾ സ്ഥാപിയ്ക്കപ്പെടേണ്ടതാകുന്നു. നമ്മുടെ നാട്ടിൽ തണുപ്പിനെക്കാൾ അധികം ചൂടിനെ ഭയപ്പെടേണ്ടിയിരിയ്ക്കയാൽ, വരാന്തകൾ വീതിയിൽ തീൎപ്പിയ്ക്കേണ്ടതാണു്; എന്നാൽ ഇറ ജനാല മേൽപ്പടിയുടെ മട്ടത്തിന്നു് താഴെ വരരു

ണ്ട്; അത്രയ്ക്കുമാത്രം ഭിത്തിപ്പൊക്കമുണ്ടായിരിയ്ക്കണം. മേല്പുര ഓലമേഞ്ഞതല്ലെങ്കിൽ ഉൾവശത്തു് തട്ടുണ്ടായിരിയ്ക്കേണ്ടതാണു്. വെളിച്ചത്തിനും കാററിനും കുറവുവരാതെ മുറികൾ അടുപ്പിച്ചിരുന്നാൽ ഹെഡ്മാസ്റ്ററുടെ മേൽനോട്ടം തൃപ്തികരമായ് നടക്കും.

(d) ബെഞ്ചുകൾ—വിദ്യാൎത്ഥികൾ ക്ലാസുമുറിയിൽ നെടിയ ചുവരിന്നഭിമുഖമായിരിയ്ക്കരുതു്. ആളൊന്നിനു ഒന്നരയടി നീളം സ്ഥലം കിട്ടത്തക്കവണ്ണം ബെഞ്ചുകൾ ഉണ്ടായിരിയ്ക്കണം. ബെഞ്ചുകൾക്കു പത്തിഞ്ചിൽ കുറയാതെ വീതിയുണ്ടായിരിയ്ക്കേണ്ടതാണു്; ഒമ്പതടിയിൽ കൂടുതൽ നീളം പാടില്ല. ആറടിബെഞ്ചുകൾ സൌകൎയ്യമായിരിയ്ക്കും. എഴുത്തുമേശകളുണ്ടായിരിയ്ക്കേണ്ട ആവശ്യത്തെ മലയാളം പള്ളിക്കൂടം നടത്തുന്നവർ വിസ്മരിച്ചു കാണുന്നു. കുനിയിരുന്നു ജോലിചെയ്യുന്നതായാൽ പക്വാശയത്തിനും മാറിനും കണ്ണുകൾക്കും നട്ടെല്ലുകൾക്കും തന്നിമിത്തം ഉടലൊട്ടുക്കും ഊനമുണ്ടാകുമെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഇരിപ്പുകൾ നിരത്തുന്നതിൽ വെളിച്ചം വരുന്ന തുക്കൂടി ഓൎമ്മിയ്ക്കാനുണ്ടു്. ഇടതുവശത്തോ, തലയ്ക്കുമീതെ പുറകുവശത്തോ നിന്നും വെളിച്ചം കിട്ടത്തക്കവണ്ണം ബെഞ്ചുകൾ നിരത്തിയിരിയ്ക്കണം. രണ്ടാമത്തെ വിധത്തിലായാൽ എതൃവശത്തിരിയ്ക്കുന്ന അദ്ധ്യാപകന്റെ കണ്ണിനു ഹാനിയെ ഉണ്ടാക്കും. സംബന്ധപ്പെട്ട മറെറാരു സംഗതി ഇവിടെ പ്രസ്താവയോഗ്യമാണു്. ബെഞ്ചുകളെ പടിമേടകളിൽ നിരത്തിയിരുന്നാൽ എല്ലാവിദ്യാൎത്ഥികളെയും ഒരേ നോട്ടത്തിൽ അദ്ധ്യാപകനു കാണ്മാൻ സാധിയ്ക്കുന്നതിനാൽ പലേ ഗുണങ്ങളും ഉണ്ടു്. ഇനിയൊരു സംഗതിയുള്ളതു് അദ്ധ്യാപകൻ ഉന്നതസ്ഥാനത്തിരിയ്ക്കണമെന്നുള്ളതാണു്.

പൂർവാചാര്യന്മാരുടെ ഈ ആചാരം ഇന്നും ഗുരുകുലവാസസമ്പ്രദായത്തിൽ കാണപ്പെടുന്നു ഗവമ്മെണ്ടുവക ഉയൎന്നതരം പാഠശാലകളിലും അതു സ്വീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഉടൽ നിവൎന്നും, കൺഅല്പം മേല്പോട്ടുചാഞ്ഞും ഇരിക്കുന്നതായാൽ രക്തവും ശ്വാസവും തടവുകൂടാതെ പ്രവഹിയ്ക്കുന്നതുകൊണ്ട് അന്തഃകരണത്തിന് ഔന്മുഖ്യം ലഭിയ്ക്കുമെന്നു യോഗശാസ്ത്രങ്ങളിൽ പറഞ്ഞുകാണുന്നു. ഈ ഇരിപ്പു ശ്രദ്ധയ്ക്കനുകൂലമാണെന്നു നവീനമനഃശാസ്ത്രവും സമ്മതിയ്ക്കുന്നുണ്ട്.

(൭) ബ്ളാക്ക്ബോർഡ് (കരുമ്പലക)—ഏതുക്ലാസ്സിനും ഒഴിച്ചുകൂടാത്ത ഉപകരണമാണ് ഇതു്. ചിന്തേറിട്ടപലകയുടെ ഇരുവശങ്ങളിലും കറുപ്പുചായംതേച്ചു മിനുസപ്പെടുത്തിയിരിയ്ക്കണം.ഒരുവശം ചതുരക്കള്ളികൾ അടയാളപ്പെടുത്തിയിരിക്കുന്നതായാൽ പലവിധത്തിലും ബോധനത്തെ സഹായിയ്ക്കും. തരുമ്പലകയുടെ ഉപയോഗംഇത്രമാത്രമെന്നു പറയാവുന്നതല്ല. (൧) കണക്ക്, കയ്യെഴുത്ത്, ഡ്രായിംഗ്, ഭൂമിശാസ്ത്രം, ചരിത്രം എന്നീ വിഷയങ്ങളിൽ പ്രവൎത്തനസമ്പ്രദായം ഗ്രഹിപ്പിയ്ക്കുന്നതിനും നിൎവ്വഹണസൂചനകൾ നൽകുന്നതിനും മാതൃകവരച്ചു കാൎയ്യംഗ്രഹിപ്പിയ്ക്കുന്നതിനും ഉപകാരപ്പെടുന്നു. (൨) സാധനങ്ങളുടെ അഭാവത്തിൽ ഛായവരച്ചു കാണിച്ചു ഘടന മുതലായവയെ പ്രത്യക്ഷപ്പെടുത്തിക്കൊടുക്കാൻ ഉതകുന്നു. (൩) വാങ്മൂലവിശദീകരണമൊ വിഷയവിശകലനമൊ പൎയ്യാപ്തമാകാതെ വരുമ്പോൾ അടുക്കുതെററാതെ സംഗതി മുഴുവൻ ദൃഷ്ടിഗോചരമാക്കുന്നതിന് കരുമ്പലക അപരിത്യാജ്യമാകുന്നു. കാൎയ്യകാരണബന്ധം ഗ്രഹിപ്പിയ്ക്കാനും സൌകൎയ്യം നൽകുന്നു. (൪) ഏതുവിഷയം പഠിപ്പിച്ചാലും അതാതു പാഠത്തിലെ പ്രധാ

നരാഗങ്ങളെ അപ്പോഴപ്പോൾ മുറയ്ക്കു കുറിച്ചു പാഠസംഗ്രഹം ധരിപ്പിയ്ക്കുന്നതിനും വേറെ മാൎഗ്ഗമില്ല. കേൾക്കുന്നതിനെക്കാൾ കാണുന്നതിനാണ് അന്തരംഗത്തിൽ സ്ഥിരപ്രതിപത്തി ലഭിയ്ക്കുന്നതു് എന്നുള്ള തത്വത്തെ ആസ്പദമാക്കിയാണ് കരുമ്പലകയുടെ പ്രധാനപ്രയോജനം. കരുമ്പലകളെല്ലാം പലതരത്തിൽ നിൎമ്മിയ്ക്കപ്പെട്ടിട്ടുണ്ട്. ചുവരിൽതന്നെ പ്രത്യേകസ്ഥാനത്തു ചായംതേച്ചു കരുമ്പലകയായി ഉപയോഗപ്പെടുത്താറുണ്ട്. ആവശ്യമനുസരിച്ചു മാററിവെയ്ക്കുന്നതിനുനിവൃത്തിയില്ലാത്ത ഇത്തരം ബോൎഡുകളെ ഉറപ്പു കരുമ്പലക എന്നു പറയാം. സ്റ്റാൻറിന്മേൽ മേല്പോട്ടോ കീഴ്പ്പോട്ടോ മാററിവയ്ക്കാവുന്ന മറെറാരുതരം ബോൎഡിനെ ഇറക്കു കരുമ്പലകയെന്നും ചട്ടത്തിനകത്തു രണ്ടററത്തും വിലങ്ങേ നിൽക്കുന്ന ആളികളിന്മേൽ കറങ്ങുന്ന മൂന്നാമതൊരുതരം ബോൎഡിനെ കറക്കു കരുമ്പലക എന്നും നാമകരണം ചെയ്യാം. എഴുതുന്ന ആളിൻെറ സൌകൎയ്യത്തിനൊപ്പിച്ചു ചരിവു ക്രമപ്പെടുത്തിക്കൊള്ളാവുന്ന കറക്കു ബോൎഡാണ് നല്ലതു്. പലകയ്ക്കുപകരം സ്ലേററുപയോഗിച്ചിരിയ്ക്കുന്ന ബോൎഡും ഇല്ലെന്നില്ല. പക്ഷേ വില കൂടുതലാകയാൽ നാം ഉപയോഗിയ്ക്കാറില്ല. കരുമ്പലകപ്പുറത്തു എഴുതുന്നതിനെ യഥാവസരം തുടച്ചുകളയാൻ തുവാലയോ ഡസ്റ്ററോ വേണ്ടതാണ്; ഡസ്റ്ററാണ് നല്ലതു്. ബോൎഡിൽ എഴുതുമ്പോൾ വിദ്യാൎത്ഥികളെല്ലാവരും അതിനെ കാണേണ്ടതാണെന്ന് അദ്ധ്യാപകൻ ഓൎമ്മിയ്ക്കണം; അതിനുചിതമായ സ്ഥാനത്തു ബോൎഡുവെച്ചിരിയ്ക്കണം. എന്നാൽ വാതലൊ ജന്നലൊ മറയത്തക്കവണ്ണം അതിനു സ്ഥാനം നൽകരുതു്. അദ്ധ്യാപകൻെറ ഇടത്തുവശത്തിരിയ്ക്കുന്നതായാൽ കൊള്ളാം. വലത്തുവശത്തായാലും തരക്കേടില്ല.

(f) മററുപകരണങ്ങൾ—പ്രസംഗവശാൽ ഉപകരണങ്ങളെപ്പററിയും രണ്ടുവാക്ക പറഞ്ഞുകൊള്ളാം. സാധനങ്ങൾ, മാതൃകകൾ, പടങ്ങൾ, ചിത്രങ്ങൾ, ഭൂഗോളം, വടക്കുനോക്കി, ദൂരദർശിനി, സൂക്ഷ്മദർശിനി, അക്ഷരമാതൃക, കണക്കുചാർട്ടു, അളവുകോൽ, ത്രാസ്, കട്ടി, പ്രാചീനനാണയങ്ങൾ, പുരാതനാവശിഷ്ടങ്ങൾ, ഖനിജങ്ങൾ, ശിലാലിഖിതങ്ങൾ, താമ്രശാസനങ്ങൾ, ചരിത്രഗീതങ്ങൾ മുതലായവ ബോധനത്തെ അവഗാഹിയാക്കിത്തീക്കും. ഈ സാധനങ്ങളെപ്പോലെയുള്ള മററുപല ഉപകരണങ്ങളും അധ്യാപകനു ഉത്സാഹമുള്ളപക്ഷം ശേഖരിച്ചുകൊള്ളാം. പ്രയാസമില്ലാത്തതാണ്.

ഉപകരണങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്ന പുസ്തകങ്ങളും സംഭരിച്ചിരിയ്ക്കേണ്ടതാണ്. ഇവയിൽ ഏററവും പ്രധാനമായവ ദീപികാഗ്രന്ഥങ്ങളാണ്. നിഘണ്ടു, അമരകോശം, പുരാണകഥാനിഘണ്ടു മുതലായവ ഈ ഇനത്തിൽ ഉൾപ്പെടും. പാഠപദ്ധതിയിൽപ്പെട്ടവിഷയങ്ങളെ കൂലങ്കഷമായ് പ്രതിപാദിയ്ക്കുന്ന ഉത്തമഗ്രന്ഥങ്ങളും സാഹിത്യപ്രബന്ധങ്ങളും പാഠപുസ്തകങ്ങളും ഉണ്ടായിരിയ്ക്കേണ്ടതാണ്. ഭാവിപൌരന്മാരുടെ ആചാരങ്ങളെ മലിനപ്പെടുത്താവുന്ന കുപ്രബന്ധങ്ങൾക്ക് സ്ഥാനം അനുവദിച്ചുകൂടാ. അക്കാര്യം പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതുമാണ്.

നികർഷണം, അഥവാ കളിമുററം.—വികസനംവ്യായാമദ്വാരാ സാധിയ്ക്കേണ്ടതാണല്ലൊ. കായികവികസനവും അവയവങ്ങൾക്കെല്ലാം ലഭിയ്ക്കുന്നു. ഉചിതവ്യായാമങ്ങൾ മൂലമല്ലാതെ സാധ്യമല്ല. ഓരോ അവയവത്തിനും ഇന്നിന്ന വ്യായാമം ഉചിതമായിരിയ്ക്കുമെന്നു അധ്യാപക

ന്മാരിൽനിന്നുതന്നെ വിദ്യാൎത്ഥികൾ അറിയേണ്ടതായിരിയ്ക്കുന്നു. തത്സംബന്ധമായ പരിശീലനവും പാഠശാലാ വളപ്പിനകത്തുവച്ചുതന്നേ നൽകുന്നതാണുചിതം അതുകൊണ്ടു അതിനു മതിയാകുന്ന സ്ഥലം പാഠശാലാ വളപ്പിനകത്തുതന്നെ തളംതെളുത്തി ഒരുക്കി ഒതുക്കിവയ്ക്കേണ്ടതാണ്. അതിനെ പൂൎണ്ണമായി ഉപയോഗപ്പെടുത്തുകയുംവേണം. മറെറല്ലാ വികസനങ്ങൾക്കും അസ്ഥിവാരമായ്നിൽക്കുന്നതു് കായികവികസനമാണെന്നുള്ള വസ്തുത ഒരിക്കലും മറക്കാവുന്നതല്ല. നികഷണത്തിൽ വേണ്ടസാമഗ്രികളും തയാറാക്കിയിരിയ്ക്കണം. അന്യന്മാരുടെ ഉപദ്രവം ഒഴിക്കാനായ് നാലുവശവും കൈയ്യാലവെച്ചു മേഞ്ഞിരിയ്ക്കേണ്ടതുമാകുന്നു.

പാശ്ചാത്യരിൽ നികഷണത്തെ "മേല്പരയില്ലാ പാഠശാലാ" "സദാചാരങ്ങളുടെ വിളനിലം" എന്നെല്ലാം കീൎത്തിക്കാറുണ്ടു്. കളിയിലാണു്, സൗഹാൎദ്ദമത്സരം, കരുതൽ, പരോപകാരബുദ്ധി, മുതലായ സദ്ഗുണങ്ങൾ പുലൎത്തപ്പെടുന്നതു് എന്നുവച്ചിട്ടാണു് അപ്രകാരം കീൎത്തിയ്ക്കപ്പെടുന്നതു്. ഓരോ വ്യക്തിയിലും മറഞ്ഞു കിടക്കുന്ന ദുൎവ്വാസനകൾ അപ്പോഴപ്പോൾ പ്രബലപ്പെട്ടമെങ്കിലും സഖാക്കളുടെയും അധ്യാപകൻെറയും ശാസനയേയും ഖണ്ഡനയേയും ഭയപ്പെട്ടു തന്നത്താനെ അടക്കിക്കൊള്ളേണ്ടിവരുന്നതിനാൽ ആത്മസംയമനം എന്ന ഉത്തമശീലവും ഉണ്ടായിവരാൻ കളിമുററത്തു സൌകൎയ്യമുണ്ടു്. പോൎക്കളങ്ങളിൽ മെച്ചംനേടിയ ഏതു സമുദായക്കാരും സുഘടിതവ്യായാമങ്ങൾമൂലം വിജയികളായി ഭവിച്ചതാണെന്നു വേദംമുതൽ ഇങ്ങോട്ടുള്ള പ്രമാണങ്ങൾ തെളിയിയ്ക്കും. ആൎയ്യദ്രാവിഡസമരമൊ, ഗ്രേക്കറോമാസമരമോ, അൎവ്വാചീനസമരങ്ങ

ളോ പൊരുതു് വിജയികളായവരുടെ പൂൎവ്വചരിത്രങ്ങൾ നോക്കേണ്ടതാണു്. നമ്മുടെ പാഠശാലകളിൽ ആദ്യമായു് പ്രബലപ്പെടേണ്ടതു് വ്യായാമോത്സാഹമാകുന്നു. വാത്സല്യഭാജനത്തിന്റെ ആരോഗ്യത്തെ, എന്തിനു്, പ്രാണനെത്തന്നേയും പരീക്ഷാവിജയപത്രങ്ങൾക്കായു് പരിവൎത്തനം ചെയ്വാൻ മടിയ്ക്കാത്ത രക്ഷാകൎത്താക്കന്മാൎക്കു എന്നാണൊ വ്യായാമവിരക്തി നീങ്ങുന്നതു് അന്നുതന്നെ നാട്ടിനു നന്മയുണ്ടാകും. പേരിനുമാത്രം ഡ്രിൽ എന്ന നാമധേയത്തിൽ നടത്തിവരുന്ന വ്യായാമം ഗുണത്തേക്കാൾ ദോഷത്തെയാണു ജനിപ്പിയ്ക്കുന്നതു്. നട്ടുച്ചയ്ക്കു വെയിൽ കൊള്ളിയ്ക്കുന്ന ഡ്രിൽ എത്ര സങ്കടകരമാണെന്നു കണ്ടേ അറിയൂ: മററു വിഷയങ്ങൾ പഠിപ്പിയ്ക്കുന്ന അദ്ധ്യാപകനെപ്പോലെ ഡ്രിൽ അധ്യാപകനും ഒരു സ്ഥലത്തുനിന്നുകൊണ്ടു വാങ്മൂലബോധനം നടത്തി തൃപ്തിപ്പെടുത്തുന്നുണ്ടു്. ഇത്തരം ഡ്രില്ലിനായു് വ്യയംചെയ്യപ്പെടുന്നതശേഷം നിഷ്ഫലമായു് പോകുന്നതിനെപ്പററി ആശ്ചൎയ്യപ്പെടാനുണ്ടോ?

അദ്ധ്യേയം. ശിക്ഷാപ്രസ്ഥാനത്തിൽ പ്രയാണി അദ്ധ്യേതാവാണു്. ലക്ഷ്യത്തെ മുൻനിറുത്തിയുള്ള യാത്രയിൽ വഴിയെപ്പററിയുള്ള അറിവു് അവനില്ല; വിവരണംകൊണ്ടു പ്രയോജനപ്പെടുന്നതുമല്ല. അവൻതന്നെ അടിമേലടിവെച്ചു പൎയ്യടനംചെയ്തു മാൎഗ്ഗപരിചയം വരുത്തിക്കൊള്ളണം. ഈ പ്രയത്നത്തിൽ വഴിതെററിപ്പോകാതെ സൂക്ഷിക്കാൻ അനുഗമിയ്ക്കുന്ന വഴികാട്ടിയാണു് അധ്യാപകൻ. അദ്ധ്യേതാവു സ്വപ്രയത്നംകൊണ്ടുതന്നെ ബാഹ്യപ്രപഞ്ചത്തെപ്പററിയും അതിനോടു തനിയ്ക്കുള്ള ബന്ധങ്ങളെപ്പററിയും വേണ്ടിടത്തോളം അറിവു സമ്പാദിക്കുകയും ആ ബന്ധങ്ങൾ സുഖപൎയ്യവസായികളാകത്തക്കവണ്ണം അ

വയിൽ ഏൎപ്പെട്ടു പ്രവൎത്തിയ്ക്കയും, തത്ഫലമായ് വരുന്ന സുഖത്തെ അനുഭവിയ്ക്കുകയും ചെയ്യുന്നതിന്ന് ശക്തനാകേണ്ടതാണ്. പൂൎവ്വഗാമികൾ താദൃശപ്രയത്നങ്ങളിൽ സമ്പാദിച്ച ജ്ഞാനം, പ്രയോഗകുശലത, സുഖം എന്നിവയെ അറിയുന്നതു് വളരെ അനുകൂലമായിരിക്കും. അതുകൊണ്ടാണ് ശിക്ഷാമന്ദിരത്തിലേക്കു പല വിഷയങ്ങളും നിശ്ചയിച്ചിട്ടുള്ളതു്. ആ വിഷയങ്ങളിൽ അഗ്രതാംബൂലം ഭാഷയ്ക്കുതന്നെ. സാമുദായികജീവിയായ മനുഷ്യന്ന് ആശയവാഹകവും അന്തൎവ്വ്യാപാരസാഹ്യവുമായ ഭാഷ അപരിത്യാജ്യമാണല്ലോ. ഭാഷയാണ് ജ്ഞാനഭണ്ഡാരപ്പുരയുടെ താക്കോൽ എന്നു പറയപ്പെടുന്നതും ഓൎക്കുക. അന്തശ്ശക്തിവികസനത്തിൽ അദ്ധ്യാപകൻ പ്രയോഗിയ്ക്കുന്ന പ്രധാനസമവായി കാരണം ഭാഷയാണല്ലോ. ദണ്ഡചക്രങ്ങൾ കൂടാതെ പാണ്ഡനിൎമ്മിതി സാദ്ധ്യമല്ലാത്തതുപോലെ ഭാഷയേ കൂടാതെ അന്തശ്ശക്തിവികസനവും അസാദ്ധ്യംതന്നെ. അതുകൊണ്ടു് പ്രാഥമികപാഠശാലയിൽ ഒരു പ്രധാന ജോലി ഭാഷാദ്ധ്യയനമാണ് എന്നു വരുന്നു. എന്നാൽ അവിടെ ഭാഷയെ ഒരു പ്രത്യേക വിഷയമായ് ഗണിയ്ക്കാവുന്നതല്ല. മററു വിഷയങ്ങളെ ആശ്രയിച്ചുതന്നെ എവിടേയും ഭാഷയെ കൈയ്യാളിയ്ക്കാൻ അധികവും സാധിയ്ക്കൂ. അതിനാൽ മററു വിഷയങ്ങളോടു ചേൎത്തു ഭാഷ പഠിപ്പിയ്ക്കുന്നതാണ് പ്രാഥമികപാഠശാലയ്ക്കു യോജിച്ച മാൎഗ്ഗം. മനുഷ്യവിജ്ഞാനീയമാണ് മനുഷ്യൎക്കു ഏററവും പ്രധാനവിഷയം. ഭൗതികപരീതമനുഷ്യവിജ്ഞാനീയം, പരസ്പരബാധിതമനുഷ്യവിജ്ഞാനീയം, വികാരചോദിതമനുഷ്യവിജ്ഞാനീയം എന്ന നിലയിൽ പ്രകൃതിവിജ്ഞാനീയം ഉൾപ്പെട്ട ഭൂമിശാസ്ത്രം, ചരിത്രം, സാഹിത്യം എന്നിവയെ ഭാഷാപാഠത്തിൽ അന്തൎഭവിപ്പിച്ചാൽ

വൈവിധ്യംമൂലം ശിക്ഷ രസകരമായ്ഭവിയ്ക്കും. അങ്ങനെ അദ്ധ്യേതാക്കളുടെ ശക്തി വികസനത്തിനായ് പ്രയത്നിയ്ക്കുന്ന അദ്ധ്യാപകൻ അവരുടെ സ്വഭാവത്തെ രൂപവത്കരിയ്ക്കുന്നതിൽ സദാ ദൃഷ്ടിവച്ചുകൊള്ളണം. ഏതു പാഠത്തിലും ഓരോ ആശയവും, ഓരോ പദത്തിൻെറയും അർത്ഥബോധവും വ്യക്തവും സുബദ്ധവും സൂക്ഷ്മവും ആയിരിയ്ക്കത്തക്കവണ്ണം പ്രയോഗദ്വാരാ പരിശീലനം നൽകുന്നതിൽ ബദ്ധശ്രദ്ധനായിരിയ്ക്കുയും വേണം.

"ആയംദൃഷ്ട്വാവ്യയംകുർയ്യാത്" എന്നതാണ് ജീവിതവിജയേച്ഛുക്കൾ ഒരിയ്ക്കലും മറക്കാൻപാടില്ലാത്ത പ്രമാണം. അതുകൊണ്ട് ഏതു പ്രയത്നത്തിലും വിദ്യാർത്ഥികൾ കണക്കു നോക്കുന്നവരായിരിയ്ക്കത്തക്കവണ്ണം ശീലിപ്പിയ്ക്കണം. പ്രാഥമികശിക്ഷാമന്ദിരത്തിൽ കരനേത്രപരിശീലനത്തോടുചേർത്ത് കണക്കിനെ പ്രയോഗിച്ചുപഠിപ്പിയ്ക്കുന്നതു വളരെ ഫലപ്രദമായിരിയ്ക്കും. കണക്കുതെററിയാൽ ഉടൻ മനസ്സിലാകുന്നതിനും, മേലാൽ അങ്ങനെ വരാതിരിയ്ക്കുന്നതിന്നായ് കരുതിപ്രവർത്തിക്കുന്നതിനും, ഇടയാകുന്നതാകയാൽ ഇതിനെക്കാൾ നല്ലമാർഗ്ഗം വേറെയുണ്ടെന്നു തോന്നുന്നില്ല. കായികവികസനത്തെ മുൻനിറുത്തി കളിയും, കലാപരിശീലനത്തെ മുൻനിറുത്തി കഥനവും കൈയെഴുത്തും വായനയും, കൂടെചേർത്താൽ പ്രാഥമികവിദ്യാലയത്തിന് വിഷയങ്ങൾ മതിയാകുമെന്നു തോന്നുന്നു. പഠിപ്പിയ്ക്കുന്ന വിഷയം ഏതായിരുന്നാലും അന്തശ്ശക്തിവികാസകവും ഔപയോഗികവും ആകത്തക്കവിധം കൈയ്യാളിയ്ക്കുന്നതാണ് ബോധനത്തെ വിജയകരമാക്കുന്നതു്. അതുചെയ്യാതെ ഏതാനും പേരുകളെ ഓർമ്മിപ്പിയ്ക്കുകയോ, പ്രത്യേകപ്രയത്നങ്ങളിൽ പരിശീലനം നൽകുകയോ ചെയ്യു

ന്നതായാൽ, യാദൃച്ഛികപരിശോധകന്മാരേയോ, തത്വബോധമില്ലാത്തരക്ഷാകർത്താക്കളെയോ, വഞ്ചിയ്ക്കാനല്ലാതെ ഭാവിപൗരന്മാരെ ഉത്തമജീവിതത്തിലേയ്ക്കു നയിയ്ക്കാനോ, അവരുടെ ഹൃദയത്തിൽ അധ്യാപകച്ഛായയെ പ്രതിഷ്ഠിയ്ക്കാനോ ഉപയോഗപ്പെടുന്നതല്ല. മനുഷ്യവിജ്ഞാനീയത്തോടു ചേർന്ന ഭാഷ, കരനേത്രപരിശീലനത്തോടു ചേർന്ന കണക്ക്, കളി, കഥനം, കൈയ്യെഴുത്ത്, വായന, ചിത്രമെഴുത്ത് എന്നീ വിഷയങ്ങളിൽ ഓരോന്നും ഓരോ ക്ലാസിലും എത്ര എത്ര പഠിപ്പിയ്ക്കപ്പെടണമെന്നു നിർണ്ണയിയ്ക്കുന്നവർ അനുഭവമാത്രകൊണ്ടു വേണം അളക്കാൻ; അല്പംമാത്രം കുറഞ്ഞാലും തരക്കേടില്ല; ഫലം തൃപ്തികരമായിരിയ്ക്കണമെന്നു നിർബ്ബന്ധിയ്ക്കുയാണ് വേണ്ടത്. അധ്യേയത്തെപ്പററി പൂർവ്വദ്രാവിഡാചാര്യന്മാർ പറഞ്ഞിരിയ്ക്കുന്നതും ശ്രദ്ധേയമാണ്. പഠിയ്ക്കേണ്ടതാണെന്നു പറയണമെങ്കിൽ ഏതുവിഷയവും മനുഷ്യരുടെ "മനക്കോട്ടം" മാററുന്നതായിരിയ്ക്കണം എന്നായിരുന്നു അവരുടെ അഭിപ്രായം.

അധ്യാപകൻ. ഈ പദത്തിന്ന് അർത്ഥമെന്താണ്? പ്രാപിപ്പിയ്ക്കുന്നവൻ എന്നല്ലേ? ശിഷ്യന്മാർ ലക്ഷ്യത്തെ പ്രാപിച്ച് കൃതകൃത്യരാകേണ്ടതിന്ന് ചുമതലക്കാരൻ അധ്യാപകൻതന്നെ. ഇംഗ്ലണ്ടിലെ വിദ്യാഭ്യാസകാര്യോപദേഷ്ടാക്കൾ (Board of Education) ഒരിയ്ക്കൽ രേഖപ്പെടുത്തീട്ടുള്ള അഭിപ്രായത്തെ ഇവിടെ സംക്ഷേപിച്ചാൽ അധ്യാപകധർമ്മം നിർദ്ദേശിയ്ക്കപ്പെട്ടതാകുമെന്നു കരുതി അപ്രകാരം ചെയ്യുന്നു.

(a) ധർമ്മം—ഭരമേല്പിയ്ക്കപ്പെടുന്ന ബാലികാബാലന്മാരുടെ ബുദ്ധിശക്തിയെ വികസിപ്പിച്ചും, സ്വഭാവത്തെ രൂപവത്കരിച്ചുറപ്പിച്ചും, അവരവരുടെ ആവശ്യങ്ങളനുസ

രിച്ചുള്ള ജീവിതകാൎയ്യങ്ങൾക്ക്, അന്തരംഗവികാസവും പ്രയോഗകുശലതയും മൂലം, സമൎത്ഥന്മാരാകുന്നതിനു് അവരെ സഹായിയ്ക്കുന്നതിൽ, അധ്യയനകാലത്തെ ആശാസ്യതമമായ വിധം വിനിയോഗിയ്ക്കുകയാകുന്നു പ്രാഥമിക വിദ്യാലയധൎമ്മം.

പ്രകൃതിയുടെ ഭാവങ്ങളേയും, നിയമങ്ങളേയും (ഏതാനുമെങ്കിലും) സംബന്ധിച്ച് ബുദ്ധിപൂൎവ്വമായ ജ്ഞാനം വിദ്യാൎത്ഥികൾക്ക് ലഭിയ്ക്കത്തക്കവണ്ണം അവലോകന പ്രതിപാദനകാൎയ്യങ്ങളിൽ അവരെ സശ്രദ്ധം ശീലിപ്പിയ്ക്കുക; മനുഷ്യവൎഗ്ഗത്തിന്റെ വിശിഷ്ടവിജയങ്ങളിലും, പരമോദ്ദേശങ്ങളിലും, സ്ഥായിയായ സ്നേഹം ജനിപ്പിച്ച്, സ്വരാജ്യചരിത്രങ്ങളിലും സാഹിത്യങ്ങളിലും അവരെ പ്രവേശിപ്പിയ്ക്കുക; ആശയവാഹകവും അന്തൎവ്യാപാരസാഫല്യവുമായ് ഭാഷ പഠിപ്പിച്ച്, ലബ്ധജ്ഞാനത്തിന്റെ ക്ഷുദ്രതയെ ഗ്രഹിപ്പിയ്ക്കുന്നതോടുകൂടി ഭാവികാലങ്ങളിൽ സ്വപ്രയത്നം കൊണ്ടുതന്നെ അറിവു വൎദ്ധിപ്പിയ്ക്കുന്നതിനുതകുന്ന ആലോചനാപൂൎവ്വമായ പഠനത്തിനു് അവരുടെ ഉള്ളിൽ താല്പൎയ്യം ജനിപ്പിച്ചു വളൎത്തുക; ഇവയാണു് ധൎമ്മബദ്ധമായ ശിക്ഷാമന്ദിരത്തിന്റെ മുഖ്യലക്ഷ്യങ്ങൾ.

യുക്തങ്ങളായ പ്രായോഗികപ്രയത്നങ്ങൾമൂലം വിദ്യാൎത്ഥികളുടെ കരനേത്രപരിശീലനങ്ങളെ പ്രോത്സാഹിപ്പിയ്ക്കുന്നതിലും, കായികാഭ്യാസങ്ങളിലും വ്യവസ്ഥിതങ്ങളായ കളികളിലും ശീലിപ്പിച്ചു മാത്രമല്ല, ആരോഗ്യരക്ഷാനിയമങ്ങളിൽ സർവസാധാരണമായവയെ എങ്കിലും ധരിപ്പിച്ചും, അവരുടെ ഉചിതങ്ങളായ കായികവികാസത്തിനു സൗകൎയ്യം നൽകുന്നതിലും ശിക്ഷാമന്ദിരം ബദ്ധശ്രദ്ധമായിരിയ്ക്കേണ്ടതാകുന്നു.

സഹപാഠികളുടെ കഥയെ മറക്കാതെ സമർത്ഥന്മാരുടെ പ്രത്യേകവാസനകളെ കണ്ടുപിടിച്ച് അവരുടെ ഉത്കൃഷ്ടവിദ്യാഭ്യാസദശയിൽ ഉപയോഗപ്പെടത്തക്കവണ്ണം തല്ക്കാലബോധനത്തെ ക്രമപ്പെടുത്തി ആ വാസനകളെ പ്രബലപ്പെടുത്തുന്നതും സർവപ്രധാനമല്ലെങ്കിലും സ്വീകാര്യമായ കർത്തവ്യമത്രേ.

അവസരങ്ങൾ വേണ്ടിടത്തോളം ഇല്ലെങ്കിലും അധ്യേതാക്കളുടെ സ്വഭാവരചനയിലും അധ്യാപകന്മാർ ദൃഷ്ടിവെയ്ക്കേണ്ടതാകുന്നു. സ്വന്തം മാതൃകാജീവിതവും, പൌരുഷവും, പാഠശാലയിൽ പരിപാലിയ്ക്കപ്പെടുന്ന നിയമനവിശേഷവുംകൊണ്ട് അധ്യാപകൻ നിസ്തന്ദ്രത, ആത്മസംയമനം, അജയ്യമായ സ്ഥിരപരിശ്രമം, ഇവയെ വിദ്യാർത്ഥികളിൽ ഉദ്ദീപിപ്പിയ്ക്കാൻ ശ്രമിയ്ക്കണം; മാഹാത്മ്യത്തെ ബഹുമാനിയ്ക്കാനും, സത്യത്തേയും, പവിത്രതയേയും ബലമായ് പററിപ്പിടിയ്ക്കാനും ശീലിപ്പിയ്ക്കണം. ശക്തിമത്തായ ധർമ്മബോധത്തേയും, സർവ്വവിധ സദാചാരങ്ങളുടേയും പ്രവേശദ്വാരവും, പരാർത്ഥജീവിതത്തിന് അസ്ഥിവാരവുമായ, സഹജീവിസ്നേഹബഹുമാനങ്ങളേയും അങ്കുരിപ്പിച്ചു വളർത്തണം; ഭാവിജീവിതത്തിലെ അഭിമാനതരുവിന് നാരായവേരായ് നില്ക്കുന്ന ന്യായബോധത്തെ പോഷിപ്പിയ്ക്കുന്ന മട്ടിൽ പാഠശാലയിലെ—വിശിഷ്യ—നികർഷണത്തിലെ സംഘജീവിതത്തെ ക്രമപ്പെടുത്തുകയും വേണം.

ഏതാദൃശപരിശ്രമങ്ങളിൽ (ക്രമേണ വ്യക്തിവികാസപൂർണ്ണതയെ പ്രാപിയ്ക്കാൻ മാത്രമല്ല, ഋജുബുദ്ധികളായ സമുദായബന്ധുക്കളായും നാട്ടിന് അഭിമാനഹേതുക്കളായ സന്താനങ്ങളായും വളരുന്നതിനും വിദ്യാർത്ഥികളെ ശേഷിയുള്ളവരാക്കിത്തീർക്കുന്നതിനൊത്ത ശ്രമങ്ങളിൽ) രക്ഷാകർത്താ

ക്കന്മാരുടെ സഹായസഹകരണങ്ങളേയും അദ്ധ്യാപകന്മാർ സമ്പാദിച്ചുകൊള്ളുകയും വേണം.

(b) യോഗ്യത—ഏതുപ്രവൃത്തിയുടേയും പര്യാപ്തിയും രസികത്വവും പ്രവർത്തകന്റെ യോഗ്യതയെ ആശ്രയിക്കുന്നതാകയാൽ ശിക്ഷാകാര്യത്തിൽ നിമിത്തകാരണനായ അദ്ധ്യാപകന്റെ യോഗ്യത പ്രഥമഗണനീയമാണ്. അദ്ധ്യാപകന്ന് തക്ക യോഗ്യതയില്ലാഞ്ഞാൽ ശിഷ്യന്നെങ്ങനെ സിദ്ധിക്കും. "താനുണ്ണാത്തേവരോ വരംകൊടുപ്പൂ". അതിനാൽ അദ്ധ്യാപകൻ ചതുർമ്മുഖവികസനം ലഭിച്ച് അധൃഷ്യനും അഭിഗമ്യനും ആയിരിക്കണം എന്നു ചുരുക്കത്തിൽ പറയാം. പല മഹാന്മാരും അതിനെ വിവരപ്പെടുത്തീട്ടുള്ളതിനെ ചുവടെ സംഗ്രഹിക്കാം.

(1) കായികം—"കോണിപ്പടിയിൽ അടിക്കു മൂന്നുപടിവീതം ചാടിക്കയറാൻ എന്നാണോ ഞാൻ അശക്തനാകുന്നത് അന്ന് ഞാൻ അദ്ധ്യാപകവൃത്തിയിൽനിന്നും വിരമിക്കും" എന്നൊരദ്ധ്യാപകൻ പറഞ്ഞിട്ടുള്ളതറിയാം. അദ്ധ്യാപകൻ അരോഗദൃഢഗാത്രനായിരിക്കണമെന്നത്രെ ഇതിനർത്ഥം. 'സുഖശരീരത്തിൽ ദൃഢമാനസം' എന്നല്ലേ പഴമൊഴിയും. അദ്ധ്യേതാക്കളുടെ അന്തശ്ശക്തിയെ പ്രേരിപ്പിക്കാൻതക്ക അന്തശ്ശക്തി തനിക്കുതന്നെ ഉണ്ടായിരിക്കണമെങ്കിൽ ശരീരത്തെ അരോഗമായ് പരിപാലിച്ചേ കഴിയൂ. ഊർജ്ജസ്വലതയും, അകൃത്രിമ സന്തുഷ്ടസരസഗംഭീരഭാവവും ആരോഗ്യത്തിന്റെ സന്താനങ്ങളത്രെ. "വിനാ ഗോരസം കോരസഃപണ്ഡിതാനാം" എന്നാണ് ആപ്തവാക്യം. അതുകൊണ്ട് വാങ്മാധുരിയും അദ്ധ്യാപകൻ സമ്പാദിക്കേണ്ടതാണ്. "മിതഞ്ച സാരഞ്ച വചോഹി വാഗ്മിതാ" എന്നതിന്നു പുറമേ സരളതയുംകൂടി വേണം. "ഉലകസൃഷ്ടി

ച്ചു ഭരിച്ചു സംഹരിച്ചിളകിടും ചില്ലിയുഗളഭാഗിയും", "ഭരിയ്ക്കുന്നതിനും ആജ്ഞാപിയ്ക്കുന്നതിനും സൃഷ്ടിയ്ക്കപ്പെട്ട കണ്ണുകൾ" എന്നിങ്ങനെ വീരകേസരികളെപ്പററിപ്പറഞ്ഞിട്ടുള്ളതുപോലെ അധ്യാപകന്റെ ദൃഷ്ടികൾ ഭരണപ്രോണ സമത്ഥങ്ങളായിരിയ്ക്കണം. കണ്ണും ചെവിയും ഒന്നുപോലെ ശിക്ഷാമന്ദിരം മുഴവൻ അന്തൎയ്യാമികളായ് പ്രവൎത്തിയ്ക്കണം.

(2) മാനസികം—ഗായകന്നു ശാരീരം പോലെയാണു് അധ്യാപകന്നു് മനോഭാവം എന്നു പറയാവുണ്ടു്. അധ്യേതാക്കളുടെ നിലയിൽ വിഷയങ്ങളെ കാണുന്നതിനു തക്ക മനോഭാവം ഇല്ലാഞ്ഞാൽ അധ്യാപനം വിഷമംതന്നെ. ശിഷ്യന്മാരുടെ ഉള്ളിൽ പ്രവേശിച്ചു് അവരുടെ വൈഷമ്യങ്ങളെ അറിഞ്ഞു പരിഹരിച്ചു് പുതിയ ആശയങ്ങളെ പരിചയപ്പെടുത്തിക്കൊടുക്കാൻ അനുകമ്പ അപരിത്യാജ്യമായ യോഗ്യതയാകുന്നു. ജ്ഞാനവൈപുല്യം ഒഴിച്ചുക്കൂടാത്തതാണെന്നു പറയേണ്ടതില്ല. പാഠവിഷയവും, അതിനോടു സംബന്ധപ്പെട്ടവയും, പരിതസ്ഥിതങ്ങളും അധ്യാപകൻ അറിഞ്ഞിരിയ്ക്കണമെന്നാണു് ഫിച്ചു് എന്ന അധ്യാപകവൎയ്യൻ വിധിയ്ക്കുന്നതു്. ഗ്രന്ഥപാരായണം അധ്യാപകവൃത്തി വിടുന്നതുവരെ വിട്ടുക്രൂടാത്തതാകുന്നു. അഭിനവാശയങ്ങളെ സംഗ്രഹിച്ചു് മനസ്സിനെ സദാ വിസ്തൃതമാക്കിക്കൊണ്ടിരിയ്ക്കയാണെങ്കിൽ അധ്യാപനം നിശ്ചയമായും വിജയോന്മുഖമായിരിയ്ക്കും. സജ്ജത എന്നഗുണവും പ്രസ്താവയോഗ്യമാണു്. ശിക്ഷാപ്രയത്നത്തിൽ അപ്രതിക്ഷിതമായും സംഭവിയ്ക്കാവുന്ന വിഷമതകളെ തരണംചെയ്യാനുള്ള ഒരുക്കമാണിതു്. സമയോചിതമായി പ്രകാശിയ്ക്കുന്ന മനോധൎമ്മമാണു് വിജയകാരകം. വൈഷമ്യം കാ

ണനമാത്രയിൽത്തന്നെ കാര്യാകാര്യവിവേചനം ചെയ്യുവാനുള്ള അദ്ധ്യാപകനാണു് ശിഷ്യവർഗ്ഗത്തിന്റെ പരദേവതയായിത്തീരുന്നതു്. സ്ഥൈര്യം എന്നഗുണം ഭരണശക്തിയുടെ പര്യായമെന്നു പറയാം. ആജ്ഞകളൊന്നുംതന്നെ പിൻവലിക്കേണ്ടിവരരുതു്. കാലേക്കൂട്ടി ആലോചിച്ചുതീർച്ചപ്പെടുത്തീട്ടു് ആജ്ഞ നൽകുകയാണെങ്കിൽ സ്ഥൈര്യഹീനതയ്ക്കിടവരുന്നതല്ല. അവധാനത അദ്ധ്യാപകനു് ഉററ ബന്ധുവാകുന്നു. അനവധാനത വിദ്യാർത്ഥികളുടെ ഗ്രഹണസൗകര്യത്തെ കുറച്ചു് പാഠത്തെ നിഷ്ഫലമാക്കിത്തീർക്കും. പാഠവിഷയത്തെ വിശകലനം ചെയ്തു് സാവധാനത്തിൽ വിശദീകരിച്ചു പ്രയോഗിക്കുവാൻ തക്കക്ഷമവേണം.

(3) സന്മാർഗ്ഗികം—ഹൃദയവിസ്തൃതി അത്യാവശ്യമാകുന്നു ഇതരപ്രാണികളുടെ സുഖദുഃഖങ്ങളെ ഉള്ളവണ്ണം ഗ്രഹിച്ചു് ഉചിതമായതു ചെയ്യുവാൻ ഹൃദയവിസ്തൃതിയില്ലാഞ്ഞാൽ സാധിക്കുന്നതല്ല. മററെല്ലാ സദ്ഗുണങ്ങളും ഇതിൽനിന്നും വരേണ്ടവയാണു്. സന്മാർഗ്ഗവികസനം അനുകരണദ്വാരാ സിദ്ധിക്കുന്നതും അനുകരണത്തിനു് ഉത്തമമാതൃക അനുപേക്ഷ്യവുമാകയാൽ അദ്ധ്യേതാക്കളെ സദ്വൃത്തന്മാരാക്കേണ്ടവർ സദാചാരമാതൃകയായിട്ടുതന്നെ ജീവിതം നയിക്കേണ്ടതാകുന്നു. ഈശ്വരഭക്തി, ജീവകാരുണ്യം, കൃത്യനിഷ്ഠ, സമയനിശ്ചയം, സത്യം, നീതി, ദാക്ഷിണ്യം, ശുചിത മുതലായ ഗുണങ്ങൾ അവരിലിണങ്ങിവിളങ്ങണം.

ദ്രാവിഡാചാരമതപ്രകാരം അദ്ധ്യാപകനാകണമെങ്കിൽ സദാചാരം, ജീവകാരുണ്യം, ആസ്തികബുദ്ധി, വിശാലഹൃദയം, ജ്ഞാനപ്രസാദം, ജ്ഞാനവൈപുല്യം, ക്ഷമ, ജ്ഞാനൌന്നത്യം, ഉദാരത, ധീരത, നിഷ്പക്ഷപാതിത്വം,

മൃദുലത, പൂജ്യത, ലോകജ്ഞാനം മുതലായ മററു ഗുണങ്ങളും ധാരാളം ഉണ്ടായിരിയ്ക്കണം എന്നാണ് കാണുന്നത്. ഇക്കാൎയ്യങ്ങളൊന്നും വകവയ്ക്കാതെ പരീക്ഷായോഗ്യതമാത്രം ആവശ്യപ്പെടുന്ന നിയമം ശിക്ഷാകാൎയ്യത്തെ എത്രമാത്രം നന്നാക്കുമെന്നറിഞ്ഞുകൂടാ. ഔഷധം ശേഖരിച്ചതുകൊണ്ടു ചികിത്സകനാകാമെങ്കിൽ പരീക്ഷയിൽ ജയിച്ചതുകൊണ്ടു അധ്യാപകനാകാം. അവയവങ്ങളുടെ പ്രവൃത്തികൾ ഇന്നിന്നതാണെന്നു അറിയുകയും ന്യൂനതകളെ കണ്ടുപിടിക്കാൻ സാമൎത്ഥ്യം ഉണ്ടായിരിക്കുകയും ചെയ്യുന്നതിനു പുറമെ വേണ്ട വൃത്തികളെ അവിടവിടെ ഉത്ഭവിപ്പിക്കാൻ ശേഷിയും ഉണ്ടായിരുന്നാലല്ലാതെ ചികിത്സകനാകാൻ സാധിയ്ക്കാത്തതുപോലെ, അന്തഃകരണം എങ്ങനെ പ്രവൎത്തിയ്ക്കുന്നു എന്നറിയുകയും ഉദ്ദിഷ്ടഫലം ലഭിയ്ക്കാൻ അതു എങ്ങനെ പ്രവൎത്തിയ്ക്കണമെന്നു മനസ്സിലാക്കി അപ്രകാരം നടത്താൻ ശേഷിയുണ്ടായിരിയ്ക്കുകയും ചെയ്താലല്ലാതെ അധ്യാപകധൎമ്മം നിൎവ്വഹിയ്ക്കാനും സാധിയ്ക്കുന്നതല്ല. അതിൽ ആദ്യത്തെ കാൎയ്യത്തിനായ് മനശ്ശാസ്ത്രവും, രണ്ടാമത്തേതിനു നൈയായിക ശാസ്ത്രവും മനസ്സിലാക്കുകയും രണ്ടും അവസരോചിതം പ്രയോഗിച്ചു പ്രവൎത്തനവിദഗ്ദ്ധനാകുകയുംചെയ്യണം. "ആയിരം കണ്ണു പൊട്ടിച്ചാലെ അരവൈദ്യനാവു" എന്ന പഴമൊഴി യോൎക്കുക. പ്രായോഗികസാമൎത്ഥ്യം ശ്രമസാദ്ധ്യമത്രെ. എങ്കിലും യേനകേനപ്രകാരേണ അതു സമ്പാദിച്ചേ മതിയാവു. അതില്ലാത്ത അധ്യാപകൻ സ്വന്തം ആശയസംപുടം തുറന്നു ഏതാനും മാത്രകളെ ശിഷ്യന്നിട്ടുകൊടുക്കുമായിരിയ്ക്കാം; രോഗമറിഞ്ഞു ചികിത്സിക്കാൻ ശേഷിയില്ലാത്തവൻ അടുക്കുചെപ്പു തുറന്നു മാത്രകളെടുത്തു കൊടുക്കുന്നതുപോലെയത്രെ. ആശയങ്ങൾ പെട്ടിയിലിട്ട ഗ്രന്ഥംപോലെ അധ്യേതാവിന്റെ ഉള്ളിൽ മ

റഞ്ഞുപോകും. പക്ഷേ ക്രിമികൾക്കാഹാരമായി എന്നുംവരാം. അപ്രകാരം എത്രതന്നെ കുത്തിച്ചെലുത്തിയാലും ആ ആശയങ്ങൾ അറിവായ് പരിണമിയ്ക്കയില്ല. പരുപ്പുംകൂട്ടി ശിശുവിനെ ഊട്ടിയാൽ എന്തുഫലമുണ്ടാകുമോ അതേ ഫലംതന്നെ ശിക്ഷാമന്ദിരത്തിലും ഉണ്ടാകുന്നതു്. അദ്ധ്യയനം സഫലമാകുന്നതിനു മുഖ്യാവശ്യമായ് കരുതപ്പെട്ടിരുന്നതു് ആചാൎയ്യയോഗ്യതമാത്രമാണു്. ഗുരുശബ്ദത്തിന്റെ അൎത്ഥംതന്നെ അതിനുസാക്ഷി. "ഗുരുർബ്രഹ്മാ, ഗുരുർവിഷ്ണു, ഗുരുർദ്ദേവോമഹേശ്വരഃ"എന്നു കീൎത്തിക്കപ്പെടുന്നതിനു കാരണം സ്വന്തപൌരുഷം ഒന്നുമാത്രംകൊണ്ടു തന്നെ സേവിയ്ക്കുന്നവരെ തന്നെപ്പോലെ രൂപാന്തരപ്പെടുത്തുന്നതിനുള്ള സാമൎത്ഥ്യം മാത്രമാണു്. പരീക്ഷയ്ക്കു വഴങ്ങാത്ത യോഗ്യതകളാണു അദ്ധ്യാപകനു അത്യാവശ്യമായിരിയ്ക്കുന്നതു്.

അദ്ധ്യാപനം. ഇതാണു് ശിക്ഷാകാൎയ്യത്തിൽ ഏററവും പ്രധാനമായ അംശം. നാട്ടിലെയും വീട്ടിലെയും സകല ഭാഗ്യങ്ങളും ഇതിനെയാണു് ആശ്രയിയ്ക്കുന്നതു്. 'പ്രവചനം സന്ധാനം' എന്ന തൈത്തിരീയോപനിഷദ്വാക്യം ഓൎക്കെ. പ്രവചനം, അതായതു്, ബോധനമാണു് ഗുരുശിഷ്യന്മാരെ യോജിപ്പിയ്ക്കുന്നതു്; അന്തേവാസിയെ ആചാൎയ്യതുല്യനാക്കുന്ന രസവാദം. ഏതൊന്നിനേയും ഉദ്ദിഷ്ടരൂപത്തിലാക്കാനാഗ്രഹിയ്ക്കുന്നവൻ ആ വസ്തുവിന്റെ ഗുണങ്ങളും ശക്തികളും നല്ലപോലെ മനസ്സിലാക്കിട്ടുവേണം പ്രവൎത്തിയ്ക്കാൻ. ഉപാദാനകാരണത്തിന്റെ ഗുണങ്ങളും ശക്തികളും ഗ്രഹിയ്ക്കാതെ നിമിത്തകാരണനു് സമവായി കാരണങ്ങളെ ഉപാദാനത്തിന്മേൽ പ്രയോഗിച്ചു് അതിനെ ഉദ്ദിഷ്ടരൂപത്തിലാക്കാൻ സാധിയ്ക്കുന്നതല്ല. ഏതു കലയിലും ഇതുതന്നെ നിയമം. ശിക്ഷയും ഒരു കലയാ

ന്ന് എന്നു നിശ്ചയമാണല്ലോ. ഘടനിൎമ്മാണകലയിൽ മണ്ണ് ഉപാദാനമായ് നില്ക്കുന്നതുപോലെ ശിക്ഷാകലയിൽ ഇന്ദ്രിയസഹിതമായ അന്തഃകരണം ഉപാദാനമായ് നില്ക്കുന്നു. ദണ്ഡചക്രങ്ങൾ അവിടെ സമവായികളാകുന്നതുപോലെ ഭാഷയും വിഷയങ്ങളും ഇവിടേ സമവായികളാകുന്നു. അവിടെ കുലാലനെന്നവണ്ണം ഇവിടെ അധ്യാപകൻ നിമിത്തകാരണമാം. അന്തഃകരണവൃത്തികളെ അറിയുന്നതിന്ന് മനശ്ശാസ്ത്രവും, അന്തഃകരണത്തെ നിശ്ചിതപഥത്തിൽ നയിപ്പിയ്ക്കുന്നതിന്ന് നൈയായികശാസ്ത്രവും, സഹായിയ്ക്കുന്നതിനാലും, ശിക്ഷ ഈ രണ്ടു കാൎയ്യങ്ങളിലും അന്തൎഭവിയ്ക്കുന്നതിനാലും ആകുന്നു ശിക്ഷ മനശ്ശാസ്ത്രത്തേയും നൈയായികശാസ്ത്രത്തേയും ആശ്രയിയ്ക്കുന്നു എന്നു പറയപ്പെടുന്നതു്. ഗുണമറിഞ്ഞു് ആവശ്യമനുസരിച്ചു് പാകപ്പെടുത്തി പ്രയോഗിയ്ക്കയാണെങ്കിൽ, ഓരോവ്യക്തിയും അധ്യാപകമുഖത്തിൽനിന്നും നിൎഗ്ഗമിയ്ക്കുന്ന അമൃതധാരയേ നേരിട്ടു പാനം ചെയ്യുന്നതിനും, സ്വസ്വവാസനയ്ക്കനുരൂപമായ് ആത്മശക്തിയാക്കി തന്നിൽ ലയിപ്പിച്ചുകൊള്ളുന്നതിനും, തന്മൂലം ഓരോ വ്യക്തിയുടേയും ജ്ഞാനബലം വൎദ്ധിയ്ക്കുന്നതിനും, ഇടയാകും. ഒരേ പശുവിൽനിന്നും കറന്നെടുത്ത പാലിനെ ഒരു അണ്ണാൻകുഞ്ഞിനും, ഒരു പട്ടിക്കുട്ടിയ്ക്കും, ഒരു പശുക്കിടാവിനും കൊടുത്തുവന്നാൽ ഓരോന്നിന്റേയും ഉള്ളിൽ കടന്ന പാൽ അതതിന്റെ യന്ത്രവിശേഷംമൂലം പ്രത്യേകം പ്രത്യേകം ഗുണശക്തികളോടുകൂടിയ മജ്ജമാംസാദികളായി പരിണമിയ്ക്കുന്നതുപോലെ, സാമൂഹികബോധനസമ്പ്രദായത്തിൽ അനേകം തരത്തിലുള്ള അധ്യേതാക്കൾക്കും ഒരേ അറിവു് അധ്യാപകൻ കൊടുത്താലും അതു വ്യക്തിഭേദവാസനയ്ക്കനുരൂപമായ് ഉരുമാറി ഓരോരുത്തനിലും പ്രത്യേകം പ്രത്യേകം ഏകീഭവിയ്ക്കുന്നു.

ഘടനയിലും ഗുണത്തിലും ഭേദപ്പെടുന്ന ജ്ഞാനസംഗ്രഹമായ് പരിണമിച്ചാലും വിരോധമില്ല; ദഹനക്കുറവു വരാത്തവിധം പാകപ്പെടുത്തി, മാത്രയെ ക്രമപ്പെടുത്തി, വിളമ്പിക്കൊടുത്താൽ മതി. ഇപ്രകാരം ചെയ്തുവന്നാൽ കാലക്രമം കൊണ്ടു് സതീൎത്ഥ്യന്മാൎക്കെല്ലാം ഏറെക്കുറെ ജ്ഞാനൈകരൂപ്യവും സിദ്ധിയ്ക്കും. "ഒരുക്രൂര മനമാകും ഒരുക്രൂരടമ്പാകും ഒരു ക്രൂരമലമാകും ഉണ്ടേററ അന്നം" എന്നാണു് തത്വരായസ്വാമികൾ ശചിവല്ലുബോധത്തിൽ അരുളിച്ചെയ്തിരിയ്ക്കുന്നതു്. അങ്ങനെ ആഹാരം അനുസരിച്ചു് മനസ്സു ഭേദപ്പെടുമെന്നിരിയ്ക്കെ, മനസ്സിന്നായ് പ്രത്യേകം അദ്ധ്യാപകൻ പാകപ്പെടുത്തിക്കൊടുക്കുന്ന അറിവുനിമിത്തം മനസ്സു ഭേദപ്പെടുമെന്നു പറയുന്നതു് അതിശയോക്തിയാകുന്നതാണോ? നിശ്ചയമായും സതീൎത്ഥ്യൎക്കു ജ്ഞാനൈകരൂപ്യം സിദ്ധിയ്ക്കും. വാസനാഭേദം ബലമായിരുന്നാലും അതു ഗുണഗണത്തിൽ മങ്ങിപ്പോകയേയുള്ളു. ഇത്രയും പറഞ്ഞതു് അദ്ധ്യാപനത്തിന്റെ പ്രാധാന്യത്തേയും ശക്തിയേയും വിശദീകരിയ്ക്കാൻ മാത്രമാണു്. ഇനി അദ്ധ്യാപകന്മാർ അറിഞ്ഞിരിയ്ക്കേണ്ടതായ അന്തഃകരണവൃത്തികളെപ്പററി ചിന്തിയ്ക്കാം.

സ്ഫുരണയന്ത്രം. വൃത്തികൾ നടക്കുന്നതു് യന്ത്രത്തെ ആശ്രയിച്ചാണല്ലോ. സ്ഫുരണങ്ങളെയാണു് നാം അന്തഃകരണവൃത്തികളായ് അറിയുന്നതു്. ആ സ്ഫുരണങ്ങളുടെ ഉത്ഭവസ്ഥാനം മസ്തിഷ്കമാണെന്നും, ഓരോതരം സ്ഫുരണം ഓരോ സ്ഥാനത്തുണ്ടാകുന്നു എന്നും, ഈ സ്ഥാനങ്ങളെയാണു് ഇന്ദ്രിയകേന്ദ്രങ്ങളെന്നു പറയുന്നതെന്നും, അവയെല്ലാം മസ്തിഷ്കത്തിൽതന്നെ സ്ഥിതി ചെയ്യുന്നു എന്നും സമ്മതിയ്ക്കപ്പെടുന്നു. മസ്തിഷ്കം അല്ലെങ്കിൽ തലച്ചോറു്

തലയോട്ടി നടിയിൽ മൂന്നറകൾക്കു കീഴെ ചിത്കം (nerve cells) സിരാചക്രനിർമ്മിതമായിരിയ്ക്കുന്ന ഒരുപിണ്ഡമാണു്. ഇതു് മീതെ ചാമ്പൽനിറമായും ഉള്ളിൽ വെളുത്തും കാണപ്പെടുന്നു എന്നു മാത്രമല്ല അനേകം അടുക്കുകളും മടക്കുകളുമായി ചേർന്നിരിയ്ക്കുകയും ചെയ്യുന്നു. ഇന്ദ്രിയകേന്ദ്രങ്ങൾ അതായതു സ്ഫുരണസ്ഥാനങ്ങൾ ചിത്കനിർമ്മിതങ്ങളാണു്; പരസ്പരം സിരാതന്തുക്കളാൽ സംബന്ധിപ്പിയ്ക്കപ്പെട്ടിരിയ്ക്കുകയുംചെയ്യുന്നു. ഈ തന്തുക്കൾ മസ്തിഷ്കത്തിൽ മാത്രമല്ല ദേഹമാസകലം വ്യാപിയ്ക്കുന്നുണ്ടു്. ഇവ ധർമ്മനിർവ്വഹണഭേദംനിമിത്തം രണ്ടു ജാതികളായി തിരിയുന്നു. ബാഹ്യലോകത്തിലെവിശേഷങ്ങളെ ഇന്ദ്രിയകേന്ദ്രങ്ങളിലെത്തിയ്ക്കുന്ന അന്തർമ്മുഖസിരകളെ വിജ്ഞാപകസിരകൾ അല്ലെങ്കിൽ വിജ്ഞാപിനികൾ എന്നും അന്തരംഗത്തിലെ തീരുമാനങ്ങളെ നിർവ്വഹിയ്ക്കുന്നതിനു് മാംസപേശികൾ വഴിയായ് അവയവങ്ങളെ ചലിപ്പിയ്ക്കുന്ന ബഹിർമ്മുഖസിരകളെ നിർവ്വാഹകസിരകൾ അല്ലെങ്കിൽ നിർവാഹിനികൾ എന്നും പറയാം. ഈ യന്ത്രത്തിൻെറ വൃത്തികളെ വ്യക്തമാക്കുന്നതിനു് ഒരുദാഹരണം എടുത്തു വിവരിയ്ക്കാം. എൻെറ കാലിൽ ഒരു മുള്ളുകൊണ്ടു എന്നിരിയ്ക്കട്ടെ. ഇവിടെ എന്തെല്ലാം സംഭവിയ്ക്കുന്നു എന്നു നോക്കുക. എൻെറ ത്വഗിന്ദ്രിയം ബാധിയ്ക്കപ്പെടുന്നു. ശരീരത്തിൻെറ പരിധി, സിരകളാൽ മൂടപ്പെട്ടതാണെങ്കിലും, ബാധിയ്ക്കപ്പെട്ട ഭാഗത്തിലെ, അന്തർമ്മുഖസിര പ്രേരിപ്പിയ്ക്കപ്പെടുന്നതിനാൽ അതിനുണ്ടാകുന്ന ചലനം ആ സിരവഴി തലച്ചോറിൽ ഒരു സ്ഥാനത്തു സ്ഥിതിചെയ്യുന്ന ത്വഗിന്ദ്രിയകേന്ദ്രത്തിലെത്തുന്നു. ഉടനെ അവിടെ ഒരു സ്ഫുരണം ഉണ്ടാവുകയും ആ സ്ഫുരണം അന്തഃകരണത്തിൽ അനുരൂപമായ അനുഭാവം ജനിപ്പിയ്ക്കുകയും അതിന്മേൽ മനസ്സു വേദനയാകുന്ന ജ്ഞപ്തി

യായ് പ്രതിസ്ഫുരിയ്ക്കുകയും ചെയ്യുന്നു. അപ്പോഴത്രെ മുള്ളു കൊണ്ട വേദന ഞാൻ അറിയുന്നതു്. വാക്കുകൊണ്ടു വിവരിയ്ക്കാൻ ആവശ്യപ്പെട്ടതിൽ എത്രമാത്രം കുറഞ്ഞ സമയമാണു് വാസ്തവത്തിൽ അറിവുണ്ടാകുന്നതിന്നു ആവശ്യപ്പെട്ടതെന്നു നമുക്കു് അനുഭവംകൊണ്ടറിയാമല്ലൊ. വിജ്ഞാപിനികൾ വിദ്യുച്ഛക്തിയേയും ജയിയ്ക്കുന്നവേഗത്തിലാണു് വേല ചെയ്യുന്നതു്. കാലിൽ മുള്ളു കൊണ്ട വേദന നാം അറിയുന്നതും, അന്തരംഗത്തിലെ തീരുമാനം അനുസരിച്ചു മുള്ളെടുത്തുകളയാൻ നമ്മുടെ കൈ പ്രവർത്തിയ്ക്കുന്നതും, ഏക നിമിഷത്തിൽ തന്നെ കഴിയുന്നു. ഇവിടെ വേദനാരൂപമായ അറിവു് ഉണ്ടായ ഉടൻ പ്രതിവിധിയ്ക്കുള്ള അന്തരംഗത്തിലെ തീരുമാനം ബഹിർമ്മുഖസിരകളായ നിർവാഹിനികൾവഴി (കൈകളെ പ്രേരിപ്പിച്ചു) നിർവഹിയ്ക്കപ്പെടുന്നു. നിർവഹിയ്ക്കപ്പെട്ടുകഴിഞ്ഞാൽ ആ പ്രവൃത്തി നടന്നതായി, പ്രവൃത്തിയിൽ പങ്കുകൊണ്ട ശരീരാംശത്തിലെ വിജ്ഞാപിനികൾവഴി മസ്തിഷ്കത്തിൽ മറ്റൊരു സ്ഥാനത്തു് ജ്ഞപ്തിയുണ്ടാകുന്നു.

മുള്ളിൽ ചവിട്ടുന്നതിന്നു മുമ്പായിട്ടു് മുള്ളു് കണ്ണിന്നു വിഷയമായാൽ മുള്ളു കൊള്ളുമെന്നു ഒരു ജ്ഞപ്തി നേത്രത്തോടു സംബന്ധപ്പെട്ട വിജ്ഞാപിനികളുടെ പ്രവൃത്തിമൂലം അന്തരംഗത്തിൽ ഉണ്ടാവുകയും, അപ്പഴത്തെ തീരുമാനം അനുസരിച്ചു് കാലിലേയ്ക്കുള്ള നിർവാഹിനികൾ, പൊക്കിയ കാലിനെ പെട്ടെന്നു മാററിവെപ്പിയ്ക്കുയും ചെയ്യുന്നു. മുള്ളു ചവിട്ടുന്നില്ല. അതും അന്തരംഗം അറിയുന്നു. ഇതിൽനിന്നും ഒരു കാര്യംകൂടി ഓർമ്മിയ്ക്കാനുണ്ടു്. മുള്ളുകൊണ്ട അവസരത്തിൽ കൈകളെ പ്രേരിപ്പിച്ച അന്തരംഗം ഇപ്പോൾ കാലിനെയാണു് പ്രേരിപ്പിച്ചതു്. മനസ്സിന്റെ പ്രവൃത്തി അവസരോചിതവും ആവശ്യാനുസാരവുമായിരിയ്ക്കു

നുവത്രെ. ഇപ്രകാരമുള്ള സ്ഫുരണയന്ത്രപ്രവൎത്തനംകൊണ്ടാണു് ബാഹ്യലോകവുമായ് നാം ബന്ധപ്പെടുന്നതു്.

അന്തഃകരണം, അഥവാ, മനസ്സ്. ഇനി മനസ്സിനെപ്പററി ചിന്തിയ്ക്കാം. മനസ്സിന്നതാണെന്നോ, ജ്ഞപ്തി(Consciousness) എങ്ങനെ സംഭവിയ്ക്കുന്നു എന്നോ, നവീനമനശ്ശാസ്ത്രത്തിൽനിന്നും ഗ്രഹിയ്ക്കാൻനിവൃത്തിയില്ല. [മനശ്ശാസ്ത്രപണ്ഡിതനായ വില്യംജേയിംസ് അദ്ധ്യാപകന്മാൎക്കുവേണ്ടി നടത്തിയ സംഭാഷണമദ്ധ്യേ ഇപ്രകാരം പറയുന്നു:—സിരാചക്ര(nervous machinery) ചലനങ്ങളോടൊത്തുതന്നെ ജ്ഞപ്തിയും സംഭവിയ്ക്കുന്നുവെങ്കിൽ ആശയപ്രവാഹക്രമം സിരാചലനക്രമത്തെ തന്നെ എങ്ങനെ കൃത്യമായ് അനുസരിയ്ക്കാമെന്നു് ഞാൻ വ്യക്തമായ് അറിയുന്നുണ്ടെങ്കിലും, നമ്മുടെ ജ്ഞപ്തി എന്നു പറയപ്പെടുന്ന ഒന്നു് ഒരു സിരാചക്രത്തിനാൽ സംഭൃതമാകാൻ എങ്ങനെ സാധിയ്ക്കുമെന്നു ഞാൻ അറിയുന്നില്ല. പണ്ഡിതനായ വില്യം ഗ്ലോവർ 'സ്വന്തം മനസ്സിനെ അറിയുക' എന്ന ഗ്രന്ഥത്തിൽ ഈ വിഷയത്തെപ്പററി പറഞ്ഞിരിയ്ക്കുന്നതിനേയും ഇവിടെ സംഗ്രഹിയ്ക്കാം. മനസ്സ് എന്നാലെന്തു് എന്ന ചോദ്യത്തിനുത്തരം പറയുന്ന ശ്രമത്തിൽ എത്രയോ ഗ്രന്ഥങ്ങൾ എഴുതിക്കഴിഞ്ഞിട്ടുണ്ടു്.......അതിനെ നമ്മുടെ വിചാരങ്ങളുടേയും വികാരങ്ങളുടേയും സിദ്ധാന്തങ്ങളുടേയും സമവായമാണെന്നു നിൎവചിയ്ക്കാം എന്നു പറയുന്നു. എന്നാൽ അടുത്തൊരു ഘട്ടത്തിൽ.........ഭൗതികസംബന്ധമായ (ജഡ) സ്പന്ദനങ്ങൾ അഭൗതിക(ചിത്) സംബന്ധമായ മനസ്സിന്മേൽ പ്രവൎത്തിയ്ക്കാൻ സാധിയ്ക്കുന്നതെങ്ങനെ എന്നുള്ള ആ ഒരു കാൎയ്യം ഒരു മനുഷ്യനും ഗ്രാഹ്യമല്ല. അതുകൊണ്ടു നാം അതിനെ അവിശ്വസിയ്ക്കുന്നമെ

ന്നില്ല..........ഏതിനും പുറകിലായ് മനുഷ്യബുദ്ധിയ്ക്കു് അനധിഗമ്യമായ ഒരു പരമരഹസ്യം ഉണ്ടു്. ഏതു മനുഷ്യനാണു് ആമറ മാററാൻ സാധിയ്ക്കുന്നതു്? എന്നും പറയുന്നു.] തീവണ്ടിയുടെ ചലനം അശേഷം കൂടിയതാണു് ആവി എന്നു പറയുന്നതുപോലെയല്ലയോ വിചാരങ്ങളുടേയും വികാരങ്ങളുടേയും സിദ്ധാന്തങ്ങളുടേയും സമവായമാണു് മനസ്സ് എന്നു പറയുന്നതും? അതെങ്ങനെയിരുന്നാലും പാശ്ചാത്ത്യാദ്ധ്യാപകലോകത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ജോഹാൻ ഫ്രീഡ്രിക് ഹെർബാർട്ടിന്റെ അഭിപ്രായപ്രകാരം മനസ്സിന്റെ ഘടന ഗുണം ശക്തി എന്നിവയെ അറിയുന്നതു് നമ്മുടെ ആവശ്യങ്ങൾക്കു് മതിയാകുമെന്നാണു് വൈപ്പ്. ജനനാവസരത്തിൽ മനസ്സ് എല്ലാവർക്കും തുല്യമാണു് എന്നും, ക്രമേണ വൈവിദ്ധ്യം വന്നുപോകുന്നതു്, ഇന്ദ്രിയങ്ങൾ, ശരീരം, പരിസരങ്ങൾ എന്നിവയിൽ വന്നുകൂടുന്ന വൈവിദ്ധ്യങ്ങൾ നിമിത്തമാണെന്നും, അദ്ദേഹം പറയുന്നു. മനസ്സുകൾ രസതുല്യമായും ഇന്ദ്രിയങ്ങളും ശരീരങ്ങളും വിവിധങ്ങളായും വന്നുകൂടുന്നതിന്റെ രഹസ്യം വെളിവാകുന്നില്ല. പാശ്ചാത്യപണ്ഡിതന്മാരിൽതന്നെ പലരും മനസ്സിന്റെ ഈ പ്രാരംഭതുല്യതയെ വകവച്ചു കൊടുക്കുന്നുമില്ല. മനസ്സിന്റെ ഘടനയെപ്പററി അവരുടെയിടയിൽ ഭിന്നാഭിപ്രായമില്ലെന്നു തോന്നുന്നു. ഒരു ചട്ടിയ്ക്കകത്തിരിപ്പുള്ള രസത്തിൽ ഒരു തുള്ളിയ്ക്കും രുചിവ്യത്യാസം കാണാത്തതുപോലെ, ഉള്ള ഗുണങ്ങളശേഷം അവയവപ്രത്യേകത കൂടാതെ, എങ്ങും ഒരേമാതിരി കാണത്തക്കവണ്ണം ഉണ്ടായിട്ടുള്ള ഒരു പൂർണ്ണവ്യക്തിയാകുന്നു മനസ്സ്, എന്നാണു് ഹെർബാർട്ടു് പക്ഷക്കാരുടെ അഭിപ്രായം. പ്രവർത്തിയ്ക്കണമെങ്കിൽ പ്രേരണകൂടിയേ കഴിയൂ എന്നുള്ള തമോഗുണലക്ഷണമായ അലസത്വമാണു്, അതിന്റെഗുണമെന്നു് അവർ

പറയുന്നു. പ്രതിസ്സരണശക്തിയും അതിനുണ്ടുപോൽ. പ്രത്യാഘാതം എന്നുപറഞ്ഞുവരുന്ന പ്രതിസ്സരണത്തെ അല്പം വിശദമാക്കാനുണ്ടു്. ഞാൻ ഒരു ചുവരിന്മേൽ ഒരു കൈകൊണ്ടടിച്ചു എന്നിരിക്കട്ടെ. എന്തുസംഭവിക്കും? എന്റെ കൈക്കു ചുവപ്പുനിറവും വേദനയും വന്നുകൂടും. ഞാൻ അടിച്ചാൽ എന്റെകൈക്കാണോ വേദനവരേണ്ടതു്? എത്രഊക്കോടേ ഞാൻ അടിച്ചുവോ അത്രയും ഊക്കോടെ ചുവർ തട്ടുന്നു. അങ്ങോട്ടു് എത്രശക്തിപ്രയോഗിക്കപ്പെട്ടുവോ അത്രയും ഇങ്ങോട്ടും. പ്രവൎത്തനവും പ്രത്യാഘാതവും എപ്പോഴും തുല്യമായും എതിരായും ഇരിക്കും എന്നാണു് ഭൗതികശക്തിവിജ്ഞാനീയനിയമം. ഇതാണു് പ്രത്യാഘാതം എന്നും, മനസ്സിനെ സംബന്ധിച്ചാകുമ്പോൾ പ്രതിസ്സരണം എന്നും, പറയപ്പെടുന്നതു്. ഇപ്രകാരം നിരവയവവ്യക്തിത്വ, നിഷ്ക്രിയത്വം എന്നു ചിലപ്പോൾ പറയപ്പെടുന്ന താമസഗുണം, പ്രതിസ്സരണശക്തി എന്നീ മൂന്നുമാണു്, പാശ്ചാത്യസമ്മതം ലഭിച്ച, മനസ്സിന്റെ പ്രാഥമികലക്ഷണങ്ങൾ.

പൗരസ്ത്യഗുരുക്കന്മാരുടെ അഭിപ്രായത്തിൽ മനസ്സ് ജഡമാണു്. വ്യഷ്ടിഭാവത്തിൽ പഞ്ചേന്ദ്രിയങ്ങളായി പരിണമിച്ചിരിക്കുന്ന സൂക്ഷ്മപഞ്ചഭൂതങ്ങൾതന്നെ സമഷ്ടിഭാവത്തിൽ അന്തഃകരണമായി ഭവിച്ചതും. ഭൂതങ്ങളുടെ സ്ഥൂലസൂക്ഷ്മഭേദങ്ങളെ വിസ്മരിക്കരുതെ. പ്രത്യേകം പ്രത്യേകം ഓരോ ഇന്ദ്രിയമായിത്തീൎന്ന അഞ്ചുഭൂതങ്ങളും ഒന്നുചേൎന്നു് മനസ്സായിരിക്കുന്നതുകൊണ്ടാണു് അഞ്ചു് ഇന്ദ്രിയങ്ങളുടേയും വിഷയങ്ങളെ ഗ്രഹിക്കാൻ അതിനു ശക്തിലഭിച്ചിട്ടുള്ളതു്. ഇപ്രകാരമാണു് അന്തഃകരണത്തിന്റെ ഘടനം. അതിന്റെ ഗുണങ്ങൾ സത്വം രജസ് തമസ് എന്നു മൂന്നാകുന്നു; ഒന്നു പ്രബലപ്പെടുമ്പോൾ മററു രണ്ടും മങ്ങി

നില്ക്കും. തമോഗുണം മൂഢീയവും മൂഢവുമായ വഴിയ്ക്കേ സഞ്ചരിയ്ക്കൂ. രജോഗുണം പ്രവൃത്തിയിലും ഭോഗഭക്തിയിലും പക്ഷപാതിത്വം കാണിയ്ക്കും. സത്വഗുണം ഗംഭീരവും ശാന്തവുമായ അവസ്ഥയെ കാംക്ഷിയ്ക്കും, എന്ന് പൂർവികന്മാർ പറയുന്നു. മനസ്സിന്ന് ഇച്ഛാജ്ഞാനക്രിയാശക്തികൾ കാണപ്പെടുന്നു. ആദ്യത്തേത് വികാരപരമായും രണ്ടാമത്തേതു വിവേകപരമായും, മൂന്നാമത്തേത് സിദ്ധാന്തപരമായും നില്ക്കും. ഈ ശക്തികൾ മനസ്സിന്ന് സ്വന്തമല്ല. ആത്മാവിന്റെ സാന്നിദ്ധ്യവിശേഷംമൂലം സിദ്ധിച്ചവയത്രേ. "ദ്രഷ്ടൃദൃശ്യോപരക്തം ചിത്തം സർവ്വാർത്ഥം" എന്ന് പതഞ്ജലിമഹർഷി കല്പിയ്ക്കുന്നു. ഒരുവശത്ത് ആത്മാവും മറുവശത്ത് ബാഹ്യപ്രപഞ്ചവും പ്രതിഫലിയ്ക്കുകനിമിത്തമാണ് മനസ്സിന്ന് എല്ലാം അറിയുന്ന ശക്തിയുള്ളതായി കാണുന്നത്. "തന്നസ്വാഭാസംദൃശ്യത്വാത്" (അത്-മനസ്സ് സ്വയംപ്രകാശമല്ല, കാണപ്പെടുന്നതാകയാൽ) എന്ന് പതഞ്ജലിസൂത്രം.

ജ്ഞാനോദയം—അറിവ് എന്ന് നാം സാധാരണ വ്യവഹരിയ്ക്കാറുള്ളത് ബാഹ്യപ്രപഞ്ചത്തെസംബന്ധിച്ചാണല്ലോ. "ഇയലറിവതിശൈയറിവതിനമറിവതുളതാം അയലറിവതറിവതല അറിവറിവതറിവേ" (ശചിവണ്ണബോധം) എന്നമട്ടിൽ അറിവിനെഅറിയുന്നതുതന്നെ അറിവ് എന്ന് സാധാരണ വ്യവഹരിയ്ക്കപ്പെടുന്നില്ല. അതിനാൽ ബാഹ്യപ്രപഞ്ചത്തെപ്പററിയുള്ള അറിവ് എങ്ങനെസിദ്ധിയ്ക്കുന്നു എന്നു നോക്കാം. ആ അറിവ്, മനസ്സിൽ ഭവിയ്ക്കുന്നപ്രതിഫലനരൂപമായിരിയ്ക്കുന്നുഎന്നുള്ളത് നിർവിവാദമാണ്. പ്രപഞ്ചാംശം നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയമാകുമ്പോൾ, ശരീരത്തിന്റെ പരിധിയിൽനിന്നും

തലച്ചോറിൽ സ്ഥിതിചെയ്യുന്ന അതാതു ഇന്ദ്രിയകേന്ദ്രത്തേ യ്ക്കു് പ്രചോദനം ചെല്ലുന്നു. അങ്ങനെ ചെല്ലുന്നതു് ശരീരമെങ്ങും കാണപ്പെടുന്ന അന്തർമ്മുഖികളായ വിജ്ഞാപിനികൾവഴിയാണു്. ഇന്ദ്രിയകേന്ദ്രത്തിൽ ഉത്ഭവിപ്പിയ്ക്കപ്പെടുന്ന സ്ഫുരണങ്ങളിന്മേൽ അന്തഃകരണം ജ്ഞപ്തിരൂപത്തിൽ പ്രതിസ്ഫുരിയ്ക്കുയും പ്രസ്തുതവിഷയത്തേപ്പററിയുള്ള ജ്ഞാനം ഉദയമാകയും ചെയ്യുന്നു. ഇപ്രകാരമാണു് ജ്ഞാനോദയം ഉണ്ടാകുന്നതു്.

ഈക്ഷണം (Sensation) ജ്ഞാനോദയത്തെപ്പററി അല്പംകൂടിവിവരിയ്ക്കാം. ചെറുനാരങ്ങയെപ്പററിയാതൊരറിവും ഇല്ലാത്ത ഒരാൾ ചെറുനാരങ്ങ എന്നശബ്ദം ഉച്ചരിച്ചുകേൾക്കുന്നു എന്നിരിയ്ക്കട്ടെ. അയാൾക്കു് ആ ശബ്ദശ്രവണമല്ലാതെ മറെറാന്നും അനുഭവമാകുന്നില്ല. അതുതന്നെ എങ്ങനെ അനുഭവപ്പെടുന്നു? ശബ്ദോച്ചാരണം നിമിത്തം ആകാശത്തിൽ സംഭവിയ്ക്കുന്ന ചലനം, അയാളുടെ ശ്രവണപുടത്തുകൂടി, ചെവിക്കല്ലിനെ (drum of the ear) പ്രാപിച്ചു് അവിടെ ഒരുമാതിരി സ്പന്ദനം ഉളവാക്കുന്നു. ഇതു് കേവലം ഭൗതികവ്യാപാരമാണു്. ഇതിനുമേലേ ഇന്ദ്രിയവും തദ്വാരാ മനസ്സും ബാധിയ്ക്കപ്പെടുകയുള്ളൂ. ചെവിക്കല്ലിലുളവായ സ്പന്ദനം, അവിടെനിന്നും ഗതിചെയ്യുന്ന ശ്രവണവിജ്ഞാപിനിവഴി, മസ്തിഷ്കത്തിൽ പ്രതിഷ്ഠിയ്ക്കപ്പെട്ടിട്ടുള്ള ശ്രവണകേന്ദ്രത്തെ പ്രാപിച്ചു് ഒരു സ്ഫുരണം ജനിപ്പിയ്ക്കുന്നു. സിരകൾ ചിത്കനിർമ്മിതങ്ങളാകയാൽ അവ അനുക്രമമായി പ്രേരിപ്പിയ്ക്കപ്പെട്ടിട്ടാണു് സ്പന്ദനം ഇന്ദ്രിയകേന്ദ്രത്തേ പ്രാപിച്ചതു്. ഇത്രയും ദൈഹികവ്യാപാരമാകുന്നു. മനസ്സിനെ സ്പർശിച്ചില്ലല്ലോ. ചിത്കസംഗ്രഹനിർമ്മിതമായ ശ്രവണകേന്ദ്രത്തിലെ സ്ഫുരണം, മനസ്സിൽ അ

നുരൂപമായ അനുഭാവത്തെ ജനിപ്പിയ്ക്കുകയും, ആ അനുഭാവ (impression)ത്തിന്മേൽ മനസ്സ് പ്രസ്തുതശബ്ദജ്ഞപ്തിയായി പ്രതിസ്ഫുരിയ്ക്കുകയും ചെയ്യുമ്പോൾ. ജ്ഞപ്തിയുടെ ഉത്ഭവം എങ്ങനെയെന്ന് പാശ്ചാത്യർ പറയുന്നില്ലെന്ന് ആദ്യമേതന്നെ കാണിച്ചിട്ടുണ്ടല്ലോ. ഇപ്രകാരം മാനസികവ്യാപാരം ശബ്ദജ്ഞാനമായി പരിണമിച്ചു. ഈ കേവലജ്ഞാനത്തെ 'ഈക്ഷ' എന്നും വ്യാപാരത്തെ ഈക്ഷണം എന്നും നാമകരണം ചെയ്യാം. ഇപ്പോൾ വിവരിയ്ക്കപ്പെട്ടതു് ശബ്ദത്തെസംബന്ധിച്ചതാകകൊണ്ട് അതിനെ ശബ്ദേക്ഷാ എന്നു വിവേചിയ്ക്കാം. ഈക്ഷണത്തേയും 'ശബ്ദേക്ഷണം' എന്നു തിരിയ്ക്കാം. ചെറുനാരങ്ങാ ആ ആളിന് കേവലം ശബ്ദമയമായി നില്ക്കുന്നതേയുള്ളു. വസ്തുബോധം ഉണ്ടായില്ലല്ലോ.

ഉടനേ ഒരു പഴുത്ത മുഴുത്ത ചെറുനാരങ്ങ ലക്ഷീഭവിയ്ക്കുന്നു എന്നു വിചാരിയ്ക്കുക. ഇവിടെ നാരങ്ങയിൽ തട്ടി പ്രതിഫലിയ്ക്കുന്നജ്യോതിഷ്കിരണങ്ങൾ കണ്മണിയിൽക്കൂടി പിൻവശത്തുള്ള നയനസിരാഗ്രക്ഷേത്രത്തെ (Retina) പ്രാപിയ്ക്കുന്നു. ഇതു ഭൗതികവ്യാപാരമാണ്. അവിടെയുളവാകുന്ന സ്പന്ദനം നയനസിരകൾവഴി തലച്ചോറിൽ മറെറാരിടത്തു് സ്ഥിതിചെയ്യുന്ന നയനേന്ദ്രിയകേന്ദ്രത്തെ പ്രാപിച്ച് അവിടെ ഒരു സ്ഫുരണം ജനിപ്പിയ്ക്കുന്നു. ഇതു് ദൈഹികവ്യാപാരമാണ്. ചിത്കനിർമ്മിതമായ നയനേന്ദ്രിയകേന്ദ്രത്തിലെ സ്ഫുരണം, മനസ്സിൽ അനുരൂപമായ അനുഭാവത്തെ ജനിപ്പിയ്ക്കുകയും, അതിന്മേൽ മനസ്സ് പീതവർണ്ണഗോളാകാരജ്ഞപ്തികളായി പ്രതിസ്ഫുരിയ്ക്കുകയും ചെയ്യുന്നു. ആ ആളിന് കേവലം ശബ്ദമയമായിരുന്ന ചെറുനാരങ്ങ, പീതവർണ്ണവും ഗോളാകൃതിയും ഉള്ള ഒരു സാധനമായി ഇപ്പോൾ പരിണമിയ്ക്കുന്നു.

ചെറുനാരങ്ങയെ കൈയ്യിലെടുത്തുനോക്കട്ടെ. നാരങ്ങയുമായി സംബന്ധപ്പെട്ട ശരീരാംശത്തിൽനിന്നും ഒരു പ്രചോദനം ഉള്ളിലോട്ടുപോകുന്നവിജ്ഞാപിനികൾവഴി, തലച്ചോറിൽ വേറെയൊരിടത്തു സ്ഥിതിചെയ്യുന്ന ത്വഗിന്ദ്രിയകേന്ദ്രത്തിലെത്തി, അവിടെനിന്നും മനസ്സിൽ അനുഭാവംജനിപ്പിയ്ക്കുകനിമിത്തം മനസ്സ് മാർദ്ദവാഭാരജ്ഞപ്തികളായി പ്രതിസ്ഫുരിയ്ക്കുമ്പോൾ, ചെറുനാരങ്ങ മൃദുലപരിധിയും അല്പം ഘനവുംകൂടിയുള്ള ഒരു വസ്തുവായിത്തീരുന്നു. മണപ്പിച്ചുനോക്കുമ്പോൾ ഘ്രാണസിരകൾവഴി മസ്തിഷ്കത്തിൽ മറെറാരു സ്ഥലത്തുള്ള ഘ്രാണേന്ദ്രിയകേന്ദ്രത്തെ പ്രാപിച്ച് ഒരുതരം സ്ഫുരണമായിട്ട് മനസ്സിൽ അനുഭാവം ഉളവാക്കുകയും അതിന്മേൽ മനസ്സ് പ്രസ്തുതഗന്ധജ്ഞപ്തിയായി പ്രതിസ്ഫുരിയ്ക്കുകയും ചെയ്യുന്നതിനാൽ നാരങ്ങയെപ്പററിനുള്ള അറിവിന് ഒരു അംശം കൂടുതലാകുന്നു. ഇതുപോലെതന്നെ രസനേന്ദ്രിയമാർഗ്ഗേണ അതിൻെറ അമ്ലരസവും അറിയാറാകുന്നു.

ബാഹ്യപ്രപഞ്ചത്തിൽനിന്നു വരുന്ന പ്രേരണകൾ മൂലം ഉണ്ടാകുന്ന വിവിധജ്ഞപ്തികൾ അന്തരംഗത്തിൽ സ്ഥിതിചെയ്യുന്നു എന്നാണു പാശ്ചാത്യമതം. പൌരസ്ത്യാഭിപ്രായം അല്പം വ്യത്യാസപ്പെട്ടുകാണുന്നു. കൈവല്യനവനീതം എന്ന ഗ്രന്ഥത്തിൽനിന്നും ഒരു ശ്ലോകം ഉദ്ധരിച്ച് അതിനെ വിശദമാക്കാൻ നോക്കാം.

"ഉരുക്കിയതരാനീർനാനാഉരുവങ്കളാനാല്പോല
* വിരുത്തിയെകടപടാതിവിടയമായ് പരിണമിയ്ക്കും
അരുപ്പലവിടയമെല്ലാം ആപാശാൻതോററുവിയ്ക്കും
ഇരുട്ടിനിൽവിളക്കും കണ്ണും ഇല്ലാമൽ പൊരുൾകാണാതേ"

[മൂശയിൽ ഉരുകിനില്ക്കുന്ന ലോഹദ്രവം കെട്ടിയ (ഉണ്ടാക്കിയ)കരുക്കളനുസരിച്ച് പല രൂപങ്ങളിലായിത്തീരുന്നതുപോലെ, നമ്മുടെഉള്ളിലിരിയ്ക്കുന്നചൈതന്യം, ജഡത്തോടു സംബന്ധപ്പെട്ടു് ഘടപടാകൃതികളായി വികാരപ്പെടുന്നു. പ്രതിഫലനരൂപങ്ങളായി നില്ക്കുന്ന വിഷയങ്ങളെ ചിദാഭാസൻ (അന്തഃകരണപ്രതിബിംബിതചൈതന്യം, അഥവാ, ഇന്ദ്രിയങ്ങളോടും അന്തഃകരണങ്ങളോടും ചേർന്നുനില്ക്കുന്ന ആത്മാവു്) പ്രകാശിപ്പിയ്ക്കും. ഇവിടെ ചിദാഭാസനായി നില്ക്കുന്നചൈതന്യത്തെ കണ്ണും, പ്രതിഫലനത്തെ വിളക്കുമായി ഗ്രഹിയ്ക്കണമെന്നു സൂചിപ്പിയ്ക്കാനാണു ഇരുട്ടിൽ വിളക്കും കണ്ണും ഇല്ലാതെ യാതൊരു വസ്തുവും ദൃശ്യമാകുന്നതല്ലല്ലോ എന്നു് ഒരുപമ പ്രയോഗിച്ചിരിയ്ക്കുന്നതു്.] ചൈതന്യംതന്നെ ബാഹ്യപ്രപഞ്ചത്തിൽ വ്യാപിച്ചു് പ്രത്യേകരൂപങ്ങളായി പ്രതിഫലിച്ചു് ഇന്ദ്രിയങ്ങളും അന്തഃകരണവും വഴി അവയെ അറിയുന്നു എന്നു പറയുന്ന പൌരസ്ത്യാഭിപ്രായത്തിനു് ഒരു വിശേഷമുണ്ടു്. പ്രകൃതിയുടെ നിയമം ഒരു വൃത്തിയും പൂർത്തിയാകാതിരിയ്ക്കരുതെന്നാകുന്നു. അപൂർണ്ണവൃത്തത്തെ നിയതി പുച്ഛിയ്ക്കുന്നു എന്നാണു് പാശ്ചാത്യമതവും. ആ നിയമം അനുസരിച്ചു് എല്ലാചിത്തവൃത്തികളും ആത്മാവിൽനിന്നും ആരംഭിച്ചു് ആത്മാവിൽത്തന്നെ അവസാനിയ്ക്കുന്നു എന്നു് പൌരസ്ത്യർ പറയുന്നതാണു്, വെളിയിൽനിന്നും തുടങ്ങി വൃത്തികൾ അന്തഃകരണത്തിൽ അവസാനിയ്ക്കുന്നു എന്നു് പാശ്ചാത്യർ പറയുന്നതിനേക്കാൾ, സ്വീകാര്യതരമായിരിയ്ക്കുന്നതു്. ഇക്കാര്യം

പ്രതിഫലനകാര്യത്തെ ആശ്രയിച്ചു് മുഖം ബിംബമെന്നു് വ്യവഹരിയ്ക്കപ്പെടുന്നതുപോലെ ചൈതന്യം വൃത്തിഎന്നു് വ്യവഹരിക്കപ്പെടുന്നതല്ലാതെ ചൈതന്യത്തിനന്യമായ് വൃത്തിയില്ല എന്നു ഈശ്ശൂർ സച്ചിദാനന്ദസ്വാമി കല്പിയ്ക്കുന്നു.

അധ്യാപകന്മാർതന്നെ ആലോചിച്ചു തീർച്ചപ്പെടുത്തിക്കൊള്ളേണ്ടതാണ്.

പ്രേക്ഷണം. (Perception)—ബാഹ്യപ്രപഞ്ചവുമായി നമുക്കുള്ള ബന്ധം ഇന്ദ്രിയംമുഖേന ഉണ്ടാകുന്നു. അതിനെപ്പററി നമുക്കുള്ള ജ്ഞാനം ഇന്ദ്രിയങ്ങൾ തരുന്ന ജ്ഞാനമത്രെ. ഈക്ഷാരൂപത്തിലല്ലാതെ നമുക്ക് അറിവു സിദ്ധിയ്ക്കുന്നില്ലല്ലോ. ഈക്ഷണത്തിൽ മനസ്സ് ഉദാസീനമായിരിയ്ക്കുന്നതേയുള്ളു; എങ്കിലും അതിന്റെ സ്പർശം ഇല്ലാതില്ല എന്ന് മക്ഡ്യൂഗൽ പറയുന്നു. ഇന്ദ്രിയപ്രവർത്തനത്തിന്റെ ഫലങ്ങളായ ഈക്ഷകൾതന്നെ ജ്ഞാനഗോപുരത്തിന് ഇഷ്ടികകളായി നില്ക്കുന്നു എന്നും നിശ്ചയമാണ്. അതുകൊണ്ട് ഇന്ദ്രിയവികസനത്തിന്റെ ആവശ്യവും പ്രാധാന്യവും സ്പഷ്ടമാകുന്നു. നമുക്ക്—ജീവിതാനുഭവം സിദ്ധിച്ചവർക്ക്—കേവലേക്ഷ, അതായത്, ഒററയൊററ ഈക്ഷ കിട്ടുന്നതല്ല. ശിശുക്കൾക്കു കിട്ടുന്നതായി വിശ്വസിയ്ക്കാം എന്ന് പണ്ഡിതന്മാർ പറയുന്നു. ഈക്ഷകളെ ഉദാഹരിയ്ക്കാനായി നാം മുമ്പിൽ എടുത്ത ഉദാഹരണത്തിൽ, ആ ആളിന്, ചെറുനാരങ്ങയെപ്പററി ആദ്യം കേവലേക്ഷയല്ലേ സംഭവിച്ചത്. ഇനി ആ ആളിന് അതു സാദ്ധ്യമല്ലതന്നെ. 'ചെറുനാരങ്ങ' എന്നു കേൾക്കുമ്പോൾ മററിന്ദ്രിയങ്ങൾക്കു വിഷയമായ ഗുണങ്ങൾ അഹമഹമികയാ ഓർമ്മയിൽ വന്നുകേറുന്നു. എന്നാലും ഒരീക്ഷയെ പ്രത്യേകിച്ചുവരുത്താൻ ആയാൾക്കു സാധിയ്ക്കുമോ? തിക്കിത്തിരക്കിവന്നു കേറുന്ന പീതവർണ്ണം, ഗോളാകൃതി, മൃദുലപരിധി, അല്പഘനം, പ്രത്യേകമണം, അമ്ലരസം മുതലായ ഈക്ഷകളെ കണ്ണിനുമുമ്പിൽ ഇരിക്കുന്ന ഒരു സാധനത്തിൽ—നാരങ്ങയിൽ—അ[illegible]സം

യോജിപ്പിക്കുകയാണെങ്കിൽ ആ പ്രവൃത്തിയെ പ്രേക്ഷണം എന്നുപറയാം. പല ഗുണങ്ങളേയുംചേർത്ത്, ഈക്ഷിക്കുകയാണിവിടെ ഉണ്ടായത്. ആ സാധനം—നാരങ്ങ—എല്ലാ ഇന്ദ്രിയങ്ങൾക്കും വിഷയമായി. നാരങ്ങയെപ്പററിയുണ്ടായ ഈ മിശ്രധാരണ പ്രേക്ഷ (percept)യായിമനസ്സിൽഉറയ്ക്കുന്നു. പ്രേക്ഷ എന്നപദത്തിനു ബുദ്ധി എന്നു നിഘണ്ടുവിൽ അർത്ഥം കാണുന്നുവെങ്കിലും, ആ പദത്തെ ഇവിടെ പ്രയോഗിക്കുന്നത്, ഇന്ദ്രിയഗോചരമായിരിക്കുന്നവല്ലവസ്തുവിനോടും സംബന്ധപ്പെട്ട ഈക്ഷകളുടെ സമവായം എന്നഅർത്ഥത്തിലാകുന്നു. ഈ സമവായ സംബന്ധം, മിശ്രധാരണ, അഥവാപ്രേക്ഷ, ആവർത്തനംമൂലം മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടുന്നു. എന്നാൽ ആവർത്തനത്തിൽ ആദ്യത്തെ തവണയ്ക്കു വേണ്ടിവന്നതുപോലെ ഓരോ ഇന്ദ്രിയത്തിനും സാധനത്തെ വിഷയമാക്കി, കേവലേക്ഷകളെ സംഭരിക്കുവാൻ സാധിക്കയുമില്ല, ആവശ്യവുമില്ല. പ്രേക്ഷാംശങ്ങൾ തമ്മിലുള്ള സംബന്ധം അത്ര അടുപ്പമുള്ളതാകയാൽ, സാഹചര്യബലംനിമിത്തം,ഇന്ദ്രിയഗോചരമാകുന്ന ഏതെങ്കിലും ഒരു ഈക്ഷ, ബലിഭുക്കുകളെപ്പോലെ സംബന്ധികളെ അശേഷം ക്ഷണിച്ചുവരുത്തുകയും, ഉദ്ധൃതേക്ഷകളെല്ലാം (ഇന്ദ്രിയഗോചരമായില്ലെങ്കിലും ധാരണയിൽനിന്നും ഉദ്ധരിക്കപ്പെട്ട ഈക്ഷകൾ) സാക്ഷാൽ സംഭവിച്ചാലെന്നവണ്ണം പ്രേക്ഷണം തദാകാരമായിത്തന്നെ ഭവിക്കയുംചെയ്യുന്നു. ചിലപ്പോൾ നാക്കിൽ കൊതിവെള്ളംഊറിഎന്നുംവരാം. സമവായ സംബന്ധം ബലമായിരിക്കുമ്പോഴെല്ലാം ആവർത്തനപ്രേക്ഷണത്തിൽ ഒന്നോ മററോ ഈക്ഷമാത്രം ഇന്ദ്രിയത്തിനു ഗോചരമായാൽ ഉദ്ധൃതേക്ഷകൾ പൂർത്തിയാക്കിക്കൊള്ളും. യക്ഷികളുടെ സഞ്ചാരവും ഭയങ്കരകൃത്യങ്ങളും പറഞ്ഞുകേട്ടറിവുള്ളവർ

ഏകാകിയായോ മറേറാ ഇരുട്ടിൽ സഞ്ചരിക്കേണ്ടി വന്നാൽ, ഒരു കരിയിലയനക്കമോ, നിഴലാട്ടമോ മതിയാകും, യക്ഷിയെ പ്രത്യക്ഷീഭവിപ്പിക്കാൻ. ചിലപ്പോൾ നാം വായിക്കുന്ന പുസ്തകത്തിൽ അക്ഷരപ്പിഴകൾ ഉണ്ടായിരുന്നാലും അങ്ങനെ ഇല്ലാത്തതുപോലെ തന്നെ നാം വായിച്ചുപോകയും, വിഷയം ഗ്രഹിച്ചുകൊള്ളുകയും ചെയ്യുന്നല്ലോ. അതെങ്ങനെ സംഭവിക്കുന്നു? ഇതെല്ലാം പ്രേക്ഷാബലമത്രേ. അവസരോചിതം വന്നുകേറിക്കൊള്ളുന്ന ഉദ്ധൃതേക്ഷകൾ പ്രേക്ഷണങ്ങൾക്ക ന്യൂനത പററാതെ സൂക്ഷിക്കുയാണു്. ഈ സന്ദർഭത്തിൽ അധ്യാപകസഹോദരങ്ങൾ ഒന്നുരണ്ടുകാര്യങ്ങൾ ഓർമ്മിക്കേണ്ടതുണ്ടു്. പ്രേക്ഷണം ശൈശവദശക്കപ്പുറം രണ്ടുസംഗതികളെ ആശ്രയിക്കുന്നു:—ഇന്ദ്രിയേക്ഷണം (തൽക്കാലേക്ഷണം) ഒന്നു്, ഉദ്ധൃതേക്ഷണം (അന്തരംഗത്തിൽനിന്നു അവസരോചിതം പൊങ്ങിവരുന്ന പൂർവേക്ഷണം)മറെറാന്നു്. ഇവരണ്ടും തൃപ്തികരമാംവണ്ണം സാധിക്കുന്നില്ലെങ്കിൽ, അതായതു്, ഇന്ദ്രിയേക്ഷണം സൂക്ഷ്മവും സുബദ്ധവും വ്യക്തവുമായിരിക്കാതെയോ, പൂർവേക്ഷണങ്ങൾസൂക്ഷ്മമായും സുബദ്ധമായും വ്യക്തമായും ഓർമ്മിക്കപ്പെടാതെയോ പോയാൽ, ഇവയെ ആശ്രയിച്ചുവരുന്ന പ്രേക്ഷണങ്ങൾ അബദ്ധങ്ങളായിരിക്കുമെന്നു പറയേണ്ടതുണ്ടോ? വെള്ളാവണക്കിൻകായെ ചെറുനാരങ്ങയെന്നു പ്രേക്ഷിച്ചുപോകയില്ലേ? അതിനാൽ സൂക്ഷ്മമായ അവലോകനവും വിശ്വാസ്യമായ ധാരണയും ജ്ഞാനാഭിവൃദ്ധിക്കു് അനപേക്ഷ്യങ്ങളായ ആലംബങ്ങളാണെന്നു് നാം നഃദാകാക്കണം.

ജ്ഞാപ്തിക്ഷേത്രം (Field of consciousness)—നമ്മുടെ ജ്ഞപ്തിയെ നാം പരിശോധിക്കുയാ

ണെങ്കിൽ, അവിടെ എന്തെല്ലാം കാണും. എന്റെ ജ്ഞപ്തിയിൽ, ഞാൻ ഇരിയ്ക്കുന്ന മുറിയുടെ ചുററും ഉള്ള സാമാനങ്ങളുടെയും ഞാൻ എഴുതുന്ന കടലാസ്സ്, പേനാ, മഷിയുടേയും ഈക്ഷകളും പ്രതിപാദ്യവിഷയത്തെ സംബന്ധിച്ച പലസംഗതികളും ഇപ്പോൾ ഉണ്ട്. ഇതുപോലെ ഏതവസരത്തിൽ നോക്കിയാലും അനേകം സംഗതികളൊന്നിച്ചു കലൎന്നുകാണും. പല ഈക്ഷകളുടേയും പ്രേക്ഷകളുടേയും മററും പ്രവൎത്തനരംഗമായി കാണുന്നതിനെയാണ് ജ്ഞപ്തിക്ഷേത്രമെന്ന് ഇവിടെപറയുന്നത്. ചെറുനാരങ്ങ എന്നുകേൾക്കുമ്പോൾ, ഉടൻമുൻപ് ആ ക്ഷേത്രത്തിൽ തിക്കിത്തിരക്കിനിന്ന പലആശയങ്ങളും, ചെറുനാരങ്ങയെക്കാൾ തൽക്കാലപ്രാധാന്യം കുറഞ്ഞവസ്തുക്കളെപ്പററിയായിരുന്നാൽ, വഴിമാറിക്കൊടുക്കുന്നു. ചെറുനാരങ്ങയെപ്പററിയുള്ള ആശയം ആ ക്ഷേത്രത്തിൽ കേന്ദ്രസ്ഥാനമായ സ്തൂപികയെ പ്രാപിയ്ക്കുന്നു. ഏതീക്ഷമൂലമാണോ ചെറുനാരങ്ങാപ്രേക്ഷ തൽക്കാലമുണ്ടായത്, ആ ഈക്ഷ സ്തൂപികാഗ്രത്തിലും, സംബന്ധികൾ അതിനുചുററും, നിരന്നുകാണും. ചാച്ചിയുടെ ശക്തികുറയുന്നതുകുറയുന്നത് അകന്ന് അകന്ന് പരിധിവരെ വ്യാപിയ്ക്കും. എങ്കിലും ഓരോന്നും തനിയ്ക്കോ സഹായിടനാ കേന്ദ്രപ്രാപ്തിയ്ക്കുള്ള സന്ദർഭം പ്രതീക്ഷിച്ചുതന്നെ വസിയ്ക്കും. മറേറതെങ്കിലും ഒരാശയം സന്ദർഭബലാൽ സ്തൂപികയെപ്രാപിയ്ക്കയാണെങ്കിൽ, അവിടെയുള്ള പൂർവസ്ഥാനിയും സംബന്ധികളും മാറേണ്ടിവരും. നൂതനസ്ഥാനിയും സാംബന്ധികളും അവിടെ സ്ഥലംപിടിയ്ക്കും. ഇപ്രകാരം ജ്ഞപ്തിക്ഷേത്രത്തിന്റെ മിശ്രഘടനയോടുകൂടി ഒരു കേന്ദ്രവും പരിധിയും വിവേചിയ്ക്കപ്പെടാവുന്നമട്ടിൽ ആശയക്രമതയും കാണുമെന്ന് ഇപ്പോൾ മനസ്സിലാക്കാമല്ലോ. ഈ ആശയങ്ങളിൽ ഒന്നിനും സ്ഥാനംസ്ഥിരമല്ല.

ഞാനിതു് എഴുതിക്കൊണ്ടിരിയ്ക്കുമ്പോൾ അഞ്ചലാപ്പീസിൽനിന്നും ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരുന്ന വി. പി. പാക്കെററു വന്നുചേരുകയും, പാക്കെററിനകത്തുള്ള പുസ്തകങ്ങളെ സംബന്ധിച്ച ആശയങ്ങൾ, ഉടൻ മുമ്പു് ജ്ഞപ്തികേന്ദ്രസ്ഥമായിരുന്ന ആശയത്തെ തട്ടിത്തള്ളീട്ടു് പ്രാമാണ്യം ലഭിയ്ക്കുയും ചെയ്യു. ഇപ്രകാരം തൽക്കാലപ്രാധാന്യബലം അനുസരിച്ചു് ആശയങ്ങൾ സ്ഥാനംമാറുന്നുണ്ടു്. തന്നിമിത്തം പരിസരസ്ഥങ്ങളശേഷം നൂതനവ്യൂഹങ്ങളായി പരിണമിയ്ക്കുയും ചെയ്യു. ഏതായാലും ഒരാശയവും അധികംനേരത്തേയ്ക്കു് സ്തൂപികാവാസം ആഗ്രഹിയ്ക്കാൻ മാർഗ്ഗമില്ല. വാഴ്ചയെല്ലാം ക്ഷണപ്രഭാചഞ്ചലമാണു് എന്നുകാണാം. പിന്നെ വിജ്ഞന്മാർ ഒരേവിഷയത്തെപ്പററി വളരെനേരം ആലോചിയ്ക്കുന്നതോ? ഒരു പ്രേക്ഷയിലെ അംശങ്ങൾ മാറിമാറി സ്തൂപികാഗ്രത്തിൽ വരുകയാണു്. സാഹചര്യബലത്താലോ സാദൃശ്യബലത്താലോ മററുള്ള ആശയങ്ങൾക്കു് അടുപ്പംഉണ്ടാകുന്നതുകൊണ്ടു് ആ പ്രേക്ഷതന്നെ വളരെനേരം ചിത്തവൃത്തിയ്ക്കുവിഷയമായ് നില്ക്കുന്നു എന്നേഉള്ളു. ഇതിൽനിന്നും ഓർമ്മയെ സഹായിയ്ക്കുന്നതിനുള്ള ഒരു സൂചനകിട്ടുന്നു. സാഹചര്യസാദൃശ്യബന്ധങ്ങൾമൂലം ഈക്ഷകൾ പരസ്പരം ആകർഷിയ്ക്കുന്നുഎന്നും, മററുള്ളവയെ ധിക്കരിയ്ക്കുന്നുഎന്നും നാം കണ്ടുവല്ലോ. അതുകൊണ്ടു് ആശയങ്ങളെ പലതരത്തിൽ ഓതപ്രോതന്യായേനഘടിപ്പിയ്ക്കാമെങ്കിൽ, ഏതെനിലും ഒരീക്ഷ ചിത്തവൃത്തിയ്ക്കുവിഷയമാകുമ്പോൾ മററുള്ളവയേയും അതു് സ്മൃതിപഥത്തിൽ കൊണ്ടുവരുന്നതിനാൽ അദ്ധ്യാപനകാര്യത്തിൽ ഇതു് മുഖ്യമായ ഒരു സൂചനയാണു്. ഇപ്രകാരം ഏതവസരത്തിലും ഭിന്നാശയസംകുലമായ ജ്ഞപ്തിക്ഷേത്രം, പ്രബലമായി നിൽക്കുന്ന ഒന്നിനെ ആസ്പദമാക്കി മാത്രമേ സന്തോഷജ്ഞപ്തി, വിസ്മയജ്ഞ

പ്തി, ഭയജ്ഞപ്തി, വിവേചനജ്ഞപ്തി, പ്രവൎത്തനജ്ഞപ്തി എന്നിങ്ങനെ നാമകരണം ചെയ്യപ്പെടുന്നുള്ളു. ഒരുക്ഷേത്രവും കേവലമോ ശുദ്ധമോആയിരിയ്ക്കുന്നതല്ല. ഈ ക്ഷേത്രങ്ങളുടെ ക്ഷണികഭാവങ്ങളെ ഓൎമ്മിപ്പിയ്ക്കാനായ് ജ്ഞപ്തിവാഹിനി എന്നപേർ ചിലർ സ്വീകരിയ്ക്കുന്നുണ്ടു്. എന്നാൽ ആശയങ്ങളുടെസ്ഥാനവ്യത്യാസവും തന്നിമിത്തം വന്നുകൂടുന്ന വൃത്തിവ്യത്യാസവും, വിസ്മരിയ്ക്കാൻപാടില്ലാത്തതാകയാൽ, ഇവിടെ സ്വീകരിച്ച ക്ഷേത്രവും, പരിധിയും, കേന്ദ്രവും, സ്തൂപിയും, പലസംഗതികൾക്കും അനുകൂലമായിരിയ്ക്കുമെന്നു തോന്നുന്നു.

സംപ്രേക്ഷണം— (Apperception) അന്തഃകരണത്തിനു് ഇന്ദ്രിയവുമായുള്ള ബന്ധം പ്രബലപ്പെടാതിരിയ്ക്കുമ്പോൾ ഇന്ദ്രിയപ്രേരണനിമിത്തം ഉണ്ടാകുന്ന പ്രത്യേകജ്ഞപ്തികളാണല്ലോ ഈക്ഷകൾ. അങ്ങനെയുള്ള ഈക്ഷകളേയും, പ്രത്യക്ഷമായിരിയ്ക്കുന്ന ഏതെങ്കിലും ഒരു വസ്തുവിൽ യോജിപ്പിയ്ക്കത്തക്കവണ്ണം ആ വസ്തുവിന്റെ നേൎക്കു അന്തഃകരണത്തിനു് ഔന്മുഖ്യം ജനിക്കുമ്പോൾ ഉണ്ടാകുന്ന സങ്കലിതേക്ഷയാണു് പ്രേക്ഷ. ഒററയായി, ഒരു വ്യക്തിയായി, അന്തഃകരണം കരുതുന്ന വസ്തുവിനെ സംബന്ധിച്ചത്രേ പ്രേക്ഷയ്ക്കു പ്രസക്തിയുള്ളു. ഈ പ്രേക്ഷകൾ സ്മൃതിപഥത്തിൽ സ്ഥിരപ്രതിഷ്ഠ നേടുകയുംചെയ്യും; ജ്ഞപ്തിക്ഷേത്രത്തെ വിട്ടുമാറുന്നതല്ല. ഇപ്രകാരം ജ്ഞപ്തിക്ഷേത്രത്തിൽ പ്രവേശനംലഭിച്ച ആശയങ്ങൾ നൂതനപ്രേക്ഷയെ സ്വീകരിയ്ക്കുന്നതിനെയാണു് സംപ്രേക്ഷണം എന്നുപറയുന്നതു്. തന്നിമിത്തമുണ്ടാകുന്ന ആശയവ്യൂഹത്തെ സംപ്രേക്ഷ എന്നുപറയാം. സംപ്രേക്ഷണവൃത്തിഎങ്ങനെനടക്കുന്നുഎന്നുവ്യക്തമാക്കേണ്ടിയിരിയ്ക്കുന്നു. അതി

ന്ന് ഒരുദാഹരണം എടുത്തുകൊള്ളാം. എൻെറ വീട്ടിലു ള്ള ഒരു പശുവിനെ മാത്രമേ ഞാൻ കണ്ടിട്ടുള്ളു എന്നിരി യ്ക്കട്ടെ. അതിൻെറ മാടക്കൊമ്പും, കറുത്ത നിറവും, ശാന്ത ശീലവുമാണ് എൻെറ ശ്രദ്ധയെ ആകഷിച്ചത്. എൻെറ അഭിപ്രായത്തിൽ ഒരു പശുവിന്ന് ഈ മൂന്നു ലക്ഷണങ്ങളും വിട്ടുമാറാത്തവയാണ്. ഞാൻ ഒരു വിദ്യാത്ഥിയെ പഠിപ്പി യ്ക്കാൻ പുറപ്പെട്ടാൽ, ഈ മൂന്നു ലക്ഷണങ്ങളുമുള്ളതാണ് പശുവ്, എന്നു നിർവചിച്ചു കൊടുത്തു എന്നും വരാം. റോമായിലെ ഒരു വിദ്വാൻ "തൂവലില്ലാത്ത ദ്വിപാദജീവി" എന്ന് മനുഷ്യനെ നിർവചിച്ചപ്പോൾ, തൂവൽ മുഴവൻ പ റിച്ചുകളഞ്ഞിട്ട് ഇതാണ് അദ്ദേഹത്തിൻെറ മനുഷ്യൻ എ ന്ന് മറെറാരു വിദ്വാൻ ഒരു കാക്കയെപൊക്കിപ്പിടിച്ചകഥ പക്ഷേ എൻെറ പാഠശാലയിലും ആവത്തിയ്ക്കപ്പെട്ടാം. എ ങ്കിലും അത് കൂപമണ്ഡൂകന്യായമായിരിയ്ക്കാമെന്നല്ലാതെ അസത്യവാദമാണെന്നു വരുന്നതല്ല. ഞാൻ അറിഞ്ഞതിന്നു വിപരീതമായിട്ടു പറയുന്നില്ലല്ലൊ. താമസിയാതെ വേ റെ ഒരു പശുക്കുട്ടി ഞാൻ വാങ്ങിച്ചുകെട്ടി എന്നിരിയ്ക്കട്ടെ. അതിൽനിന്നും ഉണ്ടായ പ്രേക്ഷയുടെ അംശങ്ങൾ ശാന്ത ശീലവും, ചൂട്ടകൊമ്പും, കഴുത്തിൽ മണിവാറുമാണ്. ആ ദ്യത്തെ പശുവിൻെറ ശീലം രണ്ടാമത്തേതിനോടു സമമാ യിരിയ്ക്കുന്നതിനാൽ പശുവിൻെറ സ്വഭാവത്തെപ്പററി എ നിയ്ക്കുണ്ടായിരുന്ന വിചാരത്തിന്ന് മാററം വരുന്നില്ല. ര ണ്ടു സാമ്യേക്ഷകളും മേളിച്ച് എൻെറ ആ ആശയത്തെ ദ്രഢപ്പെടുത്തുന്നു. എനിയ്ക്ക് പശു ശാന്തസ്വഭാവത്തിന്ന് ഒരു മാതൃകയായിത്തീരുന്നു. അന്യഥാ ഒരു പശുവിനെ ചിന്തിയ്ക്കാൻ എനിയ്ക്കു പ്രയാസംതന്നെ. കൊമ്പിനെ സംബന്ധിച്ചുള്ള ഈക്ഷകൾ സജാതീയങ്ങളാണെങ്കിലും സമമായിരിയ്ക്കുന്നില്ല; അതുകൊണ്ട് ഒരേ സമയത്ത് ര

ങ്ങിന്റേറയും കൊമ്പുകൾ എന്റെ അന്തർദൃഷ്ടിയ്ക്ക് വിഷയമാകുന്നില്ല. ഒന്നേ പ്രത്യക്ഷമാകുന്നുള്ളു: അതിനാൽ സംപ്രേക്ഷണത്തിൽ വിഷമേക്ഷകൾ പരസ്പരം തടയുന്നു എന്നു വരുന്നു. ബാക്കിയുള്ള ഒന്നിന്റെ കറുത്ത നിറവും മററതിന്റെ മണിവാറും വിജാതീയങ്ങളാകയാൽ പരസ്പരം മറയ്ക്കുന്നില്ല. രണ്ടും പ്രത്യേകം പ്രത്യേകം നിന്നു മിശ്രമാക്കുന്നതേയുള്ളു. ഇപ്പോൾ പശുവിനെ സംബന്ധിച്ച് എനിയ്ക്കുണ്ടായ സംപ്രേക്ഷയിൽ ശീലം, കൊമ്പ്, നിറം, മണിവാറ് എന്നു് നാലു് അംശങ്ങളുണ്ട്. ഒന്നാമത്തേതു, സമാംശം മേളിച്ചതു്, ദൃഢപ്പെട്ടിരിയ്ക്കുന്നു: രണ്ടാമത്തേതു് വിഷമങ്ങളാകയാൽ പരസ്പരം തടയുന്നു. മൂന്നാമത്തേതും നാലാമത്തേതും വിജാതീയങ്ങളാകയാൽ അവ തമ്മിൽ തടയാതേയും ഒന്നിച്ചു ചേരാതേയും നിന്നു് സംപ്രേക്ഷയെ മിശ്രതരമാക്കുന്നു. ഇപ്രകാരം പരിചയം വർദ്ധിയ്ക്കുന്തോറും സമ്മേളനം, അന്യോന്യതിരസ്കാരം, മിശ്രണം, എന്നിവ നടന്നു് സംപ്രേക്ഷ വിപുലതരമായ് ഭവിയ്ക്കുന്നു. ചിത്തവൃത്തികളെല്ലാം ഇവയിലടങ്ങുന്നതും ഇവയുടെ പ്രയോഗങ്ങളുംതന്നെ.

അദ്ധ്യാപകസഹോദരങ്ങളുടെ ധർമ്മനിർവ്വഹണത്തിൽ സംപ്രേക്ഷണം.സംബന്ധമായ ഏതാനും സംഗതികൾക്കു് പ്രായോഗികപ്രാധാന്യം ഉള്ളതുകൊണ്ടു് മുഖ്യമായവയെ ഇവിടെ സൂചിപ്പിയ്ക്കാം.

പൌരസ്ത്യഗുരുക്കന്മാർ പറയുന്നതുപോലെ ഓരോ മനസ്സിന്നും പൂർവ്വജന്മാർജ്ജിതങ്ങളായ സംസ്കാരങ്ങളുണ്ടെന്നു സമ്മതിയ്ക്കാത്ത പാശ്ചാത്യഗുരുക്കന്മാർ ജ്ഞാനാഭിവൃദ്ധിയ്ക്കു് ഏകകാരണമായ് നിർദ്ദേശിയ്ക്കുന്ന സംപ്രേക്ഷണം ഓരോ വ്യക്തിയിലും ആരംഭിയ്ക്കുന്നതെങ്ങനെ എന്നു് വ്യക്ത

മാകുന്നില്ല. നൂതനാശയങ്ങളെ പൂർവ്വാശയങ്ങൾ സ്വീകരിയ്ക്കുന്നതാണല്ലൊ സംപ്രേക്ഷണം. വീതാശയമായ് ജനിയ്ക്കുന്ന വ്യക്തി മനസ്സിൽ പ്രഥമാശയം എങ്ങനെ സ്വീകരിയ്ക്കപ്പെട്ടു? പ്രതിസ്ഫുരണശക്തിയെ പ്രേരിപ്പിയ്ക്കാൻ പ്രാരംഭത്തിൽമാത്രം രംഗത്തിൽ ആശയമൊന്നും ഉണ്ടായിരിയ്ക്കേണ്ട ആവശ്യമില്ലെന്നു വ്യത്യസ്തം കല്പിയ്ക്കയേക്കാൾ പൌരസ്ത്യമതമനുസരിച്ച് സംസ്കാരാത്മകമായ പൂർവാശയങ്ങൾ ഉള്ളിലിരുന്നുകൊണ്ട് മനസ്സിന്റെ പ്രതിസ്ഫുരണശക്തിയെ പ്രേരിപ്പിച്ച് സംപ്രേക്ഷണവൃത്തിയെ നടപ്പിൽ വരുത്തുന്നു എന്ന് സമ്മതിയ്ക്കയല്ലേ നല്ലത്. അധ്യാപകസഹോദരങ്ങൾ അക്കാര്യം തീർച്ചപ്പെടുത്തിക്കൊള്ളട്ടെ. ശിക്ഷാമന്ദിരത്തിൽ പ്രവേശിയ്ക്കുന്ന വിദ്യാർത്ഥികൾ സ്വാർജ്ജിതങ്ങളായ പല ആശയങ്ങളേയും കൊണ്ടുവരുന്നു എന്നുള്ളതിൽ ആർക്കും അഭിപ്രായഭേദം ഇല്ലാത്തതുകൊണ്ട് സ്വൽമ്മനിർവ്വഹണത്തോട് ഏററവും അടുത്ത സംബന്ധമില്ലാത്ത സംസ്കാരവാദത്തിൽ നമുക്ക് കാര്യമില്ലെന്ന് ഒഴിഞ്ഞാലും അധ്യാപനത്തിൽ ന്യൂനത വരുന്നതല്ല. ആ വാദം എങ്ങനെയോ പോകട്ടെ. ഓർമ്മിയ്ക്കാനുള്ള സംഗതികളെ നോക്കാം.

ഫ. സാംപ്രേക്ഷണപ്രവൃത്തിയിൽ രണ്ടുതരം ആശയങ്ങൾ പങ്കുകൊള്ളുന്നു. സംപ്രേക്ഷകാ(പൂർവ്വാ)ശയങ്ങൾ ഒരിനം; സംപ്രേക്ഷ്യാ (നൂതനാ)ശയങ്ങൾ മറെറാരിനം. രണ്ടിനങ്ങളിലും കാണപ്പെടുന്ന സമാശയങ്ങളുടെ നീരക്ഷീരന്യായേനയുള്ള സമ്മേളനവും, വിഷമാശയങ്ങളുടെ കാകോലൂകന്യായേനയുള്ള അന്യോന്യതിരസ്കരണവും, വിജാതീയാശയങ്ങളുടെ തിലതണ്ഡുലന്യായേന ഉള്ള മിശ്രണവും നിമിത്തം പുനസ്സംഘടിതങ്ങളാകുന്ന ഈരക്ഷകൾ നൂതനവ്യാഖ

മായ് ക്രമീകരിയ്ക്കപ്പെടുന്നു. സുബോധം എന്ന പദത്തിന്റെ അൎത്ഥം ഇപ്പോഠം ഓൎക്കുക.

൨. സംപ്രേക്ഷകാശയങ്ങളുടെ ശക്തിയ്ക്കനുസരണമായ് സംപ്രേക്ഷണം നടക്കുന്നു. പഠനശ്രവണലബ്ധങ്ങളായ ആശയങ്ങഠക്ക്, സംപ്രേക്ഷണകാൎയ്യത്തിൽ, ശക്തി വളരെ കുറവാണ്. സ്വാനുഭവഗൃഹീതങ്ങളായ ആശയങ്ങളാണ് ആ പ്രയത്നത്തിൽ ശക്തിമത്തായ് കാണപ്പെടുന്നത്, അതിലും സന്തോഷസന്താപസ്മൃതിയോടു സംബന്ധപ്പെട്ടവ, ജ്ഞപ്തികേന്ദ്രത്തിൽ എളുപ്പം ചാടിക്കയറുകയും നൂതനപ്രേക്ഷകളെ എളുപ്പം പററിപ്പിടിയ്ക്കുയും ചെയ്യുന്നു.

൩. സംപ്രേക്ഷകാശയങ്ങഠക്ക് ശക്തിയ്ക്കു പുറമേ വിവിധവിഷയങ്ങളോടും സംബന്ധവും നമ്യതയും ഉണ്ടായിരുന്നാലെ സംപ്രേക്ഷണവൃത്തി ഊൎജ്ജസ്വലമായ് നടക്കുന്നതിനും സംപ്രേക്ഷാ സുഘടിതവ്യാപകവ്യൂഹമായ് ഭവിയ്ക്കുന്നതിനും ഇടയാവുകയുള്ളൂ. ഈ ഒടുവിൽ പറഞ്ഞ കാൎയ്യത്തിൽ എത്രതന്നെ ദൃഷ്ടി വച്ചാലും അതിമാത്രമാകുന്നതല്ല.

൪. ഒരേ പശുവിൽനിന്നും കറന്നെടുത്ത പാൽ വിവിധപ്രാണികളുടെ പക്വാശയങ്ങളിൽ ആശയവൈവിധ്യത്താൽ വിവിധഗുണങ്ങളോടുകൂടിയ മജ്ജമാംസാദികളായ് പരിണമിയ്ക്കുന്നു എന്നു മുമ്പൊരു ഘട്ടത്തിൽ പറഞ്ഞതു് ഓൎമ്മയല്ലൊ. അതുപോലെതന്നെ സംപ്രേക്ഷകാശയവൈവിധ്യത്താൽ ഒരേ പ്രേക്ഷ്യംതന്നെ പലവിധം പരിണമിയ്ക്കുന്നതാണ്. ഒരു സംഗതിയെ രണ്ടുപേർ ഒന്നുപോലെ സംപ്രേക്ഷിച്ചു എന്നു വരുന്നതല്ല. ഗ്രഹണം ഒന്നുതന്നെയാണെങ്കിലും രാഹുകേതുക്കളുടെ അക്രമമായ് അന്ധവിശ്വാസികളും പ്രകൃതിനിയമഫലമായ് ശാസ്ത്രജ്ഞന്മാരും

കാണുന്നില്ലേ? അന്ധവിശ്വാസമില്ലാത്ത ശാസ്ത്രജ്ഞന്മാരും ഒരേ സംഭവത്തെ ഒന്നുപോലെ വിചാരിയ്ക്കുന്നില്ല. ഈ വ്യത്യാസം സമുദായക്ഷേമത്തിന്നു വളരെ അനുകൂലമാണ്. ഒരേ വസ്തു മനുഷ്യവൎഗ്ഗത്തിനശേഷം ഒന്നുപോലെ രമ്യമായ് കാണപ്പെടുന്നു എങ്കിൽ എത്രപേർ ആശാഭംഗം അനുഭവിക്കേണ്ടിവരും, എന്തെല്ലാംവിധത്തിൽ സമാധാനഹാനി വരാം? ഇവിടെ വേറെ ഒരു കാൎയ്യംകൂടി അദ്ധ്യാപകന്മാർ ഗൗനിക്കേണ്ടതുണ്ട്. നേരിട്ടുണ്ടാകുന്ന വസ്തുബോധം തന്നെ വിവിധങ്ങളാകുമെങ്കിൽ, വസ്തുഗുണങ്ങളെ കുറിയ്ക്കുന്ന ശബ്ദങ്ങൾമൂലം ഉണ്ടാകുന്ന ബോധത്തിന്ന് ഐകരൂപ്യം എങ്ങനെ വരും. ശബ്ദങ്ങളുടെ അൎത്ഥബോധം എല്ലാവൎക്കും ഒന്നുപോലെയല്ലല്ലോ. തന്നിമിത്തം സംപ്രേക്ഷണം തെററായ വഴിയ്ക്കു പോയേക്കാം. അതുകൊണ്ട് അദ്ധ്യാപകന്മാർ ക്ലാസിൽ ഉപയോഗിയ്ക്കുന്ന ശബ്ദങ്ങൾക്ക് തങ്ങളുടെയും അദ്ധ്യേതാക്കളുടെയും അൎത്ഥബോധത്തിൽ വല്ല വ്യത്യാസവുമുണ്ടോ എന്നു അറിയുകയും ആയതു പരിഹരിയ്ക്കുകയും ചെയ്യേണ്ടതാണെന്ന് സഹോദരങ്ങളെ പ്രത്യേകം ഓൎമ്മിപ്പിയ്ക്കുന്നു.

8 സംപ്രേക്ഷണം നടക്കുന്നതു് രണ്ടിനം ആശയങ്ങൾ തമ്മിലുള്ള സംബന്ധവിശേഷം കൊണ്ടാണല്ലോ. പൂൎവ്വാശയങ്ങളോടു യാതൊരു വിധത്തിലും സംബന്ധമില്ലാത്ത നൂതനാശയങ്ങൾ സംപ്രേക്ഷിയ്ക്കപ്പെടുന്നതല്ല. പുതുമയുടെ സ്പൎശംപോലും ഇല്ലാത്തവയും പ്രയോജനപ്പെടുന്നതല്ല. അതുകൊണ്ട് സംപ്രേക്ഷ്യാ(നൂതനാ)ശയങ്ങൾക്ക് പുതുമ പൊയ്പ്പോകാതെ പൂൎവ്വാശയങ്ങളോടു സംബന്ധപ്പെടുത്താവുന്ന മട്ടിൽ അവയെ പാകപ്പെടുത്തി പ്രയോഗിയ്ക്കണം. അതിന്ന് പ്രേക്ഷയെപ്പററിപ്പറഞ്ഞ അവസരത്തിൽ

സൂചിപ്പിച്ച സാഹചര്യബന്ധത്തെ പ്രയോജനപ്പെടുത്ത ണം. മഴവെള്ളവും തണുപ്പുംപോലെ ഗുണഗുണിഭാവ ത്തിൽ സഹവർത്തിയ്ക്കുയോ പേനായും മഷിയുംപോലെ സ ഹചരിയ്ക്കുയോ രാവും പകലുംപോലെ അനുക്രമിയ്ക്കുയോ ചെയ്യുന്നതായിരിയ്ക്കാം സാഹചര്യം. ഈ ബന്ധത്തിന് പ്രസക്തിയില്ലാത്ത ഘട്ടങ്ങളിൽ സാദൃശ്യബന്ധത്തെ പ്ര വേശിപ്പിയ്ക്കാം. വിപരീതമായ പ്രതീപബന്ധവും ഇതി ലുൾപ്പെടുമെന്നാണ് ചിലരുടെ അഭിപ്രായം. ഈ ബന്ധ ങ്ങളെ വ്യക്തതയ്ക്കുവേണ്ടി പ്രത്യേകിച്ചു പറകയാണെങ്കിൽ ഗുണഗുണിബന്ധം, സഹചാരബന്ധം, അനുക്രമബന്ധം, കാര്യകാരണബന്ധം, അംഗാംഗിബന്ധം, അംശാംശിബ ന്ധം, സാദൃശ്യബന്ധം, പ്രതീപബന്ധം എന്നിങ്ങനെ പല തും കാണാം. ഇങ്ങനെ സംബന്ധം ഉണ്ടായിരിയ്ക്കത്തക്ക വണ്ണം പ്രയോഗിയ്ക്കുമ്പോൾ മുമ്പിൽ വിവരിച്ച, സമ്മേള നം, അന്യോന്യതിരസ്കരണം, മിശ്രണം എന്നിവ നടക്കും. സാദൃശ്യം കുറയുന്തോറും സംപ്രേക്ഷണം സാവധാനത്തി ലാകും. നൂതനവിഷയങ്ങൾ ഗ്രഹിയ്ക്കുന്നിടത്തെല്ലാം ഇ ങ്ങനെതന്നെ നടക്കൂ. ശിക്ഷാമന്ദിരപ്രയത്നങ്ങൾ ഇത്തര ത്തിൽ പെട്ടവയാണ്. നൂതനാശയങ്ങളെ പ്രദർശിപ്പി യ്ക്കുന്നതും സാവധാനത്തിലെ ആവൂ. അല്ലാത്തപക്ഷം സംപ്രേക്ഷണം തൃപ്തികരമായ് നടക്കുന്നതല്ല. ആശയ ക്രമീകരണം അപര്യാപ്തമായ് ഭവിച്ചേയ്ക്കും.

സംപ്രേക്ഷണത്തിലെ രണ്ടംശങ്ങളെപ്പോലെ തന്നെ ഗണ്യമായുള്ളതാണ് അന്തഃകരണത്തിന്റെ നിലയും. നൂ തനപ്രേക്ഷയോടു സംബന്ധപ്പെടാൻ പ്രയാസമായ മന സ്ഥിതിയുള്ളപ്പോൾ സംപ്രേക്ഷണം സുകരമല്ല. വേദന യെല്ലാം ഇന്ദ്രിയങ്ങളുടെ ചാപല്യങ്ങളാണെന്ന്, ശാസ്ത്രീയരീ

ത്യാ വാദിച്ചു ധരിപ്പിയ്ക്കാൻ, തലവേദനകൊണ്ടു ബുദ്ധിമുട്ടുന്ന സമയം അനുകൂലമായിരിയ്ക്കുമോ? ഭർത്താവിനെ ശുശ്രൂഷിച്ചു സന്തോഷിപ്പിച്ചതിനു മേലല്ലാതെ, ഉരുപ്പടി തിപ്പിക്കുന്ന കാൎയ്യം ഭാൎയ്യ പറയുന്നില്ലല്ലൊ. അസ്വാസ്ഥ്യം, ക്ഷീണം മുതലായവ സംപ്രേക്ഷണപ്രതികൂലികളാണ്. അതുപോലെതന്നെ, കോപതാപാദിവികാരങ്ങളും, വിപരീതാചാരങ്ങളും, നൂതനാശയസംപ്രേക്ഷണം തൃപ്തികരമായ് നടക്കാൻ സമ്മതിയ്ക്കുന്നില്ല. നൂതനാശയങ്ങളെ പ്രദർശിപ്പിയ്ക്കുന്നിനു മുമ്പായിട്ടുതന്നെ അവയെ പ്രതീക്ഷിയ്ക്കുന്ന മനസ്ഥിതി അദ്ധ്യേതാക്കൾക്കു ഉണ്ടായിക്കൊള്ളാൻ അദ്ധ്യാപകന്മാർ ശ്രമിയ്ക്കണം. പാഠാരംഭത്തിൽ ഉദ്ദേശകഥനം വേണമെന്നു പറയുന്നതിൽ അടങ്ങിയ തത്വം ഇതുതന്നെ.

സംപ്രേക്ഷണം തൃപ്തികരമായ് നടന്നാൽ ഉണ്ടാകുന്ന ഫലങ്ങൾ ഗണ്യങ്ങളാണ്. ആശയങ്ങൾ ക്രമീകരിയ്ക്കപ്പെടുകയും സമവായ ബന്ധത്തിൽ ഘടിപ്പിയ്ക്കപ്പെടുകയും ചെയ്യുന്നതിനാൽ സംപ്രേക്ഷകാശയങ്ങൾ അവസരോചിതം അണിനിരന്നു നില്ക്കുന്നു. പ്രേക്ഷ സൂക്ഷ്മവും സുവ്യക്തവും സുബദ്ധവുമായ് ബലപ്പെടുന്നു. മേല്ക്കുമേലുള്ളി സംപ്രേക്ഷണം സുകരവും സുഘടിതവുമാകുന്നു.

സമേക്ഷണം (Conception)—ഇന്ദ്രിയജന്യങ്ങളായ പ്രേക്ഷകളൊന്നിച്ചുകൂടി മിശ്രമായ സംപ്രേക്ഷയാകുന്നതിനെയാണ് ഇതുവരെ പ്രതിപാദിച്ചതു്. പലജാതി പ്രേക്ഷകളും സംപ്രേക്ഷണവിഷയമാകുന്നുണ്ട്. എന്നാൽ ഒരു ജാതിയിൽപെട്ട പല പ്രേക്ഷകളൊന്നിച്ചു കൂടുമ്പോഴുണ്ടാകുന്ന ഒരുതരം മനോവ്യാപാരമുണ്ട്. മുമ്പൊരു ഘട്ടത്തിൽ നാലുകാലും, കറുത്ത നിറവും, ശാന്തശീലവുമുള്ള ഒരു പ

ശുവും ചൂട്ടകൊമ്പും, ശാന്തശീലവും കഴുത്തിൽ മണിവാ
ഠം ഉള്ള മറെറാരു പശുവും കണ്ടിട്ടുള്ളതായ് പറഞ്ഞുവ
ല്ലോ. പശുക്കളുമായുള്ള പരിചയം വിപുലമാകുമ്പോൾ
വെളുത്തതു്, ചുവന്നതു്, ചാമ്പൽനിറമുള്ളതു്, പുള്ളികളു
ള്ളതു് എന്നിങ്ങനെ പല പശുക്കളും കാണ്മാനിടയാകും.
അതുപോലെതന്നെ വാലു് കാലു് കൊമ്പു് എന്നിവയിലും
പല ഭേദങ്ങളുള്ള പശുക്കളും അറിവിൽപ്പെടും. അപ്പോൾ
കൂപമണ്ഡൂകന്യായേന ഞാൻ മുമ്പിൽ പറഞ്ഞ അഭിപ്രാ
യം അനവധാനത്തിലാണെന്നു തെളിയും. പശു എന്നുവി
ചാരിക്കുമ്പോൾ പ്രത്യേകലക്ഷണങ്ങളോടുകൂടിയ ഒരു പ
ശു എൻെറ അന്തർദ്ദൃഷ്ടിക്കു വിഷയമാകുന്നതല്ല. പല
ലക്ഷണങ്ങളേയും കൂട്ടിക്കലർത്തിയുള്ള ഒരു പ്രതിമയാണു്
മനസ്സിൽ തോന്നുന്നതു്. അങ്ങനെ ഒരു പശുവാസ്തവ
ത്തിൽ ഉണ്ടായിരിക്കുകയുമില്ല. ഈ പ്രതിമയിൽ പശുക്ക
ൾക്കെല്ലാം പൊതുവായ ലക്ഷണങ്ങൾ മാത്രം വ്യക്തമായ്
കാണപ്പെടും. വ്യക്തികഭേദങ്ങളെല്ലാം-ചുവപ്പു, കറുപ്പു, വെ
ള്ള, മാടക്കൊമ്പു്, കവരക്കൊമ്പു്, ചൂട്ടകൊമ്പു്, മുറിവാൽ
കുഴവാൽ എന്നിവയശേഷം മറഞ്ഞുപോകയും ചെയ്യും.
മരത്തൈ മറൈത്തതു മാമതയാനൈ മരത്തുൾമറൈന്തതു
മാമതയാനൈ (മരത്തിൽ തീർത്തുവച്ചിരിക്കുന്ന ആനകുതി
രമുതലായവയെ അതതായി നോക്കുമ്പോൾ കാണുന്ന ഭേദ
ങ്ങളെല്ലാം സർവ്വസാധാരണമായ മരമായിട്ടുവീക്ഷിക്കു
മ്പോൾ മരത്തിനകത്തു മറഞ്ഞുപോകുന്നു.) എന്നതുപോ
ലെ സർവ്വസാധാരണലക്ഷണങ്ങൾ മാത്രംകൊണ്ടു നിർമ്മി
ക്കപ്പെട്ട ആശയത്തെ സമേക്ഷ എന്നും അപ്രകാരം വീ
ക്ഷിക്കുന്നതിനെ സമേക്ഷണം എന്നും പറയാം. ഇപ്ര
കാരമുള്ള നോക്കിനെ കൈവല്യനവനീതം (ഒരുതമതമി
ൾ വേദാന്തശാസ്ത്രം) 'സമാനക്കൺ' എന്നു പറയുന്നു. വ്യ

ക്തികളിലെല്ലാം സമമായ്-സാധാരണമായി-ഉള്ള ലക്ഷണങ്ങളെ മാത്രമേ ഗൌനിയ്ക്കുന്നുള്ളുവല്ലോ.

ഇവയ്ക്കെല്ലാം ആധാരമായ്നില്ക്കുന്നതു് ഈക്ഷകളാണ്: മുമ്പിൽ പറഞ്ഞിട്ടുള്ളതുപോലെ സംപ്രേക്ഷ സമേക്ഷ എന്നിവകൊണ്ടു നിർമ്മിയ്ക്കപ്പെട്ടു വിളങ്ങുന്ന ജ്ഞാനഗോപുരത്തിന് ഇഷ്ടികകളായി ഉപകരിയ്ക്കുന്നതും ഈക്ഷൾ തന്നെ. അതിനാൽ ഈക്ഷയിൽ പാറുന്ന ന്യൂനത ഗോപുരം മുഴുവനേയും ബാധിയ്ക്കും എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് അവലോകനം സൂക്ഷ്മമായി നടത്തി സുബദ്ധവും സുവ്യക്തവുമായ ഈക്ഷ സമ്പാദിയ്ക്കുന്നതിലാണ് ശിക്ഷാമന്ദരത്തിലെ പ്രഥമധർമ്മം അന്തർഭവിയ്ക്കുന്നതു്. അതുകഴിഞ്ഞാൽ ഇവയുടെ കൂട്ടുകെട്ട് പര്യാപ്തമായിരിയ്ക്കാൻ പ്രത്യേകം ദൃഷ്ടിവയ്ക്കണം. ഈ കൂട്ടുകെട്ടും ക്രമീകരണവും വിപുലമാക്കുംതോറും ജ്ഞാനാഗോപുരം പൊങ്ങിപ്പൊങ്ങിവരുകയും ചെയ്യും.

ശിക്ഷാപ്രയത്നം മനശ്ശാസ്ത്രത്തെ ആശ്രയിയ്ക്കുന്നു എന്നു വിശദമാക്കാൻ ഇത്രയും പറഞ്ഞു; നൈയ്യായികശാസ്ത്രത്തേയും അതു് ആശ്രയിയ്ക്കുന്നു എന്നുള്ളതും സ്മരണീയമാണ്. ഇവിടെ മനസ്സ് എങ്ങനെ പ്രവർത്തിയ്ക്കണം എന്നറിഞ്ഞു് ശിക്ഷ സാധിയ്ക്കേണ്ടതാകുന്നു. മനസ്സ് എങ്ങനെ പ്രവർത്തിയ്ക്കുന്നു എന്നന്വേഷിച്ച കൂട്ടത്തിൽ ഇന്ന ഇന്ന അവസ്ഥകളിൽ ഇന്ന ഇന്നവിധം പ്രവർത്തിയ്ക്കുമെന്നു കണ്ടതിൽനിന്നും ആവശ്യമുള്ള മാതിരി മനസ്സു പ്രവർത്തിയ്ക്കണമെങ്കിൽ ഒത്ത അവസ്ഥകളെ ഉണ്ടാക്കിക്കൊണ്ടാൽ മതിയെ എന്ന് ഊഹ്യമാണ്. അവസരോചിതം അതു സൂചിപ്പിയ്ക്കപ്പെട്ടിട്ടും ഉണ്ട്. ബോധനത്തെപ്പറ്റി പ്രതിപാദിയ്ക്കുന്ന ഘട്ടത്തിലും വേണ്ടതു സൂചിപ്പിയ്ക്കപ്പെടുന്നതാണ്.

ബോധനം. അദ്ധ്യാപനകാൎയ്യത്തിൽ അദ്ധ്യാപകൻ സ്വധൎമ്മനിൎവ്വഹണത്തിൽ പ്രയോഗിയ്ക്കുന്ന സമ്പ്രദായം ബോധനമാണല്ലോ. "പ്രവചനം സന്ധാനം" എന്ന ഉപനിഷദ്വാക്യത്തെ ഓൎക്കുക. ഇന്ദ്രിയവികസനത്തെ ഉദ്ദേശിച്ച് പ്രാൎത്ഥനകഴിച്ചിട്ട് ശിക്ഷാകാൎയ്യത്തിൽ പ്രതിദിനം പ്രവേശിച്ചിരുന്ന നമ്മുടെ പൂൎവ്വികന്മാർ 'പ്രവചനം' എന്നു പറഞ്ഞിരിയ്ക്കുന്നതു് വാങ്മയബോധനത്തെ മാത്രമല്ല, ശ്രവണേന്ദ്രിയത്തെപ്പോലെ മററിന്ദ്രിയങ്ങളേയും കൂട്ടുപിടിച്ചുകൊണ്ടു നടത്തിയ കൎമ്മരൂപമായ ബോധനത്തെയും ഉൾപ്പെടുത്തിയാണു് എന്നേകരുതാവൂ. എല്ലാവിധം ബോധനങ്ങളേയും പ്രവചനം എന്നു സൂചിപ്പിച്ചതു് ഏതുതരം ബോധനത്തിലും പ്രവചനത്തിനു് ഗണ്യമായസ്ഥാനമുള്ളതുകൊണ്ടുമാത്രമാണു്. ശിക്ഷോ (ശക്തിവികസനോ) പയുക്തങ്ങളായ വിഷയങ്ങളെ അനുഭവോദ്ദീപകമായ രീതിയിൽ പഠിപ്പിയ്ക്കപ്പെടുന്നുവെങ്കിൽ വിഷയങ്ങളുമായി ഉത്തമ, സത്യ, പൂൎണ്ണ, ഫലദായക ബന്ധങ്ങളിൽ വ്യക്തികൾ ഏൎപ്പെടുന്നതിനു് ബോധനം ഉപകരിയ്ക്കും. ഇങ്ങനെ കിട്ടുന്ന സൌകൎയ്യങ്ങളെ അവർ എത്രമാത്രം പ്രയോജനപ്പെടുത്തുന്നുവോ അത്രയ്ക്കുമാത്രമേ ശക്തിവികസനം സാധിയ്ക്കൂ. സ്വയംസാധിതശിക്ഷയത്രേ വാസ്തവശിക്ഷ. അധിഗമനം അശേഷം പ്രവൎത്തനഫലമാണു്. സ്വപ്രയത്നംകൊണ്ടുതന്നെ ഓരോ വ്യക്തിയും പരിസരത്തോടു ബന്ധപ്പെടണം. എന്നാലേ അഭീഷ്ടസിദ്ധിയ്ക്കോ ഉദ്ദിഷ്ടകാൎയ്യനിൎവ്വഹണത്തിനോ ഉതകത്തക്കവണ്ണം ഏതെങ്കിലും സാധനത്തേയോ, സംഭവത്തേയോ, ആശയത്തേയോ പ്രയോഗകുശലതയേയോ പ്രയോജനപ്പെടുത്താവുന്നവിധം അവനു് അവ പ്രത്യക്ഷമാകയുള്ളു. ഉത്തമ

ങ്ങളായ ആഗ്രഹങ്ങളേയും ഉദ്ദേശങ്ങളേയും അധ്യാപകൻ ഉത്ഭവിപ്പിച്ചുകൊണ്ടിരിയ്ക്കയാണ് വേണ്ടതു്. അധ്യേതാക്കൾ സാധ്യസമ്പ്രദായങ്ങളെ സ്വപ്രയത്നംമൂലം അനുഭവപ്പെടുത്തിക്കൊണ്ടിരിയ്ക്കയും വേണം. അധ്യാപകൻ തെളിയ്ക്കുന്നവഴിയ്ക്കു് അധ്യേതാക്കളുടെ സ്ഥിരപരിശ്രമം എത്രമാത്രം ഉദ്ദീപിപ്പിയ്ക്കപ്പെടുന്നുവോ അത്രമാത്രം ബോധനം ഫലിച്ചു എന്നു നിർണ്ണയിക്കാം.

(a) പ്രേക്ഷണവൃത്തി—അധ്യയനാരംഭദശയിൽ വിദ്യാർത്ഥികളുടെ വൃത്തികൾ മിക്കവാറും പ്രേക്ഷണമായി മാത്രമേ നില്ക്കുന്നുള്ളൂ. പരിസരങ്ങളിലെ ഭൗതികങ്ങളല്ലാതേ മറെറാന്നും അവരുടെ ശ്രദ്ധയെ ആകർഷിയ്ക്കുന്നില്ല; നാക്കിനോ, കണ്ണിനോ, മൂക്കിനോ, കാതിനോ, ത്വക്കിനോ, തൃപ്തിനൽകണം; അല്ലെങ്കിൽ അവയവപ്രയത്നങ്ങൾക്കു അനുകൂലമായോ പ്രതികൂലമായോ ഇരിയ്ക്കണം. മറെറാന്നിലും അവക്കു കാര്യമില്ല. അവരുടെ പഠിത്തം മുഴുവനും ഇപ്പറഞ്ഞ പ്രയത്നങ്ങൾ മുഖേനമാത്രമാകുന്നു. അതുകൊണ്ടു് പ്രാഥമികപാഠശാലയിലെ ബോധനം സൂക്ഷ്മാവലോകനത്തേയും ഇന്ദ്രിയവികസനത്തേയും ലക്ഷ്യമാക്കിപ്പോകുന്ന അവയവപ്രയത്നങ്ങളെ ആശ്രയിയ്ക്കുന്നതായിരിയ്ക്കണം. ഈ പ്രയത്നങ്ങൾ, ജീവിതരാഗവുമായി, സാധിയ്ക്കുന്നത്ര, നാനാമുഖങ്ങളായ ബന്ധങ്ങളിലേയ്ക്കു് അവരെനയിയ്ക്കത്തക്കവിധത്തിൽ സംഘടിതങ്ങളാക്കപ്പെട്ടിരിയ്ക്കേണ്ടതാണ്. പ്രേക്ഷണവൃത്തി കരനേത്രത്തിലെന്നവണ്ണംതന്നെ, ഗാനം, ലേഖനം, ചിത്രണം, മുതലായവയിലും നിസ്തന്ദ്രമായി കാണപ്പെടുന്നതിനാൽ ഓരോ പാഠത്തിലും ഏതെങ്കിലും ഒരു തരം അനുകരണം അംശമായിരുന്നേ കഴിയൂ. ഈ അനുകരണങ്ങളിൽ പ്രേക്ഷയിലെ ഓരോ അംശവും വിശ്വാസ്യ

മായവിധത്തിൽ സുഘടിതമായി പ്രതിഫലിയ്ക്കുന്നുണ്ടോ എന്ന് അദ്ധ്യാപകൻ പ്രത്യേകം ഗൗനിയ്ക്കണം.

(b) സമേക്ഷണവൃത്തി—ജീവിതാരംഭദശയിൽ സർവ്വപ്രധാനമായി നില്ക്കുന്ന പ്രേക്ഷണവൃത്തിയെ പോഷിപ്പിച്ചുകൊള്ളണമെന്നു പറഞ്ഞതിനാൽ അദ്ധ്യാപകൻ മറ്റൊന്നും ചെയ്യാനില്ലെന്നു വിചാരിച്ചുപോകരുതു്. അദ്ധ്യയനാരംഭദശയിൽ അതു തനിച്ചുനില്ക്കുന്നില്ല. ശിക്ഷാമന്ദിരത്തിലെത്തുമ്പോൾ ഓരോ കുട്ടിയും ഭൗതികവസ്തുക്കളുടെ പ്രത്യക്ഷബന്ധങ്ങളെ മാത്രമല്ല ഗൗനിയ്ക്കുന്നതു്; അതായതു്, പ്രേക്ഷകവൃത്തിയിൽ മാത്രമല്ല ഏർപ്പെടുന്നതു്. പ്രത്യക്ഷബന്ധങ്ങളിൽ അന്തർല്ലീനമായി കിടക്കുന്ന കാര്യകാരണബന്ധങ്ങളേയും മററും അവർ സശ്രദ്ധയ്ക്കു് വിഷയമാക്കുന്നുണ്ടു്. "അതെന്താണുസാർ!" "ഇതെങ്ങനെസാർ" എന്നു ചോദിയ്ക്കാത്ത കുട്ടികൾ വളരെ ചുരുക്കമത്രെ. / ഇത്തരം പ്രശ്നങ്ങൾ എപ്പോൾ വരുന്നുവോ, അപ്പോൾ ആ കുട്ടി കേവലപ്രേക്ഷണഘട്ടത്തെ കടന്നിരിയ്ക്കുന്നു എന്നു തീരുമാനിയ്ക്കാം. സാധാരണ അഞ്ചുവയസ്സാകുമ്പോഴാണു കുട്ടികൾക്കു്, പ്രേക്ഷണവൃത്തിയോടുകൂടി, സമേക്ഷണവൃത്തിയും വന്നുകൂടുന്നതു്. സമേക്ഷണവൃത്തി പ്രേക്ഷണവൃത്തിയുടെ ഒരു വകഭേദമായിട്ടത്രെ ആരംഭിയ്ക്കുന്നതു്. ആശയരൂപത്തിൽ തന്നെയുള്ള വൃത്തിയായി പരിണമിയ്ക്കുന്നതിന്നു് കുറേക്കാലംകൂടി പോകണം. ഇപ്പോൾ അവർ പ്രത്യക്ഷസ്ഥൂലബന്ധങ്ങളെ കടന്നു് അന്തഃസ്ഥിതങ്ങളായ സൂക്ഷ്മബന്ധങ്ങളിൽ പ്രവേശിയ്ക്കുന്നു. ഫലം തത്വാനുമാനമാണെങ്കിലും അറിഞ്ഞുകൊണ്ടല്ല അവർ അനുമാനിയ്ക്കുന്നതു്. 'നിരാശ്രയമായതെല്ലാം അധഃപതിയ്ക്കുന്നു' എന്നുള്ള സർവ്വസാധാരണനിയമത്തെ അവർ ഗ്രഹിയ്ക്കുന്നില്ലെ

ങ്കിലും, അനുജൻകുഞ്ഞു് തിണ്ണയുടെ വക്കിലിഴഞ്ഞെത്തി യാൽ, മുററത്തുവീഴുമെന്നു്, ഓടിയടുക്കുന്നുണ്ട്. ഇങ്ങനെ ഗ്രഹിയ്ക്കപ്പെടുന്ന പ്രത്യേകബന്ധങ്ങളെ സജാതീയസംഗതികളിൽ പ്രയോഗിയ്ക്കുകയും ചെയ്യും. ഈ പ്രയോഗങ്ങളിൽ നൈയ്യായികന്മാർ പറയുന്ന ഊഹം (Induction) ആരംഭിയ്ക്കുന്നു; പക്ഷേ ഉപപാദനവിഷയമായി പരിണമിയ്ക്കുന്നില്ല. ഇന്ദ്രിയപ്രേക്ഷപോലെതന്നെ, ഈ അന്തഃകരണപ്രേക്ഷകളും ബാലന്മാരിൽ നൈസർഗ്ഗികവും, അപ്രേരിതവുമായി കാണപ്പെടുന്നു. ഏതാദൃശസംഗതികളിൽ വിദ്യാർത്ഥികൾ തെററിപ്പോകാനാണ് എളുപ്പം അതുകൊണ്ട് അധ്യാപകസഹായം അത്യന്താപേക്ഷിതമായിരിയ്ക്കും; എന്നാൽ, അധ്യേതാക്കൾക്കു പകരം കാണുകയോ, ചിന്തിയ്ക്കുയോ സ്വന്തം പ്രയത്നഫലങ്ങളെ വങ്മയമാത്ര (ഗുളിക) കളാക്കി അധ്യേതാക്കൾക്കു കൊടുക്കുകയോ ചെയ്യാറുള്ള അബദ്ധത്തിൽ ചാടിപ്പോകാതെ , അധ്യാപകൻ പ്രതിനിമിഷം സൂക്ഷിയ്ക്കണം. കുഞ്ഞിന്റെ ശരീരപോഷണത്തിനു് അച്ഛന്റെ പകാശയം വേലചെയ്താൽ മതിയാകാത്തതുപോലെ തന്നെ ശിഷ്യന്റെ അന്തരംഗവികാസത്തിനു് അധ്യാപകന്റെ അന്തഃകരണം പ്രവത്തിച്ചാൽ മതിയാകുന്നതല്ല. പക്ഷേ, നിരന്തരപ്രയത്നത്താൽ ഏതാനും വിജ്ഞാനനാമപത്രങ്ങളെ—വെറും പേരുകളെ—ശിഷ്യന്റെ അന്തരംഗത്തിൽ അധ്യാപകൻ പാറിയ്ക്കുമായിരിയ്ക്കാം; അതുകൾ തൂലാമാലയായി കുഴഞ്ഞു്, ആദ്യത്തെ കാററിൽ പറന്നുപോകയും ചെയ്യും. അമൃതസഞ്ജീവിനിവിളംബരങ്ങളെ രോഗിയുടെ പുറത്തു പാറിച്ചാൽ എത്രമാത്രം ഫലമുണ്ടാകും. 'പ്രവത്തനംമൂലം അഭ്യസനം' എന്ന പ്രമാണത്തെ അനുസരിയ്ക്കുന്നഭാവത്തിൽ, പലതരം കായികപ്രയത്നങ്ങളിൽ അടങ്ങിപ്പോകുന്ന ബോധനം,

മധ്യമന്മാരായ അധ്യേതാക്കളുടെ ചിത്തവൃത്തികളെ പ്രേരിപ്പിക്കുന്നതല്ല. അതിനു അന്തരങ്ഗചൎയ്യകളെ ഉത്പാദിപ്പിച്ചു്, നയിച്ചു് പ്രവൎത്തിപ്പിച്ചേ മതിയാവൂ. ഈ വൃത്തികളിലത്രെ ഇന്ദ്രിയങ്ങൾക്കു ഗോചരമല്ലാത്ത സൂക്ഷ്മബന്ധങ്ങൾ തെളിയുകയുള്ളൂ. ഏതാനും ചിലരുടെ മനസ്സിൽ ഈദൃശവൃത്തികൾ നടന്നുകൊണ്ടിരിയ്ക്കാം; ചുരുക്കം ചിലരുടെ അന്തരങ്ഗം, അനന്യസാധാരണഗുണങ്ങൾ നിമിത്തം, ആശാസ്യദശയെ പ്രാപിച്ചുഎന്നും വരാം. എങ്കിലും കായികപ്രയത്നത്തിൽ വൈമുഖ്യം കാണിയ്ക്കുന്നവരെപ്പോലെ, മാനസികപ്രയത്നത്തിനു മടിയ്ക്കുന്നവരും, ധാരാളം ഉണ്ടാവും; അതെന്തുകൊണ്ടു്? 'ഇതെങ്ങനെ' എന്നു് ഇങ്ങോട്ടുചോദിയ്ക്കാനും ഉത്തരം കണ്ടുപിടിയ്ക്കാനും പ്രേരിപ്പിയ്ക്കുന്നില്ലെങ്കിൽ അത്തരക്കാരെ സംബന്ധിയ്ക്കുന്നിടത്തോളം ബോധനം നിഷ്പ്രയോജനമായി ഭവിയ്ക്കുയേ ഉള്ളൂ. (ഇതുതന്നെയായിരുന്നു പൂൎവികന്മാരുടെ അഭിപ്രായം. പൗരസ്ത്യഗുരുക്കന്മാർ വിളിച്ചുപഠിപ്പിക്കുമ്പോൾ ശിഷ്യൻ പഠിച്ചുകൊള്ളണം എന്നുവച്ചിരുന്നില്ല. ചിലർപറയുന്നതുപോലെ ചോദ്യം ചോദിയ്ക്കരുതെന്നുള്ള ഏൎപ്പാടും അന്നില്ലായിരുന്നു. അനാവശ്യചോദ്യങ്ങൾചോദിച്ചു് സമയനഷ്ടംവരുത്തരുതെന്നു ഇന്നത്തേപ്പോലെ അന്നും ഏൎപ്പാടുണ്ടായിരുന്നിരിയ്ക്കാം. പിപ്പലാദമഹൎഷി ശിഷ്യന്മാരോടു പറഞ്ഞതാവിതു്:—യഥാകാമംപ്രശ്നാൻപൃച്ഛത എന്നുമാത്രമല്ല, സമേക്ഷിതബന്ധങ്ങൾ ധരിയ്ക്കപ്പെട്ടുംതോറുംമാത്രമേ പ്രത്യേകവസ്തുക്കളോ, വസ്തുതകളോ, സന്നിഹിതമല്ലാത്തവല്ലകാൎയ്യവുമായി സംഘടിപ്പിയ്ക്കപ്പെട്ടുമാറാകുന്നുള്ളൂ. മാമ്പഴംതിന്നാൻ കൊതിതോന്നുമ്പോൾ പറമ്പിലിറങ്ങി, ശാഖകളുടെ ദൃശ്യബന്ധങ്ങളേ കണ്ടിട്ടു് ഏതുകൊമ്പിൽ പിടിച്ചു് ഏതുകൊമ്പിൽ ചവിട്ടികേറാമെന്നും, ഏതിൽ കേറിയിരിയ്ക്കാമെന്നും, ഏതു തന്നെ

താങ്ങുകയില്ല എന്നും നിശ്ചയിച്ചിട്ട് കുട്ടികൾ മാവിൽ കേറിയിറങ്ങുമായിരിയ്ക്കാം. ഇത്രമാത്രം സന്നിഹിതമല്ലാത്തവല്ല കാൎയ്യസാധ്യത്തേയും ആശിയ്ക്കുന്നുവെങ്കിൽ ലക്ഷ്യപ്രാപ്തിയ്ക്കനുകൂലങ്ങളായ മാൎഗ്ഗങ്ങളെ കാലേക്കൂട്ടി നിശ്ചയിയ്ക്കേണ്ടതാവശ്യമല്ലോ? അങ്ങനെ നിശ്ചയിയ്ക്കുന്നതിൽ സമേക്ഷിതബന്ധങ്ങളുടെ ധാരണയും അന്തൎഭവിയ്ക്കുന്നു. ഉദാഹരണത്തിന്, ഒരുവൻ കാല്പന്തടിയ്ക്കുന്നതിൽ സമൎത്ഥനാകാൻ ആഗ്രഹിയ്ക്കുന്നു എന്നിരിയ്ക്കട്ടെ. അവനെന്തു ചെയ്യും? കാല്പന്തടിച്ചു ശീലിയ്ക്കും. ഇക്കാൎയ്യത്തിൽ എന്തു നടക്കുന്നു എന്നാലോചിക്കുക. പന്തു പോകേണ്ടദൂരത്തെ പ്രമാണമാക്കി പ്രയോഗിയ്ക്കേണ്ട ശക്തിയെ ക്രമപ്പെടുത്തുന്നു; പന്തിന്റെ ഗതിയെനോക്കി കാലിന്റെ തിരിവുകളെ ശരിപ്പെടുത്തുന്നു; ശക്തിയുടെ മിതവ്യയത്തെ ഉദ്ദേശിച്ച് അടയ്ക്കേണ്ട കാററിന്റെ അളവു നിൎണ്ണയിയ്ക്കുന്നു. ഓരോന്നിലും ഓരോ ബന്ധത്തെ സമേക്ഷണ വൃത്തിമൂലം അവൻ സ്വ മനസ്സിൽ സ്ഥാപിയ്ക്കുയല്ലെ ചെയ്യുന്നതു്. ഇത്തരം ബന്ധം ഓരോന്നും കേവലമായി--അന്യാപേതമായി—ഗ്രഹിയ്ക്കപ്പെടുമ്പോൾ സ്ഥിരവൎത്തിയായി കാണപ്പെടുകയും, അഭിനവകാൎയ്യസിദ്ധിയ്ക്കായി പ്രയോഗിയ്ക്കപ്പെടുകയും ചെയ്യുന്നു; നിൎവ്വചിയ്ക്കപ്പെട്ടാൽ ഓരോന്നും പ്രകൃതിശക്തിവിജ്ഞാനീയനിയമമായിത്തീരുകയും ചെയ്യും.

(c) സ്ഥിരപ്രയത്നം—ഏതുവൃത്തിയും, കായികമായാലും, മാനസികമായാലും, വല്ലതിനും പ്രയോജനപ്പെടണമെന്നുള്ള പക്ഷം, താല്ക്കാലികപ്രയത്നത്തിനുമാത്രം ഒരുക്കമുള്ളതായിരുന്നാൽ പോരാ; വിഷമഘട്ടങ്ങളിൽ നിസ്തന്ദ്രമായ സ്ഥിരപ്രയത്നത്തെപ്രവഹിപ്പിയ്ക്കുന്നതായിരിയ്ക്കണം. ചേതസ്സമാകൎഷകങ്ങളായ നാനാസമ്പ്രദായങ്ങളെക്കൊണ്ടും വിദ്യാൎത്ഥി

കളുടെ ഉള്ളിൽ ശ്രദ്ധയേയും താല്പൎയ്യത്തേയും ജനിപ്പിച്ചുവരുന്ന ബോധനക്രമം ശിക്ഷോപയുക്തമെന്നു ഗണിക്കപ്പെടാവുന്നതല്ല. ഇതു് വാസ്തവമായ ശ്രദ്ധയേയോ താല്പൎയ്യത്തേയോ ഉണ്ടാക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു രണ്ടിൻെറയും മുഖ്യലക്ഷണമായ സ്ഥിരപരിശ്രമം കാണപ്പെടണമല്ലോ. സാധാരണ ക്ലാസുകളിൽ കാണപ്പെടുന്ന താല്പൎയ്യം ഒരുമാതിരി സന്തോഷാഭാസമായ ഇളക്കമത്രേ. ഏതെങ്കിലുമൊന്നു ചെയ്യണമെന്നോ അറിയണമെന്നോ ഉണ്ടായദൃഢോദ്ദേശത്തിൻെറ പ്രകടനമല്ല. അങ്ങനെയുള്ള ദൃഢോദ്ദേശം തോന്നാതെ, സാക്ഷാൽ ശിക്ഷായപ്രയത്നം ഉണ്ടായി എന്നു പറയാവുന്നതാണോ? തനിയ്ക്കു് താല്പൎയ്യം തോന്നുന്നഏതെങ്കിലും ഒരുകാൎയ്യം സാധിയ്ക്കാനായ്, തന്നാലാകുന്ന സ്ഥിരപരിശ്രമം ചെയ്യുതിന് അദ്ധ്യേതാവിനെ നയിച്ചു് ശീലിപ്പിയ്ക്കുന്നതു് മറെറന്തൊന്നാണ്? ഫലപ്രദമായ ബോധനത്തിൽ ഉദ്ദിഷ്ടഫലത്തെ വിദ്യാൎത്ഥികൾ അറിയുകയും ആഗ്രഹിക്കുകയും, പ്രാപിയ്ക്കുയും ചെയ്യുന്നു. അദ്ധ്യാപകൻ നിശ്ചയിയ്ക്കുന്ന ഓരോപ്രമേയവും, ഓരോ പ്രയോഗവും എല്ലാകുട്ടികളും ആഗ്രഹിച്ചു എന്നു വരികയില്ലായിരിയ്ക്കാം; എന്നാൽ ഏതുകാൎയ്യത്തിനായ് പാഠം കരുതപ്പെട്ടിരിയ്ക്കുന്നു എന്നു് അറിയാത്ത യാതൊരു കുട്ടിയുടെ ഉള്ളിലും ഈമാതിരി ആഗ്രഹം ജനിയ്ക്കുന്നതേയല്ല. പ്രാപിയ്ക്കേണ്ടതായ ഫലത്തെ സൂചിപ്പിയ്ക്കാതെ—ഫലശ്രുതിപാടാതെ—പാഠത്തിൽ താല്പൎയ്യംജനിപ്പിക്കുന്ന കാൎയ്യം പ്രയാസംതന്നെ. പ്രയോജനം വ്യക്തമല്ലാത്തകാൎയ്യത്തിൽ ആൎക്കു താല്പൎയ്യം ജനിയ്ക്കുന്നു. താല്പൎയ്യംകൂടാതെ ചെയ്യുന്ന പ്രവൎത്തി തൃപ്തികരമാകുന്നതുമല്ല. അതിനാൽ ഉത്തമോദ്ദേശങ്ങളെ രൂപവത്കരിച്ചു് അവയെസാധിയ്ക്കുന്നതിനായ് തങ്ങളാലാകുന്ന മുഴുവൻ ആലോചനാശക്തിയേയും പ്രവൎത്ത

സംപാദവത്തേയും വിനിയോഗിയ്ക്കുന്നതിനു് അദ്ധ്യേതാക്കാംക്കുകിട്ടുന്ന പ്രേരണയാണു് ബോധനവിജയത്തിൻെറ മാനദണ്ഡം.

ബോധനരീതി. മുൻപറഞ്ഞതിൽ അന്തർഭവിയ്ക്കുന്നതു് ബോധനം ക്രമാനുഗതമായിരിയ്ക്കണമെന്നാണു്. ബോധനരീതി ബോധകൻെറ പാഠക്കുറിപ്പിൽ പ്രദർശിപ്പിയ്ക്കപ്പെടുന്ന അചേതനമായ വിഷയവ്യൂഹമല്ല; നിർദ്ദിഷ്ടലക്ഷ്യത്തെനോക്കി, ഉത്തമവും ഫലവത്തരവുമായ പന്ഥാവിൽക്കൂടി, അദ്ധ്യേതാവിനെ പ്രചലിപ്പിയ്ക്കുന്നതിനു് അവൻെറ ഉള്ളിൽ ഉത്ഭവിയ്ക്കുന്ന ചൈതന്യവിലാസമാകുന്നു. ക്രമാനുഗതമായ ബോധനം ക്രമാനുഗതമായ അധിഗമനത്തെ ഫലിപ്പിയ്ക്കുന്നതത്രെ. അധ്യാപകൻ മാർഗ്ഗപ്രദർശകനും, അദ്ധ്യേതാവു് അപരിചിതദേശത്തിലെ ഒരു പ്രയാണിയുമാണു്. ചെന്നെത്തേണ്ട സ്ഥാനം മാത്രമേ പ്രയാണി കേട്ടിട്ടുള്ളു; നിർദ്ദിഷ്ടസ്ഥാനത്തേയ്ക്കുള്ള മാർഗ്ഗമോ, ആ സ്ഥാനത്തിൻെറ പ്രത്യേക ലക്ഷണങ്ങളോ ഒന്നും തന്നെ അയാറംക്കു രൂപമില്ല; മാർഗ്ഗപ്രദർശകനു് രണ്ടും അറിയാം; പ്രയാണിയിരിയ്ക്കുന്ന സ്ഥലത്തുനിന്നും എത്തേണ്ട സ്ഥലത്തേയ്ക്കുള്ള പ്രസ്ഥാനക്രമത്തെ അയാറം രൂപവത്കരിയ്ക്കുന്നു. അതും സുഗമതമമായ പന്ഥാവിൽക്കൂടിയാണു്. ഇത്തരംപ്രസ്ഥാനക്രമസ്വരൂപണത്തോടുപമിയ്ക്കാം അധ്യാപകൻെറ ബോധനക്രമസ്വരൂപണത്തേയും. അധ്യാപകൻ ചെയ്യുന്നതും മറെറാന്നുമല്ല; അദ്ധ്യേതാവു് കണ്ടു കടന്നുപോകേണ്ട വിഷയത്തേയും ക്രമത്തേയും കാണിയ്ക്കുകമാത്രമാണു്. പ്രയാണി—അദ്ധ്യേതാവു്—തന്നെപ്രസ്ഥാനകാര്യത്തെ നിർവഹിയ്ക്കുന്നില്ലെങ്കിൽ ലാഭമൊന്നുമില്ല. ഊണും കഴിഞ്ഞു തുണംചാരി ഉറച്ചിരുന്നുകേറംക്കുന്ന ഉദ്ദിഷ്ടപ്രയാ

ണിയോട് മാർഗ്ഗപ്രദർശകൻ ജല്പിയ്ക്കുന്ന പ്രസ്ഥാനവിവരണ ത്തെപ്പോലെ പല പാഠങ്ങളും കാണപ്പെട്ടുന്നുണ്ട്. പ്രയാ ണിയാകേണ്ടവൻ സ്ഥാനംവിട്ടിളകാതിരിയ്ക്കെ, വഴികാട്ടി തന്നെ പണിപ്പെട്ട് പലകുറി യാത്രമുഴുവൻകഴിച്ച് മടങ്ങു ന്നതുപോലെ കാണപ്പെടുന്ന പാഠങ്ങളുമനവധിയാണ്. എത്രവിസ്മയനീയമാംവണ്ണം ഒരുക്കപ്പെട്ടിരുന്നാലും നിശ്ചി തമാർഗ്ഗത്തുക്കൂടി അധ്യേതാക്കൾതന്നെ സ്വയം സഞ്ചരിയ്ക്കു ന്നില്ലെങ്കിൽ ആ പാഠം സമീചീനമോ ക്രമാനുഗതമോ എ ന്ന് കരുതപ്പെടുന്നതല്ല; വാസ്തവത്തിൽ അധ്യാപനം നട ക്കുന്നതുമില്ല; അധിഗമനവൃത്തിയെ ഉദ്ദീപിപ്പിച്ച് നയി ക്കാത്ത യാതൊന്നുംതന്നെ ബോധനമാകുന്നതല്ലെന്നു മുമ്പേ തന്നെ കണ്ടുവല്ലോ.

(a) ഉദ്ദേശം—ബോധനംപര്യാപ്തമായിരിക്കണമെന്നുക രുതുന്ന അധ്യാപകൻ ഗണപതിക്കുകുറിയ്ക്കേണ്ടതു് പ്രസ്തുത വിഷയം പഠിയ്ക്കുന്നതെന്തിനെന്ന് യഥാശക്തി അധ്യേതാ ക്കളെ ധരിപ്പിച്ച് അവരെ പ്രവർത്തനഭാഗഭാക്കുകളാക്കുക യാണ്. ബോധനം കൊണ്ടു ഉദ്ദേശിയ്ക്കപ്പെടുന്നതും ആ ശിയ്ക്കപ്പെടുന്നതുമായ പലേ നന്മകളെപ്പററി ഒരു വിവര രണം നൽകീട്ടു അധ്യാപകൻ പാഠമാരംഭിയ്ക്കണമെന്നല്ല വിവക്ഷിയ്ക്കപ്പെടുന്നതു്. അതു് വിഫലമത്രെ. കുട്ടികൾ ക്കുണ്ടോ ദീർഘദർശിത്വം. അവരറിയേണ്ടതും ചെയ്യേണ്ടതു മായ കാര്യങ്ങളെ അറിയുന്നതിലും ചെയ്യുന്നതിലും അവരെ സഹായിയ്ക്കുമെന്നുള്ളമട്ടിൽ—പാഠവിഷയം പ്രയോജന പ്പെടുമെന്ന്—അധ്യേതാക്കളെ ധരിപ്പിയ്ക്കണമെന്നേ ഉള്ളൂ. അനുകരണവിശിഷ്ടമായ ബാല്യദശയിൽ ചുററുമുള്ളവർ ചെയ്യുന്നതും അറിയുന്നതും ചെയ്യാനും അറിയാനും അധ്യേ താക്കൾ സാധാരണ ഉൽസുകന്മാരായിരിയ്ക്കുന്നതുകൊണ്ടു്

അതത്രപ്രയാസമല്ല. മററുള്ളവക്കൊപ്പം ഇരിയ്ക്കണം, ആകണം, എന്ന് ഓരോരുത്തനും ഉണ്ടാകുന്ന ആഗ്രഹംതന്നെ പ്രയത്നപ്രേരകമാണ്. ഇതിനെ ആധാരമാക്കി ബോധനം ആരംഭിയ്ക്കാം. ഈ ആഗ്രഹത്തെ അധ്യാപകൻ ഉദ്ദീപിയ്ക്കാം. ഒന്നിളക്കിക്കഴിഞ്ഞാൽ, വർദ്ധമാനമായ പ്രയോഗപാടവത്തിനാകട്ടെ അറിവിനാകട്ടെ, സ്വയം പ്രേരകശക്തിയുള്ളതുകൊണ്ട്, ആ പാടവത്തേയോ അറിവിനേയോ വർദ്ധിപ്പിയ്ക്കാൻ മോഹം വളരുന്നു. സിദ്ധിയ്ക്കുന്ന മാത്രയിൽ തന്നെ ആ പാടവത്തേയും അറിവിനേയും ഉപയോഗിയ്ക്കയും പ്രയോഗിയ്ക്കയും ചെയ്യാൻ അധ്യാപകൻ ബദ്ധശ്രദ്ധനായിരുന്നാൽമതി. സ്വപ്രയത്നഫലത്തെ അധ്യേതാക്കൾ മതിയ്ക്കണമെന്നേ ഉള്ളൂ.

ലക്ഷ്യത്തെ അപേക്ഷിച്ച് അധ്യേതാവിൻെറയും അധ്യാപകൻെറയും നില വേറേവേറയാണ്. അധ്യാപകൻ അതിനെ സൂക്ഷ്മമായും വിശദമായും അറിയുന്നു. എന്നാൽ അധ്യേതാവിൻെറ അറിവോ സന്നിഗ്ദ്ധരൂപത്തിലാണിരിയ്ക്കുന്നതു്. അധിഗതബന്ധങ്ങളോടു ഘടിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നതുകൊണ്ടും പ്രയോജനകരമാണെന്നുകാണപ്പെടുന്നതുകൊണ്ടും, സ്പൃഹണീയമായ ഉത്കൃഷ്ടജ്ഞാനലാഭത്തിനായ് കടന്നുപോയ്തീരേണ്ടതാണെന്ന് കരുതപ്പെടുന്നതുകൊണ്ടും ആയതു് ആഗ്രഹിയ്ക്കപ്പെടുന്നു എന്നേ ഉള്ളൂ. ഉദാഹരണമായ്, അധ്യാപകൻ അധ്യേതാവിൻെറ ഉള്ളിൽ ഒരു പമ്പരംഉണ്ടാക്കുന്ന സമ്പ്രദായത്തെപ്പററി ജിജ്ഞാസ ജനിപ്പിയ്ക്കുന്നു എന്നിരിയ്ക്കട്ടെ. ജിജ്ഞാസഎന്നു പറഞ്ഞപ്പോൾതന്നെ ശിഷ്യൻ അതു ഗ്രഹിച്ചിട്ടില്ലെന്നു തീർച്ചയാണല്ലോ. സാധ്യത്തെപ്പററി അവനുള്ള ധാരണയ്ക്കു് രൂപമൊന്നുമില്ല. ഈ ബോധാവ്യക്തത എല്ലാരുടേയും ഉള്ളിൽ ഒന്നു

പോലെ അല്ല കാണപ്പെടുന്നതു്. പക്ഷെ, വയസ്സുകുറഞ്ഞ കുട്ടിയുടെ ബോധാവ്യക്തതയ്ക്കു ബലംകുറയും. കൊച്ചുകുട്ടികൾക്കു സംശയമുണ്ടാകുന്നതു ചുരുക്കമെല്ലെ. അദ്ധ്യാപകന്റെ ആശയങ്ങൾ സ്വച്ഛസുനിശ്ചിതങ്ങളായിരിക്കുന്നില്ലെങ്കിൽ ബോധനം നിശിതമോ ക്രമോപേതമോ ആയിരിയ്ക്കുന്നതല്ല; ലക്ഷ്യപ്രാപ്തി സുലഭവുമല്ല; പ്രാപിയ്ക്കുന്നവെങ്കിൽ സ്ഥവിരലഗുഡന്യായേന (വൃദ്ധൻ വടികൊണ്ടു കുത്തുന്നതു് ലാക്കിൽതന്നെ പക്ഷേ കൊണ്ടേക്കാവുന്നമട്ടിൽ) ആയിരിയ്ക്കാം.

(b) പ്രയത്നമിതവ്യയം—ക്ലിപ്തലക്ഷ്യം കഴിഞ്ഞാൽ ഉത്തമബോധനത്തിന്റെ അടുത്തലക്ഷണം പ്രയത്നമിതവ്യയമാകുന്നു. ഉദ്ദേശസിദ്ധിയിലുണ്ടാകുന്ന ആഗ്രഹം നിമിത്തം പ്രേരിപ്പിയ്ക്കപ്പെടുന്ന പ്രയത്നത്തെ ഒട്ടുംതന്നെ വ്യർഥാവ്യയം കൂടാതെ പരിപാലിയ്ക്കയും വിനിയോഗിയ്ക്കയും ചെയ്യണം. അനുചിതപ്രാരംഭമോ വ്യതിചലനമോ ആണു് പ്രയത്നദുർവ്യയകാരണം. അതുകൊണ്ടു ബോധനം അദ്ധ്യേതാക്കളുടെ മുന്നറിവിനെ പൂർണ്ണമായ് ആശ്രയിച്ചുവേണം ആരംഭിയ്ക്കാൻ. മുന്നറിവിനെ ഉള്ളതിൽ കൂടുതലായോ കുറവായോ ഗണിയ്ക്കുന്നതും ദുർവ്യയഹേതുവായ് വരും. ഈ മുൻകരുതലുകളോടുകൂടി ലക്ഷ്യത്തെ നോക്കി ക്രമമായും തുടർച്ചയായും യാത്രചെയ്താൽ അദ്ധ്യേതാവിന്റെ ചിത്തവൃത്തി സഞ്ചരിയ്ക്കേണ്ട നേരായ മാർഗ്ഗം തെളിയ്ക്കപ്പെടുന്നതാണു്. ഇപ്രകാരമുള്ള പരിശീലനം ജീവിതത്തെയും ക്രമവും തുടർച്ചയും ഉള്ളതാക്കിത്തീർക്കും.

(c) അനന്തരിതപ്രാരംഭം—ലക്ഷ്യം ഇന്നതാണെന്നു ചൂണ്ടിക്കാണിയ്ക്കയും ലക്ഷ്യപ്രാപ്തിയിൽ താല്പര്യം ജനിപ്പിയ്ക്കയും ചെയ്തുകഴിഞ്ഞു. അദ്ധ്യേതാക്കളുടെ മുന്നറിവു് അദ്ധ്യാ

പകൻ നിണ്ണയിച്ചിരിയ്ക്കുന്നു. ഉത്ഭവിച്ച താല്പൎയ്യം ക്ഷയോന്മുഖമാകുന്നതിനു മുമ്പായിട്ടുതന്നെ പാഠം തുടങ്ങേണ്ടതാണ്. ബാലന്മാരുടെ ശ്രദ്ധ വൎത്തമാനാന്യവിഷയത്തിൽ പ്രവേശിയ്ക്കുന്നകാൎയ്യം പ്രയാസമാകുന്നു. പാഠംതന്നെ പ്രസ്തുതവിഷയമായിക്കൊള്ളണം. അല്ലാത്തപക്ഷം അവരുടെ ശ്രദ്ധ അനാശാസ്യപന്ഥാവിൽ പ്രവേശിയ്ക്കും. ലക്ഷ്യസൂചനംനിമിത്തം ജനിപ്പിയ്ക്കപ്പെട്ട ശ്രദ്ധ മറുവഴി പാഞ്ഞതിൽപിന്നെ അതിനെ വിശ്വസിച്ചു പ്രവൎത്തിയ്ക്കുന്ന അധ്യാപകന്ന് പരാജയംതന്നെ ലാഭം. അതുകൊണ്ടു വ്യാജചലനംമൂലം വിജയം നേടുന്ന കിളിത്തട്ടുകളിക്കാരെപ്പോലെ, അധ്യാപകന്മാൎക്ക അതും ഇതും പറഞ്ഞു വിജയംനേടാവുന്നതല്ല. ആൎജ്ജവമാണ് വക്രതയേക്കാൾ ശിക്ഷാമന്ദിരത്തിൽ ശ്രേഷ്ഠതരമെന്നോൎത്ത് നേരേ നിശ്ചിതവിഷയത്തിൽതന്നെ പ്രവേശിച്ചുകൊള്ളണം.

ഈ വ്യാജവൃത്തി രണ്ടുതരങ്ങളിലാണ് സാധാരണകാണപ്പെടുന്നത്: ഒന്ന് ആവൎജ്ജന (Eliciting)ഭ്രമം ആകുന്നു. അധ്യാപകൻെറ അന്തരങ്ഗത്തിൽ മറഞ്ഞു കിടക്കുന്ന പാഠവിഷയത്തെ അധ്യേതാക്കളെക്കൊണ്ടുതന്നെ എപ്പോഴും പറയിയ്ക്കണമെന്നു മക്കെമുഷ്ടിപിടിയ്ക്കുന്ന ഈ ഭ്രമത്തിന്ന് മാമൂൽപ്രാരംഭം എന്നു പേർകൊടുക്കാം. ഇത് ഉത്തമരീതിയുടെ പ്രാണനെ എടുത്തുകളയുന്നു. അതിൻെറ പ്രാണൻ ദൃഷ്ടലക്ഷ്യവും അനന്തരിതപ്രാരംഭവുമല്ലേ? 'കാപ്പി' എന്നപാഠമാണ് പഠിപ്പിയ്ക്കാൻപോകുന്നത് എന്നിരിയ്ക്കട്ടെ. ഇന്നത്തെ പ്രാതലിന്ന് എന്തായിരുന്നു കിട്ടിയത് എന്ന് അധ്യാപകൻ ചോദിച്ചുതുടങ്ങിയാൽ ശിഷ്യന്മാരുടെ സംഖ്യയോളം ഭിന്നങ്ങളായ ഉത്തരങ്ങൾകിട്ടും. അതിൽ സ്ഥവിരലഗുഡന്യായേന 'കാപ്പി' എന്നപദം

ആവിഷ്കൃതമായി എന്നുംവരാം; കിട്ടിഎന്നതന്നെഇരിയ്ക്കട്ടെ. ഇതു് ക്ലിപ്തപന്ഥാവിൽ പ്രചലിച്ച ചൈതന്യവിലാസത്തിന്റെ ഫലമെന്നു വരുന്നതല്ലല്ലോ. അതുകൊണ്ടു് ഇത്തരംപ്രയത്നം ശിക്ഷോപയുക്തമാകയില്ല. സമയനഷ്ടവും ശ്രദ്ധാവികീർണ്ണതയും ഫലിയ്ക്കുമെന്നേ ഉള്ളു. കണ്ടമാനം ഉത്തരംപറയുന്നശീലവും വന്നുകൂടും. ആലോചനയുടെ ഫലമായ്‌വരുന്ന ഉത്തരമാണു് നമുക്കു വേണ്ടതു്. ഉദ്ദേശവിഹീനമായ മനോവൃത്തിയ്ക്കു് ഇടകൊടുക്കാതെ സാധിക്കാവുന്ന ഉചിതാവസരങ്ങളിൽ മാത്രമേ ഈ ആവർജ്ജനസമ്പ്രദായം പ്രയോഗിയ്ക്കാവൂ.

മറേറത്തരം വ്യാജവൃത്തി അതിമാത്രമായ ചോദ്യങ്ങൾമുഖേന വരുന്ന പ്രാരംഭമാണു്. പാഠവിഷയത്തിന്റെ വല്ല മൂലയ്ക്കും, അകന്ന സാദൃശ്യമെങ്കിലും ഉള്ള എല്ലാവിഷയങ്ങളേയുംപററി ചോദിയ്ക്കുകയാണു് അധ്യാപകൻ ചെയ്യുന്നതു്. കററാഴത്തടിപോലെ നീണ്ടുപോകുന്ന വാങ്മയസജ്ജീകരണത്തിൽ സമയവും, ലക്ഷ്യസൂചനം കൊണ്ടു സമ്പാദിച്ച ശ്രദ്ധയും നഷ്ടമാകുന്നു. ഒരു മനസ്സല്ല, പലതാണു്, ക്ലാസിൽ പ്രവത്തിയ്ക്കുന്നതു്. എല്ലാ മനസ്സിലും, ഒന്നുപോലെ, ഈ ദീർഘസജ്ജീകരണം ഫലത്തെ ഉണ്ടാക്കുന്നതല്ല. ചിലരെ സംബന്ധിച്ചിടത്തോളം ഉചിതമനോവൃത്തിയ്ക്കു് അതു പ്രതിബന്ധമായും വരാം. അധ്യേതാക്കളുടെ ശ്രദ്ധയെ മറുവഴി പായിയ്ക്കുന്ന ഇത്തരം പ്രാരംഭവും നല്ലതല്ല

സ്വയമേവ സാധിയ്ക്കാൻ അധ്യേതാക്കൾക്കു് ഉത്സാഹം ഉണ്ടാകത്തക്കവണ്ണം ഉദ്ദേശത്തെ കഴിയുന്നതു ചുരുക്കമായ് പ്രസ്താവിച്ചിട്ടു് മുന്നറിവിനെ തുടർന്നു്, ലക്ഷ്യപ്രാപ്തിയ്ക്കൊത്ത വഴിപിടിച്ചു്, അവരെ നയിയ്ക്കണം. അധ്യേതാക്കളുടെ മുന്നറിവു് അധ്യാപകന്നു് എത്രമാത്രം നിശ്ചയമു

ണ്ടോ അത്രമാത്രം വേഗത്തിലും തൃപ്തികരമായും പാഠം നടത്താം. ബോധനരീതി നിർണ്ണയിയ്ക്കുംമുമ്പേതന്നെ, എവിടെനിന്നും തുടങ്ങണമെന്ന് അറിഞ്ഞേ കഴിയൂ. ഈ പ്രാരംഭനിർണ്ണയം—അദ്ധ്യേതാക്കളുടെ ഉള്ളിൽ അധ്യാപകൻ പ്രവേശിച്ചുകൊള്ളുന്ന സമ്പ്രദായം—ആകുന്നു, അധ്യാപകൻ ഗ്രന്ഥകീടമോ, അനുഗൃഹീതനേതാവോ എന്നു കാണിയ്ക്കുന്നത്. അദ്ധ്യേതാക്കളുടെ സ്ഥിതിയും അവർ ആശ്രയിയ്ക്കേണ്ട ഗതിയും അറിയുന്നതത്രേ ബോധനകാര്യത്തിൽ പ്രഥമകരണീയം.

(d) ക്രമഗതി—പ്രാരംഭത്തിൽ സമയവും ശക്തിയും നഷ്ടംവരാതെ സൂക്ഷിയ്ക്കുന്നതുകൊണ്ട് കർത്തവ്യം മുഴുവനാകുന്നതല്ല; ലക്ഷ്യപ്രാപ്തിയ്ക്കുള്ള മാർഗ്ഗത്തിലും അത്തരം നഷ്ടംവരാതെ സൂക്ഷിയ്ക്കണം. അതാണ് ബോധനലക്ഷണം. ശിഷ്യഗണത്തിന്റെ പ്രയത്നത്തെ നിഷ്പ്രതിബന്ധമായി നിശ്ചിതപന്ഥാവിൽ നയിയ്ക്കുകയല്ലേ അധ്യാപകധർമ്മം. അതിനു പ്രത്യേക സാമർത്ഥ്യം വേണം. ബോധനവിഷയം മുഴുവനും ക്രമപ്പെടുത്തി പ്രത്യേക ഭാഗങ്ങളാക്കി, ദൈനികാംശങ്ങളായ് പിരിച്ച് ഒരുക്കിയാലല്ലാതെ ബോധനവിജയം സാധ്യമല്ല. അംശങ്ങൾ, വിചിതരങ്ങളായേന ഒന്നിൽ നിന്നും മറെറാന്നതടവിയ്ക്കാത്തവയെങ്കിലും, തമ്മിൽ ബന്ധിയ്ക്കപ്പെട്ടിരിയ്ക്കണം; എങ്കിലെ വിജ്ഞാനവ്യൂഹമാകട്ടെ പ്രയോഗകുശലതയാകട്ടേ സുഘടിതമായ് പരിണമിയ്ക്കൂ. ഇത് നൈയ്യായികശാസ്ത്രജ്ഞാനത്തേ ആശ്രയിയ്ക്കുന്നതാകുന്നു.

ഇപ്രകാരം ബോധനക്രമത്തെ നിർണ്ണയിച്ചിട്ട്, അദ്ധ്യേതാക്കൾക്ക് സമഗ്രമായ അറിവോ, പാടവമോ, സ്വായത്തമാകുന്നതെങ്ങനെയെന്ന് ചിന്തിയ്ക്കണം. അവരുടെ ശേഷിയ്ക്കനുസരണമായൊരംശം ഓരോ ദിവസത്തേയ്ക്കും

നിക്കിവയ്ക്കുക. "കൊൾവോൻ കൊൾവകൈയറിന്തവനു ളംകൊള". (ശിഷ്യൻ ഗ്രഹിച്ചുകൊള്ളാവുന്ന മാത്രയറിഞ്ഞു്, അതു് അവൻെറ മനസ്സിൽ പതിയത്തക്കവണ്ണം ബോധനം നടത്തണം) എന്നാണു് പവണന്തിമുനിയും കല്പിച്ചിട്ടുള്ളതു്. ശേഷിയെ കവിഞ്ഞൊരംശം നിശ്ചയിച്ചാൽ അന്നത്തെ പാഠത്തിൽ അവധാനത പററുകയും അധ്യാപകനെ അനുഗമിയ്ക്കാൻ ശക്തരാകാത്ത അധ്യേതാക്കൾക്കു കുണ്ഠിത വന്നുകൂടുകയും ചെയ്യും. രണ്ടുവിധത്തിലും ഉന്മേഷനാശവും മാനസതന്ദ്രിയും ഫലിയ്ക്കും. ഈ ദോഷങ്ങൾ ശിക്ഷകഴിയ്ക്കുന്നവക്കു പററുകയാണെങ്കിൽ ശിക്ഷകഴിയ്ക്കാതിരിയ്ക്കുയാണു് നല്ലതു്. മാത്രാനിണ്ണയം മനശ്ശാസ്ത്രജ്ഞാനത്തെ ആശ്രയിയ്ക്കുന്നു.

(f) അധ്യയനോദ്ദീപനം. ആവശ്യമുള്ള ചിത്തവൃത്തികളെ അധ്യേതാക്കളിൽ ഉത്പാദിപ്പിയ്ക്കുന്നതെങ്ങനെയെന്നാണു് അധ്യാപകൻെറ അടുത്ത ആലോചന. ഇതു് ഓരോ പാഠത്തിൽ ഓരോ തരത്തിലായിരിയ്ക്കും. മനശ്ശാസ്ത്രതത്വങ്ങളനുസരിച്ചു്, സാധാരണ ചിത്തവൃത്തികളെ അറിഞ്ഞു്, ആവശ്യമുള്ള വൃത്തികളെ ആദ്യം നിണ്ണയിയ്ക്കണം. അത്തരം ചിത്തവൃത്തികളെ ജനിപ്പിയ്ക്കാനുള്ള മാൎഗ്ഗങ്ങളെ നൈയ്യായികരീത്യാ തെളിയ്ക്കണം. ഇപ്രകാരം ഒരുങ്ങിവന്നാലും അവസരോചിതം അല്പമല്പം ഭേദം വരുത്തേണ്ടിവരും. അതിനു് അനുഗ്രഹീതാധ്യാപകന്മാർ സന്നദ്ധരായിരിയ്ക്കുയും ചെയ്യും. മററുള്ളവക്കു ചിരപരിചയംമൂലം ശേഷിവരാം. ലക്ഷ്യോന്മുഖരായിരിയ്ക്കുന്നവക്കു ഇത്തരം ചില്ലറ വ്യതിചലനങ്ങൾ കുണ്ഠിതയെ ജനിപ്പിയ്ക്കുന്നതല്ല. അധ്യേതാക്കൾ സ്വീകരിയ്ക്കേണ്ട ഗതിയെ വിസ്മരിയ്ക്കരുതെന്നേ ഉള്ളൂ. വ്യതീയാനം വന്നുപോകുന്നു എങ്കിൽ സ്വന്തം പന്ഥാവിലേയ്ക്കു് അവരുടെ ചിത്തവൃത്തി

യെ ആനയിയ്ക്കാൻ തക്ക ആശയങ്ങളെ ചൂണ്ടിക്കാണിയ്ക്കണം. പ്രഥമോദ്ദേശത്തെ ഓൎമ്മിപ്പിയ്ക്കുയാകുന്നു അതിനുള്ള ഉപായം. അദ്ധ്യാപകൻ കണ്ണടച്ചുകൊണ്ട് അദ്ധ്യേതാക്കളുടെ വഴിയ്ക്കു പൊയ്യോകുന്നതിലാണ് വ്യതിയാനം അധികവും വരുന്നതു്. സംഭാഷണപാഠങ്ങളിൽ വ്യതിയാനംവരാതെ പ്രത്യേകം സൂക്ഷിയ്ക്കണം. ഉപപാദനരീതിയിലുള്ള പാഠങ്ങളിലും സൂക്ഷിയ്ക്കേണ്ടതുതന്നെ. ഇതുകളിൽവ്യതിയാനം കാട്ടുതീപോലെ പടൎന്നേയ്ക്കാവുണ്ട്. എന്നാൽ ഒരു വസ്തുവിൻേറയോ, വസ്തുതയുടേയൊ നാനാമുഖങ്ങളായ അറിവ് സമ്പാദിയ്ക്കാനുള്ള പാഠങ്ങളിൽ ഈ ന്യൂനത അത്ര തെളിയുന്നതല്ല. ഇവിടെ എല്ലാ അംശങ്ങളും അദ്ധ്യേതാക്കളുടെ ഉള്ളിൽ പതിഞ്ഞാൽ മതിയല്ലോ. മുറതെററിയെന്നു വച്ചിട്ട് ബോധനം ആക്ഷേപാൎഹമാകുന്നില്ല; എന്നാൽ അംശങ്ങളുടെ പരസ്പരസംബന്ധമോ ഓരോ അംശത്തിനും മുഴുവൻ വിഷയത്തിനും തമ്മിലുള്ള സംബന്ധമോ വിശദമാകുന്നില്ലെങ്കിൽ ആക്ഷേപാൎഹംതന്നെ

അംശഗ്രഹണംമൂലം വിഷയം മുഴുവനും അദ്ധ്യേതാക്കളുടെ മനസ്സിൽ സുഘടിതമായ് പതിയുന്നതിനും സാക്ഷാൽ അധ്യയനപ്രയത്നമായ ശ്രദ്ധയെ ഉത്പാദിപ്പിയ്ക്കുന്നതിനും സഹായമായിട്ടാണ് വിഷയവിശകലനവും ആസൂത്രണവും ചെയ്യുന്നതു്. പല വൈഷമ്യങ്ങളേയും സ്വപ്രയത്നംകൊണ്ടുതന്നെ തരണം ചെയ്യുന്നതിനു് അദ്ധ്യേതാക്കളെ വിടാവുന്നതാണു്. എന്നാൽ വിഷയവിശകലനവും ആസൂത്രണവും ആ തരത്തിൽ പെട്ടവയല്ല. വിഷയജ്ഞാനം പൂൎണ്ണമായുള്ളവൎക്കേ അതു് ക്ഷിപ്രസാദ്ധ്യമാവു എന്നുള്ളതിനാൽ അതു വിദ്യാൎത്ഥികളെ ഭരമേല്പിയ്ക്കാൻ പാടില്ലാത്ത കൎത്തവ്യകൎമ്മമാണെന്നു് അദ്ധ്യാപകൻ കരുതേണ്ടതുതന്നെ. വിദ്യാൎത്ഥികൾതന്നെ എല്ലാം ചെയ്തുകൊള്ളാൻ അനുവദി

ക്കുന്നതും, വിദ്യാൎത്ഥികൾക്കുവേണ്ടി അധ്യാപകനതന്നെ എല്ലാം ചെയ്യിട്ടു അവരെക്കൊണ്ടു തലകുലുക്കിയ്ക്കുന്നതും ഒന്നുപോലെ ദോഷാവഹമാണ്. ഈവകദോഷങ്ങൾ പലപ്പോഴും നാം വരുത്താറുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. വരുന്നവരുന്ന വൈഷമ്യങ്ങളെയെല്ലാം ഉടനടിമാറുന്നതിനായ് വല്ലതും പ്രസ്താവിയ്ക്കാനോ സൂചിപ്പിയ്ക്കാനോ പ്രശ്നംചെയ്യാനോ അധ്യാപകൻ സന്നദ്ധനാവുകയാണെങ്കിൽ, പരാശ്രയം എന്ന ദുശ്ശീലം വിദ്യാൎത്ഥികൾക്കു വിട്ടുമാറാത്ത വിധം, വന്നുപററും. ക്രമാനുഗതമായ ശ്രദ്ധയിൽ പരിശീലനം ലഭിയ്ക്കായ്കനിമിത്തം, രീതിഎന്നതോ, സ്ഥിരപ്രയത്നം എന്നതോ അവരറിയുന്നില്ല. അധ്യാപകസഹായത്തോടുകൂടി അവരെടുത്തുവയ്ക്കുന്ന ഒററയോററയടിയെ അവർ ഗൌനിയ്ക്കുന്നുള്ളു. അധ്യാപകൻെറ അതിസൂക്ഷ്മബോധനവിധാനത്തിൽ ഏതുദ്ദേശത്തോടുകൂടി അവർ പുറപ്പെട്ടുവോ അതു മറയുന്നു. ഇത്തരം വിദ്യാൎത്ഥി സ്വയംപ്രതീക്ഷിച്ച വഴിചവട്ടി ഉദ്ദിഷ്ടസ്ഥാനത്തെത്തുന്ന സഞ്ചാരിയാകുന്നില്ല; വഴികണ്ടുപോകുന്ന മറെറാരുവൻെറ പുറകെ അടിയെടുത്തുവയ്ക്കുന്ന അന്ധനെപ്പോലെയാകുന്നതേയുള്ളൂ. അന്ധന്മാൎക്കു അതാതടിയെപ്പററിയല്ലാതെ ലക്ഷ്യത്തെപ്പററി ചിന്തയുണ്ടോ? പ്രായപൂൎത്തിവന്നവരെപ്പോലെതന്നെ ബാലന്മാരും താന്താങ്ങളുടെ വിജ്ഞാനമയ കൈവല്യം താന്താങ്ങൾ പ്രാപിച്ചുകൊള്ളേണ്ടതാണ്. ആ പ്രയത്നത്തിൽ ഓരോരുത്തരുടേയും പന്ഥാവിൽനിന്നുപൊങ്ങുന്ന വൈഷമ്യങ്ങളെ കടന്നുപോകുന്നതിന് അവരെ സ്വാതന്ത്ര്യവും ശക്തിയുമുള്ളവരാക്കിയയയ്ക്കാനല്ലാതെ ഗത്യന്തരമില്ല.

ക്രമപ്രവൃദ്ധബോധനം എന്നാൽ ക്രമാനുഗതമായ അധിഗമനത്തിന് നൽകപ്പെടുന്ന പ്രചോദനം എന്നുവേ

ണം ഗ്രഹിയ്ക്കാൻ; അതായത്ു് ദൃഷ്ടലക്ഷ്യപ്രാപ്തിയ്ക്കായ് വഴികാണിച്ചു് ആ വഴിയ്ക്കു അദ്ധ്യേതാക്കളുടെ ഏകാഗ്രമായ സ്ഥിരപ്രയത്നത്തെ നയിയ്ക്കുക എന്നത്രെ. അദ്ധ്യാപകരുടെ വികസിതശക്തിയോ ജ്ഞാനമോ ആ സ്ഥാനത്തു കേറിക്കൊള്ളുക എന്നു് സ്വപ്നേപി വിചാരിച്ചുപോകരുതു്.

സ്ഥിരഫലം—പ്രതിപാദിച്ചുവന്ന ലക്ഷണങ്ങളം തികഞ്ഞ ബോധനം എവിടെയും ഫലഭൂയിഷ്ഠമായല്ലാതെ വരുന്നതല്ല. ഫലദായകബോധനത്തിൽ അന്തർഭവിയ്ക്കുന്നതു് ഫലപൂർണ്ണമായ അധിഗമനമാണു്, അതായത്ു ഓരോതരത്തിലുള്ള ശക്തിവികസനമാണു്. ഈ ശക്തിവർദ്ധന വിദ്യാർത്ഥിയുടെ ആകപ്പാടെഉള്ള ജീവിതോത്കഷത്തിൽ—പ്രികൃതിയുടെ ഭാവഭേദങ്ങളെ അധിഗമിയ്ക്കുന്നതിൽ കൂടുതൽനൈപുണ്യം, ഏതെങ്കിലുംഒരുകാര്യം നിർവ്വഹിയ്ക്കുന്നതിൽ കൂടുതൽനൈപുണ്യം നന്മയുടെനേർക്കുള്ള അഗാധതരമായ അനുഭാവം, എന്നിവയിൽ—പ്രത്യക്ഷമാകുന്നു. ജീവിതരണ്ടുമായ് വിദ്യാർത്ഥികൾക്കുള്ള ഓരോതരം ബന്ധമാണു് ഓരോ പാഠത്തിലും പ്രതിപാദിക്കപ്പെടുന്നതു്. വർത്തമാനത്തിൽ മാത്രമല്ല ഭാവിയിലും അത്തരം ബന്ധങ്ങളിൽ ഉത്തമ,സത്യ,പൂർണ്ണ,ഫലദായകമായവിധം ഇടപെടുന്നതിനു് അദ്ധ്യേതാക്കളെ എത്രയ്ക്കു സഹായിയ്ക്കുന്നുവോ അത്രയ്ക്കുംബോധനം ഫലപ്രദമാണെന്നു പറയാം.

അദ്ധ്യയനവിഷയത്തെപ്പററി സംസാരിയ്ക്കുന്നതിനു അദ്ധ്യേതാക്കൾക്കുള്ള സാമർത്ഥ്യത്തെ നികഷമാക്കി ഉത്തമബോധനത്തിന്റെ വിലയെ നിർണ്ണയിച്ചുകൂടാത്തതാണു്. **സംഭാഷണഭ്രാന്തമായിത്തീന്നിരിയ്ക്കുന്നുലോകം. സംഭാഷണസാമർത്ഥ്യത്തിൽ നിർവ്വഹണപാടവവും അന്തർഭവിയ്ക്കുന്നതാ**

യ് പലരും കരുതുന്നുണ്ട്. ആരോഗ്യത്തെപ്പററിയുള്ള പാഠങ്ങളുടെ വിജയം അതിനെപ്പററി അദ്ധ്യേതാക്കളെഴുതുന്ന ഉപന്യാസങ്ങളുടെ ഗുണത്തെ ആസ്പദമാക്കി നിർണ്ണയിയ്ക്കപ്പെടാവുന്നതാണോ? സ്വശരീരശുദ്ധിവരുത്താത്ത വിദ്യാർത്ഥി ശുചിത്വത്തെപ്പററി എഴുതുന്ന ഒന്നാംതരം ഉപന്യാസം ഫലദായകബോധനത്തിൻെറ തെളിവായ് വരുന്നതല്ല. പക്ഷെ വാക്യരചനാപാഠം ഫലദായകമായിരുന്നുഎന്നു തെളിയിയ്ക്കുമായിരിയ്ക്കും. ശുചിത്വത്തെപ്പററിയുള്ള ബോധനം തൃപ്തികരമായിരുന്നു എന്നു പറയാവുന്നതല്ല.

ഫലദായകത്വസിദ്ധിയ്ക്കായ് പ്രയോഗിയ്ക്കപ്പെടാവുന്നസമ്പ്രദായങ്ങൾ പലതാണ്. അഭിനവാശയങ്ങൾ ഗ്രഹിയ്ക്കപ്പെട്ടുമ്പോൾ, പ്രതിപാദ്യവിഷയത്തിൻെറ മുഖ്യാംശങ്ങളെയെല്ലാം സന്ധാനഭംഗംകൂടാതെ ആവിഷ്കരിക്കുന്നതിനുണ്ടാകുന്ന ശക്തിയും ലഭിച്ചഅറിവിനെ അടുത്ത ഉദ്ഗമനത്തിന് അടിപ്പടിയായ് പ്രയോജനപ്പെടുത്തുന്നതിനുണ്ടാകുന്ന ദൃഢനിശ്ചയവും സാമർത്ഥ്യവുംകൊണ്ടുവേണം ബോധനത്തിൻെറ ഫലദായകത്വത്തെ തെളിയിയ്ക്കാൻ. അധിഗതവസ്തുക്കളെ ഇപ്രകാരം ഘടിപ്പിച്ചു പ്രയോഗിയ്ക്കാൻ അദ്ധ്യേതാക്കളെ ശീലിപ്പിയ്ക്കുന്നതാണ് അദ്ധ്യാപകൻെറ ഒരു കർത്തവ്യകർമ്മം. പിന്നെ, പരിചിതവിഷയങ്ങളെ സംബന്ധിയ്ക്കുന്നിടത്തോളം അധിഗമനശക്തിയെ വർദ്ധിപ്പിയ്ക്കുന്നതാണ് ബോധനത്തിൻെറ മുഖ്യോദ്ദേശമെങ്കിലും ബോധനം വിജയമായി എന്നുകാണിയ്ക്കാൻ പ്രസ്തുതവിഷയത്തെ വിശദീകരിയ്ക്കുന്നതിന് അദ്ധ്യേതാക്കൾക്കു കിട്ടീട്ടുള്ള ആശയങ്ങളുടെ സ്പഷ്ടതയും സൂക്ഷ്മതയും, തത്തുല്യവിഷയങ്ങളെ വിശദീകരിയ്ക്കാൻ ആ ആശയങ്ങൾ എങ്ങനെ പ്രയോജനപ്പെടുമെന്ന് അറിയുന്നതിനുള്ള സാമർത്ഥ്യവും കൊണ്ടുവേണം. ആശയവൈശദ്യവും പ്രയോഗസജ്ജതയും സിദ്ധിയ്ക്കു

ന്നതിനാണ് അധ്യാപകൻ ഇവിടെശ്രമിയ്ക്കേണ്ടത്. ബോധനോദ്ദേശം സംഘടനസാമൎത്ഥ്യമോ നിൎവ്വഹണപാടവമോ വൎദ്ധിപ്പിയ്ക്കാനായിരുന്നാൽ ബോധനത്തിൻെറ സാഫല്യം വ്യക്തമാകേണ്ടത് സാദ്ധ്യത്തിനനുരൂപമായ് അവയവചലനം പൎയ്യാപ്തമാകുന്നതിലാണ്. ഏതാദൃശപാഠങ്ങളിൽ അധ്യാപകൻെറ ലക്ഷ്യമായിരിയ്ക്കേണ്ടത്, അനുസ്യൂതമായ് വൎദ്ധിച്ചുകൊണ്ടുവരുന്ന ചലനപൎയ്യാപ്തിയത്രെ. ഏതുതരം പാഠമായാലും ബോധനം പൎയ്യാപ്തമാണെങ്കിൽ അഭിവൃദ്ധി പടിപ്പടിയായും തുടൎച്ചയായുംവരും. ബോധനവും പടിപ്പടിയായും തുടൎച്ചയായും പോകണമെന്നു പറയേണ്ടതില്ലല്ലോ. ഓരോവൎഷത്തെ ജോലിയും സ്വയംപൂൎണ്ണമായ്കരുതി, മുമ്പും പിമ്പുംഉള്ളതിനോടു ഘടിപ്പിയ്ക്കാതെ പിരിച്ചുകളയുന്ന സമ്പ്രദായം, വാസ്തവഫലമായകൎത്തത്തെ നശിപ്പിയ്ക്കുന്നു. ബോധനത്തിൻെറ മെച്ചം, അഭിനവാശയബാഹുല്യത്തിലല്ല, അധിഗമനശക്തിയുടേയും പ്രയോഗപാടവത്തിൻെറയും ക്രമാനുഗതമായ അഭിവൃദ്ധിയിലാണ്, സ്ഥിതിചെയ്യുന്നത്. അനുസ്യൂതമായ അഭിവൃദ്ധി ക്ലാസുകളിലെ പ്രവൎത്തികളെ അന്യോന്യസംബന്ധമില്ലാത്തവയാക്കിത്തീൎത്താൽ എങ്ങനെ സാധിയ്ക്കാം? അതുകൊണ്ടു് സിംഹാവലോകനന്യായേന പാഠങ്ങളെ പരിവീക്ഷിച്ചു് ക്രമപ്പെടുത്തിയേ കഴിയൂ. പാഠപുസ്തകങ്ങൾ നിൎമ്മിയ്ക്കുന്നവരും നിശ്ചയിയ്ക്കുന്നവരും ഇക്കഥയെവിസ്മരിച്ചാൽ ഭാവിപൌരന്മാരുടെ കാൎയ്യം ദയനീയമായിത്തീരും.

അദ്ധ്യയനം—ഇനി അഞ്ചാമത്തെ അംശമായ അധ്യയനത്തെപ്പററിചിന്തിയ്ക്കാം. ശിക്ഷാക്രമപ്രതിപാദനത്തിൽഅധ്യാപകന്മാരുടെ ധൎമ്മനിൎവ്വഹണത്തെസംബന്ധിച്ചുള്ള കാൎയ്യങ്ങൾമാത്രമേ അടങ്ങുകയുള്ളൂ; അധ്യേതാക്കളുടെ

ധൎമ്മനിൎവ്വഹണത്തെപ്പററിയുള്ളവയ്ക്കു് അതിൽ സ്ഥാനമില്ല എന്നാണു് ൈ പ്പ്. ശക്തിവികസനത്തിൽ അദ്ധ്യേതാക്കളെ ശരിയായവഴിയ്ക്കു് നയിയ്ക്കേണ്ട അദ്ധ്യാപകൻ അദ്ധ്യയനത്തെപ്പററിയും അല്പം അറിഞ്ഞിരിയ്ക്കേണ്ടതാണെന്നുകരുതിയത്രേ ദ്രാവിഡാചാൎയ്യന്മാർ അതിനെയും ഒരംശമായിസ്വീകരിച്ചതു്. അദ്ധ്യയനം ശരിയായിനടക്കണമെങ്കിൽ ആദ്യമായി വേണ്ടതു് ശ്രദ്ധയാണു്. പാവപോലെ അടങ്ങിയിരുന്നു കേൾക്കണമെന്നു പവണന്തിമുനികല്പിയ്ക്കുന്നു. ശ്രദ്ധ ബലപ്പെട്ടുമ്പോൾ അത്തരം ഇരിപ്പ് സ്വയമേ വന്നുകൊള്ളും. ഇതിൽനിന്നു ഓൎമ്മശക്തിയും വികസിയ്ക്കും. അദ്ധ്യാപകൻ പറയുന്നതിനെ സശ്രദ്ധം കേട്ടുഗ്രഹിച്ചിട്ടു് അദ്ധ്യാപനം അവസാനിച്ചതിൽപ്പിന്നെ പാഠവിഷയത്തെപ്പററി പൎയ്യാലോചന നടത്തണം: "ആചാൎയ്യാൽ പാദമാദത്തേ, പാദംശിഷ്യസ്വമേധയാ" എന്നു പറഞ്ഞിട്ടുള്ളതോൎക്കുക. സ്വമേധയാ, ഊഹാപോഹവ്യാപാരംമൂലം, അദ്ധ്യേയത്തെ ശക്തി സാത്്കരിയ്ക്കുന്നതിൽ പല പല സംശയങ്ങളും വരാം സന്ദേഹനിവൃത്തിയ്ക്കു് നിശ്ചയിച്ചിരിയ്ക്കുന്നമാൎഗ്ഗം സതീൎത്ഥ്യന്മാരുമായി വാദപ്രതിവാദം നടത്തുകയാണു. അതിനെയാണു് "പാദംസബ്രഹ്മചാരിഭ്യോ" എന്നുപറഞ്ഞിരിയ്ക്കുന്നതും. അതിലുംതീരാത്ത സന്ദേഹങ്ങളെ "ആശാൎച്ചാർന്തവൈയമൈവരക്കേട്ടൽ" (ആചാൎയ്യനെ സമീപിച്ചു് സന്ദേഹനിവൃത്തി വരുത്തുക) എന്ന പവണന്തിമുനിയുടെ വാക്കനുസരിച്ചു് പ്രവൎത്തിച്ചു് തീൎക്കുക. ഇപ്രകാരം ചെയ്യുന്ന വിദ്യാൎത്ഥിയ്ക്കു് കാലക്രമത്തിൽ ജ്ഞാനവൈപുല്യം സിദ്ധിയ്ക്കുന്നതാണു്. ഈ രത്നച്ചുരുക്കത്തോടുകൂടി തത്വദീപികയെ അവസാനിപ്പിയ്ക്കുന്നു.

ഓംഗുരവേ നമഃ.

അധ്യാപകമിത്രം.

അഞ്ചാംഭാഗം.

—·*○*:—

പാഠമാതൃക

—∞—

പ്രാരംഭം:—അധ്യാപനകാൎയ്യത്തിൽ പ്രവൎത്തകന്മാർ ഓൎമ്മിയ്ക്കേണ്ട സംഗതികളെ തത്വദീപികയിൽ സംഗ്രഹിച്ചുകഴിഞ്ഞതിൽപ്പിന്നെ ആ തത്വങ്ങളനുസരിച്ച് അധ്യാപനധൎമ്മത്തെ ബോധകൻ എങ്ങനെ നിൎവ്വഹിയ്ക്കണമെന്നു ഈ അഞ്ചാംഭാഗത്തിൽ ആലോചിയ്ക്കാം. പ്രയോഗവും നിൎവ്വഹണവുമാണല്ലോ അധിഗമനത്തിന്റെ ഉത്തമഫലങ്ങൾ. ഏതു പ്രവൃത്തിയിലും പൂൎവ്വഗാമികളുടെ അനുഭവങ്ങളെ മനസ്സിലാക്കുന്നതായാൽ അനന്തരപ്രവൎത്തകന്മാൎക്ക് ആ അറിവ് മാൎഗ്ഗപ്രദൎശകമായിരിയ്ക്കുമെന്നു നിശ്ചയമാണ്. അതുകൊണ്ടു് ആ വഴിയ്ക്കുതന്നെ നമുക്കു ഒന്നു ശ്രമിയ്ക്കാം.

പ്രമാണങ്ങൾ—ബോധനശക്തിയെ നിയന്ത്രിയ്ക്കുന്നവയായി കരുതപ്പെടുന്ന പല പ്രമാണങ്ങളും ശിക്ഷാക്രമതത്വദീപികകളിൽ ഉദ്ധരിയ്ക്കപ്പെട്ടു കാണുന്നുണ്ടു്. പൂ

ദ്യാചാൎയ്യന്മാരുടെ അനുഭവങ്ങൾ ഫലീഭവിച്ചുണ്ടായ ആ ബോധനപ്രമാണങ്ങളിൽ അറിവിൽപ്പെട്ടവയെ ചുവടെ കുറിയ്ക്കുന്നു.

൧. ബോധനത്തിൽ താല്പൎയ്യം ജനിപ്പിയ്ക്കുക.

൨. ഇന്ദ്രിയദ്വാരാ ബോധനം നടത്തുക.

൩. അവലോകനത്തിൽനിന്നും ഉപപാദനത്തിലേയ്ക്കും അതിൽനിന്നും ധാരണയിലേയ്ക്കും നയിയ്ക്കുക.

൪. "പ്രവൎത്തനമൂലാഭ്യസനം" നടത്തുക.

൫. അല്പംപറഞ്ഞുകൊടുക്കയും അധികം പറയിയ്ക്കയുംചെയ്ക.

൬. അറിഞ്ഞതിൽ നിന്നും അറിയേണ്ടതിലേയ്ക്കു നയിയ്ക്കുക.

൭. എളുപ്പമായതിൽനിന്നും പ്രയാസമുള്ളതിലേയ്ക്കു നയിയ്ക്കുക.

൮. അനുഭവത്തിൽനിന്നും തത്വാനുമാനത്തിലേയ്ക്കു തിരിയ്ക്കുക.

൯. സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേയ്ക്കു്, അഥവാ, ഗുണി (പദാൎത്ഥം) യിൽനിന്നും ഗുണത്തിലേയ്ക്കു നയിയ്ക്കുക.

൧൦. കേവലത്തിൽനിന്നും മിശ്രത്തിലേയ്ക്കു് ക്ഷണിയ്ക്കുക.

൧൧. അനിശ്ചിതത്തിൽനിന്നും സുനിശ്ചിതത്തിലേയ്ക്കു കയററുക.

൧൨. സ്വാദ്ധ്യായത്തിനു പ്രേരിപ്പിയ്ക്കുക.

൧൩. എപ്പോഴും നിയതിയെ അനുകരിയ്ക്കുക.

ഇവയെപ്പററിപ്രത്യേകം പ്രത്യേകം ചിന്തിയ്ക്കുന്നതിനുമു മ്പായിട്ടുതന്നെ പ്രമാണം എന്നാലെന്തു് എന്നു് വ്യക്തമാക്കേണ്ടിയിരിയ്ക്കുന്നു. 'പ്രമയാഃകരണം പ്രമാണം' എന്നാണു് വേദാന്തപരിഭാഷ (ഒരു നൈയ്യായികശാസ്ത്രം) നിർവ്വചിയ്ക്കുന്നതു്. പ്രമാ (യഥാൎത്ഥജ്ഞാന) സമ്പാദനത്തിൽ ഉപകരിയ്ക്കുന്നതു് പ്രമാണം എന്നു വരുന്നു. മററുള്ളതൊന്നും പ്രമാണമാകുന്നതല്ല. ഈ ലക്ഷണത്തെ നികഷമാക്കി ഈ ൧൨ പ്രമാണങ്ങളേയും പരിശോധിയ്ക്കാം.

൧. ബോധനത്തിൽ താല്പൎയ്യം ജനിപ്പിയ്ക്കുക. താല്പൎയ്യം ജനിയ്ക്കുന്നില്ലെങ്കിൽ ഏതുപ്രവൃത്തിയും തൃപ്തികരമായി നടക്കുന്നതല്ല എന്നു എല്ലാവൎക്കും അനുഭവമുള്ളതാണല്ലോ. അതുകൊണ്ടു് ബോധനം ഫലദായകമാകണമെങ്കിൽ പാഠത്തിൽ വിദ്യാൎത്ഥികൾക്കു താല്പൎയ്യം ജനിച്ചേമതിയാവൂ. ബോധനത്തിൻെറ ജീവനാഡി താല്പൎയ്യമെന്നാണു് കൂറിപറയുന്നതു്. ഇതെപ്പോഴും സാധിയ്ക്കുന്നതല്ല; കുട്ടികൾക്കുണ്ടോ പഠിത്തത്തിൽ താല്പൎയ്യം എന്നു് അധ്യാപകസഹോദരങ്ങളിൽ ചിലർ പറയുമായിരിയ്ക്കാം. താല്പൎയ്യംകൂടാതെ പ്രയത്നിയ്ക്കപ്പെടുന്ന കാൎയ്യം സഫലമാവാൻ പ്രയാസംതന്നെ എന്നു നമുക്കറിയാം. ശിക്ഷാകാൎയ്യം ഏററവും പ്രധാനവും സഫലമാകേണ്ടതുമാണു്. അതുകൊണ്ടു താല്പൎയ്യം ജനിപ്പിച്ചേ കഴിയൂ. അതിനുവഴിയുംഉണ്ടു്. താല്പൎയ്യത്തിനു സംക്രമണശക്തിയുണ്ടെന്നു സഹോദരങ്ങൾ മനസ്സിലാക്കിയാൽ മതി. നമുക്കു് ഏതെങ്കിലും ഒരു സംഗതിയിൽ താല്പൎയ്യം ജനിച്ചാൽ അതിനോടു ഘടിപ്പിയ്ക്കപ്പെടുന്നതിലും താല്പൎയ്യം ജനിയ്ക്കുന്നില്ലേ? ഇതു് മനഃശാസ്ത്രസിദ്ധാന്തവുമാണു്. ഈ സംക്രമണശക്തിയെ പ്രയോജനപ്പെടുത്തി അധ്യാപകന്മാൎക്കു കാൎയ്യം നേടാം. വിദ്യാൎത്ഥികൾക്കു

ഏതിൽ താല്പൎയ്യമുണ്ടെന്നറിഞ്ഞു് അതിനോടു് സാഹച
ൎയ്യം മുതലായ ബന്ധങ്ങളിൽ നിശ്ചിതവിഷയത്തെ ഘടിപ്പി
യ്ക്കുന്നതിന്നു് അദ്ധ്യാപകൻ ശ്രമിയ്ക്കുകയും ചെയ്യാം. ഒരിയ്ക്കൽ
ഒരു പ്രഭുവിന്റെ പുത്രനെ എഴുത്തിന്നിരുത്തിയപ്പോൾ അദ്ധ്യാ
പകൻ പഠിച്ച വിദ്യ പതിനെട്ടും നോക്കീട്ടും വിദ്യാൎത്ഥി പാ
ഠത്തെ ശ്രദ്ധിയ്ക്കയില്ലെന്നു തീൎച്ചയായി. കുട്ടിയെ പള്ളിക്കൂട
ത്തിൽനിന്നു നീക്കുകയല്ലാതെ നിവൃത്തിയില്ലെന്നു കണ്ടു്
വിവരം രക്ഷാകൎത്താവിനെ ധരിപ്പിയ്ക്കാനായി പുറപ്പെട്ടു.
മാളികയേ സമീപിച്ചപ്പോൾ പ്രഭുപുത്രൻ മതിമറന്നു പ
ന്തടിച്ചു രസിയ്ക്കുന്നതിനെ ഗുരുനാഥൻ കണ്ടു; ഉടനേ ആ
നന്ദതുന്ദിലനായി സ്വഗൃഹത്തേയ്ക്കു മടങ്ങുകയും ചെയ്തു.
അടുത്തദിവസം ക്ലാസിൽ ചെന്നപ്പോൾ പ്രഭുപുത്രനും അ
വിടെയുണ്ടായിരുന്നു. അന്നത്തെപ്പാഠവും അവൻ ശ്രദ്ധി
ച്ചതേയില്ല. അദ്ധ്യാപനം അവസാനിച്ചപ്പോൾ "ഇന്നു
വൈകുന്നേരം പഴയപാഠത്തിൽ ആദ്യത്തേതിൽ ഞാൻ
ചോദിയ്ക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം പറഞ്ഞല്ലാതേ സ
ന്ധ്യയ്ക്കുമുമ്പു് ആരും ക്ലാസുവിട്ടു പോകരുതെ"ന്നു ആജ്ഞാ
പിച്ചിട്ടു് സ്വന്തമുറിയിലേയ്ക്കു പോയി. ഉച്ചയ്ക്കു ഉണ്ണാൻ
പോകേണ്ട സമയമായപ്പോൾ പ്രഭുപുത്രന്നു് ഊണിന്നാസ്ഥ
കുറഞ്ഞു. സഖാക്കൾ ഉണ്ണാൻപോയി, പ്രഭുപുത്രൻ പാഠം
പഠിച്ചുതുടങ്ങി, മററുള്ളവർ ഊണുകഴിച്ചു മടങ്ങി. പ്രഭുപു
ത്രൻ പുസ്തകവും കൈയ്യുമായിട്ടുതന്നെ ഇരിയ്ക്കുന്നു. ഉച്ചയ്ക്കു
മേലുള്ള പാഠങ്ങളും ക്രമമായി നടന്നു, മണിനാലായപ്പോൾ
പ്രഭുപുത്രൻ അദ്ധ്യാപകനെ സമീപിച്ചു, "ഞാൻ ഇന്നു ഉ
ണ്ടില്ല, അതുകൊണ്ടു് എന്നോടു് ആദ്യം ചോദ്യം ചോദി
ച്ചിട്ടു് അയയ്ക്കണം" എന്നു പ്രാൎത്ഥിച്ചു. അദ്ധ്യാപകൻ പ്ര
സന്നമുഖനായി ഒന്നുരണ്ടു ചോദ്യം ചോദിയ്ക്കുകയും പ്രഭുപു
ത്രൻ ഒരുവിധം ഉത്തരം പറകയും ചെയ്തു. ഉത്തരം തൃപ്തി

കരമല്ലെന്നും ഉണ്ണാതിരിയ്ക്കുന്നതുകൊണ്ടു നേരത്തെ അയയ്ക്കുന്നതാണെന്നും പറഞ്ഞു് പന്തടിഭ്രാന്തനെ ഗുരുനാഥൻ യാത്രയാക്കി. മററുള്ളവരേയും മുറയ്ക്കുയയ്ക്കുയും ചെയ്തു. പന്തടിഭ്രാന്തൻ വീട്ടിലെത്തിയപ്പോൾ ഉച്ചപ്പട്ടിണിവഴക്കായി. അമ്മയുടെ ദേഷ്യം കണ്ടപ്പോൾ "ഉച്ചയ്ക്കുണ്ടാൽ വൈയ്യിട്ടു പന്തടിയില്ലാണ്ടാകും എന്നു വന്നു; അതുകൊണ്ടു ഞാൻ ഉണ്ടില്ല" എന്നുപറഞ്ഞു് കാൎയ്യംഗ്രഹിപ്പിച്ചു് അമ്മയേയും അച്ഛനേയും തൃപ്തിപ്പെടുത്തീട്ടു പന്തടിയ്ക്കാനും പോയി. പന്തടിയിലുണ്ടായിരുന്ന താല്പൎയ്യമല്ലേ പാഠത്തിൽ പകൎന്നതു്. പഞ്ചതന്ത്രത്തിലെ സോമശൎമ്മാവു പ്രയോഗിച്ച മാൎഗ്ഗമെന്തായിരുന്നു? രാജകുമാരന്മാൎക്കു കഥകേൾക്കുന്നതിലാണു് ഭ്രമം എന്നു മനസ്സിലാക്കി, കഥാകഥനരീത്യാ രാജനീതി മുഴുവനും ഗ്രഹിപ്പിച്ചതോൎക്കുക. ഇങ്ങനെ താല്പൎയ്യത്തെ സംക്രമിപ്പിച്ചു് അധ്യാപകനു വേണ്ടകാൎയ്യം നേടാം. ഇതുകൂടാതെയും ഒരു വസ്തുത സ്മരണീയമാണു്. സ്വാതന്ത്ര്യത്തിനുള്ള ബലം എല്ലാവൎക്കും അറിയാം. സ്വന്തമാണെന്നു വരുമ്പോൾ ഏതിലും നമുക്കു താല്പൎയ്യമുണ്ടാകുന്നില്ലേ? ഇപ്രകാരം ഏതുവിഷയത്തിലും സ്വന്തമോ സംക്രാന്തമോ ആയ താല്പൎയ്യം ജനിപ്പിയ്ക്കാവുന്നതും ആയതു ജനിച്ചാലുടനേതന്നെ സഹോദരമായ ശ്രദ്ധ വന്നുകൂടുന്നതും ആകയാൽ പാഠം മനസ്സിൽ പതിയുന്നതുമൂലം ബോധനം വിജയപൂൎണ്ണമായിഭവിയ്ക്കുന്നതുമാകുന്നു. ഈ പ്രമാണം അനുകരണീയമാണു്. താല്പൎയ്യം, ശ്രദ്ധ, രണ്ടും മനസ്സാകുന്നപക്ഷിയ്ക്കു മുളയ്ക്കുന്ന ചിറകുകളാണെന്നും ഈ രണ്ടു ചിറകുകളും വളരുമ്പോൾ ആ പക്ഷിയ്ക്കു ഏതുവിഷയത്തിലും പറന്നു പാറുന്നതിനും പരിചയം സമ്പാദിച്ചുകൊള്ളുന്നതിനും ശക്തി ലഭിയ്ക്കുന്നു എന്നും ഓൎമ്മിയ്ക്കണം. ചിറകുമുളയ്ക്കാതെ പക്ഷി അനങ്ങുന്നതല്ലായ്കയാൽ ആദ്യമേതന്നെ ചിറകു മുള

പ്പിയ്ക്കേണ്ടതാണെന്ന് അദ്ധ്യാപകസഹോദരങ്ങൾ ഓൎക്കേണ്ടതാണ്.

൨. ഇന്ദ്രിയദ്വാരാബോധനം നടത്തുക എന്നതാണ് രണ്ടാമത്തെ പ്രമാണം. ബോധനം നടത്തുന്നതിൻെറ ഉദ്ദേശം അറിവ്—അന്തശ്ശക്തി-വൎദ്ധിപ്പിയ്ക്കുകയാണ്. അന്തശ്ശക്തി ഇന്ദ്രിയവ്യായാമത്തെ ആശ്രയിച്ചേ പ്രാഥമിക പാഠശാലയിൽ വികസിയ്ക്കുയുള്ളൂ. ഉയൎന്നതരം പാഠശാലകളിലും ഇന്ദ്രിയങ്ങളെ ആശ്രയിയ്ക്കാതെ അറിവുവൎദ്ധിയ്ക്കുന്നതല്ല. തത്വദീപികയിൽ പറഞ്ഞിട്ടുള്ളതുപോലെ ജ്ഞാനോദയം-ഈ ജന്മത്തിലെ ജ്ഞാനോദയം—ഇന്ദ്രിയജന്യങ്ങളായ ഈക്ഷയിൽ ആരംഭിയ്ക്കുന്നു. ഈക്ഷകൾ തന്നെ ജ്ഞാനഗോപുരനിൎമ്മിതിയിൽ ഇഷ്ടികകളാകുന്നതെന്നും ഓൎമ്മയല്ലോ. ഇന്ദ്രിയങ്ങളുടെ ന്യൂനതനിമിത്തം വരാവുന്ന ദോഷങ്ങൾ ചില്ലറയല്ല. അന്ധൻെറ സങ്കടങ്ങൾ മിൽട്ടൻ എന്ന ആംഗ്ലേയകവിയുടേയും ബധിരവിലാപം കേരളകവി വള്ളത്തോളിൻെറയും വാക്കുകൾകൊണ്ടു തന്നെ ഗ്രഹിയ്ക്കാവുന്നതാണ്. ശക്തിവികസനകാൎയ്യത്തിൽ ഇന്ദ്രിയങ്ങളുടെ പങ്ക എത്രമാത്രമുണ്ടെന്ന് അദ്ധ്യാപകമിത്രം പൂൎവ്വഭാഗങ്ങളിൽ പലെടത്തും വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ വിസ്തരിയ്ക്കുന്നില്ല. സാധനപാഠം, പ്രകൃതിപാഠനം, മുതലായതെല്ലാം ഈ പ്രമാണത്തെആസ്പദമാക്കി വന്നതാണ്. പ്രാഥമികപാഠശാലയിൽ ഈ പ്രമാണം ഒരു നിമിഷംപോലും വിസ്മരിച്ചുകഴിയ്ക്കാവുന്നതല്ല.

൩. അവലോകനത്തിൽനിന്നും ഉപപാദനത്തി

ലേയ്ക്കും അതിൽനിന്നും ധാരണയിലേയ്ക്കും നയിയ്ക്കുക എന്നതാണു് മൂന്നാമത്തേതു്. നേരിട്ടുള്ള അറിവുതന്നെ അറിവു എന്നു പലഘട്ടങ്ങളിലും പറഞ്ഞിട്ടുണ്ടു്. നേരിട്ടു പരിശോധിച്ചു സമ്പാദിയ്ക്കുന്ന അറിവു് അന്തരംഗത്തിൽ സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്യുന്നു. അനുഭാവസമ്മിശ്രമായ അവലോകനമാകുന്നു എല്ലാശക്തികളുടെയും മാതാവു് എന്നു ത്രിങ്ങ്എന്ന അധ്യാപകവര്യൻ അഭിപ്രായപ്പെടുന്നു. പുസ്തകത്തെക്കാൾ അവലോകനമാണു് ശ്രേഷ്ഠതരമായ ജ്ഞാനകാരകംഎന്നു് ആൽക്കാട്ട് അഭിപ്രായപ്പെടുന്നു. അവലോകനംമൂലം സിദ്ധിയ്ക്കുന്നതു് സ്വാർജ്ജിതവും മററുവിധത്തിലുള്ളതെല്ലാം പരാർജ്ജിതവുമാകുന്നു. 'ഉത്തമം സ്വാർജ്ജിതംവിത്തം' എന്നുള്ളതു ഇവിടെയും യോജിയ്ക്കുന്ന വസ്തുതയാണു്. പ്രാഥമികപാഠശാലയ്ക്കുപററിയ പ്രമാണംതന്നെ ഇതു്. ഇന്ദ്രിയവ്യാപാരമാണല്ലോ അവലോകനം. അതു തൃപ്തികരമായ് നടന്നാൽ ഓരോസാധനത്തേയും നല്ലപോലെ അറിയാനിടയാകും. ഓരോന്നിൻേറയും ഗുണദോഷങ്ങളെപ്പററി ഉപപാദിയ്ക്കാൻ ബാലന്മാർതന്നെ പ്രേരിതരാകും. ഇതിൽ താരതമ്യവിവേചനം മുതലായ അന്തർവ്യാപാരങ്ങൾ വേണ്ടിവരുന്നതിനാൽ ശക്തിവർദ്ധിയ്ക്കുയും ഓരോന്നിനേപ്പററിയും ഉള്ള വിവരങ്ങൾ ഓർമ്മയിൽനിൽക്കുകയും ചെയ്യുന്നു. ഇന്ദ്രിയദ്വാരാ നടത്തുന്ന ബോധനത്തോടു ഉപപാദനവും ചേക്കുകയത്രെ ഇവിടെ വേണ്ടതു്.

൪. പ്രവൎത്തനമൂലാഭ്യസനം നടത്തുക എന്നതാണു് അടുത്ത പ്രമാണം. ഇതു് രണ്ടും മൂന്നും പ്രമാണങ്ങളോടു സംബന്ധപ്പെട്ടതാണു്. ഇന്ദ്രിയങ്ങൾ എന്നതിൽ കൎമ്മേന്ദ്രിയം എന്ന ഇനത്തെ ഉൾപ്പെടുത്താഞ്ഞാൽ ഇതിനെ

പ്രത്യേകപ്രമാണമായ് കരുതാവുന്നതാകുന്നു. വ്യായാമംമൂലമത്രേ വികസനം എന്ന തത്വത്തെ ആസ്പദമാക്കിനില്ക്കുന്ന പ്രമാണമാണിതു്. രണ്ടും മൂന്നും പ്രമാണങ്ങൾ എല്ലാ പാഠങ്ങൾക്കും യോജിക്കുന്നതല്ലെന്നു പറയാറുണ്ടു്. എന്നാൽ പ്രാഥമികശിക്ഷാമന്ദിരത്തിലെ അധ്യേയങ്ങൾക്കെല്ലാം പ്രയോജനപ്പെടുന്നവയും പ്രയോജനപ്പെടുത്തേണ്ടവയുമാണ് ഈ പ്രമാണങ്ങൾ.

൫. അല്പം പറഞ്ഞുകൊടുക്കുകയും അധികം പറയിയ്ക്കുകയും ചെയ്ക. അധ്യേതാവിനെത്തന്നെ നയിപ്പിയ്ക്കണമെന്നും അധ്യാപകൻ ലക്ഷ്യംവരെ പോയ് മടങ്ങുന്നതുകൊണ്ടു് ഫലമൊന്നുമുണ്ടാകുന്നതല്ല എന്നും തത്വദീപികയാൽ കാണിച്ചതുതന്നെ ഈ പ്രമാണത്തിൽ അടങ്ങിയിരിയ്ക്കുന്നതും. അധ്യേതാവിന്റെ വികസനത്തെ ഉദ്ദേശിച്ചുള്ള ബോധനത്തിൽ അവന്റെ സർവ്വവിധ ശക്തികൾക്കും വ്യായാമം നൽകണം അധ്യാപകൻ അധികം സംസാരിയ്ക്കുയാണെങ്കിൽ അധ്യേതാവിന്റെ ശക്തി വികസനത്തിന്ന് പ്രതിബന്ധമായിത്തീരും. ഇതിന്റെ വാസ്തവം എഡ്യുക്കേഷൻ എന്ന ആംഗ്ലപദവും 'കൽവി' എന്ന ദ്രവിഡപദവും തെളിയിയ്ക്കുന്നതാണ്. അധ്യാപകൻ ചോദ്യംചോദിയ്ക്കുന്ന ആളും അധ്യേതാവ് ഉത്തരം പറയുന്നയാളുമാണെന്നു ഗ്ലാഡ്മാൻ അഭിപ്രായപ്പെടുന്നു. അധ്യേതാക്കളുടെ അന്തഃശക്തികളെ പ്രപഞ്ചത്തിലേയ്ക്കു് ആകർഷിയ്ക്കുന്നതിന്ന് എത്രമാത്രം ചുരുങ്ങിയ പദങ്ങളെക്കൊണ്ടു സാധിയ്ക്കാമോ അത്രയ്ക്കും നല്ലതാണ്. ആലോചനയുടെ ഫലമായി എത്ര അധികം അധ്യേതാക്കളെക്കൊണ്ടു പറയിയ്ക്കാമോ അത്രയ്ക്കുമാത്രം വ്യായാമംനടക്കുന്നതിനാൽ ശിക്ഷ തൃപ്തികരമായി തീരുന്നു. മുൻപ്രമാണങ്ങളിലെ ഇന്ദ്രിയപ്ര

വത്തനം അധികം നടക്കുംതോറും അദ്ധ്യേതാക്കൾ പറയു ന്നതു് അധികമധികമാകുന്നതിനും അദ്ധ്യാപക പ്രവചന ത്തിന്റെ ആവശ്യം ചുരുങ്ങുന്നതിനുമല്ലാതെ ഇടവരുമോ?

ന്യ. അറിഞ്ഞതിൽനിന്നും അറിയേണ്ടതിലേക്ക നട ത്തുക. ഈ പ്രമാണത്തെപ്പററി ലാറി ഇപ്രകാരം പറ യുന്നു. "അധിഗതവസ്തുക്കളോടു് അഭിനവകാര്യത്തെ യോജിപ്പിയ്ക്കണം." അങ്ങനെ യോജിപ്പിയ്ക്കപ്പെടുന്ന തിന്നു് പൂർവ്വാശയങ്ങൾക്കും നൂതനാശയങ്ങൾക്കും ത മ്മിൽ ഏതെങ്കിലും ഒരുവിധം ബന്ധം ഉണ്ടായിരിയ്ക്ക ണം. സംപ്രേക്ഷണത്തെപ്പററിപ്പറഞ്ഞ ഘട്ടത്തിൽ കണ്ട തുപോലെ ഈ ബന്ധങ്ങളെയാണു് ജ്ഞാനാഭിവൃദ്ധിയുണ്ടാ യിയ്ക്കുന്നതു്. ഇതുപോലെതന്നെ മററു പലരും അഭിപ്രാ യപ്പെടുന്നു. സംപ്രേക്ഷണത്തെ സംബന്ധിക്കുന്നിടത്തോളം ഈ പ്രമാണം പ്രയോജനകരമാണു്. മുന്നറിവിനെ ആസ്പ ദമാക്കി ബോധനം നടത്തണമെന്നും, മുന്നറിവിനോടു യോ ജിപ്പിച്ചു പുതിയൻ ആശയങ്ങളെ ക്രമീകരിച്ചു് അദ്ധ്യാ പകൻ ക്ലാസിൽ പാഠവിഷയത്തെ അവതരിപ്പിയ്ക്കണമെ ന്നും സാധാരണ പറയാറുള്ളതു് ഈ പ്രമാണത്തെ ആസ്പ ദമാക്കിയത്രേ. അധിഗമനശക്തിയെ അഗാധതരമാക്കുന്ന തിനുള്ള പാഠങ്ങളിൽ ഈ പ്രമാണത്തിനു പ്രവേശമില്ല. ജ്ഞാനത്തെ നൂതനാംശയങ്ങളെക്കൊണ്ടു വിപുലതരമാക്കു ന്നതിനുള്ള പാഠങ്ങളിൽ ഈ പ്രമാണം അദ്ധ്യാപകനെ സ ഹായിയ്ക്കും. ചിത്തവൃത്തിയെ സംബന്ധിച്ചിടത്തോളം ഈ പ്രമാണം യോജിയ്ക്കുന്നതല്ല എന്നുതോന്നുന്നു. അറിഞ്ഞതി ൽനിന്നും കാലിളക്കി അറിയേണ്ടതിലേക്ക മാററിവയ്ക്കുന്ന തില്ലല്ലോ. അറിഞ്ഞതിനും അറിയേണ്ടതിനും തമ്മിലുള്ള ബന്ധം തെളിയത്തക്കവണ്ണം അദ്ധ്യാപകൻ ആശയങ്ങളെ

ക്രമപ്പെടുത്തി പ്രദർശിപ്പിയ്ക്കുന്നു; അജ്ഞാതമായിരുന്ന ബന്ധം സുവ്യക്തമാകുന്നു. സംപ്രേക്ഷയിൽ സ്ഥാനം ലഭിയ്ക്കുകനിമിത്തം നൂതനാശയം അറിവായിത്തീരുന്നു. ഇവിടെ പരസ്പരബന്ധം വ്യക്തമാകുകയല്ലാതെ അറിഞ്ഞതിൽനിന്നും അറിയേണ്ടതിലേയ്ക്ക് ഒരു കാലിളക്കി വെയ്ക്കുന്നില്ല.

൨. എളുപ്പമായതിൽനിന്നും പ്രയാസമുള്ളതിലേയ്ക്ക്. എളുപ്പമേത് പ്രയാസമേത് എന്ന് നിർണ്ണയിക്കാൻ പൊതുവായ ഒരു തോതില്ല. ബോധനവിഷയത്തേയോ, അധിഗമനനിർവഹണപ്രയത്നത്തേയോ ഈ പ്രമാണം സ്പർശിക്കുന്നതെന്നു തെളിയുന്നില്ല. അധിഗമനകാര്യത്തിലല്ല നിർവ്വഹണപ്രയത്നത്തിലാണ് ഈ പ്രമാണത്തിനു പ്രതീതി എന്നു സാധാരണ പറഞ്ഞുവരുന്നു. അങ്ങനേയായാലും നിർവ്വഹണവിഷയത്തേയോ നിർവഹണപ്രയത്നത്തേയോ അതു പരാമർശിക്കുന്നതെന്നു അറിയേണ്ടിയിരിയ്ക്കുന്നു. മാതൃകാനിർമ്മാണം ശീലിപ്പിയ്ക്കുന്നിനെ ഉദാഹരണമായ് എടുക്കാം. ഉപാദാനം കളിമണ്ണും, തടിയും കല്ലും ആവാമെന്നിരുന്നാൽഅവയിൽ എളുപ്പമായതിൽനിന്നും പ്രയാസമുള്ളതിലേക്കു പോകണമെന്നോ നിശ്ചിതമാതൃകകൾ പെൻസിൽ, മാങ്ങാ,തേങ്ങാ, എന്നിവയായിരുന്നാൽ അവയിൽ എളുപ്പമായതിനെ ആദ്യം നിർമ്മിയ്ക്കണമെന്നോ ഈ പ്രമാണം പറയുന്നതു്? ആദ്യം പറഞ്ഞതാണെന്നു് പ്രൊഫസർ വെല്‍ട്ടൻ വിചാരിയ്ക്കുന്നു; എങ്കിലും ഈപ്രമാണം അധികവും നിഷ്പ്രയോജനമെന്നാണു് അദ്ദേഹം വാദിയ്ക്കുന്നതു്. ശിക്ഷാതത്വങ്ങൾ എന്ന ഗ്രന്ഥത്തിൽ ഈപ്രമാണത്തിനു് മറ്റുള്ളവയുടെക്കൂട്ടത്തിൽ ഒരു സ്ഥാനംപോലും ററി. റേയ്മണ്ട് എം. ഏ അനുവദിയ്ക്കുന്നില്ല. ഒരു ക്ലാസിലെ വിദ്യാ

ത്ഥികൾക്കെല്ലാം ഒന്നുപോലെ എളുപ്പമേതു് പ്രയാസമേതു് എന്നറിഞ്ഞു പ്രയോഗിക്കാൻ നിവർത്തിയില്ലാത്തതുകൊണ്ടു് അദ്ധ്യാപകനെ ഈ പ്രമാണം സഹായിയ്ക്കുന്നുണ്ടോ എന്നു സംശയംതന്നെ.

വ്വ. അനുഭവത്തിൽനിന്നു തത്വാനുമാനത്തിലേയ്ക്കു്. ഇതു നമ്മുടെ അറിവു വർദ്ധിയ്ക്കുന്ന രീതിയെ സൂചിപ്പിക്കുകയാണു്. വണ്ടിക്കാരൻ റോഡു നടുവിൽ കാള ഭാരം ചുമന്നുനില്ക്കേ, വെള്ളംകോരി ചക്രങ്ങളെ നനയ്ക്കുന്നതു് പലരും കണ്ടിരിയ്ക്കാം. എന്തിനിങ്ങനെ തോട്ടിലെ വെള്ളത്തെ റോട്ടിലൊഴുക്കുന്നതെന്നു ചോദിച്ചാൽ, ഇളകിയിരിയ്ക്കുന്ന പട്ട വീണുപോകാതിരിയ്ക്കുവാനാണെന്നും, എങ്ങനെ മനസ്സിലാക്കി എന്നുചോദിച്ചാൽ ആദ്യമായിട്ടു ചക്രത്തിനു് പട്ടയിടുന്ന സമയം കൊല്ലൻ പട്ടയെ പഴുപ്പിച്ചു മരച്ചക്രത്തെ അതിനകത്തിടുന്നതും അപ്പോൾ ഇളക്കമായിരുന്നപട്ട തണുത്തു് ഉടനെ മരച്ചക്രത്തോടു ചേർന്നു പോരുന്നതും കണ്ടിട്ടു മനസ്സിലാക്കീട്ടുള്ളതാണു് എന്നും പറയുന്നു. ഇപ്രകാരമുള്ള അനുഭവങ്ങളെ പരിശോധിച്ചു സമമായ് പല സംഗതികളിലും കാണുന്നതിനെ നിർവ്വചിക്കുമ്പോൾ തത്വാനുമാനമായിത്തീരുന്നു. അനുഭവം വിപുലമാകുന്തോറും തത്വാനുമാനത്തിനു ബലവും കൂടുന്നു. നമ്മുടെ ജ്ഞാനാഭിവൃദ്ധി സാധാരണ ഈവിധത്തിലാണു വരുന്നതു്. ശിക്ഷാമന്ദിരത്തിൽ ഇതിനെ ഒരുപ്രമാണമായ് ഉചിതസ്ഥലത്തു പ്രയോഗിയ്ക്കാം. പക്ഷെ അദ്ധ്യാപനം മുഴുവനും ഈവിധത്തിൽ സാധിക്കാവുന്നതല്ല എന്നേയുള്ളു. എല്ലാഅനുഭവങ്ങളും ഓരോവ്യക്തിയ്ക്കും വരുന്നതു സാദ്ധ്യമാണോ? മുൻഗാമികളുടെ അനുഭവങ്ങളും അനുമാനങ്ങളും അവരുടേ ഭൗതികധനത്തെപ്പോലെയെങ്കിലും പില്ക്കാലക്കാർക്കു ഉപ

യോഗയോഗ്യമല്ലെന്നു വരുന്നതല്ല. പിൽക്കാലക്കാരുടെ അനുഭവംകൊണ്ട് മുൻഗാമികളുടെ അനുഭവം ദൃഢപ്പെട്ടുന്നേടത്തോളം നിശ്ചയമായും സ്വീകാര്യമാണ്. മററുള്ള അനുമാനങ്ങൾ നമുക്കു വഴികാട്ടിയായെങ്കിലും ഉപകരിയ്ക്കും. ഏതനുമാനത്തേയും പ്രതിലോമക്രമത്തിൽ അനുഭവങ്ങളിൽ പ്രയോഗിയ്ക്കുയാണുചിതം. അതുകൊണ്ട് ഈ പ്രമാണത്തെ ഉചിതഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താമെന്നു കരുതേണ്ടതാണ്.

(൯) സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേയ്ക്ക്, അഥവാ ഗുണിയിൽനിന്നും ഗുണത്തിലേയ്ക്ക്. ഈ പ്രമാണത്തേ അധ്യാപകവര്യന്മാർ പലരും ആശ്രയിക്കുന്നുണ്ട്. കിൻഡർഗാർട്ടൻ ബോധനരീതി ഈ പ്രമാണത്തെ ആസ്പദമാക്കി രൂപവത്കരിച്ചതാണെന്നു പറയാം. നാം സ്ഥൂലങ്ങളെ പ്രപഞ്ചാംശങ്ങളായ് കാണുകയും പിന്നീട് അതിന്റെ സമാനവും ധൎമ്മവും നിൎണ്ണയിയ്ക്കുകയും ധൎമ്മങ്ങളിൽനിന്നും കേവലബന്ധങ്ങളെ ധരിയ്ക്കുയും ചെയ്താണ് നമ്മുടെ അറിവുവൎദ്ധിപ്പിയ്ക്കുന്നതു്. ഈ പ്രമാണത്തെമാത്രം ആസ്പദമാക്കി ജ്ഞാനസമ്പാദനം എപ്പോഴും സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേയ്ക്കുള്ള ഗതികൊണ്ടാണ് വേണ്ടതെന്നു വെച്ചാൽ ആ ജ്ഞാനം പ്രായോഗികമായ് വരുമോ എന്നു സംശയമാണ്. സൂക്ഷ്മം ധരിയ്ക്കുന്നതു് തിരിച്ചു സ്ഥൂലത്തിലെത്തി അതിനെ പൂൎണ്ണമായി ഗ്രഹിയ്ക്കുന്നതിനത്രെ. വലിച്ചുക്രത്തിന് പട്ടയിടുന്നതിൽ പ്രവത്തിക്കുന്ന സൂക്ഷ്മതത്വത്തെ ഗ്രഹിച്ചു എന്നുപറയണമെങ്കിൽ കുപ്പിയുടെ വായിൽ ഉറച്ചിരിക്കുന്ന കൽക്കാക്കിനെ ഊരിയെടുക്കാൻ അതുറച്ചിരിക്കുന്നതിന്റെ വെളിയിൽ ചൂടുപിടിച്ചാൽ ആ ഭാഗം വികസിയ്ക്കുന്നതിനാൽ കൽക്കാക്കു എളുപ്പം ഊരി

യെടുക്കാമെന്നും പ്രായോഗികപഥത്തിൽ ആ അറിവുഎത്തണം. അല്ലാതെ സൂക്ഷ്മംഗ്രഹിച്ചു എന്നുപറയാവുന്നതല്ല. അതുകൊണ്ടു ഈ പ്രമാണവും അനുലോമ പ്രതിലോമക്രമത്തിൽ പ്രയോഗിച്ചാലെ ശിക്ഷാമന്ദിരത്തിനുചിതമാവൂ. അങ്ങനെ ഉചിതഘട്ടങ്ങളിൽ പ്രയോഗിയ്ക്കുകയും ചെയ്യാം.

(ഥ) കേവലത്തിൽനിന്നും മിശ്രത്തിലേയ്ക്കു്. ഇതും ആശയവികാസഗതിയെ സൂചിപ്പിയ്ക്കുന്നതുതന്നെ. വിദ്യാൎത്ഥി ആദ്യം ഏതിനേയും കേവലമായി—ഒററവ്യക്തിയായി—വീക്ഷിയ്ക്കുന്നതേയുള്ളു. അവലോകനാദി വ്യാപാരങ്ങൾമൂലം അതിൻെറ മിശ്രാവസ്ഥയെ ഗ്രഹിയ്ക്കുന്നു. പല അംശങ്ങളായി തിരിച്ചുകണ്ടു് എല്ലാ അംശങ്ങളേയും ഒരുവ്യക്തിയിൽ സമൎപ്പിയ്ക്കുമ്പോൾ ആ വസ്തുവിൻെറ മിശ്രത സ്പഷ്ടമാകുന്നു. നിർവചനത്തിൽ ആരംഭിയ്ക്കുന്ന വ്യാകരണാദി വിഷയബോധനം ആദ്യമേതന്നെ അംശങ്ങളെ ഗ്രഹിപ്പിച്ചു് അവയെ കൂട്ടിച്ചേൎക്കുകയാണു്. ഈ പ്രമാണത്തിനു ആ അൎത്ഥം കൊടുക്കുകയാണെങ്കിൽ ശിക്ഷാമന്ദിരത്തിൽ ഇതിനു് പ്രവേശനം നൽകാവുന്നതല്ല. ഒററയായ് കണ്ടു അപഗ്രഥിച്ച മിശ്രതയെ മനസ്സിലാക്കുകയാണെങ്കിൽ ഈപ്രമാണം പാഠശാലയിൽ സ്വീകരിയ്ക്കാവുന്നതുതന്നെ. സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേയ്ക്കു എന്നുള്ളപ്രമാണത്തോടുകൂടി ഇതിനെ ഘടിപ്പിച്ചാൽ പ്രാഥമികശിക്ഷാമന്ദിരത്തിനുചിതമായിരിയ്ക്കുമെന്നു് ററി. റെയ്മാണ്ട് എം. ഏ. അഭിപ്രായപ്പെടുന്നു.

(ഫ) അനിശ്ചിതത്തിൽനിന്നും സുനിശ്ചിതത്തിലേയ്ക്കു്. ഈ പ്രമാണവും ആശയവികാസരീതിയെ സ്പൎശിയ്ക്കുന്നുണ്ടു്. എന്നാൽ ബോധനപ്രമാണമായി സ്വീകരിയ്ക്കാ

വുന്നതല്ല. നിശ്ചയമായ സ്ഥാനത്തുനിന്നല്ലാതെ ബോധനം ആരംഭിയ്ക്കാവുന്നതല്ലല്ലോ.

(൧൨) സ്വാധ്യായശീലത്തെ പ്രേരിപ്പിച്ചുദ്ദീപിപ്പിയ്ക്കുക. ബ്രഹ്മചര്യം—ശിക്ഷാഘട്ടം—കഴിഞ്ഞാൽ അധ്യാപകൻ ശിഷ്യനെ അനുഗമിയ്ക്കാനോ പ്രേരിപ്പിയ്ക്കാനോ സാധ്യമല്ലാഴികയാൽ സ്വയം പ്രവർത്തനശീലം വികസിപ്പിയ്ക്കുന്നതുതന്നെ പ്രധാനമാകയാൽ ഈ പ്രമാണത്തെ പൂർണ്ണമായി ശിക്ഷാമന്ദിരത്തിൽ അനുസരിയ്ക്കേണ്ടതാണ്. ഗുരുവിൻെറ സഹായം ആവശ്യമില്ലാതെയാകുന്ന ബോധനമാണ് ബോധനം. ആലിൻവിഴുതുകൾ തായ്ത്തടിയുടെ അഭാവത്തിലും ശാഖകളെ താങ്ങിനിന്നു താന്തന്മാക്ക് അഭയം നൽകുന്നതുപോലെ ശിഷ്യന്മാർ പ്രവർത്തിയ്ക്കണം.

(൧൩) നിയതിയെ അനുസരിയ്ക്കണമെന്നുള്ള പ്രമാണം എവിടെയും സ്വീകാര്യമത്രെ. നിയതിയെ അനുസരിച്ചുതന്നെ നിയതിയെ വശീകരിയ്ക്കണം. അദൃശ്യങ്ങളായ പ്രകൃതിശക്തികളെ മനുഷ്യൻ ഭരിയ്ക്കുന്നതു ഈ നിയമപ്രകാരമല്ലെ? ഭക്തനു് ഭഗവാനും ദാസനാണല്ലോ. നിയതി നമ്മിൽ പ്രതിഷ്ഠിച്ചിരിയ്ക്കുന്ന സ്നേഹം ജിജ്ഞാസ, അനുകരണപ്രിയം, സൌഹാർദ്ദമത്സരബുദ്ധി, ഉന്നമനമോഹം, അഭിമാനം, മമത, സംഘടനസാമർത്ഥ്യം എന്നിവയേ ആസ്പദമാക്കി ബോധനം നടത്തുകനാണെങ്കിൽ അതു നിശ്ചയമായും വിജയോന്മുഖമായിരിയ്ക്കും.

രീതികൾ—ഈ പ്രമാണങ്ങൾ അധ്യാപകസഹോദരങ്ങളെ പ്രത്യേകസന്ദർഭങ്ങളിൽ ഏതാനും വിഷയങ്ങൾ പഠിപ്പിയ്ക്കുന്നതിനുസഹായിയ്ക്കുമായിരിയ്ക്കാം, എന്ന

ല്ലാതെ അന്യാപേക്ഷകൂടാതെ ബോധനത്തെ തൃപ്തികരമാക്കുന്നവയല്ല. സുബദ്ധവും പൎയ്യാപ്തവുമായ ബോധനരീതിയുപവൽകരിയ്ക്കാൻ അധ്യാപകലോകം പല ശ്രമങ്ങളും ചെയ്തിട്ടുണ്ട്. അവയെപ്പററി ഇവിടെ ചിന്തിയ്ക്കാം.

൯. ഗവേഷണരീതി Hewristic method—മനുഷ്യൻ പ്രാരംഭദശയിൽ തന്നത്താനെ പ്രയത്നിച്ച് ഓരോസംഗതികളെ ഗ്രഹിച്ച്, ആ അറിവിനെ പ്രയോഗിച്ച ഉപജീവിച്ചതായിട്ടാണ് വിശ്വാസം. അതുപോലെ ഇപ്പോഴും ഓരോ വ്യക്തിയും സ്വയംപ്രവൎത്തനംമൂലം സകലകാൎയ്യങ്ങളും അറിഞ്ഞുകൊള്ളണം എന്നാണ് ഈ രീതിയുടെ നില. അദ്ധ്യാപകൻ പിന്മാറിനിന്നുകൊണ്ട് അധ്യേതാക്കൾ അബദ്ധത്തിൽ ചാടിപ്പോകാതെ സൂക്ഷിച്ചുകൊള്ളണം എന്നേയുള്ളു; നേരിട്ട സഹായം ഒന്നും ചെയ്തുപോകരുത്. ഈ രീതി ആശ്രയിയ്ക്കുന്ന തത്വം പ്രശംസനീയംതന്നെ. ഓരോ വ്യക്തിയ്ക്കും മനുഷ്യവൎഗ്ഗത്തിനു ഇതുവരെ കഴിഞ്ഞ ആയുസ്സു മുഴുവനും ബ്രഹ്മാവ് അനുവദിയ്ക്കുമെങ്കിൽ ഇപ്പോൾ നമുക്കു ലഭിച്ചിട്ടുള്ള അറിവു കിട്ടുമായിരിയ്ക്കാം. അങ്ങനെയായാലും ബാലന്മാൎക്കു ഈ രീതി യോജിയ്ക്കുന്നതല്ല. സ്വാധ്യായപ്രേരണ അവൎക്കു ലഭിയ്ക്കണമെന്നുമാത്രം സമ്മതിയ്ക്കാം. മനുഷ്യവൎഗ്ഗത്തിന്റെ ഉന്നമനം സാധിയ്ക്കാൻ വേറെ രീതിതന്നെ പ്രയോഗിയ്ക്കണം.

൧൦. പ്രായോഗികരീതി Practical method—ഇതു ഗവേഷണരീതിയെ പരിഷ്കരിച്ചതാണെന്നു പറയാം. ഇവിടെ അധ്യാപകൻ നേരിട്ടുനിന്ന് അധ്യേതാക്കളെ നയിയ്ക്കണമെന്നാണ് വെപ്പ്. പ്രവൎത്തനംമൂലം അഭ്യസനം എന്ന പ്രമാണമാണ് ഈരീതി ആശ്രയിയ്ക്കുന്നത്. ഇന്ദ്രിയ പ്രവൎത്തനത്തിനു വിഷയമാകുന്ന ഏതു സംഗതിയും അ

ന്തരംഗത്തിൽ അനുഭാവം ജനിപ്പിയ്ക്കുന്നതിനാലും ഓരോ അനുഭാവത്തിനും അനുരൂപമായ ആവിർഭാവം, നിർവാഹിനികളുടെ പ്രവർത്തനത്താൽ സംഭവിയ്ക്കുന്നതിനാലും ശക്തിവികസനത്തിനു യോജിച്ച രീതിതന്നെയാണിതു്. എന്നാൽ അധ്യാപനപ്രയത്നത്തെ അനുക്രമമാക്കുന്നതിനു് ഇതു ഉപകരിയ്ക്കുകയോ എല്ലാവിഷയങ്ങൾക്കും പററുകയോ ചെയ്യുന്നതല്ല.

៣. പ്രവചനരീതി Lecture method—അദ്ധ്യാപകന്റെ പ്രവചനത്തിൽനിന്നും അദ്ധ്യേതാക്കൾ കാര്യംഗ്രഹിയ്ക്കണമെന്നാണ് ഈരീതി നിശ്ചയിയ്ക്കുന്നതു്. അദ്ധ്യേതാക്കൾ പ്രവചനം മുഴുവനും വ്യക്തമായി കേൾക്കുന്നതിലും അവരുടെഉള്ളിൽ ഉചിതമായ സംപ്രേക്ഷകാശയവ്യൂഹം ഉണ്ടായിരിയ്ക്കുന്നതിലും, അവരുടെ ശ്രദ്ധ അവസരോചിതം ഉന്മുഖമാകുന്നതിലും, തല്പര്യം പ്രബലപ്പെടുന്നതിലും, സംപ്രേക്ഷണംമൂലംനൂതനാശയങ്ങൾശക്തിസാൽക്കരിയ്ക്കപ്പെടുന്നതിലും ഈരീതിയുടെ വിജയം അന്തർഭവിയ്ക്കുന്നു. ഇതിലേയ്ക്കുപ്രവചനഭാഷ സ്ഫടികസങ്കാശമായിരിയ്ക്കയും, വിഷയാവതരണം അദ്ധ്യേതാക്കളുടെ ശ്രദ്ധാഗതി ഉചിതമായിരിയ്ക്കത്തക്കവിധം സാവധാനവും നിശിതവുമായിരിയ്ക്കയും, സംപ്രേക്ഷണംപര്യാപ്തമായവിധംനടന്നുകൊണ്ടിരിയ്ക്കയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. ശബ്ദങ്ങളുടെ അർത്ഥബോധത്തെ സംബന്ധിയ്ക്കുന്നിടത്തോളം അധ്യാപകാദ്ധ്യേതാക്കൾ തമ്മിൽ വ്യത്യാസംവരികയോ, അവതരണകർമ്മം ത്വരിതതരമായിപ്പോകയോ ചെയ്താൽ അദ്ധ്യേതാക്കൾ, അധ്യാപകനെ അനുഗമിയ്ക്കാതെ, മന്ദീഭവിയ്ക്കുന്നതിനാൽ ബോധനം നിഷ്പ്രയോജനമായിത്തീരും. ഈ ദൂഷ്യം പററാതിരിയ്ക്കാനായ്, പ്രവചനം ദീർഘമാകാതെ ഇരിയ്ക്കയും അദ്ധ്യേതാക്കളുടെ അന്തര്ഗ്ഗതങ്ങളെ പരിശോധിയ്ക്കാനായ് ഇ

ടയ്ക്കിടെ ചോദ്യങ്ങൾ ചോദിയ്ക്കയും, ആവശ്യമുള്ളിടത്തു വിഷയസംക്ഷേപം തയാറാക്കിച്ചു തിരുത്തുകയും ചെയ്യണമെന്നാണഭിപ്രായം. അധ്യാപകപൌരുഷവും, പ്രവചനധ്വനിയും, അർത്ഥദ്യോതകമായ അഭിനയവും ഈ രീതിയ്ക്ക് അനപേക്ഷ്യങ്ങളാകുന്നു. ഇതിനെ പ്രാഥമികപാഠശാലയിൽ സംഭാഷണരീതിയാക്കി പ്രയോഗിയ്ക്കണം.

൪. സംഭാഷണരീതി—ഇതു് പ്രവചനരീതിയുടെ ഒരുഭേദമാണു്. പ്രവചനരീതിയിൽ അധികവും അധ്യാപകനാണു് പ്രവർത്തകനായി കാണപ്പെടുന്നതു്. അതിനെ മാററി അധികം ഭാഷണവും അധ്യേതാക്കൾക്കായി വിടുകയാണു് സംഭാഷണരീതിയുടെ ഉദ്ദേശം. പ്രധാനഭാഗം അധ്യാപകൻെറ പ്രശ്നങ്ങളാണു്. ഈ രീതിയുടെ വിജയം ആ പ്രശ്നങ്ങളുടെ ഗുണങ്ങളെ ആശ്രയിയ്ക്കുന്നു. പ്രശ്നങ്ങളുടെ ലക്ഷണങ്ങളെ സംഗ്രഹിയ്ക്കാം.

൧. വളച്ചുകെട്ടുകൂടാതെ വിശദമായിരിയ്ക്കണം.

൨. സംശയഗ്രസ്തമായിരിയ്ക്കരുതു്.

൩. അധ്യേതാക്കളുടെ ശക്തിയ്ക്കനുരൂപമായിരിയ്ക്കണം.

൪. വീചീതരങ്ഗന്യായേന ഉത്ഭവിയ്ക്കണം. (ചോദ്യത്തെ ഉത്തരമെന്നപോലെ ഉത്തരത്തെ അടുത്തചോദ്യം അനുഗമിയ്ക്കണം.)

൫. അനന്തരിതമായി പ്രവഹിയ്ക്കണം.

൬. അധ്യാപകൻെറ സ്വന്തവാക്യത്തിലായിരിയ്ക്കണം.

൭. വിവിധരൂപങ്ങളിലായിരിയ്ക്കണം.

൮. സൂചകപ്രശ്നങ്ങൾ പാടില്ലാ.

൯. അദ്ധ്യേതാക്കളുടെ ആലോചനയെ പ്രേരിപ്പിയ്ക്കുന്നതായിരിയ്ക്കണം.

൧൦. ഉവ്വ്, അല്ല മുതലായ ഒററവാക്കുത്തരം ആവശ്യപ്പെടുന്നതായിരിയ്ക്കരുത്.

൧൧. ക്ലാസുമുഴുവനും ഓരോ ചോദ്യത്തെപ്പററിയും ആലോചിയ്ക്കേണ്ടതാകയാൽ ഒരു വ്യക്തിയെ ചൂണ്ടിക്കാണിച്ചു ചോദിയ്ക്കരുത്.

൧൨. എല്ലാവ്യക്തികൾക്കും ചോദ്യംകിട്ടണം.

പ്രസംഗവശാൽ ഉത്തരസ്വീകാരത്തെപ്പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ.

൧. ആലോചനയുടെ ഫലമല്ലാത്ത ചോദ്യങ്ങളെ സ്വീകരിയ്ക്കരുത്.

൨. തെററായ ഉത്തരങ്ങളെ പാടേ ഉപേക്ഷിയ്ക്കരുത്. തിരുത്താവുന്നിടത്തോളം വിദ്യാൎത്ഥിയെക്കൊണ്ടു തിരുത്തിച്ചു സ്വീകരിയ്ക്കണം.

൩. വാക്യനിൎമ്മാണം ഉദ്ദേശമായിരിയ്ക്കാത്ത പാഠങ്ങളിൽ പൂൎണ്ണവാക്യമായ ഉത്തരംതന്നെ വേണമെന്നു നിൎബ്ബന്ധിയ്ക്കരുത്; ആശയം സ്പഷ്ടമാക്കുന്നതായിരുന്നാൽ മതിയാകും.

ഈ സംഭാഷണരീതിയിൽ മുൻപ്രതിപാദിച്ചിരിയ്ക്കുന്ന ബോധനപ്രമാണങ്ങൾ വളരെ ഉപയോഗമായിരിയ്ക്കും.

ദ. പഞ്ചഘട്ടരീതി—പാശ്ചാത്യ ബോധകനായ ഹെർബാർട്ട് രൂപീകരിച്ചതാണിത്. ശിക്ഷാകാൎയ്യത്തിൽ

അദ്ധ്യേതാക്കൾ ചെയ്യുന്ന പ്രവൃത്തിയാണ് ബോധനവിജയത്തിന്റെ അളവുകോൽ. അധ്യയനത്തിൽ ചുവടേ കുറിയ്ക്കപ്പെടുന്ന ഘട്ടങ്ങൾ കാണപ്പെടുന്നതായി ബർനററ് എന്ന പണ്ഡിതൻ എഴുതിയിരിയ്ക്കുന്നു.

൧. നൂതനാശയങ്ങളെ സംഗ്രഹിയ്ക്കുന്നതിൽ പൂർവ്വാശയങ്ങളുടെ പ്രവൃത്തി.

൨. പൂർവ്വാശയങ്ങളോടു സമ്മിളിതമാകുമ്പോൾ നൂതനാശയങ്ങൾ ചെയ്യുന്ന പ്രവൃത്തി.

൩. സമ്മേളനാവസരത്തിൽ മനസ്സു ചെയ്യുന്ന പ്രവൃത്തി.

൪. സിദ്ധമായ ജ്ഞാനത്തെ പ്രയോജനപ്പെടുത്തുന്നതു്.

ഇവയെ ആസ്പദമാക്കിയാണ് പഞ്ചഘട്ടരീതി രൂപവത്കരിയ്ക്കപ്പെട്ടതു്.

പ്രഥമഘട്ടം. സജ്ജീകരണം—ഇതിൽ നൂതനാശയങ്ങളെ ഗ്രഹിച്ചുകൊള്ളത്തക്കവണ്ണം അദ്ധ്യേതാക്കളുടെ മുന്നറിവിനെ പ്രേരിപ്പിച്ച് തയാറാക്കുകയാണ് അദ്ധ്യാപകൻ ചെയ്യുന്നതു്. അദ്ധ്യേതാക്കളും ഒത്തു പ്രവർത്തിയ്ക്കണം.

ദ്വിതീയഘട്ടം, പ്രദർശനം—ഇവിടെ, നിർണ്ണയിച്ചു തയാറാക്കപ്പെട്ടിരിയ്ക്കുന്ന മുന്നറിവിനോടു നൂതനാശയം ഏകീഭവിയ്ക്കത്തക്കവണ്ണം ബോധനവിഷയത്തെ അവതരിപ്പിയ്ക്കയാണ് വേണ്ടതു്. പൂർവ്വാപരാശയസമ്മേളനത്തെ സാഹചര്യാദിബന്ധങ്ങൾ പ്രയോഗിച്ചും സുവ്യക്തത, ആവർത്തനം, പുതുമ എന്നിവയേ ആസ്പദമാക്കിയും വേണം വിഷയാവതരണം സാധിയ്ക്കാൻ.

തൃതീയഘട്ടം—അത്തരം വിഷയാവതരണത്തിൻെറ ഫലമായ് വിദ്യാൎത്ഥികളുടെ അന്തഃകരണം പൂൎവ്വാപരാശയങ്ങളെ നൂതനബന്ധങ്ങളിൽ ക്രമപ്പെടുത്തുന്നു. ഈ ഘട്ടത്തെ സംയോജനഘട്ടം എന്നുപറയാം.

ചതുൎത്ഥഘട്ടം—ഈക്രമീകരണം കേവലബന്ധങ്ങളേ വിശദമാക്കുന്നതിനാൽ തത്വാനുമാനമായ് പരിണമിയ്ക്കുന്നു. അതുകൊണ്ടു് ഹെർബാട്ടു് തത്വാനുമാനത്തെ ചതുൎത്ഥഘട്ടമാക്കിയിരിയ്ക്കുയാണു്.

പഞ്ചമഘട്ടം. പ്രയോഗം—നൂതനമായി സമ്പാദിച്ച അറിവിനെ അനുഭവപ്പെടുത്തുകയാണിവിടെ വേണ്ടതു്.

ഈരീതി മനസ്സിൻെറ ജ്ഞാനശക്തിയെമാത്രം ആശ്രയിച്ചു നിൽക്കുന്നതിനാലും, എല്ലാപാഠങ്ങളെ ഒരേകരുവിൽ പായിയ്ക്കാൻ ശ്രമിയ്ക്കുന്നതിനാലും, ചിലരുടെ ദൃഷ്ടിയിൽ ആക്ഷേപാൎഹമായി ഭവിയ്ക്കുന്നുണ്ടെങ്കിലും പ്രായോഗികമായ പ്രയോജനം ഉള്ളതായ് എല്ലാവരാലും സമ്മതിയ്ക്കപ്പെടുന്നു. അദ്ധ്യാപനത്തേയും അദ്ധ്യയനത്തേയും മനശ്ശാസ്ത്രനിയമങ്ങളനുസരിച്ചു് രൂപവത്കരിയ്ക്കുയും ഇന്നകാൎയ്യത്തിനപ്പുറം ഇന്നകാൎയ്യം അദ്ധ്യാപനത്തിൽ സാധിയ്ക്കണമെന്നു കാണിയ്ക്കുയും അല്ലേ ഇതുചെയ്യുന്നതു്. ഒന്നും രണ്ടും അഞ്ചും ഘട്ടങ്ങളിലാണ്, ഭഗീരഥപ്രയത്നംചെയ്തായാലും, അദ്ധ്യാപകൻ സ്വധൎമ്മത്തെ തൃപ്തികരമാംവണ്ണം നിൎവ്വഹിയ്ക്കേണ്ടതു്. അഞ്ചാമത്തെഘട്ടം ചരിത്രം മുതലായ ചില വിഷയങ്ങളിൽ പ്രയോജനപ്പെടുന്നില്ലെങ്കിൽ ആവശ്യമുള്ളവയെ സ്വീകരിച്ചു കാൎയ്യംനേടുന്നതിൽ തടസ്ഥമില്ലല്ലോ.

ഈ വിഷയത്തെപ്പററി നമ്മുടെ പൂർവ്വികന്മാർ എ

ന്നു ധരിച്ചിരുന്ന എന്നുകാണിയ്ക്കാനായ് ഒരുശ്ലോകം ഇവിടെ ഉദ്ധരിയ്ക്കാം.

* "ശുശ്രൂഷാശ്രവണംചൈവഗ്രഹണംധാരണംതഥാ
ഊഹാപോഹാർത്ഥവിജ്ഞാനംതത്വജ്ഞാനഞ്ചധീഗുണാഃ"
കാമന്ദകി.

ഇതിൽ സപ്തഘട്ടങ്ങളായ് പിരിച്ചാണ് ജ്ഞാനാഭിവൃദ്ധിയെ കാണിച്ചിരിയ്ക്കുന്നത്. ഇതു മിക്കവാറും ഹെർബാർട്ടിൻെറ പഞ്ചഘട്ടരീതിയ്ക്കു പിതൃസ്ഥാനംവഹിയ്ക്കുന്നു എന്നുപറയാം. അതിലെ പ്രഥമഘട്ടമായ സജ്ജീകരണത്തിൻെറ സ്ഥാനത്തുനില്ക്കുന്ന "ശുശ്രൂഷാ"പ്രത്യേകം ഗണനീയമാണ്. ഇതു പഞ്ചമഘട്ടരീതിയെപ്പോലെ, വികാരപരമായ ഇച്ഛാശക്തിയെ ത്യാജ്യകോടിയിൽതള്ളുന്നില്ല; എന്നു മാത്രമല്ല അതിനെ ആദ്യമായിട്ടുതന്നെ കൂട്ടുപിടിച്ചുകൊള്ളുന്നു. ഇതുപോലെ പൌരസ്ത്യരീതിയുടെ ഒടുവിലത്തെ ഘട്ടവും ശ്രദ്ധേയമാണ്. പാശ്ചാത്യരീതി പ്രയോഗത്തിൽ അവസാനിയ്ക്കുന്നു; പൌരസ്ത്യരീതിയിൽ പ്രയോഗത്തിൻെറ സ്ഥാനത്തുനിൽക്കുന്ന അർത്ഥവിജ്ഞാനം (പ്രയോജനബോധം) കഴിഞ്ഞും അതിനെ തുടൎന്നുള്ള തത്വജ്ഞാനവും ഉണ്ടെന്നു കാണുന്നു.

പാഠമാതൃകകൾ—ഈരീതികൾക്കെല്ലാം പൊതുവേയുള്ള ആക്ഷേപം എല്ലാപാഠങ്ങൾക്കും ഒന്നുപോലെ യോജിയ്ക്കുന്നതല്ല എന്നാണ്. അതുകൊണ്ടു ഏതേതുതരം പാഠങ്ങളിൽ ഏതേതു ഘട്ടങ്ങൾ വേണ്ടിവരുന്നു എന്ന് നിൎണ്ണയിച്ചിട്ട് ആവശ്യമുള്ളവയെമാത്രം പ്രയോജനപ്പെടുത്തേണ്ടിയിരിയ്ക്കുന്നു. ആദ്യമായ് പാഠങ്ങൾതന്നെ എത്രതരങ്ങളിലാണുള്ളത് എന്നുകാണണം. പാഠവിഷയങ്ങൾ അ

× ശ്രവണത്തിലുള്ള ഇച്ഛയാണ് ശുശ്രൂഷ.

നേകമാണെങ്കിലും അവയുടെ ഉദ്ദേശം അത്രഅധികമൊന്നുമില്ല. അതുകൊണ്ടു ഉദ്ദേശമനുസരിച്ചു പാഠങ്ങളെ തരംതിരിയ്ക്കാം. ആശയങ്ങളെ വർദ്ധിപ്പിച്ച് അറിവിനെ വ്യാപിപ്പിയ്ക്കാനൊ, സംഗ്രഹീതങ്ങളായ ആശയങ്ങളെ അപഗ്രഥിച്ച് ആണുനോക്കി കേവലബന്ധങ്ങളെ മനസ്സിലാക്കി അറിവിനെ അഗാധതരമാക്കുന്നതിനൊ, ഇങ്ങനെ ഗ്രഹിയ്ക്കപ്പെടുന്ന കേവലബന്ധങ്ങളെ നൂതനപരിസരങ്ങളിൽ പ്രയോഗിച്ചു അറിവിനെ പ്രയോഗികമാക്കാനൊ ആയിട്ടത്രെ പാഠങ്ങളെല്ലാം ഉദ്ദേശിയ്ക്കുന്നത്. ആശയവർദ്ധനം തത്വാനുമാനം തത്വസമർത്ഥനം എന്നീ ഉദ്ദേശങ്ങളോടുകൂടിയഇവയേ ആശയവർദ്ധപാഠനം, തത്വാനുമാനപാഠം, തത്വസമർത്ഥനപാഠം, എന്നുതന്നെ നാമകരണംചെയ്തു മൂന്നായിട്ടുതിരിയ്ക്കാം. ഈ മൂന്നിനങ്ങൾക്കും പ്രത്യേകം പ്രത്യേകം ആവശ്യപ്പെടാവുന്ന ഘട്ടങ്ങളെ നോക്കാം.

ഹ. ആശയവർദ്ധനപാഠങ്ങൾ—ബ്രഹ്മചര്യഘട്ടത്തിൽ, വിശേഷ്യ, പ്രാഥമികശിക്ഷാമന്ദിരത്തിൽ, അറിവിന്റെ വ്യാപ്തിയെ വിപുലമാക്കുന്ന ഇത്തരം പാഠങ്ങളാണ് നടത്തപ്പെടുന്നത്. ഇവിടെ പ്രധാനമായി നടക്കുന്നത് ആശയസംഗ്രഹണമത്രേ. ഇടയ്ക്കിടെ സംഘടനസാമർത്ഥ്യത്തേയോ നിർവ്വഹണനൈപുണ്യത്തേയൊ വ്യാപരിപ്പിയ്ക്കേണ്ടിവന്നാലും അതു യാദൃശ്ചികമായിരിയ്ക്കുയേഉള്ളു. പ്രഥമോദ്ദേശംആശയസംഗ്രഹണമാണ്. ഇതിൽ വേണ്ടിവരുന്നഘട്ടങ്ങൾ ആശയഗ്രഹണത്തിലുണ്ടാകുന്ന അന്തഃകരണവൃത്തിയേ അപഗ്രഥിച്ച് നിർണ്ണയിയ്ക്കാം. പ്രേക്ഷണത്തെപ്പററിപറഞ്ഞഅവസരത്തിൽ അതിനു പ്രഥമാവശ്യംഅന്തഃകരണത്തിന്റെ ഔന്മുഖ്യമാണെന്നുകണ്ടു. ഈ ഔന്മുഖ്യം സിദ്ധിയ്ക്കുന്നില്ലെങ്കിൽ പ്രേക്ഷയുണ്ടാകുന്നതല്ലല്ലോ; ഈക്ഷയാ

യി നില്ക്കുകയല്ലേ ചെയ്യൂ. പിന്നെ സംപ്രേക്ഷണം നടക്കുന്നു. മൂന്നാമത് ആശയങ്ങൾ നൂതനവ്യൂഹമായി ക്രമീകരിയ്ക്കപ്പെടുന്നു. ഈ മൂന്നുഘട്ടങ്ങളേയും പ്രത്യേകം പ്രത്യേകം അല്പം ചിന്തിയ്ക്കാം.

(A) ശ്രദ്ധാസന്ധാനം—ശ്രദ്ധഎന്നാൽ എന്ത്? നമ്മുടെ അന്തരംഗത്തിന്റെ പ്രസാരത്തെ ഒന്നു പരിശോധിയ്ക്കാം. ഞാൻ ഉദാസീനനായി വിശ്രമിയ്ക്കുന്ന അവസരത്തിൽ എന്റെ മനസ്സ് എല്ലാഇന്ദ്രിയങ്ങളിലും ഒന്നുപോലെ പരന്നുനില്ക്കുന്നു. ഇന്ദ്രിയചാപല്യം മൂലം പലവിഷയങ്ങളും എനിയ്ക്കു ഗോചരമാകാമെങ്കിലും അതിലൊന്നിനും എന്റെ അന്തരംഗത്തിനോടു ബലമായ ബന്ധം ഏർപ്പെടുന്നില്ല. ഒരു നിരപ്പുള്ള സ്ഫടികതലത്തിൽ വീഴുന്ന സൂര്യകിരണങ്ങൾക്കു് തീക്ഷ്ണതവരുന്നില്ലല്ലോ. അതുപോലെതന്നെ അന്തഃകരണത്തിനും ഔന്മുഖ്യം വരുന്നില്ല. എന്നാൽ സൂര്യകിരണങ്ങൾ ലെൻസ് എന്നു പറയുന്ന സ്ഫടികവിശേഷത്തിൽ വീഴുകയാണെങ്കിൽ അതു ഉന്തിനില്ക്കുന്നഭാഗത്തിൽ അവ സംഭരിയ്ക്കപ്പെടുകയും ശക്തിവർദ്ധിച്ച് അഗ്നിയായി പരിണമിയ്ക്കുകയും ചെയ്യുന്നതുപോലെ മനസ്സ് ഏതെങ്കിലും ഒന്നിൽ മുനച്ചുനോക്കിയാൽ അന്തഃകരണശക്തിയ്ക്കു് അവിടെ ഔന്മുഖ്യംജനിയ്ക്കുന്നു. ഈ ഔന്മുഖ്യം എന്നുപറഞ്ഞ അവസ്ഥയത്രേ ശ്രദ്ധ. ഉദാസീനമായിരുന്ന അവസരത്തിൽ മനസ്സിന്നുണ്ടായിരുന്ന അവസ്ഥയെ വികീർണ്ണശ്രദ്ധയെന്നും മുനച്ചുനോക്കിയ അവസരത്തിലുണ്ടായിരുന്നഅവസ്ഥയെ ഉന്മുഖശ്രദ്ധയെന്നും പറയാം. ശക്തിയധികമുള്ളതുകൊണ്ടു് ഉന്മുഖശ്രദ്ധയാണു് ശിക്ഷാകാര്യത്തിൽ ഉപയോഗപ്പെടുന്നതു്. അന്തഃകരണത്തിനു് ബാഹ്യവിഷയങ്ങളുടെ പ്രാബല്യംമൂലം വരുന്ന ഔന്മുഖ്യം ക്ഷണികമായിരി

യ്ക്കാനേ നിവൃത്തിയുള്ളൂ. പ്രാബല്യം ക്ഷയിയ്ക്കുമ്പോൾ ശ്രദ്ധയും ക്ഷയിയ്ക്കും. നേരേമറിച്ച് മനഃപൂർവ്വം ഉള്ളിൽനിന്നും ഉണ്ടാകുന്ന ശക്തി (താല്പര്യം) തന്നെ മുനപ്പിയ്ക്കുയാണെങ്കിൽ അപ്പോഴുണ്ടാകുന്ന ഔന്മുഖ്യം താല്പര്യത്തെ എത്ര നേരം പരിപാലിയ്ക്കുമോ അത്രയുംനേരം നീണ്ടുനില്ക്കും. ബാഹ്യശക്തിയുടെ ഫലമായ് വരുന്നതിനെ യാദൃശ്ചിക ശ്രദ്ധഎന്നും അന്തശ്ശക്തിയെ അനുസരിച്ചു വരുന്നതിനെ മനഃപൂർവ്വശ്രദ്ധഎന്നും പറയാം. അതുകൊണ്ട് മനപൂർവ്വമായ ഉന്മുഖശ്രദ്ധതന്നെ വിദ്യാൎത്ഥികൾക്ക് ആവശ്യമുള്ളതു്. ഇതിനുംപുറമേ ഏതെങ്കിലും ഒരു വിഷയത്തിൽ മുനച്ചുനോക്കത്തക്കവണ്ണം ബലാൽ ആകൎഷിച്ച് മനസ്സിനു് ഔന്മുഖ്യം വരുത്തി ശീലിപ്പിച്ചാൽ പഴക്കത്തിനു വശപ്പെടുന്ന മനസ്സ് ആ വിഷയത്തിൽ എളുപ്പം ഉന്മുഖമായിത്തീരുന്നു. ഇതു് മനഃപൂർവ്വമായ ഉന്മുഖശ്രദ്ധയാണെങ്കിലും അതുപോലെ നമ്മുടെ പ്രയത്നം ആവശ്യപ്പെടുന്നില്ല. ഉദാസീനാവസ്ഥയിലുള്ള വികീൎണ്ണശ്രദ്ധ; മനസ്സുമുനകൂമ്പോഴുണ്ടാകുന്ന ഉന്മുഖശ്രദ്ധ (ഇതു മനഃപൂർവ്വമായോ അല്ലാതേയൊ വരാം), മനഃപൂർവ്വമായി മുനച്ചുനിന്നു ശീലിച്ചതുനിമിത്തം കാലക്രമത്തിൽ പ്രയത്നം കൂടാതെതന്നെ പ്രത്യേകവിഷയത്തിൽ മുനച്ചുനില്ക്കുന്ന ശീലശ്രദ്ധ എന്നു മൂന്നുതരം ശ്രദ്ധാഭാവങ്ങളുണ്ട്. ഒടുവിലത്തേതാണു് അദ്ധ്യാപകന്റെ ലക്ഷ്യമായിരിയ്ക്കേണ്ടതു്. ശ്രദ്ധനിമിത്തം താല്പര്യം ഉണ്ടാകുമെന്നും, താല്പര്യംമൂലമാണു് ശ്രദ്ധഭവിയ്ക്കുന്നതെന്നും, രണ്ടുവിധവും പറയപ്പെടുന്നുണ്ടെങ്കിലും ഒന്നില്ലാതെ മറേറതില്ലാത്തവിധം പരസ്പരം സംബന്ധപ്പെട്ടതായിട്ടു വേണം വിചാരിയ്ക്കാൻ. അതുകൊണ്ടുതന്നെ ശ്രദ്ധയും താല്പര്യവും മനസ്സിന്നു വളരുന്ന രണ്ടു ചിറകുകളാണെന്നു് മുമ്പൊരു സന്ദൎഭത്തിൽ പറഞ്ഞിട്ടുള്ളതും.

ഇനി ശ്രദ്ധാസന്ധാനത്തെപ്പററി ആലോചിക്കാം. വിദ്യാൎത്ഥികൾക്ക്, വിശിഷ്യ, പ്രാഥമികവിദ്യാൎത്ഥികൾക്ക് ശ്രദ്ധ വികീൎണ്ണമായിട്ടേയിരിയ്ക്കൂ. ഉന്മുഖമായ് വരുന്നെങ്കിൽ ബാഹ്യശക്തിനിമിത്തം വരുന്നതുതന്നെ. മനഃപൂൎവ്വശ്രദ്ധ അവൎക്കു സാധ്യമല്ല. അതിനാൽ പ്രാരംഭഘട്ടത്തിൽ അവരുടെ ഇന്ദ്രിയങ്ങളെ ബലാൽ ആകൎഷിയ്ക്കുന്ന വസ്തുക്കളെ ആസ്പദമാക്കി ബോധനം നടത്തിയാൽ അവരുടെ ശ്രദ്ധയെ ഉന്മുഖമാക്കാം. മാറിപ്പോകാതിരിയ്ക്കാനായ് ആ വസ്തുക്കളെ കയ്യാളിച്ച് അവർ പ്രവൎത്തിയ്ക്കണം. ഇങ്ങിനെ ബോധനവിഷയത്തിൽ ഔന്മുഖ്യം ലഭിച്ചു ശീലിയ്ക്കയും താല്പൎയ്യം വന്നുതുടങ്ങുകയും ചെയ്യുമ്പോൾ മനഃപൂൎവ്വമായ ഉന്മുഖശ്രദ്ധ സിദ്ധിയ്ക്കും. ഇതുറച്ചാൽ ശീലശ്രദ്ധയായി പരിണമിയ്ക്കയും ചെയ്യും.

ആശയവൎദ്ധനപാഠത്തിലെ പ്രഥമഘട്ടം ശ്രദ്ധാസന്ധാനമാണ്. ബോധനവിഷയത്തിൽ ശ്രദ്ധ ഉന്മുഖമാകണം. അതിനു അദ്ധ്യാപകൻ ചെയ്യേണ്ടതു് വിദ്യാൎത്ഥിയ്ക്ക് പ്രത്യഭിജ്ഞ ജനിയ്ക്കത്തക്കവണ്ണം നൂതനവിഷയത്തെ വിദ്യാൎത്ഥിയുടെ ജീവിതാനുഭവങ്ങളോടു് യോജിപ്പിയ്ക്കണം. നിശ്ചിതവിഷയത്തിൽ പദവിന്യാസം ലഭിയ്ക്കുന്നതിനായ് മാത്രം പൂൎവ്വാശയങ്ങളെ സ്പൎശിയ്ക്കുന്ന ഏതാനും ചോദ്യങ്ങൾ ചോദിയ്ക്കയേ ആവൂ. വാമനാവതാരത്തിൽ മൂന്നടിലഭിച്ചിട്ടു മൂന്നുലോകങ്ങളെയും സ്വാധീനമാക്കിയതുപോലെ അദ്ധ്യാപകൻ ഒരടിസ്ഥലം ലഭിച്ചിട്ട് ഒരുലോകം മുഴവനും വശപ്പെടുത്താനാണ് ഭാവിയ്ക്കുന്നതു്. പഞ്ചഘട്ടരീതിയിലെ പ്രഥമഘട്ടമായ സജ്ജീകരണംപോലെ വിദ്യാൎത്ഥിയുടെ ജ്ഞാനഭണ്ഡാരം തിട്ടപ്പെടുത്താൻ പുറപ്പെടരുതു്. കാലൂന്നാൻ സ്ഥലം ലഭിച്ചുകഴിഞ്ഞാൽ പ്രയാണമദ്ധ്യേ ആവശ്യമനുസരിച്ച് പാഠവിഷയത്തെ വിശദീകരിയ്ക്കാൻ വേണ്ടതെ

ല്ലാം ആവിർഭവിപ്പിച്ചുകൊള്ളേണ്ടതാണ്. അതുകൊണ്ട് അദ്ധ്യാപകന്റെ പ്രഥമഘട്ടം പദവിന്യാസലബ്ധിയും അദ്ധ്യേതാവിന്റെ പ്രഥമഘട്ടം ശ്രദ്ധാസന്ധാനവുമാണ് എന്നുവരുന്നു.

(B) സംപ്രേക്ഷണം—ആദ്യത്തെ ഘട്ടത്തെ എത്ര വേഗത്തിൽ തൃപ്തികരമായ് കടന്നുപോകാമോ അത്രയും നല്ലതാണ്. തൊട്ടുതളിയ്ക്കയേ ആവൂ; കെട്ടിവലയ്ക്കരുതേ. അടുത്തഘട്ടം അദ്ധ്യേതാക്കൾക്ക് ഏററവും പ്രധാനമാണ്; നൂതനാശയങ്ങളെ സംപ്രേക്ഷിയ്ക്കയാകുന്നു. അദ്ധ്യാപകൻ ചെയ്യേണ്ടത്, സംപ്രേക്ഷണകാര്യത്തെ സംബന്ധിച്ചുപറഞ്ഞ തത്വങ്ങളെ ഓർമ്മിച്ച് വിഷയാവതരണം നിർവ്വഹിയ്ക്കണം. അതിൽ പാഠവിഷയത്തെ വിശകലനംചെയ്ത്, അടുക്കംസന്ധാനവുംതെററാതെ, ഉചിതമായവിധം പ്രദർശിപ്പിയ്ക്കയാകുന്നു പ്രധാനമായത്. ഓരോ അംശത്തിന്റെയും അവസാനത്തിലും ആശയസംഗ്രഹണത്തിനും വിമർശത്തിനും വിദ്യാർത്ഥികൾക്ക ഇടകിട്ടത്തക്കവണ്ണം സമയം നൽകണം. വിഷയവിശകലനം നന്നാകണമെങ്കിൽ ജ്ഞാനപൂർണ്ണത അദ്ധ്യാപകനുണ്ടായിരിയ്ക്കണം. അംശനിർണ്ണയത്തിന് നിയാമകം വിഷയസ്വഭാവമാണ്. ബോധനത്തിന്റെ വ്യാപകത്വവും ഗതി (മന്ദമോ ത്വരിതമോ) യും അദ്ധ്യേതാക്കളുടെ ഗ്രഹണശക്തിയെ ആശ്രയിച്ചു നിശ്ചയിയ്ക്കണം. ഇവിടെ ദ്വിതീയഘട്ടംഅദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം വിഷയാവതരണവും അദ്ധ്യേതാക്കളെ സംബന്ധിച്ചിടത്തോളം സംപ്രേക്ഷണവുമാണ്.

(C) വിഷയവ്യവസ്ഥാപനം—മദ്ധ്യഘട്ടത്തിൽ നൂതനാശയങ്ങളെ ഗ്രഹിച്ചുകഴിഞ്ഞിരിയ്ക്കുന്നു. ഇടയ്ക്കിടെപ്രത്യേകാംശങ്ങളെഅപേക്ഷിച്ച് ആശയസംഗ്രഹണവും വിമ

ർശനവും നടന്നിട്ടുണ്ട്. ഇപ്പോൾബോധനവിഷയത്തെഒന്നായ്ഗണിച്ച് ആശയസംഗ്രഹണവും വിമർശനവും നിർവ്വഹിയ്ക്കാൻഅധ്യേതാക്കൾ സന്നദ്ധരായിരിയ്ക്കും. ആശയങ്ങളെ തമ്മിൽതമ്മിൽ ഘടിപ്പിച്ച് ഓർമ്മയിൽനിറുത്തുന്നതിൽഅധ്യേതാക്കളെ സഹായിയ്ക്കുന്ന അധ്യാപകൻ യുക്തങ്ങളായ ബന്ധങ്ങളെ സൂചിപ്പിച്ചുതുടങ്ങുന്നു. വിദ്യാർത്ഥികൾ വിമർശനംമൂലം ആശയങ്ങളെ വ്യവസ്ഥാപിയ്ക്കുന്നു. തൃതീയ ഘട്ടം അധ്യാപകന്ന് ബന്ധസൂചനവും അധ്യേതാക്കൾക്കു വ്യവസ്ഥാപനവുമാകുന്നു. ബോധനത്തിന്റെ വിജയം, മുമ്പിൽ ഒന്നിലധികം സന്ദർഭങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, താദൃശപ്രയത്നങ്ങളിൽ അധ്യേതാക്കൾക്കുണ്ടാകുന്ന ഉത്സാഹവും സംപ്രേക്ഷിതാശയങ്ങളെ അടുത്ത ഉദ്ഗമനത്തിൽ പ്രയോജനപ്പെടുത്താനുള്ള സാമർത്ഥ്യവുംകൊണ്ടു നിർണ്ണയിയ്ക്കാം.

പ്രൊഫസർ വെൽട്ടൻ രൂപവത്കരിച്ചിരിയ്ക്കുന്ന ഈ രീതി പൌരസ്ത്യരുടെ ശുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, എന്ന നാലു ഘട്ടങ്ങളേയും അന്തർവ്വഹിയ്ക്കുന്നു എന്നു പറയാം. ഇനി ഇത്തരം പാഠങ്ങളിൽ ആശയവർദ്ധനം ഏതിൽനിന്നും സാധിയ്ക്കാമെന്നു ആലോചിയ്ക്കേണ്ടിയിരിയ്ക്കുന്നു. സാധാരണയായി ആശയവർദ്ധന ഉണ്ടാകുന്നതു് അനുഭവങ്ങളിലും ആപ്തവാക്യങ്ങളിലും നിന്നുമാണ്. എന്നാൽ രണ്ടാമത്തെ വിധത്തിലാണ് അധികവും നടക്കുന്നതു്, എങ്കിലും ഒന്നാമത്തേതിനാണ് പ്രാധാന്യം കൂടുതൽ. ആപ്തവാക്യങ്ങളെ ആശ്രയിച്ച് ആശയങ്ങൾ വർദ്ധിയ്ക്കണമെങ്കിൽ ഭാഷാപ്രയോഗം മൂലമാണ് വേണ്ടതു്. ഭാഷാപ്രയോഗം പ്രയോജനപ്പെടണമെങ്കിൽ ശബ്ദങ്ങളുടെ അർത്ഥബോധം സൂക്ഷ്മവും സുവ്യക്തവും സുബദ്ധവും ആയിരുന്നേ കഴിയൂ. ഇത്രയും സിദ്ധിയ്ക്കണമെ

ങ്കിൽ നേരിട്ടുള്ള അനുഭവങ്ങളെ സൂക്ഷ്മമായ് പരിശോധിച്ച് സുവ്യക്തമായ് ഗ്രഹിച്ചു സുബദ്ധമായ് ക്രമീകരിച്ച് വിവരിച്ചു ശീലിച്ചല്ലാതെ നിവൃത്തിയില്ല. അതിനാൽ ആശയവർദ്ധനയ്ക്കായുള്ള അനുഭവബോധനവും ആപ്തവാക്യബോധനവും ഉദ്ദേശസിദ്ധിയ്ക്കുതകത്തക്കവണ്ണം അവലോകനപ്രതിപാദനങ്ങൾ വഴിയായിട്ടുതന്നെ നടത്തണം. ആപ്തവാക്യബോധനത്തെ വാങ്മൂലബോധനമെന്നും ഗ്രന്ഥമൂലബോധനമെന്നും പിരിയ്ക്കാം. പ്രാഥമികപാഠശാലയിൽ അനുഭവബോധനമാണ് അധികമായിരിയ്ക്കേണ്ടത്.

തത്വാനുമാനപാഠം—ആശയവർദ്ധനപാഠങ്ങളിൽ ഇടയ്ക്കിടെ കേവലബന്ധങ്ങൾ സൂചിപ്പിയ്ക്കപ്പെടുന്നതുമൂലം പ്രായോഗികതത്വങ്ങളെ ഗ്രഹിയ്ക്കയല്ലാതെ ജ്ഞാനത്തെഅഗാധതരമാക്കുന്ന തത്വാനുമാനപാഠം പ്രാഥമികശിക്ഷാനുമന്ദിരങ്ങളിൽനടത്തപ്പെടാവുന്നതല്ല. അതിനാൽ പ്രാഥമികശിക്ഷയെ ലക്ഷ്യമാക്കിയിട്ടാകുന്ന (അധ്യാപകമിത്രത്തിന്റെ) ഈ ഘട്ടത്തിൽ ഇത്തരം പാഠങ്ങളെ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല; എങ്കിലും, അതിലും പ്രയോജനപ്പെടുന്ന ഘട്ടങ്ങളെമാത്രം ചുരുക്കിപ്പറയാം. ഈ വിഷയത്തിൽ പ്രൊഫസർ വെൽട്ടന്റെയും പ്രൊഫസർ ഡ്യൂയിയുടെയും വാചസ്പതിമിശ്രന്റെയും അഭിപ്രായങ്ങൾ മിയ്ക്കവാറും യോജിച്ചുകാണുന്നു. അതിനാൽ വാചസ്പതിമിശ്രന്റെ അഭിപ്രായപ്രകാരമുള്ള ഘട്ടങ്ങളെ സൂചിപ്പിയ്ക്കാം. അധ്യയനം, ശബ്ദം എന്നു രണ്ടായിട്ടു അദ്ദേഹം പറയുന്നതിനെ പാശ്ചാത്യഗുരുക്കന്മാർ തൽവിഷയഗ്രഹണം എന്ന് ഒന്നാക്കുന്നു; അതുപോലെതന്നെ വാചസ്പതിമിശ്രന്റെ അടുത്ത,ഊഹം, സുഹൃത് പ്രാപ്തിഎന്നിവയെ പാശ്ചാത്യന്മാർ സിദ്ധാന്തസൂചനയും സിദ്ധാന്തലബ്ധി

എന്നു് ഒന്നിച്ചു ചേൎക്കുകയാണു് ചെയ്യുന്നതു്. പ്രൊഫസർ വെൽട്ടൻ മൂന്നാമതായ് പറയുന്ന തത്വാനുമാനം പൗരസ്ത്യാഭിപ്രായത്തിൽ ഒരു പ്രത്യേക ഘട്ടമായ് കാണുന്നില്ല. എല്ലാവരുടേയും ഒടുവിലത്തെ ഘട്ടം വാചസ്പതിമിശ്രൻ 'ദാനം' എന്നു പറയുന്ന പ്രയോഗംതന്നെ എന്നാണു് ഡാക്കാട്രെയിനിങ് കാളേജ് പ്രൊഫ്സർ നാഗേന്ദ്രനാഥമുസംദാർ എം. എം. ബീ-ററി അഭിപ്രായപ്പെടുന്നതു്. അതിനാൽ തത്വാനുമാനപാഠത്തിൽ തദ്വിഷയഗ്രഹണം, സിദ്ധാന്തസൂചനയും സിദ്ധാന്തലബ്ധിയും, തത്വാനുമാനം പ്രയോഗം എന്ന നാലുഘട്ടങ്ങൾ പ്രയോജനപ്പെടുമെന്നു വരുന്നു. ഇത്തരം പാഠങ്ങളിൽ പ്രശ്നങ്ങളോടുകൂടിയ ഗവേഷണരീതിയാണു് അധികം ഉപയോഗപ്പെടുന്നതു്.

തത്വസമൎത്ഥനപാഠം—ഇതും പ്രാഥമികപാഠശാലയിൽ ആവശ്യപ്പെടാത്തതാണു്. ഇതിലുള്ള ഘട്ടങ്ങൾ പ്രമാണാവതരണം, പ്രയോഗം, പരിശോധന എന്നു മൂന്നാണു്.

സംഘടനനിൎവ്വഹണപാഠങ്ങൾ—പ്രായോഗികമായ കരനേത്രപരിശീലനങ്ങളിൽ വരുന്നവയാണു് ഈത്തരം പാഠങ്ങൾ. ഇവയിൽ വേണ്ടിവരുന്ന ഘട്ടങ്ങൾ ഉദ്ദേശാവഗ്രഹണവും ഫലപരിശോധനയുമാകുന്നു. പാഠങ്ങളെ തരംതിരിച്ചതിൽ നിയാമകമായ് സ്വീകരിയ്ക്കപ്പെട്ടതു് അവിടവിടെ പ്രബലപ്പെടുന്ന പ്രേക്ഷണം, സമേക്ഷണം, പ്രവൎത്തനം, എന്ന വൃത്തികളെയാണു്. എങ്കിലും ഒരുതരം പാഠത്തിൽ ഒരുതരം വൃത്തിയെ ഉണ്ടായിരിയ്ക്കു എന്നു പറയാവുന്നതല്ല. എല്ലാ വൃത്തികളുടേയും സ്പൎശം എല്ലാ പാഠങ്ങളിലും കാണും. അതുകൊണ്ടു പ്രായോഗികമായ അനുമാനസമൎത്ഥനങ്ങൾ അവസരോചിതം പ്രയോജനപ്പെ

ട്ടത്തേണ്ടതാകയാൽ എല്ലാ രീതിയും, ഫലപ്രദമാണെങ്കിൽ ഒന്നുതന്നെ, അഥവാ, ഒന്നിന്റെ വകഭേദം തന്നെ; അതു് പ്രയോഗപ്രാധാന്യത്തെ വിസ്മരിയ്ക്കാത്ത അനുമാനസമത്ഥനരീതിയാണു്.

ക്ലാസ് ഭരണം—ആവശ്യമുള്ള എല്ലാഅംശങ്ങളും ഉണ്ടായിരുന്നാലും, വീട്ടിലെന്നപോലെനാട്ടിലുംഭരണശക്തിയുടെ ന്യൂനത നിമിത്തം എന്തെല്ലാം കുഴപ്പങ്ങൾ വന്നുകൂടുന്നു? അതുപോലെതന്നെ ശിക്ഷാമന്ദിരത്തിലും വിഷയജ്ഞാനപൂർണ്ണതയും, രീതിസ്വരൂപണപാടവവും, അചരിത്യാജ്യങ്ങളാണെങ്കിലും, അത്രയുംകൊണ്ടു് അധ്യാപനകാര്യം സാധ്യമാകുന്നതല്ല. ഭരണശക്തികൂടിയുണ്ടായിരുന്നാലേ മററവ രണ്ടും പ്രയോജനപ്പെടൂ. നിയമനപരിപാലനത്തിലാണു് ഭരണശക്തി അന്തർഭവിക്കുന്നതു്. (നിയമനഗുണംസിദ്ധിയ്ക്കുന്നതു വ്യവസ്ഥിതിയുടെപര്യാപ്തിയിൽ നിന്നാണു്. ശിക്ഷാമന്ദിരസ്ഥാനം തുടങ്ങി തത്വദീപികയിൽ പ്രതിപാദിയ്ക്കപ്പെട്ടിരിയ്ക്കുന്ന ബാഹ്യാംശങ്ങളെ വ്യവസ്ഥിതി അന്തർഭവിയ്ക്കുന്നു. നിയമനം ശിക്ഷാമന്ദിരത്തിലെ ഏതുകാര്യത്തിലും ക്രമം അല്ലെങ്കിൽ മുറ വന്നുകൂടുന്നതിനുപകരിയ്ക്കുന്ന ആഭ്യന്തരാംശങ്ങളെ ആശ്രയിയ്ക്കുന്നു.) അതുകൊണ്ടു് ശിക്ഷാമന്ദിരത്തിലെ പ്രഥമാവശ്യം നിയമനഗുണമാണു്. ഉത്തമനിയമനം അധ്യാപകപൗരുഷത്തിന്റെ ഫലമത്രെ. മനോധർമ്മം, തത്പരത, അകൈതവസ്നേഹം, സ്വഭാവദാർഢ്യം എന്നിവയില്ലാഞ്ഞാൽ പൌരുഷമുണ്ടെന്നു വരുന്നതല്ല.

(a) ക്രമം, അഥവാ, മുറ. മുറയാണു് പ്രകൃതിയുടെ പ്രഥമനിയമം. അതിന്റെ അഭാവത്തിൽ യാതൊരു കാര്യവും തൃപ്തികരമാകുന്നതല്ല. ക്രമം സാധിയ്ക്കണമെങ്കിൽ

അദ്ധ്യാപകൻ കൃത്യസമയത്തു് ഒരുങ്ങി ധൎമ്മനിൎവ്വഹണ സ്ഥാനത്തു് ഹാജരായിരിയ്ക്കേണ്ടതും, വിദ്യാൎത്ഥികളെ നിശ്ശബ്ദമായും മുറയായും അവരവരുടെ ക്ലിപ്തസ്ഥാനത്തിൽ പ്രവേശിപ്പിയ്ക്കേണ്ടതും, (ഹാജരാകാത്ത വിദ്യാൎത്ഥിയുടെ സ്ഥാനം ഒഴിഞ്ഞു തന്നെ കിടക്കണം) മററുള്ളവൎക്കായി കാത്തിരിയ്ക്കാതെ കൃത്യസമയത്തു് ബോധനം തുടങ്ങേണ്ടതും ആകുന്നു. വിദ്യാൎത്ഥികൾ വെറുതെയിരിയ്ക്കാനിടവരുത്തരുതു്. ഹാജർ പതിയ്ക്കുന്നതുപോലും അവൎക്കു വല്ല ജോലിയും കൊടുത്തിട്ടായാൽ കൊള്ളാം. നിശ്ചിതസ്ഥാനം ഓരോ വിദ്യാൎത്ഥിയ്ക്കും ഉണ്ടായിരിയ്ക്കയും അതു് ഏതെങ്കിലും ഒരു മുറയിൽ ക്രമപ്പെടുത്തിയിരിയ്ക്കയും ചെയ്തിരുന്നാൽ ആ ജോലി നിഷ്പ്രയാസം സമയനഷ്ടം കൂടാതെ നടക്കുന്നതാണു്. ഹാജർ പതിയ്ക്കുന്നതിനും പ്രത്യേക സമയം നിശ്ചയിച്ചിരിയ്ക്കണം. ക്രമം സാധിച്ചുകഴിഞ്ഞാൽ അതിനെ കളയാതിരിയ്ക്കണമെങ്കിൽ വിദ്യാൎത്ഥികൾക്കു സദാ ജോലി ഉണ്ടായിരിയ്ക്കയും, ക്ലാസിൽ വല്ലെടത്തും അശ്രദ്ധയോ നിഷ്ക്രിയതയോ കണ്ടാൽ ഉടൻ മാററുകയും ചെയ്യണം. ക്ലാസു മുഴുവനും തന്റെ ദൃഷ്ടിയിൽ സദാ ഇരിയ്ക്കത്തക്കവണ്ണമുള്ള സ്ഥാനത്തു് അദ്ധ്യാപകൻ നില്ക്കേണ്ടതാണു്. സംഭാഷണം ശാന്തവും ഗംഭീരവുമായിരിയ്ക്കണം. അദ്ധ്യാപകൻ, വെരുകിന്റെ കൂട്ട, അങ്ങുമിങ്ങും ക്ലാസിൽ നടക്കാൻ പാടില്ല. അദ്ധ്യാപകൻതന്നെ ക്ലാസിന്നധിപനായിരിയ്ക്കയും ബോധനവിഷയത്തോടു സംബന്ധപ്പെടാത്ത ഏതുവസ്തുവും അവിടെനിന്നും മാററപ്പെട്ടിരിയ്ക്കയും ചെയ്യണം; അല്ലാത്തപക്ഷം, വിദ്യാൎത്ഥികളുടെ ശ്രദ്ധ വ്യതിചലിയ്ക്കുന്നതാണു്. ഇപ്പ്രകാരമിരുന്നാൽ നിയമനശത്രുക്കളായി വിദ്യാൎത്ഥികളിലാരും പരിണമിയ്ക്കുന്നതല്ല. അഥവാ വല്ലവരും അങ്ങനെ കാണപ്പെട്ടാൽ, ആ വ്യക്തി

യുടെ ചിത്തവൃത്തികളെ ഗ്രഹിച്ച് അതിന്നനുസരണമായ് ശാസനാരൂപത്തിൽ ഉപദേശം നൽകിയും, മനോധർമ്മം പ്രയോഗിച്ചും, രക്ഷാകർത്താവിനെയോ പ്രഥമാധ്യാപകനേയോ ധരിപ്പിച്ചും ആ വ്യക്തിയെ ശരിപ്പെടുത്തണം; ഇതിലൊന്നുകൊണ്ടും സാധിയ്ക്കാഞ്ഞാൽ പള്ളിക്കൂടത്തിൽനിന്നും കളയേണ്ടതുതന്നെ.

പാഠത്തിൽ രസം ജനിപ്പിയ്ക്കാമെങ്കിൽ ഭരണം ലഘുവായിത്തീരും; അതിനുള്ള സമ്പ്രദായങ്ങളേയും ഓർമ്മിപ്പിയ്ക്കാം.

൧. വൈവിധ്യപ്രയോഗം—പഴയ സംഗതികളെ പുത്തൻമാതിരിയിലും പുത്തൻസംഗതികളെ പഴയവയോടു ചേർത്തു പരിചിതരീതിയിലും പ്രയോഗിയ്ക്കുന്നതാണത്.

൨. പ്രതീക്ഷമാണത—ലക്ഷ്യം മനസ്സിലായിക്കഴിഞ്ഞാൽ ഇതു് വന്നുകൂടുന്നതാണു്.

൩. അനുകമ്പ—വിദ്യാർത്ഥികളുടെ നിലയിൽ വിഷയങ്ങളെ വീക്ഷിച്ചു വേണ്ടതു ചെയ്തുകൊടുക്കുക.

൪. പ്രവർത്തനതല്പരത—വിദ്യാർത്ഥികളെ പ്രവർത്തിപ്പിച്ചുതന്നെ സാധിയ്ക്കണം. അവർ പ്രവർത്തനഭാഗഭാക്കുകളാകുമ്പോൾ, സംഖ്യാനുഭാവംഎന്നു പറയപ്പെടുന്ന മിഥഃപ്രചോദനം വേണ്ടതൊക്കെ സാധിച്ചുകൊള്ളും. അദ്ധ്യാപകൻതന്നെ ധർമ്മതല്പരനായിരുന്നാൽ ആ താല്പര്യം അദ്ധ്യേതാക്കളിലും സംക്രമിയ്ക്കും. ഭരണം ഭംഗിയായ് സാധിയ്ക്കാം. 'ഇതാണു് ഞാൻ പ്രയോഗിച്ച വശ്യം' എന്നു പറയുകയും ചെയ്യാം.

നിയമനഗുണംതന്നെ നിയമനലക്ഷ്യമെന്നു വിചാരിച്ചുപോകരുത്; ശോഭനശീലസ്വരൂപണമാണ് ലക്ഷ്യം. ജീവിതം മുഴുവനും നൈസർഗ്ഗികവാസനകളുടെയും സാധിതശീലങ്ങളുടെയും പ്രകടനമാണല്ലോ. വാസനകളെ നന്നാക്കാൻ സാധിക്കുന്നതല്ല; പ്രവർത്തനത്തിനിടകൊടുക്കാതെ നശിപ്പിയ്ക്കാം. ശീലമോ, നാംതന്നെ ഈ ജീവിതത്തിൽ സമ്പാദിയ്ക്കുകയാണ്, എന്നാൽ വേരൂന്നിക്കഴിഞ്ഞാൽവാസനയ്ക്കൊപ്പം ബലമുള്ളതായി ഭവിയ്ക്കും. നമ്മുടെ അറിവോടുകൂടി പരിസരങ്ങളിന്മേൽ നാംതന്നെ നമ്മുടെ തനുകരണങ്ങളെ പ്രവർത്തിപ്പിയ്ക്കുന്നതിൽ വന്നുകൂടുന്ന പഴക്കമാണ് ശീലം. അതുകൊണ്ട് നാം തന്നെ അതിൻെറ ഗുണദോഷത്തിനുത്തരവാദികൾ. പൌരസ്ത്യമതമനുസരിച്ച് പൂർവ്വജന്മാർജ്ജിതശീലങ്ങളത്രെ ഇപ്പോൾ വാസനകളായ് പരിണമിച്ചിരിയ്ക്കുന്നത്; അതുകൊണ്ട് അതിനുംനാം തന്നെ ഉത്തരവാദികളാകുന്നു. ഭൂതവർത്തമാനജീവിതങ്ങളിലെ ശീലങ്ങൾക്ക് അടിമകളാണ് നാം എന്ന് നമുക്കെല്ലാം നിശ്ചയമാണ്. ആ ശീലസ്വരൂപണത്തിൽ നിയമനത്തിന് സാരമായ ഭാഗംഉണ്ട്. അതിനാൽ നിയമനത്തെ അദ്ധ്യാപകന്മാർ എങ്ങനെ വീക്ഷിയ്ക്കണമെന്നു പറയേണ്ടതില്ലല്ലോ. ഇച്ഛാജ്ഞാനശക്തികൾ രണ്ടും ക്രമീകരിയ്ക്കപ്പെടണം എങ്കിലേ ക്രിയാശക്തി പ്രയോജനപ്പെടൂ.

ഒരുക്കം—ബോധനത്തിനെങ്ങനെ ഒരുങ്ങണമെന്നാലോചിയ്ക്കാം. ഒരുക്കംനിമിത്തം പലഗുണങ്ങളുമുണ്ടാകുന്നുണ്ട്:—അദ്ധ്യേതാക്കളിലും ഒരുങ്ങി പ്രവർത്തിയ്ക്കുന്ന ശീല

ത്തെ ഉല്ലാദിപ്പിയ്ക്കുന്നു; അദ്ധ്യേതാക്കളുടെ സ്നേഹബഹുമാനങ്ങൾ അദ്ധ്യാപകനു ലഭിയ്ക്കുന്നു; (അറിയാത്തതിനെ അങ്ങനെതന്നെ സമ്മതിച്ചുപറയണം. പ്രശ്നോപനിഷത്തിലെ വാക്യം ഓക്കുക. "യഥാകാമം പ്രശ്നാൻപൃച്ഛത യദിവിജ്ഞാസ്യാമഃ സർവ്വം ഹ വോ വക്ഷ്യാമഃ") വിഷയാവതരണം പര്യാപ്തമായ് ഭവിയ്ക്കുന്നതിനാൽ ശ്രദ്ധ ബലാൽ ആകർഷിയ്ക്കപ്പെടുന്നു. ശില്പിസാധാരണമായ സന്തോഷവും അഭിമാനവും അദ്ധ്യാപകനു തോന്നുന്നു. പാഠവിഷയത്തെ വ്യക്തമാക്കിക്കൊടുക്കുന്നതിനാൽ, അന്തരംഗത്തിൽ അതു സ്ഥിരമായ സ്ഥാനം നേടുന്നു അതുകൊണ്ട്, ഒരുങ്ങിക്കൊണ്ടുതന്നെ ക്ലാസിൽകയറണം. "ഉരയ്ക്കപ്പെടും പൊരുൾ ഉള്ളത്തമൈത്തു" (പ്രവചിയ്ക്കപ്പെടേണ്ട സംഗതികൾ അദ്ധ്യാപകൻ സ്വന്തംമനസ്സിൽതന്നെ ക്രമപ്പെടുത്തിവച്ചുകൊണ്ട്) എന്നാണ് പവണന്തിമുനിയുടെ അഭിപ്രായം. അതി[ന്നു]വേണ്ട ഒരുക്കംമാത്രമല്ല ഇവിടെ വിവക്ഷിയ്ക്കപ്പെടുന്നത്. അതു 'കണ്ടിടംകടത്തുന്ന' കൂലിക്കാരന്റെ തൊഴിലാണ്; ശാശ്വതഫലംനേടുന്ന ശില്പിയുടെ നിർവ്വഹണസമ്പ്രദായമല്ല. ധർമ്മത്തിൽ സ്നേഹമുണ്ടായിരുന്നാൽ മേലും കീഴും ആലോചിക്കാതെ ആരുംപ്രവർത്തിയ്ക്കുകയില്ല. വത്സരാരംഭത്തിൽ സിംഹാവലോകനന്യായേന അതീതവത്സരത്തിൽ വിദ്യാർത്ഥികൾക്കു ലഭിച്ചിരിയ്ക്കുന്നതും അപരവത്സരത്തിൽ അവർ അധിഗമിയ്ക്കേണ്ടതും വിസ്മരിയ്ക്കാതെ, തന്നാണ്ടത്തേയ്ക്കു് നിശ്ചയിച്ചിട്ടുള്ള എല്ലാ വിഷയങ്ങളിലേയും ക്ലിപ്തഭാഗങ്ങളശേഷം സന്ധാനഭംഗംകൂടാതെ നിശ്ചിതസാദ്ധ്യായദിവസങ്ങൾക്കായ് വീതിച്ചു ക്രമപ്പെടു

ത്തിവെച്ചുകൊള്ളുന്നതാണ് ആദ്യത്തെ പ്രയത്നം. ഇതിൽ സ്വന്തംക്ലാസിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള ഭാഗം മുഴുവനും ഹൃദിസ്ഥമാക്കിക്കൊള്ളുന്നതും അനുഭവബലംമൂലംഅംശങ്ങളെ അധികം അധികം തൃപ്തികരമായ്മാററി ക്രമപ്പെടുത്തുന്നതും അന്തർഭവിയ്ക്കുന്നു. സ്വാധ്യായദിവസങ്ങൾക്കായ് അധ്യേയംമുഴുവനും വീതിയ്ക്കുന്നതിൽ ആവൎത്തനത്തിനു് സമയം നീക്കിവയ്ക്കുന്നകാൎയ്യം മറന്നുപോകരുതേ! പിന്നെവേണ്ടതു ദൈനികാംശത്തെ വിശകലനംചെയ്ത് വിദ്യാൎത്ഥികൾക്കു പ്രത്യഭിജ്ഞ ജനിയ്ക്കത്തക്കവണ്ണം ക്രമപ്പെടുത്തി ഉചിതബന്ധങ്ങൾമൂലം ഘടിപ്പിയ്ക്കുന്നതാണ്. ഇങ്ങനെ ക്രമപ്പെടുത്തുന്നതിൽ ഓരോപടിയിലും സിംഹാവലോകനന്യായം പ്രവൎത്തിയ്ക്കേണ്ടതാകുന്നു. പുനരുക്തിദോഷത്തെ ഗണ്യമാക്കാതെ, പ്രതിദിനം ധൎമ്മനിൎവ്വഹണത്തിനൊരുങ്ങുന്ന അദ്ധ്യാപകൻ ശ്രദ്ധിയ്ക്കേണ്ട സംഗതികളെ ഒന്നുകൂടി സംഗ്രഹിയ്ക്കാം. ൧. തൊട്ടുതുളിയ്ക്കുന്ന മട്ടിലുള്ള ഉദ്ദേശകഥനം സാധിയ്ക്കുന്ന സമ്പ്രദായം; ൨. നിശ്ചിതക്രമത്തിൽ അവതരിയ്ക്കപ്പെടാൻ പോകുന്ന അംശങ്ങളെ വിദ്യാൎത്ഥികൾ സംപ്രേക്ഷിയ്ക്കത്തക്കവണ്ണം അവരുടെ സംപ്രേക്ഷകാശയങ്ങളെ ഉണൎത്താനുചിതങ്ങളായ പ്രാരംഭപ്രശ്നങ്ങൾ രൂപവത്കരിയ്ക്കുന്ന രീതി; ൩. വിശകലനംചെയ്തു ക്രമപ്പെടുത്തി വെച്ചിരിയ്ക്കുന്ന വിഷയങ്ങളെ വിശദമാക്കുന്നതിനാവശ്യമുള്ള ഉപകരണങ്ങളെ പ്രയോഗിയ്ക്കേണ്ട ഘട്ടവും വിധവും; ൪. ആവൎത്തനഘട്ടങ്ങൾ; ൫. അവതരണപ്രയത്നത്തിൽ എവിടെവിടെ ഏതെല്ലാം

പദങ്ങളെ, അല്ലെങ്കിൽ വാക്യങ്ങളെ ഊന്നി ഉച്ചരിയ്ക്കണമെന്നുള്ള കരുതൽ എന്നിവയാണ്.

ഇതുപോലെ വിഷയാവതരണത്തിൽ ശ്രദ്ധിയ്ക്കേണ്ട സംഗതികളെയും ഉദ്ധരിയ്ക്കാം. ൧. പുതുമ, ആവർത്തനം, സുവ്യക്തത, എന്നിവ സ്വന്തംപ്രവചനത്തിന്റെ ലക്ഷണങ്ങളായിരിയ്ക്കണം. ൨. ശ്രദ്ധയെ വശീകരിയ്ക്കുന്ന ശബ്ദം ഉപയോഗിയ്ക്കണം. ൩. ഭാഷ വിദ്യാർത്ഥികൾക്ക പരിചിതമായിരിയ്ക്കണം. നൂതനപദങ്ങളെ പ്രയോഗിയ്ക്കുകയാണെങ്കിൽ സംഭാഷണസന്ദർഭംകൊണ്ടോ, അഭിനയവിശേഷംകൊണ്ടോ, വൈഷമ്യംകൂടാതെ അർത്ഥബോധം ഉണ്ടാകത്തക്കവിധം പ്രയോഗിയ്ക്കണം. ൪. വിദ്യാർത്ഥികൾക്ക് വിമർശനത്തിനും വിഷയസംഗ്രഹണത്തിനും ഇടകൊടുക്കുന്നതിനായ് ചോദ്യങ്ങൾ ചോദിയ്ക്കയും സമയം അനുവദിയ്ക്കയും ചെയ്യണം. ൫. സാധനങ്ങൾ, മാതൃകകൾ, ചിത്രങ്ങൾ (വർണ്ണവൈവിധ്യംനിമിത്തം വിദ്യാർത്ഥികളുടെ ശ്രദ്ധയെ ആകർഷിയ്ക്കുന്നവ), പടങ്ങൾ (കണക്കനുസരിച്ചു ഘടിപ്പിയ്ക്കപ്പെട്ട പരിധികൾ മാത്രമുള്ളവ), ചിത്രപടങ്ങൾ (വർണ്ണവിശേഷങ്ങൾമൂലം രമണീയമാക്കപ്പെട്ട പടങ്ങൾ), ഛായകൾ (അംശാകൃതികളെ ഗൗനിച്ചോ ഗൗനിയ്ക്കാതെയോ അംശങ്ങളിന്നതെല്ലാമെന്നു ധരിപ്പിയ്ക്കാൻ കരുതപ്പെടുന്ന കരുമ്പലകപ്രദർശനങ്ങൾ).

പ്രാഥമികശിക്ഷാമന്ദിരങ്ങളിലെ പാഠങ്ങളിൽ വരുന്ന മൂന്നാമത്തെ (ഒടുവിലത്തെ) പ്രയോഗം എന്ന ഘട്ടം

(ആവർത്തനചോദ്യങ്ങളെക്കൊണ്ട് സാധിയ്ക്കപ്പെടുന്ന വിഷയവ്യവസ്ഥാപനമാകുന്നു. ഇതിൽ അംശങ്ങളുടെ, പരസ്പരസംബന്ധവും, മററു ബോധനവിഷയങ്ങളോടുള്ള ബന്ധവും, ക്രമംതെററാതെ വിദ്യാർത്ഥികളുടെ മനസ്സിൽ പതിപ്പിയ്ക്കയാണ് വേണ്ടതു്. തൈത്തിരിയോപനിഷത്തിലെ വാക്യങ്ങളെ പ്രൊഫ്സർ ററി. ജെ. ബർണററിൻെറ ഛായകളെക്കൊണ്ടു വിശദമാക്കാനായ് അവയെ ചുവടെ കുറിയ്ക്കുന്നു.

ഉപനിഷദ്വാക്യം. ബർണററുപയോഗിയ്ക്കുന്നഛായകൾ

1. ആചാര്യഃപൂർവ്വരൂപം

2. അന്തേവാസ്യുത്തരരൂപം

3. വിദ്യാസന്ധി

4. പ്രവചനംസന്ധാനം

ആദർശം, ഗുരുശിഷ്യന്മാർപൂർണ്ണമായ് യോജിയ്ക്കുന്നതാണ്

ഋജുരേഖ വിദ്യയെ കാണിയ്ക്കുന്നു.

പാഠക്കുറിപ്പ്.

—o—

പൂൎവ്വഖണ്ഡികകളിൽ 'ഒരുക്കം' എന്നതിനെപ്പററിപ്പറഞ്ഞ സംഗതികളെ ഓൎമ്മിച്ച് പാഠക്കുറിപ്പു തയാറാക്കിക്കൊണ്ടുതന്നെ ക്ലാസിൽ കയറണം എന്നാണ് പൗരസ്ത്യപാശ്ചാത്യഗുരുക്കന്മാരുടെ അഭിപ്രായം. ഓരോവിഷയത്തിനും തുടൎച്ചയായി പാഠക്കുറിപ്പുകൾ തയാറാക്കുകയാണുവേണ്ടതു്; ഒരുദിവസത്തേയ്ക്കുള്ള പല വിഷയങ്ങളുടേയും പാഠക്കുറിപ്പുകൾ ചേൎത്തു കലൎത്തിയല്ല. തുടൎച്ചയായി പാഠക്കുറിപ്പുകൾ തയാറാക്കുന്നതിൽനിന്നും പല സൗകൎയ്യങ്ങളും സിദ്ധിയ്ക്കും:—തലക്കെട്ടിൽ ഉപകരണങ്ങൾ മാത്രം എഴുതിയാൽ മതിയാകും, പഠിപ്പിച്ചുതീരുന്ന ഭാഗത്തിനെതിരായി തീയതി രേഖപ്പെടുത്തിക്കൊള്ളാം; രണ്ടുമൂന്നാഴ്ചകൾക്കു വേണ്ട പാഠക്കുറിപ്പുകൾ സൌകൎയ്യം കിട്ടുമ്പോൾ എഴുതിവച്ചുകൊള്ളാം. പ്രത്യേകംദിവസത്തേയ്ക്കു നിശ്ചയിയ്ക്കുന്നഭാഗം പഠിപ്പിച്ചുതിരാഞ്ഞാൽ അടുത്ത ദിവസത്തേയ്ക്കും തീരാത്തഭാഗത്തെ പകൎത്താനോ, നിശ്ചിതഭാഗത്തിൽ അധികം ഒരു ദിവസത്തേയ്ക്കു വേണ്ടിവന്നാൽ പാഠക്കുറിപ്പില്ലാതെ വിഷമിയ്ക്കാനോ ഇടയാകുന്നതല്ല; ഓരോ വിഷയത്തിലും അധ്യാപനഗതി എങ്ങനേയിരിയ്ക്കുന്നു എന്നു് തനിയ്ക്കും പരിശോധകന്മാൎക്കും എളുപ്പം മനസ്സിലാക്കി വേണ്ട ഭേദം വരുത്താൻ സൗകൎയ്യം കിട്ടും; പൗനരുക്ത്യം വരാതെ സൂക്ഷിയ്ക്കാൻ എളുപ്പമുണ്ടു്; ആവൎത്തനകാൎയ്യത്തിൽ അധ്യാപകനു് വളരെ സൗകൎയ്യം നൽകും; അടുത്തവൎഷം പാഠക്കുറിപ്പുകളെ പരിഷ്കരിച്ചു പുതുക്കുന്നതിനുംഎളുപ്പമായിരിയ്ക്കും.

൧-ാം ക്ലാസ് ഭാഷാപാഠക്കുറിപ്പ് തുടച്ച്.

ഉപകരണം:—വാഴപ്പഴം.

തുടച്ച തീയതി.	മുന്നറിവ്.	നിശ്ചിത ഭാഗം.	രീതി.
	പ്രാരംഭഘട്ടത്തിലെ സംഭാഷണപാഠംമൂലം ഴ എന്ന എഴുത്തിന്റെ ഉച്ചാരണവും, അ ആ ഇ ഈ എന്നീ സ്വരങ്ങൾചേർത്തു മററ ദ്രവിഡവ്യഞ്ജനങ്ങളുടെ പ്രയോഗവും വശമായിട്ടുണ്ട്.	ഴ എന്ന എഴുത്തിനെ പഠിച്ചഎഴുത്തുകളോടുചേർത്ത് (പരിചിതപദങ്ങൾ) എഴുതിയ്ക്കാൻ.	**പ്രാരംഭം അഥവാ ശ്രദ്ധാസന്ധാനം.** ഉപകരണത്തെ കാണിച്ച് പേരുപറയിയ്ക്കുക. (മാമ്പഴമോ എന്നോ മറേറാ ചോദിച്ച് ഉത്തരത്തെ ക്ലിപ്തമാക്കുക.) വാഴ, പഴം, എന്നീപദങ്ങൾ എഴുതാൻ നാം പഠിച്ചില്ലല്ലോ. ഇന്ന് എഴുതാൻ പഠിയ്ക്കാം എന്നുപറയുക. **നൂതനപാഠം:**—വാഴ എന്ന് ആർക്കെങ്കിലും എഴുതാൻ അറിയാമോ? (അറിയുന്നവരുള്ളപക്ഷം എഴുതിയ്ക്കുക. അതിനെ തുടന്നു മററുള്ളവരെയും പ്രേരിപ്പിച്ച് എഴുതിയ്ക്കുക. ഇല്ലെങ്കിൽ) 'വാട്' എന്നു പഠിച്ചപദം എഴുതിയ്ക്കുക. ഇതിലെന്തെല്ലാം അക്ഷരങ്ങളുണ്ടെന്നു വരുത്തീട്ട് 'വാഴ' എന്നവാക്കിലെ അക്ഷരങ്ങളെ പറയിയ്ക്കുക.(അധ്യാപകമിത്രം ഒന്നാംഭാഗത്തിൽ എഴുത്ത് ആരംഭിയ്ക്കുന്നതിനു വിവരിച്ചരീതി

യെ തുടൻ പാഠംനടത്തണം.) 'ഴ'എന്നെഴുതാൻ വിഷമിയ്ക്കുന്ന വരുണ്ടെങ്കിൽ 'ര' എന്നെഴുതീട്ടു അതിനെമറിച്ച് 'ഗ'എഴുതി എഴുത്തവസാനിയ്ക്കുന്ന സ്ഥാനത്തു നിന്നും കീഴോട്ടു ഇടതുവശത്തേയ്ക്കു ചരിച്ചു ചെറിയ വരനീട്ടട്ടേ. എല്ലാകുട്ടികളേയും കൊണ്ട് ഓരോപദം എഴുതിയ്ക്കണം.

പ്രയോഗം:—(ആവത്തനം) ആദ്യം എഴുതിയ പദങ്ങളെ മാച്ചിട്ട് ഓരോപദമായ് എഴുതിയ്ക്കുക. പിന്നീട് ഴ. വരുന്നതായ്, കുട്ടികളെക്കൊണ്ട് നൂതനപദങ്ങൾ പറയിച്ചു എഴുതിയ്ക്കുക. (അങ്ങനെ എഴുതുന്ന പദങ്ങളെ സ്വരസാമ്യം അനുസരിച്ച് ക്രമപ്പെടുത്തുക.) അതു കരുമ്പലകച്ചുരുക്കമായ് പരിണമിയ്ക്കട്ടെ. പിന്നീട് അതിനെ വായനയ്ക്കു വിഷയമാക്കുക.

മഴ.	വഴി.	വാഴ.	തമിഴാമ.
കഴ.	കിഴി.	താഴ.	മലവാഴ.
തഴ.	മിഴി.	ആഴം.	പാലാഴി.
ഇഴ.	പിഴി.	പഴം.	പഴമ.

വായിപ്പിച്ചിട്ട് "ഇതുമാതിരിവേറേ പദങ്ങൾ നാളെപറയണം" എന്നവസാനിപ്പിയ്ക്കുക.

൫-ാംക്ലാസ് ഭാഷാപാഠക്കുറിപ്പു തുടർച്ച.

ഉപകരണം:—വാഴയുടെ ചിത്രപടം, ഇല, കുമ്പ്, കായ്, പഴം, കന്നു്.

തുടച്ച തീയതി.	മുന്നറിവ്.	നിശ്ചിത ഭാഗം.	രീതികൾ.
	വാഴയെ കണ്ടും പല അംശങ്ങളും ഉപയോഗിച്ചും വിദ്യാർത്ഥികൾക്ക് അറിവുണ്ട്.	'വാഴ' എന്ന പാഠം.	പ്രാരംഭം, അഥവാ, പൂർവ്വാനുസന്ധാനം. ഉപകരണങ്ങളെ കാണിച്ച് വാഴയുടെ അംശങ്ങളേയും ഉപയോഗങ്ങളേയും പറയിയ്ക്കുക. (ഇല, ചോറു വിളമ്പി ഉണ്ണുന്നതിനും, കടയ്ക്കു പകരം ഉപയോഗിയ്ക്കുന്നതിനും, വാട്ടി, കുത്തില കോട്ടി, പാത്രമായ് ഉപയോഗപ്പെടുത്തുന്നതിനും, പൂജയ്ക്ക് നിവേദ്യസാധനങ്ങൾ വെയ്ക്കുന്നതിനും, ഉണങ്ങിയാൽ സാമാനങ്ങൾ പൊതിയുന്നതിനും കൊള്ളാം. ഇതുപോലെ മററംശങ്ങളുടെ ഉപയോഗങ്ങളെയും വരുത്തുക. സംഭാഷണത്തിൽ കവരങ്ങൾ, കൊമ്പുകൾ, (രണ്ടടി)യോളം, നാലുപാടും, ചാരം, ഇനം, മാണം, പിരിച്ചുനട്ടുക. മൂക്കം, തൊട്ടുത്തുകെട്ടുക, പീടിക, ഇത്യാദി പദങ്ങളെ, പ്രയോഗിയ്ക്കുയും, പ്രയോഗിപ്പിയ്ക്കുയും,

ചെയ്ക, വാഴയെപ്പററി കൂടുതലായി പഠിയ്ക്കാം എന്നു പറഞ്ഞിട്ടു നൂതനവിഷയം അവതരിപ്പിയ്ക്കുക.

നൂതനവിഷയം സംപ്രേക്ഷണം. } (ഈ ഘട്ടത്തിൽ പുസ്തകത്തിൽകാണുന്നതിലധികം പഠിപ്പിച്ചുകൂടാ എന്നില്ല. അവരുടെ സംപ്രേക്ഷകാശയങ്ങളോടു സംബന്ധപ്പെട്ടതാവുന്നിടത്തോളം നൂതനവിഷയങ്ങളെ പഠിപ്പിയ്ക്കാം.) ഇല മുറിയരുതെന്നു പറയുന്നതെന്തുകൊണ്ട്? വാഴ കുലയ്ക്കുന്നതിനു മുമ്പ് കന്നു പിരിച്ചു നടാൻ പാടില്ലാത്തതെന്തുകൊണ്ട്? വാഴയും (മററു)വൃക്ഷങ്ങളുമായ് താരതമ്യപ്പെടുത്തിയ്ക്കുക. പല ഇനം വാഴകളെ പറയിയ്ക്കുക, താരതമ്യപ്പെടുത്തിയ്ക്കുക. കൃഷി ചെയ്യുന്ന സമ്പ്രദായവും, അനുകൂലമായ മണ്ണും വളവും പറയിച്ചും, പറഞ്ഞും ഗ്രഹിപ്പിയ്ക്കുക.

വ്യവസ്ഥാപനം വായന. } ഇതിലേതാനുംസംഗതികൾ നമ്മുടെ പാഠപുസ്തകത്തിൽ പറഞ്ഞിട്ടു

			ണ്ടു് എന്നുപറഞ്ഞിട്ടു് വായി പ്പിയ്ക്കുക. ആവൎത്തനചോദ്യം മൂലം പ്രധാന ഭാഗങ്ങളെ പറ യിച്ചു വരുത്തി ബോർഡിൽ കുറിയ്ക്കുക. നാളെ പല ഇനം വാഴകളെ താരതമ്യപ്പെടുത്താൻ ഓരോന്നിൻേറയും ഇല, കുമ്പു, കായു്, പഴം, പോളയുടെ നി റം, വണ്ണം മുതലായവയേ സൂ ക്ഷിച്ചു മനസ്സിലാക്കിക്കൊണ്ടു വരണം എന്നുപറഞ്ഞയയ്ക്കുക.

V-ാം ക്ലാസ് ഭാഷാപാഠക്കുറിപ്പു്.

(പദ്യം)

ഉടക്കു തീയതി.	മുന്നറിവു്.	നിശ്ചിത ഭാഗം.	രീതി.
			ഉപക്രമം—ഇന്നു് നാലുവരി പ ദ്യമെഴുതി പഠിയ്ക്കാം. അമ്മാ വനും അനന്തരവനും ഒന്നിച്ചു നടക്കുകയാണെങ്കിൽ ആരു മു മ്പിൽ നടക്കും, ആരു പിമ്പിൽ നടക്കും? എന്തുകൊണ്ടു്? ഭൃത്യ നും യജമാനനും കൂടി പോയാ

ലോ? മുമ്പിൽപോകുന്ന യജമാനൻെറ പിമ്പെ ഭൃത്യൻ നടക്കും എന്നു വരുത്തുക. "നടക്കുന്നു" എന്നതിനുപകരംനടന്നീടുന്നു എന്നു രൂപം പ്രയോഗിയ്ക്കാറുണ്ടെന്നു ധരിപ്പിയ്ക്കുക. ഭൃത്യനും യജമാനനും കൂടി നടക്കുകയാണെങ്കിൽ ആരു മുമ്പിൽ നടക്കും ആരു പിമ്പിൽ നടക്കും? 'നടക്കുന്ന' എന്നതിനുപകരം "നടന്നീടുന്ന" എന്നരൂപം പ്രയോഗിപ്പിയ്ക്കുക;മുമ്പിൽനടന്നീടുന്ന യജമാനൻെറ പിമ്പിൽഭൃത്യൻ നടക്കും എന്നു വരുത്തിയതിൽപിന്നെ ക്രിയ ആദ്യവും കർത്താ രണ്ടാമതും പ്രയോഗിയ്ക്കുന്ന വാക്യരൂപം ഗ്രഹിപ്പിയ്ക്കുക. (സൂര്യൻ തെളിഞ്ഞു=തെളിഞ്ഞുസൂര്യൻ ഇത്യാദി) പിന്നീടു മുമ്പിൽ നടന്നീടുന്ന യജമാനൻെറ പിമ്പിൽനടക്കും ഭൃത്യൻ എന്നു രൂപംമാററി പറയിയ്ക്കുക. എന്തുകൊണ്ടാണു് ഭൃത്യൻ പിമ്പിൽ നടക്കുന്നതു്? ബഹുമാനംനിമിത്തം എന്നു ധരിപ്പിയ്ക്കുക. ആട്ടിൻപററം പോകുന്നതു കണ്ടിട്ടുള്ളവർ എഴുതിയ്ക്കു

യജമാനൻെറപുറകേ ഭൃത്യൻ പോകുന്നതും കന്നുകാലികൾ ഒന്നിൻെറപുറകേ ഒന്നായ് പോകുന്നതും കണ്ടിട്ടുണ്ടു്; സാധാരണ സംഭാഷണത്തിൽ ഉപയോഗിയ്ക്കാറുള്ള ലഘുവായ പദങ്ങളും അറിയാം.

മുമ്പിൽഗമിച്ചീടിന ഗോവുതൻെറ പിമ്പേഗമിയ്ക്കുംബഹുഗോക്കളെല്ലാം
ഒരുത്തനുണ്ടാക്കിനദുഷ്പ്രവാദം പരത്തുവാനാളുകളുണ്ടസംഖ്യം.

ക. മുമ്പിൽ നടക്കുന്ന ആട്ടി
ൻെറ പിമ്പേനടക്കും മററുള്ള
ആട്ടുകളെല്ലാം എന്നുവരുത്തുക.
ഇവിടെ ബഹുമാനം നിമിത്ത
മാണോ പിമ്പിൽനടക്കുന്നത്?
ഒന്നു ചെയ്യുന്നതുപോലെ മററു
ള്ളതും ചെയ്യുന്നു; ബഹുമാനം
നിമിത്തമല്ല; തിരിച്ചറിവില്ലാ
യ്കനിമിത്തമാണ്; എന്നു വരു
ത്തുക ഇനി 'ഗമിയ്ക്കുക' എ
ന്നപദം ഗ്രഹിപ്പിയ്ക്കണം. മ
ണി നാലടിച്ചാൽ നാമെല്ലാം
വീട്ടിലേയ്ക്ക് ഗമിയ്ക്കും. പള്ളി
ക്കൂടത്തിനകത്തുനിന്ന് വെളി
യിൽ പോകുന്നതുവരെ നിങ്ങൾ
ഒരുത്തൻെറ പുറകേ മറെറാരു
ത്തനായി ഗമിയ്ക്കും. വെളിയി
ലിറങ്ങിക്കഴിഞ്ഞാൽ ഓരോരു
ത്തരും അവനവൻെറ വഴിയ്ക്കു
ഗമിയ്ക്കും. എന്നിങ്ങനെ പ
ല വാക്യങ്ങൾ പറഞ്ഞു
പരിചയപ്പെടുത്തീട്ട് ആ പ
ദത്തിന്േറ അൎത്ഥം ഗ്രഹിപ്പിയ്ക്ക
യും ആ പദത്തെ അവരെക്കൊ
ണ്ടു് പ്രയോഗിപ്പിക്കയുംചെയ്ക. ഉ
ച്ചയ്ക്കുകഞ്ഞികുടിയ്ക്കാൻവിട്ടാൽ
നിങ്ങളെവിടെ ഗമിയ്ക്കും? (മററു

ള്ളവരോട്ട്)പോകുക, എന്ന പദത്തിന്നു പകരം വേറെ ഏതുപദം ഉപയോഗിയ്ക്കാം. കന്നാലിപ്പിള്ളർ പശുക്കളെ മേയ്ക്കാൻ കൊണ്ടുപോകുന്ന സമയം മുമ്പിൽ പോകുന്ന പശുവിന്റെ പിമ്പേപോകും പല പശുക്കൾ. അല്ലേ. ഈ വാക്യത്തിൽ 'ഗമിയ്ക്കുന്ന' എന്ന പദം പ്രയോഗിയ്ക്കാമോ? പ്രയോഗിച്ചു പറയുക. "മുമ്പിൽഗമിയ്ക്കുന്ന പശുവിന്റെ പിമ്പേഗമിയ്ക്കും പല പശുക്കൾ" എന്നു വരുത്തുക. പിന്നീട്. 'ഗമിയ്ക്കുന്ന' എന്നതിനു പകരം 'ഗമിച്ചീടുന്ന' എന്ന രൂപം പ്രയോഗിച്ചു പറയിയ്ക്കുക. (പല. എന്നതിനുപകരം. ബഹു. എന്നുപ്രയോഗിയ്ക്കാമെന്നറിയുന്ന കുട്ടികൾ പക്ഷെ കണ്ടേയ്ക്കാം. ഇല്ലെങ്കിൽ, മുൻപറഞ്ഞ രീതിയിൽ മനസ്സിലാക്കിയ്ക്കുക. ഇനി മുമ്പിൽപോകുന്നപശുവിന്റെ പിമ്പേപോകും പല പശുക്കൾ. എന്ന വാക്യത്തിൽ പാഠത്തിനു് ആവശ്യമുള്ള പദങ്ങളും രൂപങ്ങളും പ്രയോഗിച്ചു പറയിയ്ക്കുക. മ

			മ്പിൽ ഗമിച്ചീടുന്ന ഗോവൃത ന്റെ പിമ്പേഗമിയ്ക്കും ബഹു ഗോക്കളെല്ലാം. എന്നു പറയി ച്ചിട്ട് 'ഗമിച്ചീടുന്ന' എന്നതിനു പകരം ഗമിച്ചീടിന എന്ന രൂ പം കവികൾ പ്രയോഗിയ്ക്കാറു ണ്ട് എന്നു പറഞ്ഞുകൊടുത്തു ധരിപ്പിയ്ക്കുക.
			'മുമ്പിൽഗമിച്ചീടനഗോവൃതന്റെ പിമ്പേഗമിയ്ക്കുംബഹുഗോക്കളെല്ലാം'
			എന്നു പലകുട്ടികളെക്കൊണ്ടും പറയിച്ചിട്ട് ബോർഡിൽകുറി യ്ക്കുക. ഇതുപോലെ അടു ത്ത രണ്ടുവരിയും പഠിപ്പിയ്ക്കു ന്നതിൽ 'ദുഷ്പ്രവാദം'എന്ന പദം, അർത്ഥംഗ്രഹിപ്പിച്ചതിൽ പിന്നെപറഞ്ഞുകൊടുത്തുംബോ ർഡിലെഴുതിവായിപ്പിച്ചും ധരി പ്പിയ്ക്കുക. അസംഖ്യം എന്നപ ദം അറിയുന്ന കുട്ടികൾകാണും. (ഇല്ലെങ്കിൽഅതുംപറഞ്ഞുകൊ ടുത്തിട്ട്) മററെ രണ്ടു വരി യും പലരും പറയട്ടെ. പിന്നെ ബോർഡിൽ കുറിയ്ക്കുക. അ ഞ്ചെട്ടുകുട്ടികളെക്കൊണ്ടു വായി പ്പിയ്ക്കുക. അർത്ഥം പറയിയ്ക്കു ക. ഒരാൾ ചെയ്യുന്നതുപോലെ

			മററുള്ളവരും ആലോചിയ്ക്കാതെ ചെയ്യുന്നതു തെററാണെന്നും ധരിപ്പിയ്ക്കുക. ബോർഡിലെഴുതിയിരിയ്ക്കുന്നതിനെ മറച്ചിട്ട് നാലുവരിയും കാണാതെ പറയിയ്ക്കുക. എല്ലാവരും പറയുന്നതുകൊള്ളാം. ഇല്ലെങ്കിൽ മോശക്കാരെക്കൊണ്ടു മുമ്പിൽ മുമ്പിൽ പറയിയ്ക്കണം.

൩-ാം ക്ലാസ് ഭാഷാപാഠക്കുറിപ്പ് തുടച്ച്.

തുടച്ച തീയതി	മുന്നറിവ്	നിശ്ചിത ഭാഗം	രീതി
			ശ്രദ്ധാസന്ധാനം, അഥവാ, പ്രരംഭം. നമുക്ക് ആഹാരംകൂടാതെ ജീവിയ്ക്കാൻ സാധിയ്ക്കുമോ? ആഹാരം എന്തെല്ലാമാണ്? ആഹാരസാധനങ്ങളിൽ പ്രധാനമായതു് ഏതു്? എവിടെനിന്നു കിട്ടുന്നു? എങ്ങനെ കിട്ടുന്നു? കൃഷിചെയ്യുന്നവക്കു എന്തു പേർ പറയും? വേറെ ഏതെല്ലാം തൊഴിലുകളുണ്ട്? ഏതു തൊ

ഗിലാണ് പ്രധാനമായതു്? എന്തുകൊണ്ടു്? (മററു തൊഴിലുകളോടു കൃഷിയെ താരതമ്യപ്പെടുത്തണം). ഏതു തൊഴിലാണ് നല്ലതു്? കൃഷിക്കാരനോ ഉദ്യോഗസ്ഥനോ മേലായവൻ? (ലോകത്തിലുള്ള മനുഷ്യൎക്കും മററു പലജന്തുക്കൾക്കും ആഹാരസാധനങ്ങളുണ്ടാക്കാൻ പ്രയത്നം ചെയ്യുന്ന കൃഷിക്കാരൻ തന്നെ ലോകോപകാരിയും ശ്രേഷ്ഠനും നിർദ്ദോഷിയും എന്നു വരുത്തുക). അതുകൊണ്ടു് നിങ്ങൾ ഏതുതൊഴിൽ ചെയ്യാനാഗ്രഹിക്കുന്നു. എന്നാൽ കൃഷിയെപ്പററി ഏതാനും ഭാഗങ്ങൾ പഠിക്കാം.

വിഷയാവതരണം സംപ്രേക്ഷണം. } കൃഷി ചെയ്യാൻ എന്തെല്ലാം വേണം? സ്വന്തം നിലമില്ലാത്തവർ എങ്ങനെ കൃഷിചെയ്യും? പാട്ടം ഏററാൽ ഉടമസ്ഥന് എന്തുകൊടുക്കണം? ഏററ അളവിന് വിളവു കിട്ടിയില്ലെങ്കിലോ? വാരത്തിനേററാലോ? പാട്ടമോ വാരമോ കൃഷിക്കാരനു് അനുകൂലം? സാമൎത്ഥ്യമുണ്ടെങ്കിൽ അധികം വിളയിച്ചുകു

നാട്ടിലെ പലവിധം കൃഷികളും നടക്കുന്നതു് മിക്കകുട്ടികളും കണ്ടിട്ടുണ്ടു്. സമ്പ്രദായവും അവൎക്ക പരിചയമുള്ളതാകുന്നു. സംഭാഷണത്തിൽ സാധാരണ ഉപയോഗിക്കാറുള്ള പദങ്ങളുടെ പ്രയോഗവും അറിയാം.

കൃഷിക്കാരൻ എന്നപാഠം.

(കൃഷിയുടെ പ്രാധാന്യം. കൃഷിക്കുവേണ്ട സാധനസാമഗ്രികൾ. വിളവ് എന്നു മൂന്നായ് ഭാഗിക്കാം. എങ്കിലും ഒന്നിച്ചു പഠിപ്പിക്കയാണ് നല്ലതു്).

		ടെ? അങ്ങനെയായാൽ കൃഷി ചെയ്യുന്നവന്ന് ഏതനുകൂലം? കൃഷിക്കാരൻആദ്യമായ് നില ത്തിൽ ചെയ്യുന്നതെന്താണ്? അ തിന്നെന്തെല്ലാം വേണം. കാള യും കലപ്പയും ആളും ഉണ്ടായി രുന്നാൽ മതിയോ? വേനൽ ക ഠിനമായിരിയ്ക്കുമ്പോൾ, അതാ യത്തു നിലം ഉണങ്ങി, കട്ടപിടി ച്ച് കിടക്കുമ്പോൾ പൂട്ടാൻ എളു പ്പമുണ്ടോ? എന്തുകൊണ്ട്? മ ണ്ണിളക്കാൻ എന്തു സൗകര്യം വേണം? ജലസൗകര്യം എങ്ങ നെ സിദ്ധിയ്ക്കും? മഴ നമ്മുടെ ആവശ്യമനുസരിച്ച പെയ്യുന്നു ണ്ടോ? അതുകൊണ്ട് നാം എ ന്തുചെയ്യണം? (ജലാശയങ്ങളു ടെ അടുത്തു കൃഷിചെയ്കയോ കൃ ഷിസ്ഥലത്തിന്നടുത്തു് ജലാശയ മുണ്ടാക്കുകയോ ചെയ്യണം എ ന്നു വരുത്തുക). അല്ലാത്തപ ക്ഷം നാം എന്തു ചെയ്യേണ്ടിവ രും? മഴയെമാത്രം ആശ്രയിയ്ക്കു ന്നവർ എപ്പോൾ കൃഷിയാരം ഭിയ്ക്കും? നമ്മുടെ നാട്ടിൽ വ ർഷകാലം എപ്പോഴാണ്? ഏതു മാസത്തിൽ ആരംഭിയ്ക്കുന്നു.

(ഇടവപ്പാതിയും തുലാവർഷവും ഗ്രഹിപ്പിയ്ക്കുക). (വെള്ളം വീണ് മണ്ണിന് ഇളക്കംവരുമ്പോഴാം പൂട്ടാവുന്നതാകയാൽ മഴ വരുന്നതു കാത്ത് കൃഷിക്കാർ ഒരുങ്ങിയിരിയ്ക്കുമെന്നു വരുത്തുക).

എല്ലാ നിലങ്ങളിലും ഒന്നുപോലെ വിളവു കിട്ടാത്തതെന്തുകൊണ്ട്? മണ്ണിൻെറ ഗുണം നന്നാകാനെന്തുചെയ്യണം? മഴ ആരംഭിയ്ക്കുന്നതിനു മുമ്പ് കൃഷിക്കാർ എന്തെല്ലാം ചെയ്തിരിയ്ക്കണം. (നിലത്തിൽ വളമിട്ടാം, കലപ്പ, കാള, വിത്ത് എന്നിവ ശേഖരിച്ചും ഇരിയ്ക്കണം എന്നു വരുത്തുക.) അങ്ങിനെ ചെയ്യാത്തവരെ കൃഷിയ്ക്കു സന്നദ്ധരായിരിയ്ക്കുന്നു എന്നു പറയാമോ? അവർ സന്നദ്ധരായിരുന്നില്ലെങ്കിൽ കൃഷികാര്യം നടക്കുമോ?

"വിതയ്ക്കുംകാലത്ത് വെറുതെയിരുന്നാൽ
കൊയ്യുംകാലത്ത് കൂലികൊടുക്കണ്ട"

എന്ന പഴമൊഴി ഗ്രഹിപ്പിയ്ക്കുക. അതുകൊണ്ട് കൃഷിക്കാർ വർഷം ആരംഭിയ്ക്കുന്നതിനു മുമ്പ് എങ്ങനെയിരിയ്ക്കണം. സാധനങ്ങൾ ശേഖരിച്ചിട്ട് സന്ന

ധാരായിരിയ്ക്കണം എന്നു വരുത്തുക.

നിങ്ങൾ പള്ളിക്കൂടത്തിലേയ്ക്കു എത്രമണിയ്ക്കു വരുന്നു. കൃഷിക്കാർ അവരുടെ ജോലിസ്ഥലത്തേയ്ക്കു് അപ്പോഴാണോ പോകുന്നതു്? നിങ്ങൾ നാലുമണിയ്ക്കു് തിരിച്ചു് വീട്ടിലെത്തുമ്പോൾ അവരും വരുമോ? നിങ്ങൾ എത്രമണിമുതൽ എത്രമണിവരെ പാഠശാലയിൽ വേല ചെയ്യുന്നു? അവർ പാടങ്ങളിൽ എപ്പോൾമുതൽ എപ്പോൾവരെ വേലചെയ്യുന്നു? അവർ മണിക്കണക്കാണോ പറയുന്നതു്? (ഉദയംമുതൽ അസ്തമയംവരെ എന്നു വരുത്തുക). ഇപ്രകാരം കൃഷിയിറക്കിയാൽ വിളവെടുക്കാമോ? എത്രനാൾ കാത്തിരിയ്ക്കണം? അത്രയും കാത്തിരുന്നാൽ വിളവെടുക്കാമോ? 'പയിരി'ൻെറ വളച്ചയ്ക്കു ക്രമമായ് വെള്ളം കിട്ടിക്കൊണ്ടിരിയ്ക്കണം. എന്നു വരുത്തുക. "അളവുകവിഞ്ഞാൽ അമൃതവും വിഷമാം" എന്നു ധരിപ്പിയ്ക്കുക. വെള്ളം ക്രമമായി കിട്ടിക്കൊ

ണ്ടിരുന്നാൽ വിളവു നിശ്ചയമായി കിട്ടുമോ? ചാഴി മുതലായ ജന്തുക്കൾ മാത്രമാണോ വിളവു കിട്ടാതാക്കുന്നതു്? മോഷണം പോകാതിരിയ്ക്കണമെങ്കിൽ കൃഷിക്കാരൻ എന്തു ചെയ്യണം. (മററുള്ളവരോടു രഞ്ജനയായും —പകയ്ക്കാതേയും— അക്രമികളെ അടക്കുന്നതിനും രാജാവിൻെറ നേക്കു ഭക്തിയോടുകൂടിയും, കാലക്കേടുകൂടാതെ കാക്കുന്നതിനായ് ഈശ്വരനെസേവിച്ചും ജീവിതംകഴിച്ചുകൂട്ടണം.)

വിളവെടുത്താൽ കൃഷിക്കാരൻ എന്തുചെയ്യുന്നു? കൊററുമാത്രമെ കൊടുക്കുന്നുവോ? യാചിയ്ക്കുന്നവക്കു ദാനംചെയ്തിട്ടു ശേഷിത്തെ എന്തുചെയ്യുന്നു. കേടുപററാതെ പാകപ്പെടുത്തി വീട്ടിൽ സൂക്ഷിയ്ക്കുന്നു എന്നു വരുത്തുക.

ഇപ്രകാരം ഒരു പാഠത്തിലെ വിഷയം മുഴവനും തുടച്ചയായും സംബന്ധപ്പെടുത്തിയും അദ്ധ്യേതാക്കളെ ഗ്രഹിപ്പിച്ചു് ഒരു ദിവസത്തെ പാഠം അവസാനിപ്പിയ്ക്കാം. അടുത്ത ദിവസം പരിശോധനചോദ്യങ്ങളും പദപ്രയോഗപരിശീലനവും വായനയും നടത്തി പാഠം തീർക്കാം.

അടുത്തദിവസം ചുരുക്കമായ പരിശോധന ചോദ്യ ങ്ങൾ ചോദിച്ചാൽ മതിയാകും.

എന്തുകൊണ്ടാണ് കൃഷി മേൽത്തരം തൊഴിലാകുന്നത്?

കൃഷിക്കാരനുവേണ്ട സാധനസാമഗ്രികൾ ഏവ?

പാട്ടം, വാരം, രണ്ടിനും തമ്മിൽ വ്യത്യാസമെന്ത്?

കൃഷിക്കാരൻെറ പ്രയത്നം എങ്ങനെയെല്ലാം നിഷ്പ്രയോ ജനമാകാം?

അതുകൊണ്ട് കൃഷിക്കാരൻ എങ്ങനെജീവിതംനയിയ്ക്കണം?

എന്നു ഏതാനും ചോദ്യങ്ങൾകൊണ്ട് പരിശോധന നടത്തീട്ട് പദപ്രയോഗപരിശീലനവും വായനയും അദ്ധ്യാ പകമിത്രം ഒന്നാംഭാഗത്തിൽ പറിഞ്ഞിട്ടുള്ള രീതിപ്രകാരം നടത്തണം.

ഒടുവിൽ, നിർദോഷം, നിഷ്ഫലം എന്നീപദങ്ങളെപി രിച്ചു മനസ്സിലാക്കിയ്ക്കണം. വ്യാകരണനിയമങ്ങളെ ഉദാ ഹരണങ്ങളിൽനിന്നും അദ്ധ്യേതാക്കൾ രൂപവത്കരിയ്ക്കയ ല്ലാതെ അദ്ധ്യാപകൻ പറഞ്ഞുകൊടുക്കരുത്.)

ഒരുദിവസംകൊണ്ടു പഠിപ്പിച്ചുതീക്കാൻ സാധിയ്ക്കാ ത്തപാഠത്തെ എങ്ങനെ കൈയ്യാളിയ്ക്കണമെന്നു കാണിയ്ക്കാ നാണ് ഈ കുറിപ്പു തയാറാക്കിയത്. വിഷയത്തെ ഖണ്ഡി യ്ക്കരുത്, ബോധനത്തെ ഭാഗിയ്ക്കാം.

സവീസും പരിചയവും ഉള്ള അദ്ധ്യാപകന്മാർ ചുരു ക്കെക്കുറിപ്പുകുറിച്ചാൽ മതിയാകുമെന്നു വിചാരിച്ച് ചുവടേ കുറിയ്ക്കുന്നമാതിരി നോട്ടുതയാറാക്കിവയ്ക്കാറുണ്ട്.

൪-ാം ക്ലാസ് ഭാഷാപാഠക്കുറിപ്പ് തുടച്ച

തുടച്ച തീയതി	മുന്നറിവ്	നിശ്ചിത ഭാഗം	രീതി
	സാധാരണ സംഭാഷണത്തിൽ ഉപയോഗിയ്ക്കുന്ന പദങ്ങളുടെ പ്രയോഗം അറിയാം. കള്ളക്കുഴിവയ്ക്കുക. പത്തായപ്പൊറിവച്ച എലി പിടിയ്ക്കുക എന്നിവയറിയാം.	ആന പിടിയ്ക്കുന്നതിന രണ്ടു സമ്പ്രദായങ്ങൾ.	ഒന്നാമത്തെ സമ്പ്രദായം. കുട്ടികൾ കള്ളക്കുഴിവെച്ച് പ്രായംകൂടിയവരെ ചതിച്ചു വിഷമിപ്പിച്ചു കളിയ്ക്കുന്നതിനേ ഓമ്മിപ്പിച്ചു ആനയെപിടിയ്ക്കുന്ന സമ്പ്രദായം കുട്ടികളെക്കൊണ്ടു പറയിയ്ക്കും. രണ്ടാമത്തെ സമ്പ്രദായം. പത്തായപ്പൊറിവെച്ച് എലി പിടിയ്ക്കുന്ന സമ്പ്രദായത്തെ ഓമ്മിപ്പിച്ച് ആനപിടിയ്ക്കുന്ന മാതിരി കുട്ടികളെക്കൊണ്ടു പറയിയ്ക്കും. പരാക്രമം. നിഷ്ഫലം. താപ്പാന. ആനച്ചുരം. കൊപ്പം. പ്രവേശനദ്വാരം. ഈ പദങ്ങളെ സ്വന്തം വാക്യങ്ങളിൽ പ്രയോഗിയ്ക്കാൻ ശീലിപ്പിയ്ക്കും.

ഈ മാതിരി പാഠക്കുറിപ്പു എഴുതിവയ്ക്കുന്നവർ അവസരോചിതം മനോധമ്മവും സാമത്ഥ്യവും പ്രയോഗിച്ചു് പാഠത്തെ സഫലമാക്കാൻ തങ്ങൾക്ക ശേഷിയുള്ളതായ് വിശ്വസിയ്ക്കുന്നവരായാൽ അധികം ദോഷങ്ങളുണ്ടാകുന്നതല്ല. ഒരേ ക്ലാസ്തന്നെ പല വഷം പഠിപ്പിച്ച് പരിചയബലം സിദ്ധിച്ചിരിയ്ക്കുന്നവക്ക പക്ഷേ ഇത്തരംനോട്ടമതിയാകുമായിരിയ്ക്കാം. തൃപ്തികരമെന്നു പറയാവുന്നതല്ല.

൪-ാം ക്ലാസ് ഭാഷാപാഠക്കുറിപ്പ് തുടച്ച്.

ഉപകരണം. തിരുവിതാംകൂർപടം

തുടച്ച തീയതി	മുന്നറിവ്	നിശ്ചിത ഭാഗം	രീതി
	ഓണത്തെക്കുറിച്ചുള്ള ആദ്യത്തെ രണ്ട് ഐതിഹ്യങ്ങളും ഗ്രഹിച്ചിട്ടുണ്ട്. സാധാരണ സംഭാഷണത്തിൽ ഉപയോഗിയ്ക്കുന്ന പദങ്ങളുടെ പ്രയോഗങ്ങളും അറിയാം.	ഓണത്തെക്കുറിച്ചുള്ള മൂന്നാമത്തെ ഐതിഹ്യം.	ശ്രദ്ധാസന്ധാനം:— ഓണത്തെക്കുറിച്ചുള്ള ഒരൈതിഹ്യം പറയുക. ഇനിയൊരൈതിഹ്യം അറിഞ്ഞിട്ടുള്ളതു ചുരുക്കിപ്പറയുക. മരിച്ചുപോയ മഹാബലി വീണ്ടും വീണ്ടും ആണ്ടുതോറും കേരളം കാണാൻ വരുന്നുവെന്നു പറയുന്നതു് യുക്തിയ്ക്കു ചേരുന്നതാണോ? മനുഷ്യദൃഷ്ടിയ്ക്കു അഗോചരനായ് പരശുരാമൻ കേരളത്തെ സന്ദർശിയ്ക്കുന്നു എന്നു പറയുന്നതോ. അതുകൊണ്ടു നമ്മുടെ യുക്തിയ്ക്കുയോജിക്കുന്ന ഒരൈതിഹ്യമുള്ളതിനെ ഇന്നു പഠിയ്ക്കാം. വിഷയാവതരണം:—തിരുനാൾ ആഘോഷം കണ്ടിട്ടുള്ളവർ എഴുന്നേൽക്കുക. എന്തെല്ലാം നടക്കുന്നു? ദിക്കിലുള്ളവരെല്ലാം ഒരു സ്ഥലത്തു് കൂടുന്നതെന്തിനു്? ചിത്തിര

നക്ഷത്രദിവസംതന്നെ വേണ
മെന്നുണ്ടോ? (നമ്മുടെ മഹാരാ
ജാവുതിരുമനസ്സുകൊണ്ടു് തിരു
വവതാരംചെയ്ത നാളായതുകൊ
ണ്ടു് ആ തിരുമേനിയുടെ നേൎക്കു
പ്രജകൾക്കുള്ള ഭക്തിബഹുമാന
ങ്ങളെ പ്രദൎശിപ്പിക്കാനായ് പ്ര
തിവത്സരം ചിത്തിരനക്ഷത്രദി
വസം സ്വന്തദിക്കിൽ അവർ
ഒന്നിച്ചുകൂടുന്നു എന്നുവരുത്തുക)
(തലസ്ഥാനത്തിരിക്കുന്ന തിരു
മേനിയുടെ നേൎക്കുള്ള ഭക്തിബ
ഹുമാനങ്ങളെ അവരവരുടെ ദി
ക്കിൽവച്ചു് പ്രദൎശിപ്പിക്കുന്ന
തിന്റെ ഉദ്ദേശവും പറയിക്കു
ക) തിരുവിതാംകൂർ പടം വിരി
ച്ചുകാണിച്ചു് കുന്നത്തുനാടു് താ
ലൂക്ക തൊട്ടുകാണിപ്പിക്കുക.
ഈ താലൂക്കിൽ തൃക്കാക്കര എ
ന്നൊരു വലിയ ക്ഷേത്രമുണ്ടു്.
ആ മഹാക്ഷേത്രത്തിലെ ദേവൻ
വാമനമൂൎത്തിയാണു്. വാമന
നായ് അവതരിച്ചതു് ആരു്?
എന്തിനായിട്ടു്? എങ്ങിനെയാ
ണു് ത്രിലോകങ്ങളെയും വീണ്ടെ
ടുത്തതു്. ആ വാമനമൂൎത്തി മൂ
ന്നടി സ്ഥലം മഹാബലിയോടു്

ദാനം വാങ്ങിച്ചതു് തൃക്കാക്കരെ വച്ചായിരുന്നു. (നീർ വാർത്തു ദാനം കൊടുക്കുന്ന സമ്പ്രദായം ഗ്രഹിപ്പിയ്ക്കുക) പണ്ടു മഹാബലി ചക്രവർത്തി മൂന്നടിസ്ഥലംനീർ വാർത്തുദാനംചെയ്തപ്പോൾവാർത്ത ഉദകം കെട്ടിക്കിടന്ന സ്ഥലമാണു് തൃക്കാക്കരയിലുള്ള "ദാനോദകപ്പൊയ്ക" പൊയ്ക എന്നാൽ എന്തു്. ഉദകംഎന്നാൽഎന്തു്. ദാനോദകംഎന്നാലോ? "ദാനോദകപ്പൊയ്ക", എന്നാൽ എന്തു്. ആർ ആർക്കു എന്തൊന്നു ദാനം കൊടുത്തപ്പോഴുണ്ടായതാണു് ആ പൊയ്ക. തൃക്കാക്കരയിൽ വന്നു ദാനംവാങ്ങിയ വാമനമൂർത്തിയെ പില്ക്കാലക്കാർ ഓർമ്മിയ്ക്കാനായു് അദ്ദേഹത്തിന്റെ പ്രതിമ അവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിയ്ക്കുന്നു. ഇപ്പോഴും അപ്രകാരം ചെയ്യാറുണ്ടു്. തിരുവനന്തപുരത്തു ദിവാൻ സർ ററി മാധവരായരുടെ പ്രതിമ പ്രതിഷ്ഠിച്ചിരിയ്ക്കുന്നതെന്തിനാണു്. അതുപോലെ സ്മാരകമായി വാമനമൂർത്തിയുടെ പ്രതിമയും തൃക്കാക്കരയിൽ പ്രതിഷ്ഠിയ്ക്കപ്പെട്ടിരിയ്ക്കു

ന്നു; പരശുരാമനാണു് പ്രതിഷ്ഠിച്ചതു്. ആ പ്രതിഷ്ഠ നടന്നതു് ഒരു ചിങ്ങമാസം തിരുവോണദിവസത്തായിരുന്നു. അന്നേദിവസം കേരളീയർ ആകമാനം തൃക്കാക്കരയിൽ കൂടി വളരെ ഉത്സാഹമായി കഴിച്ചുകൂട്ടി. ആ പ്രതിഷ്ഠയുടെ ഓർമ്മയ്ക്കായി. പ്രതിവർഷം, ചിങ്ങമാസത്തിലെ തിരുവോണത്തിൻനാൾ, എല്ലാവരും ഉത്സാഹമായി കഴിച്ചുകൂട്ടാനായി പരശുരാമൻ ഏർപ്പെടുത്തിയ ഉത്സവമാണു് തിരുവോണം. തിരുവനന്തപുരത്തിരിയ്ക്കുന്ന തിരുമേനിയുടെ ജനനത്തെ ആസ്പദമാക്കി തിരുനാൾ ആഘോഷം നാടൊട്ടുക്കു നടക്കുന്നതുപോലെ തൃക്കാക്കരയിലെ പരശുരാമപ്രതിഷ്ഠയെ ആസ്പദമാക്കി കേരളമൊട്ടുക്കു് തിരുവോണം ആഘോഷിയ്ക്കപ്പെടുന്നു. സാമ്രാജ്യദിവസം ആഘോഷിയ്ക്കപ്പെടുന്നതോർക്കുക. സ്വഗൃഹങ്ങളിലും സ്വന്തദിക്കുകളിലും ഇത്തരം സംഭവങ്ങളെക്കൊണ്ടാടുന്നതു് സംഭവംനടന്നസ്ഥലത്തു പോകുന്നതിനും അവിടെ

വച്ച് ആഘോഷിയ്ക്കുന്നതിനും എല്ലാവക്കും സാധിയ്ക്കാത്തതു കൊണ്ടാണ്. ഇങ്ങനെയാണ് തിരുവോണത്തിന് പ്രാധാന്യമുണ്ടായത്.

വ്യവസ്ഥാപനം. തൃക്കാക്കര എവിടെയാണ്. അവിടെ എന്തു പ്രതിഷ്ഠയാണുള്ളത്? ആരുപ്രതിഷ്ഠിച്ചു? എന്തിനാണ് തൃക്കാക്കരയിൽ ആ പ്രതിഷ്ഠ നടത്തിയത്? വാമനമൂത്തി മൂന്നടിസ്ഥലം ദാനംവാങ്ങിച്ച എന്നുവിചാരിയ്ക്കാൻ അവിടെ എന്തു ലക്ഷ്യമുണ്ട്? ദാനോദകപ്പൊയ്ക എന്നാൽ അത്ഥമെന്തു്? ഏതു ദിവസമായിരുന്നു ആ പ്രതിഷ്ഠ നടത്തപ്പെട്ടതു്? അന്ന് അവിടെ കൂടിയതാരെല്ലാം? അന്നേദിവസം കേരളീയർ ആകമാനം എങ്ങനെ കഴിച്ചുകൂട്ടി?. പ്രതിഷ്ഠയുടെ സ്മാരകമായി പരശുരാമൻ എന്തുകല്പിച്ചു. തൃക്കാക്കരെയ്ക്കുപോകാതെ നമ്മുടെഗൃഹങ്ങളിൽ വച്ചു തിരുവോണം ആഘോഷിയ്ക്കുന്നതെന്തുകൊണ്ട്? അതിനെ നാം എങ്ങനെ കൊണ്ടാടുന്നു? എല്ലാവ

രും ഒന്നുപോലെയാണോ ആഘോഷിക്കുന്നതു്. യഥാശക്തി ആഘോഷിച്ചാൽ മതി എന്നു് ആർ കല്പിച്ചു? ആ സൌകര്യ്യം പരശുരാമൻ അനുവദിയ്ക്കാഞ്ഞാൽ തിരുവോണം ഇന്നും ഘോഷിയ്ക്കപ്പെടുമോ?

പ്രയോഗം. വായനയിൽ പ്രയോഗിയ്ക്കുക. വായന നടത്തുന്നതിന് അദ്ധ്യാപകമിത്രം ൧-ാംഭാഗത്തിൽ വിവരിച്ചതനുസരിച്ചാൽ മതി. പ്രതിഷ്ഠ, ആകമാനം, യഥാശക്തി, ഈപദങ്ങളെ മുമ്മൂന്നു സ്വന്തംവാക്യങ്ങളിൽ, അർത്ഥം വ്യക്തമാകത്തക്കവണ്ണം, പ്രയോഗിച്ചു എഴുതി അടുത്തദിവസം കൊണ്ടുവരണം എന്നു് പാഠം അവസാനിപ്പിയ്ക്കാം.

ഗദ്യപാഠത്തിനു് നോട്ടുതയാറാക്കാൻ ഇപ്പോൾ സൂചിപ്പിച്ച രീതിതന്നെ പദ്യപാഠങ്ങൾക്കും യോജിയ്ക്കുന്നതാകുന്നു. എന്നാൽ കഥനപാഠങ്ങൾക്കു് മുമ്പിൽ സൂചിപ്പിച്ച രൂപീകരണരീതിയാണു് നല്ലതു്.

൧-ാംക്ലാസിലെ കണക്കുപാഠങ്ങളെപ്പററി അദ്ധ്യാപകമിത്രം രണ്ടാംഭാഗത്തിൽ വേണ്ടിടത്തോളം വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ പാഠക്കുറിപ്പു് തയാറാക്കാൻ പ്രത്യേകംസൂചനകൾ രേഖപ്പെടുത്തേണ്ടതുണ്ടെന്നു തോന്നുന്നില്ല.

൨.-ാം ക്ലാസ്സ് കണക്കുപാഠക്കുറിപ്പു തുടച്ച്.

ഉപകരണം മഞ്ചാടി.

തുടച്ച തീയതി	മുന്നറിവ്	നിശ്ചിത ഭാഗം	രീതി.
	നൂറുവരെയുള്ള സംഖ്യകളുടെ സങ്കലനവും വ്യവകലനവും ൨ ൩ ൪ എന്നിവയുടെ ഗുണപ്പട്ടികകളും നിശ്ചയമുണ്ട്.	എന്റെ കൈയ്യിൽ ഒരു ചക്രവും ൧൨ കാശും ഉണ്ടായിരുന്നു. ഏതാനും മാങ്ങയ്ക്കു് രണ്ടുകാശുവീതവും മറേറതാനും മാങ്ങയ്ക്കു് മൂന്നു കാശുവീതവും വാങ്ങിച്ചപ്പോൾ കാശു മുഴുവനും തീൎന്നു. മാങ്ങയെണ്ണിയപ്പോൾ ൧൨ മാങ്ങയുണ്ടായിരുന്നു. എന്നാൽ രണ്ടുകാശുവച്ചു വാങ്ങിച്ചതെത്ര.	**പ്രാരംഭം അഥവാ ശ്രദ്ധാസന്ധാനം.** മൂരണ്ട്? ഐമൂന്ന്? ഏഴനാല്? എന്നിങ്ങനെ ചോദിച്ചു ഗുണനപ്പട്ടിക ഓൎമ്മപ്പെടുത്തുക. മേശപ്പുറത്തു കുറേ മഞ്ചാടിവാരിവച്ചു് ഈരണ്ടു മഞ്ചാടിവീതം എടുത്തു് കടലാസുതുണ്ടുകളിൽ മടക്കിയ്ക്കുക. ഈ പൊതികളിന്മേൽ “൨”എന്ന് എഴുതിയ്ക്കുക. ആ പൊതികൾ അവിടെ ഇരിയ്ക്കട്ടെ. അതുപോലെ മൂന്നു മഞ്ചാടികൾവെച്ചു് പൊതികളുണ്ടാക്കി ‘൩’ എന്നു പുറത്തെഴുതി മുമ്പു വച്ചിട്ടുള്ള പൊതികളോടു കലൎത്തുക. പിന്നെ ആക്കൂട്ടത്തിൽനിന്നും ഏതാനും എണ്ണം നീക്കിവെപ്പിയ്ക്കുക. എത്ര പൊതിയുണ്ടെന്നു് എണ്ണട്ടെ. ൫ എന്നിരിയ്ക്കട്ടെ. ആകെ അകത്തുള്ള മഞ്ചാടി എത്ര എന്നറിഞ്ഞുകൂടാ. പൊതികളെ

വിരിച്ച്, കടലാസുകളെമാററിവച്ചിട്ട് മഞ്ചാടികളെ ഒന്നിച്ചിട്ടുകൂട്ടിനോക്കിയ്ക്കുക. ൧൨ മഞ്ചാടി എന്നിരിയ്ക്കട്ടെ. രണ്ടുമഞ്ചാടിപ്പൊതി എത്ര ഉണ്ടായിരുന്നു. മൂന്നുമഞ്ചാടിപ്പൊതി എത്രയുണ്ടായിരുന്നു. ആക്കം അറിഞ്ഞുകൂടാ. എല്ലാപൊതികളും രണ്ടു മഞ്ചാടികളുള്ളതായിരുന്നു എന്നാൽ അഞ്ചു പൊതിയിലും കൂടി എത്ര മഞ്ചാടികാണണം? ൧൦ അല്ലല്ലോ ഇപ്പോൾ കാണുന്നത്. എല്ലാപൊതികളിലും മുമ്മൂന്നുവീതം ഇരുന്നുവോ? അങ്ങനെയായാൽ അഞ്ചുപൊതികളിലുംകൂടി എത്രമഞ്ചാടി കാണണം. ൧൫ ഇല്ലല്ലോ. പൊതികളെല്ലാം ഈ രണ്ടുമഞ്ചാടികളുള്ളവയുമല്ല; മുമ്മൂന്നുമഞ്ചാടികളുള്ളവയുമല്ല. പിന്നെ? ഏതാനും മൂന്നുമഞ്ചാടികളുള്ളവയും ശിഷ്ടമുള്ളവ രണ്ടുമഞ്ചാടികളുള്ളവയുമായിരിയ്ക്കണം. ശരി.

ഓരോ ഇനത്തിലും എത്രയുണ്ടായിരുന്നു എന്നറിയണമല്ലോ? സാധിയ്ക്കുമോ? നമുക്കൊരു കാര്യംചെയ്യാം. ഈരണ്ടുമഞ്ചാടി

വീതം അഞ്ചുക്കൂട്ടംനീക്കിവയ്ക്കാം. അപ്രകാരം ചെയ്യുക. അഞ്ചു ക്കൂട്ടങ്ങളുംപോകെ ശിഷ്ടം എത്ര യുണ്ട്. ആ രണ്ടിനെയും വേ റെ ഒരുക്കൂട്ടമായ് വയ്ക്കാമോ? അപ്പോൾ ആറു കൂട്ടങ്ങളാകുമ ല്ലോ. നാം അഞ്ചുക്കൂട്ടമല്ലേഎ ടുത്തൊള്ളൂ? അതുകൊണ്ടു ക്കൂ ട്ടത്തിന്റെ എണ്ണം കൂടരുത്; എന്നാൽ ശിഷ്ടമുള്ള രണ്ടുമഞ്ചാ ടിയെ എന്തുചെയ്യണം? ഏതെ ങ്കിലും ഒരുക്കൂട്ടത്തോടു ചേൎത്താ ൽ ആക്കൂട്ടത്തിൽ നാലുമഞ്ചാടി യായിപ്പോകുമല്ലോ? നാലു മ ഞ്ചാടിയുള്ള പൊതി നമുക്കു ണ്ടായിരുന്നോ? ഓരോമഞ്ചാ ടി ഓരോക്കൂട്ടത്തിലും ചേൎക്കാം. അപ്പോൾ ആ ക്കൂട്ടങ്ങളിൽ ഓ രോന്നിലും എത്ര മഞ്ചാടിവീതം ആകും? മൂന്നുവീതമുള്ള പൊതി കളും നാമെടുത്തിട്ടുണ്ടല്ലോ. അ ങ്ങനെതന്നെ ചെയ്യാം. അ ങ്ങനെ കൂട്ടിവയ്ക്കുക. ഇപ്പോ ൾ ൧൨ മഞ്ചാടിയും ചെലവാ യോ? കൂട്ടങ്ങളും അഞ്ചുതന്ന യോ? ഓരോ ഇനത്തിലും എ ത്രപൊതിവീതം നാമെടുത്തിരി

യ്യൂണം. രണ്ടുവീതംഉള്ളതിൽ മൂന്നുപൊതികളും മൂന്നു മഞ്ചാടിവീതം ഉള്ളതിൽ ൨ പൊതികളും നാമെടുത്തിരിയ്ക്കുണം. ശരിയാണോ എന്നു തീച്ചപ്പെടുത്താൻ വഴിയെന്ത്? പൊതിയുടെപുറത്തു മഞ്ചാടിയുടെഎണ്ണം എഴുതിട്ടില്ലേ? ആ കടലാസുതുണ്ടുകളെടുത്തു് എണ്ണിനോക്കാമല്ലോ. അതൊരു വഴിയുണ്ടു്. തുണ്ടുകടലാസുകളുടെ പുറത്തുള്ളഎണ്ണം അനുസരിച്ചു ചേത്തുവയ്ക്കട്ടെ. എണ്ണിനോക്കു. '൩' എന്നെഴുതിയ മൂന്നു തുണ്ടും '൨' എന്നെഴുതിയ രണ്ടു തുണ്ടും ഉണ്ടു്. അപ്പോൾ ഓരോഇനത്തിൽ എത്രഎത്രപൊതികളെടുത്തിരിയ്ക്കുണം. ൩ മഞ്ചാടിയുള്ളതിൽ മൂന്നും ൨ മഞ്ചാടിയുള്ളതിൽരണ്ടും പൊതികളെടുത്തിരിയ്ക്കുണം. നാം ചേത്തുവച്ച മഞ്ചാടിക്കൂട്ടങ്ങളെനോക്കുക. ഹാ! ഒത്തുപോയി. നാമെടുത്തതു് ൩ മഞ്ചാടിയുള്ളതിൽ മൂന്നും ൨ മഞ്ചാടിയുള്ളതിൽ രണ്ടും ആയിട്ടു അഞ്ചുക്കൂട്ടങ്ങളാണു്. ആകെ മഞ്ചാടി എത്ര?

൧൨. ൧൨ മഞ്ചാടികളെ രണ്ടു ള്ളതും മൂന്നുള്ളതുമായ കൂട്ടങ്ങളാക്കിയാൽ എത്രകൂട്ടം കിട്ടും. രണ്ടുള്ളത് എത്ര? മൂന്നുള്ളത് എത്ര. എങ്ങനെ കണ്ടുപിടിയ്ക്കാം. എത്രകൂട്ടങ്ങളുണ്ടോ അത്രയുംകുറഞ്ഞ എണ്ണമുള്ള കൂട്ടങ്ങളായി തിരിച്ചുവയ്ക്കണം. ശിഷ്ടമുള്ളവയെ ഓരോകൂട്ടത്തിന് ഒന്നുവീതം ചേർത്തുവയ്ക്കണം. രണ്ടുള്ളതെത്ര മൂന്നുള്ളതെത്ര. എന്ന് എണ്ണിക്കാണണം.

ഒന്നുരണ്ടു പ്രായോഗികചോദ്യങ്ങൾ കൊടുത്ത് ഇപ്രകാരം ചെയ്യിച്ചിട്ട് തത്വം പ്രയോഗിച്ചുറപ്പിയ്ക്കുക. പിന്നീടു നിശ്ചിതചോദ്യം ചെയ്യിയ്ക്കുക.

൮ മാങ്ങയും ഈരണ്ടുകാശു വിലവച്ചു വാങ്ങിച്ചു എന്നു വിചാരിയ്ക്കുക. അപ്പോൾ ൧൬ കാശേ വിലയാകുന്നുള്ളൂ. ൪ കാശിന്റെ ചെലവിനു വഴികാണണം. ഒരുകാശുവീതം കൂടുതൽ കൊടുത്തുവാങ്ങിച്ച മാങ്ങയും ഉണ്ടല്ലോ. ശിഷ്ടം ൪ കാശും. ഒരുകാശുവീതം ൪ മാങ്ങയ്ക്കു കൊടുക്കാം. അതുകൊണ്ട് ൯

			കാശുവീതം വിലകൊടുത്തു വാങ്ങിച്ച മാങ്ങയുടെ എണ്ണം നാല്. ആകെ ൬ മാങ്ങയാണെല്ലോ വാങ്ങിച്ചിട്ടുള്ളതു്. അതുകൊണ്ടു ശിഷ്ടമുള്ള നാലുമാങ്ങയുമാണു് ൨ കാശുവീതം കൊടുത്തുവാങ്ങിച്ചതു്. അതായതു് ൨ കാശുവച്ചു വാങ്ങിച്ച മാങ്ങ ൪. അഭ്യാസനചോദ്യങ്ങൾ കൊടുക്കണം.

൩--ാം ക്ലാസ് കണക്കുപാഠക്കുറിപ്പു തുടൎച്ച

എടുത്ത തീയതി	മുന്നറിവ്	നിശ്ചിത ഭാഗം	രീതി.
			പ്രാരംഭം—ഒരു ബ്രി: രൂപായ്ക്കു് എത്രഅണ. ഒരു ബ്രി അരരൂപാത്തുട്ടിൽ എത്ര അണയുണ്ടു്? ഒരു ബ്രി കാൽരൂപാത്തുട്ടിൽ എത്ര അണയുണ്ടു്? ഒരു അരയ്ക്കാൽ ബ്രി രൂപാത്തുട്ടിൽ എത്രഅണ? ബ്രിട്ടീഷ് അരയ്ക്കാൽ രൂപായുടെ വില സൎക്കാർനാണയത്തിൽ പറക. ൩ ച· ൻ കാശു എത്ര അണയ്ക്കുസമം. ഒരു

ബ്രിട്ടീഷുറുപ്പായിൽ എത്ര അരയ്ക്കാൽറുപ്പയുണ്ട്. ഒരു ബ്രിട്ടീഷുറുപ്പായുടെ വില സർക്കാർനാണയത്തിൽ പറക. എന്നിങ്ങനെ മനക്കണക്കുകൾ ചോദിച്ചു ലഘുവായ നാണയപരിവർത്തനത്തിൽ ശ്രദ്ധയെപതിപ്പിയ്ക്കുക. ൫ ചക്രത്തിൽ എത്ര ബ്രിട്ടീഷ് അരയ്ക്കാൽ റുപ്പയുണ്ട്. ഉത്തരം ബ്രിട്ടീഷ് നാണയത്തിൽ വേണ്ടതാകയാൽ (ഇപ്രകാരമുള്ള ചോദ്യങ്ങൾ ക്രിയചെയ്യുന്നതിന്ന് മൊത്തം ചക്രത്തെ ബ്രിട്ടീഷ്റുപ്പായാക്കീട്ട് മേൽ ആവശ്യമുള്ള ക്രിയചെയ്യുന്നതാണ് എളുപ്പമെന്നു പ്രയോഗത്തിൽ വിദ്യാർത്ഥികൾ കാണട്ടെ) ൫–ചക്രം രണ്ടുബ്രിട്ടീഷുറുപ്പായാണ്. ഒരു ബ്രിട്ടീഷുറുപ്പായിൽ ൮ അരയ്ക്കാൽറുപ്പായുണ്ട്. ൨–ബ്രിട്ടീഷുറുപ്പായിൽ, അതായതു, ൫ ചക്രത്തിൽ ൧൬ അരയ്ക്കാൽ റുപ്പായുണ്ട് എന്നിങ്ങനെ പരിവർത്തനംചെയ്തു ശീലിപ്പിച്ചിട്ട് നിശ്ചിതചോദ്യം കൊടുക്കുക.

സങ്കലനാദി ചതുരുപായങ്ങളും ലഘുവായ യുക്തിച്ചോദ്യങ്ങളും അരയ്ക്കാൽ, കാൽ, അര ബ്രി. റുപ്പായെ സർക്കാർ നാണയമാക്കുന്നതിനും അറിയാം.

എൻെറ കയ്യിൽ ൪൦൦ പണം ഉണ്ടായിരുന്നു. ഒരു പണം ഗണപതിയ്ക്കു വഴിപാട്ടിനായ് കൊടുത്തു. ശിഷ്ടമുള്ളതിനെ രണ്ടണവീതം വിലയുള്ള പുസ്തകങ്ങൾ വാങ്ങി ഒരുപണം വച്ചുവിററു. എന്നാൽ ലാഭമോ നഷ്ടമോ എത്ര?

എൻെറ കൈയ്യിലുണ്ടായിരുന്ന
തു് =ർ൦₀ പണം

ഗണപതിയ്ക്കു് വഴിപാടുകൊടു
ത്തതു്. =൨ പണം

ശിഷ്ടം ഇരിപ്പ്=ന.ൻൻ പ:
=ഭന്ന ബ്രി: രൂപാ

രണ്ടണ, (അരയ്ക്കാൽരൂപായ്ക്കു)
=ഒരു പുസ്തകം

∴ ഒരു ബ്രി. രൂപായ്ക്കു
=വ്യ പുസ്തകം

∴ ഭന്ന ബ്രി. രൂപായ്ക്കു്
ഭന്ന×വ്യ പുസ്തകം=ർർവ്യ പുസ്തകം.

ഒരു പുസ്തകത്തിൻെറ വില
=ഒരുപണം

ർർവ്യ ടി വില=ർർവ്യ പ.

എൻെറ കോംമുതൽ ന.ൻൻ
പണം.

കൂടുതൽ കിട്ടിയതു്
ർർവ്യ-ന.ൻൻ=ർൻ പണം

∴ ലാഭം =ർൻ പണം
=൧ സ: രൂപാ.

പ്രാഥമികപാഠശാലയിലെ ഭൂമിശാസ്ത്രപാഠവും ചരിത്രപാഠവും മനുഷ്യവിജ്ഞാനീയപാഠങ്ങളായ് കരുതേണ്ടവയാകയാൽ ആ പാഠങ്ങൾക്കും ഭാഷാബോധനത്തിനുള്ള

രീതിതന്നെ പററുമെന്നുള്ളതുകൊണ്ടു് പ്രത്യേകം മാതൃകക്കുറിപ്പുകൾ എഴുതി പുസ്തകത്തെ വലുതാക്കുന്നില്ല. എഴുതിയിരിയ്ക്കുന്ന മാതൃകക്കുറിപ്പുകൾ അധ്യാപകസഹോദരങ്ങൾക്കു വെറും സൂചനകളായി മാത്രം കരുതപ്പെട്ടിട്ടുള്ളവയാണു്. പാഠം യാന്ത്രികമായിപ്പോകരുതെന്നും സ്വയം പ്രവർത്തനപ്രേരകങ്ങളായിരിയ്ക്കണമെന്നും വിശ്വസിച്ചും ഓർമ്മിച്ചും സ്വധർമ്മം നിർവ്വഹിയ്ക്കണമെന്നേയുള്ളൂ.

ശുഭം.

:O:

V.O. Thomas

V. O. Thomas

THANKAPPAN